24
സെപ്തംബർ 2018 തിങ്കൾ
1194 കന്നി 8
തിരുവനന്തപുരം

# കേരളകൗമുദി

SINCE 1911
FOUNDER EDITOR: K. SUKUMARAN B.A

107 വർഷങ്ങൾ
4 തലമുറകൾ

14 പേജ് ₹ 7.50

THIRUVANANTHAPURAM | KOLLAM | PATHANAMTHITTA | ALAPUZHA | KOTTAYAM | KOCHI | THRISSUR | KOZHIKODE | KANNUR | BENGALURU www.keralakaumudi.com www.facebook.com/keralakaumudi

## ഒറ്റനോട്ടം



മുഖ്യമന്ത്രി തിരക്കുകളിലേക്ക് തിരിച്ചെത്തി
പേജ് 14



വാഹന ഉടമകൾക്ക് ഇനി അപകട ഇൻഷ്വറൻസ് 15 ലക്ഷം
പേജ് 07



പാകിസ്ഥാനെ തോൽപ്പിച്ച് ഇന്ത്യ ഫൈനലിൽ
പേജ് 12



അഭിലാഷ് ടോമിക്ക് കാവൽ നക്ഷത്രങ്ങൾ
പേജ് 11

# ബിഷപ്പിന്റെ മനസ് തുറക്കാൻ നുണപരിശോധന

## അന്വേഷണ സംഘം ഇന്ന് കോടതിയിൽ അപേക്ഷ നൽകും

സ്വന്തം ലേഖകൻ

കോട്ടയം: കന്യാസ്ത്രീയെ പീഡിപ്പിച്ച കേസിൽ അറസ്റ്റിലായ ബിഷപ്പ് ഫ്രാങ്കോ മുളയ്ക്കലിനെ നുണപരിശോധനയ്ക്ക് വിധേയനാക്കാൻ അന്വേഷണ സംഘം ഇന്ന് കോടതിയിൽ അപേക്ഷ നൽകും.

ചോദ്യം ചെയ്യലിനോടുള്ള ബിഷപ്പിന്റെ നിഷേധാത്മക സമീപനം ചൂണ്ടിക്കാട്ടിയാവും അപേക്ഷ സമർപ്പിക്കുക. കസ്റ്റഡികാലാവധി അവസാനിക്കുന്ന ഇന്ന് ബിഷപ്പിനെ കോടതിയിൽ ഹാജരാക്കുമ്പോൾ അപേക്ഷ സമർപ്പിക്കുമെന്നാണ് സൂചന. ഹൈക്കോടതിയിലുള്ള ബിഷപ്പിന്റെ ജാമ്യാപേക്ഷ കൂടി മുന്നിൽക്കണ്ടാണിത്.

അതേസമയം, കന്യാസ്ത്രീയെ സ്വാധീനിക്കാൻ ശ്രമിച്ച കേസുകളിൽ ഒരാഴ്ചയ്ക്കകം അന്വേഷണം പൂർത്തിയാക്കാൻ ജില്ലാ പൊലീസ് മേധാവി ഹരിശങ്കർ അന്വേഷണ സംഘത്തലവൻ കെ. സുഭാഷിന് നിർദ്ദേശം നൽകി. ഈ കേസിൽ സി.എം.ഐ സഭാ വൈദികൻ ജെയിംസ് ഏർത്തയിലിനെ നേരത്തേ അറസ്റ്റ് ചെയ്തിരുന്നു. കന്യാസ്ത്രീയുടെ ചിത്രം പുറത്തുവിട്ട മിഷണറീസ് ഒഫ് ജീസസ് വക്താവ് സിസ്റ്റർ അമലയെ ഉടൻ വിളിച്ചു വരുത്തി അറസ്റ്റ് ചെയ്യും. ഈ രണ്ട് കേസുകളും ബിഷപ്പിന്റെ സ്വാധീനം വ്യക്തമാക്കുന്നുവെന്നാണ് അന്വേഷണസംഘം കോടതിയെ അറിയിച്ചത്. ബിഷപ്പിന് ജാമ്യം ലഭിച്ചാൽ സാക്ഷികളെ സ്വാധീനിച്ച് കേസ് തന്നെ അട്ടിമറിക്കാൻ സാദ്ധ്യതയുണ്ടെന്നും എത്രയും വേഗം അന്വേഷണം പൂർത്തിയാക്കുന്നത് ജാമ്യഹർജി പരിഗണിക്കുമ്പോൾ ഗുണകരമാകുമെന്നും പൊലീസ് കരുതുന്നു.



*കന്യാസ്ത്രീയെ പീഡിപ്പിച്ച കേസിൽ അറസ്റ്റിലായ ജലന്ധർ ബിഷപ്പ് ഫ്രാങ്കോ മുളയ്ക്കലിനെ കുറവിലങ്ങാട് മഠത്തിൽ തെളിവെടുപ്പിന് ശേഷം കോട്ടയം പൊലീസ് ക്ലബിൽ എത്തിച്ചപ്പോൾ ഫോട്ടോ: സെബിൻ ജോർജ്*

### സഭ വിലക്കിയ സിസ്റ്റർ ലൂസി ചോദിക്കുന്നു

# കന്യാസ്ത്രീ എല്ലാവർക്കും വിധേയയോ?

പ്രദീപ് മാനന്തവാടി

കൽപ്പറ്റ: ''കന്യാസ്ത്രീ എല്ലാവർക്കും വിധേയപ്പെട്ട് നിൽക്കേണ്ടവളാണോ? ഞാൻ എന്തു തെറ്റാണ് ചെയ്തത്. അബലയായ ഒരു കന്യാസ്ത്രീ പീഡിപ്പിക്കപ്പെട്ടു. സഭ മിണ്ടിയില്ല. മുറിവേറ്റ ആ കന്യാസ്ത്രീയെ ഞാൻ ചെന്നു കണ്ടു, പിന്തുണ അറിയിച്ചു. അത് തെറ്റാണോ? ഇതറിഞ്ഞ ചാനലുകാർ എന്നെ ചർച്ചയ്ക്ക് വിളിച്ചു. ഞാൻ അഭിപ്രായം പറഞ്ഞു-''

ബിഷപ്പ് ഫ്രാങ്കോയ്ക്കെതിരെ പ്രതികരിച്ചതിന് സഭയുടെ പ്രവർത്തനങ്ങളിൽ നിന്ന് മാറ്റിനിറുത്തപ്പെട്ട വയനാട്ടിലെ കാരക്കാമല പള്ളിയിലെ സിസ്റ്റർ ലൂസി കളപ്പുരയുടേതാണ് ഈ വാക്കുകൾ.



*സിസ്റ്റർ ലൂസി*

കൊച്ചിയിലെ സമരത്തിനു ശേഷം ഇന്നലെ പുലർച്ചെ അഞ്ചരയോടെയാണ് മഠത്തിൽ തിരിച്ചെത്തിയത്. വാതിൽ തുറന്നതും ഉടൻ മദർ സുപ്പീരിയർ ഒരു കാര്യം പറയാനുണ്ടെന്നും അത് പറയുന്നതിൽ വിഷമമുണ്ടെന്നും പറഞ്ഞു. കാര്യം തിരക്കിയപ്പോഴാണ് സഭ തന്നെ ഏൽപ്പിച്ച വിശുദ്ധ ചടങ്ങുകളിൽ നിന്നെല്ലാം നീക്കിയതായി അറിയിച്ചത്. പള്ളിയിലെ പ്രാർത്ഥന കൂട്ടായ്മ, ഗൃഹസന്ദർശനം, വിശുദ്ധ കുർബാന നടത്തൽ തുടങ്ങിയവയ്ക്കെല്ലാം വിലക്കുണ്ട്. പത്താം ക്ലാസ് വിദ്യാർത്ഥികൾക്ക് വേദപാഠം പഠിപ്പിക്കുന്നതും സിസ്റ്റർ ലൂസിയാണ്. അതും വിലക്കി. വികാരി അച്ചന്റെ തീരുമാനമാണെന്നാണ് മദർ പറഞ്ഞത്.

''കഴിഞ്ഞ രണ്ട് മാസമായി വികാരിയച്ചൻ സ്ഥലത്തില്ല. കഴിഞ്ഞ ദിവസമാണ് വന്നത്. വന്നയുടൻ നടപടിയും. അബലമായ ഒരു കന്യാസ്ത്രീ മഹാസ്ഥാനത്ത് ഇരിക്കുന്ന ഒരു ബിഷപ്പിനാൽ പീഡിപ്പിക്കപ്പെട്ടു. അതും പതിമ്മൂന്ന് തവണ. അതിന്റെ പേരിൽ നടപടിയില്ല. പീഡിപ്പിക്കപ്പെട്ട സ്ത്രീയെ ഒന്ന് കാണാൻ പോയി തിരിച്ച് വന്ന തന്റെ പേരിൽ തിരക്കിട്ട നടപടി. ഇതെന്ത് നീതിയാണ്?'' സിസ്റ്റർ ലൂസി ചോദിക്കുന്നു.

ആരോപണം വ്യാജമെന്ന് ഇടവക വികാരി
ഫ്രാങ്കോയെ സാക്ഷികൾ തിരിച്ചറിഞ്ഞു
പേജ് 7

### ഇന്ന് രക്ഷിക്കാമെന്ന് പ്രതീക്ഷ

# മരണക്കടലിൽ അഭിലാഷ്; പ്രാർത്ഥനയോടെ ലോകം



- തകർന്ന വഞ്ചിയിൽ പരിക്കേറ്റ് അഭിലാഷ്
- ഫ്രഞ്ച് കപ്പൽ ആദ്യം എത്തും

ന്യൂഡൽഹി: ഗോൾഡൻ ഗ്ലോബ് പായ്‌വഞ്ചിയോട്ട മത്സരത്തിനിടെ ദക്ഷിണ ഇന്ത്യൻ മഹാസമുദ്രത്തിൽ കൊടുങ്കാറ്റിലും കൂറ്റൻ തിരമാലകളിലും പാമരം തകർന്ന വഞ്ചിയിൽ പരിക്കേറ്റ് കിടക്കുന്ന മലയാളി നാവികൻ അഭിലാഷ് ടോമിക്ക് വേണ്ടി ലോകം പ്രാർത്ഥിക്കുന്നു. പാമരം തകർന്നതോടെ നിയന്ത്രണം വിട്ട് തിരകളിൽ ആടിയുലയുന്ന 'തുരിയ' എന്ന പായ്‌വഞ്ചി കണ്ടെത്തിയ ഇന്ത്യൻ നേവി ഇന്ന് ഉച്ചയോടെ അഭിലാഷിനെ രക്ഷിക്കാമെന്ന പ്രതീക്ഷയിലാണ്.

ഫ്രാൻസിന്റെ മത്സ്യബന്ധന പട്രോളിംഗ് കപ്പലായ ഓസിരിസ് അഭിലാഷിന്റെ അടുത്തേക്ക് എത്താറായിട്ടുണ്ട്. ആസ്ട്രേലിയൻ പടക്കപ്പലായ എച്ച്.എം.എ.എസ് ബല്ലാറാത്ത് തൊട്ടുപിന്നാലെ എത്തും. ഇന്നലെ പുറപ്പെട്ട ഇന്ത്യയുടെ ഐ.എൻ.എസ് സത്പുര അപകടസ്ഥലത്ത് എത്താൻ വൈകുമെന്ന് നേവി അറിയിച്ചു. ഇന്ന് ഉച്ചയോടെ അഭിലാഷിനെ ഫ്രഞ്ച് കപ്പലിലേക്ക് മാറ്റാമെന്നാണ് പ്രതീക്ഷ.



*അഭിലാഷ് സഞ്ചരിച്ചിരുന്ന പാമരം തകർന്ന നിലയിൽ*

ക്യാപ്ടൻ ചന്ദ്രഹാസ് വിവേകിന്റെ നേതൃത്വത്തിൽ ഇന്നലെ മൗറീഷ്യസിൽ നിന്ന് തിരിച്ച നേവിയുടെ തെരച്ചിൽ വിമാനമാണ് പായ്‌വഞ്ചി കണ്ടെത്തിയത്. മുകളിലൂടെ പറന്ന വിമാനവുമായി അഭിലാഷ് ടോമി പായ്‌വഞ്ചിയിലെ ഉപകരണങ്ങൾ വഴി ബന്ധപ്പെട്ടതായും നേവി അറിയിച്ചു. കനത്ത മഴയും കൂറ്റൻ തിരമാലയും കാറ്റും കാരണമാണ് ഇന്നലെ അഭിലാഷിനെ രക്ഷിക്കാൻ കഴിയാതിരുന്നത്. ഭക്ഷണവും മരുന്നും നൽകാനുള്ള ശ്രമവും പരാജയപ്പെട്ടു. നേവിയുടെ വിമാനത്തിൽ നിന്നുള്ള വിവരങ്ങളുടെ അടിസ്ഥാനത്തിലാണ് ഐ. എൻ. എസ് സത്പുര, ഐ. എൻ. എസ് ജ്യോതി എന്നീ പടക്കപ്പലുകൾ പുറപ്പെട്ടത്. ഡൽഹിയിലെ വാർറൂമിൽ രക്ഷാദൗത്യത്തിനായി കൺട്രോൾ സെന്റർ തുറന്നതായും നേവി വക്താവ് അറിയിച്ചു. 2013 ൽ ഗോൾഡൻ ഗ്ലോബ് റേസിൽ പായ്‌വഞ്ചിയിൽ ലോകം ചുറ്റിയ ആദ്യ ഇന്ത്യക്കാരനാണ് നേവി ഓഫീസറായ അഭിലാഷ് ടോമി.

### അഭിലാഷിന്റെ പായ്‌വഞ്ചി പ്രയാണം



- ഇത്തവണ എസ്.വി. തുരിയ എന്ന പായ്‌വഞ്ചിയിലാണ് അഭിലാഷ് മത്സരിക്കുന്നത്.
- ഒറ്റയ്ക്ക് 48,000 കിലോമീറ്ററാണ് സഞ്ചരിക്കേണ്ടത്.
- ആസ്ട്രേലിയയിലെ കേപ് ലൂയിൻ മുനമ്പിന് 3000 കിലോമീറ്റർ അകലെയായിരുന്നു അപകടം.
- അവിടെ നിന്നാണ് അഭിലാഷിന്റെ അപായ സന്ദേശം ലഭിച്ചത്.
- ശക്തമായ കാറ്റിലും 14 മീറ്ററോളം ഉയർന്ന തിരകളിലും വഞ്ചിയുടെ ഒരു പാമരം ഒടിഞ്ഞ് വീണ് നട്ടുവിന് പരിക്കേറ്റതിനാൽ എഴുന്നേൽക്കാൻ ആവില്ലെന്നായിരുന്നു സന്ദേശം.
- ജൂലായ് ഒന്നിനാണ് ഗോൾഡൻ ഗ്ലോബ് റേസ് ആരംഭിച്ചത്. മൂന്നാം സ്ഥാനത്തായിരുന്നു അഭിലാഷ്.
- റേസിൽ ഒന്നാം സ്ഥാനത്തുള്ള അയർലൻഡുകാരൻ ഗ്രെഗോർ മക്ഗ്വക്കിനും രണ്ടാം സ്ഥാനത്തുള്ള ഡച്ചുകാരൻ മാർക്ക് സ്ലാറ്റ്സും അഭിലാഷിന്റെ അടുത്തേക്ക് പോയിട്ടുണ്ട്

### രക്ഷാദൗത്യത്തിലെ വെല്ലുവിളികൾ

- മൗറീഷ്യസിൽ നിന്ന് രണ്ട് മണിക്കൂർ പറക്കൽ ദൂരം
- വിമാനത്തിൽ രക്ഷപ്പെടുത്തുക അസാദ്ധ്യം
- കനത്ത മഴയും കാറ്റും തുടരുകയാണ്.
- യുദ്ധക്കപ്പലുകളാണ് ഏക രക്ഷാമാർഗം
- അഭിലാഷിന്റെ ആരോഗ്യ വിവരങ്ങൾ ലഭിച്ചിട്ടില്ല.

### മകനെ കാത്തിരിക്കുന്നു: ടോമി

ഐ. എൻ. എസ് സത്പുരയ്ക്കാണ് ആദ്യം പായ്‌വഞ്ചിക്ക് സമീപം എത്താനാവുകയെന്ന് അഭിലാഷിന്റെ പിതാവ് റിട്ട. ലെഫ്. വി.സി. ടോമി പറഞ്ഞു. ഈ കപ്പലിൽ ആശുപത്രിയുണ്ട്. കടൽ യാത്രികർക്ക് ഏറ്റവും അപായകരമായ മുനമ്പിന് സമീപമാണ് അപകടം. നട്ടുവിന് വേദനയുള്ളതിനാൽ വഞ്ചിയിലെ അടിയന്തര സൗകര്യങ്ങൾ ഉപയോഗിക്കാനായിട്ടില്ല. നേവി വിമാനം മുകളിലെത്തിയപ്പോൾ അഭിലാഷ് സിഗ്നൽ കാണിച്ചതായും വൈമാനികർ അഭിലാഷിനെ കണ്ടതായും നേവി വൃത്തങ്ങൾ അറിയിച്ചു.

ഉദയംപേരൂർ കണ്ടനാട് സുരഭി നഗറിൽ താമസിക്കുന്ന ആലപ്പുഴ ചേന്നങ്കരി സ്വദേശി വല്യറയിൽ ടോമിയുടെ മൂത്തമകനായ അഭിലാഷ് ടോമി നേവിയിൽ കമാൻഡറാണ്. പൈലറ്റുമാണ്. അമ്മ: വത്സമ്മ. ഇന്നലെ മുതൽ ഇവർ സന്ദർശകരെ കാണുന്നില്ല. ആസ്ട്രേലിയയിൽ ജോലിയുള്ള അനീഷ് ടോമി സഹോദരനാണ്.

## തലവര

ആയുഷ്മാൻ ഭാരത് പദ്ധതിക്ക് റാഞ്ചിയിൽ തുടക്കം



റാഞ്ചാനുള്ള പദ്ധതിയാ... വോട്ട്.

നിര്യാതനായി (23.09.2018)



ഡോ. എൻ. ബാബു
പൂമേട, കവറടി റോഡ്, പേട്ട, തിരുവനന്തപുരം.

എന്റെ അഭിവന്ദ്യഭർത്താവ് ഡോ. എൻ. ബാബു (70) തിരുവനന്തപുരം അനന്തപുരി ആശുപത്രിയിൽ 23.09.2018-ന് നിര്യാതനായ വിവരം വ്യസനസമേതം അറിയിക്കുന്നു.
സംസ്കാരം ഇന്ന് (24.09.2018) രാവിലെ 11.00-ന് കുടുംബവീടായ പരവൂർ നെടുങ്ങോലം നാരായണവിലാസത്തിൽ നടക്കും.
എന്ന്, ദുഃഖിതയായ ഭാര്യ: മിനി.
മക്കൾ: കൃഷ്ണകാന്ത്, കൃഷ്ണപ്രിയ,
മരുമക്കൾ: പാർവ്വതി, വിനോദ്.
സഞ്ചയനം: 30.09.2018 ഞായറാഴ്ച രാവിലെ 9.00-ന്.
ഫോൺ: 9446850049.

### ആയുഷ്മാൻ ഭാരത് മോദി ഉദ്ഘാടനം ചെയ്തു

# പാവങ്ങൾക്ക് ദീർഘായുസ്

■ ലോകത്തെ ഏറ്റവും വലിയ ആരോഗ്യ ഇൻഷ്വറൻസ് ■ 10 കോടി കുടുംബങ്ങൾക്ക് ഗുണം

സ്വന്തം ലേഖകൻ

ന്യൂഡൽഹി: രാജ്യത്തെ പത്തു കോടിയിലേറെ ദരിദ്ര കുടുംബങ്ങൾക്ക് പ്രതിവർഷം അഞ്ച് ലക്ഷം രൂപയുടെ സൗജന്യ ആരോഗ്യ ഇൻഷ്വറൻസ് പരിരക്ഷ ഉറപ്പാക്കുന്ന ആയുഷ്മാൻ ഭാരത് പദ്ധതി പ്രധാനമന്ത്രി നരേന്ദ്ര മോദി ഉദ്ഘാടനം ചെയ്തു.

റാഞ്ചിയിൽ ഇന്നലെ നടന്ന ചടങ്ങിൽ കേന്ദ്ര ആരോഗ്യ മന്ത്രി ജെ.പി നദ്ദ, ജാർഖണ്ഡ് മുഖ്യമന്ത്രി രഘുബർ സിംഗ് തുടങ്ങിയവർ പങ്കെടുത്തു.

ലോകത്തെ ഏറ്റവും ബൃഹത്തായ ആരോഗ്യ സുരക്ഷാ പദ്ധതിയായി പ്രധാനമന്ത്രി വിശേഷിപ്പിച്ച ആയുഷ്മാൻ ഭാരത് പാവപ്പെട്ട 10.74 കോടി കുടുംബങ്ങളിലെ 50 കോടി ആളുകൾക്ക് പ്രയോജനപ്പെടും. പദ്ധതിക്കായി ഈ സാമ്പത്തിക വർഷം 3,500 കോടി രൂപ വേണം.

ദരിദ്ര ജനതയെ ലക്ഷ്യമിടുന്ന പദ്ധതി ലോക്‌സഭാ തിരഞ്ഞെടുപ്പിൽ ബി.ജെ.പിക്ക് നേട്ടമുണ്ടാക്കുമെന്നാണ് വിലയിരുത്തൽ. ദീൻദയാൽ ഉപാദ്ധ്യായയുടെ ജന്മവാർഷികമായ സെപ്തംബർ 25ന് പദ്ധതി നിലവിൽ വരും.




### സവിശേഷതകൾ

- ഒരു കുടുംബത്തിന് വർഷം 5 ലക്ഷം രൂപയുടെ സൗജന്യ ചികിത്സ
- കാൻസർ, ഹൃദ്രോഗം തുടങ്ങി 1300 രോഗങ്ങൾക്ക് പരിരക്ഷ
- സർക്കാർ, സ്വകാര്യ മേഖലകളിലെ 13,000 ആശുപത്രികളിൽ സൗജന്യ ചികിത്സ ലഭിക്കും
- സാമൂഹിക - സാമ്പത്തിക - ജാതി സെൻസസ് ഡാറ്റ ഉപയോഗിച്ച് ഗുണഭോക്താക്കളെ കണ്ടെത്തും
- നഗരമേഖലകളിൽ 11 തൊഴിലുകൾ ചെയ്യുന്നവർക്ക് പരിരക്ഷ
- പ്രായമോ, കുടുംബത്തിലെ അംഗങ്ങളുടെ എണ്ണമോ ബാധകമല്ല
- ആധാർ കാർഡ് നിർബന്ധമല്ല
- തിരഞ്ഞെടുപ്പ് കാർഡോ റേഷൻ കാർഡോ മതി
- ആർ. എസ്. ബി. വൈ ഗുണഭോക്താക്കൾക്കും ലഭിക്കും
- ആശുപത്രികളിൽ ഹെൽപ്പ് ഡെസ്ക്
- ഇവിടെ രജിസ്ട്രേഷൻ പരിശോധിക്കാം
- വെബ്സൈറ്റ്: mera.pmjay.gov.in. ഹെൽപ്പ്‌ലൈൻ നമ്പർ: 14555
- പദ്ധതിക്കായി കേന്ദ്രവുമായി കരാറൊപ്പിടാത്ത സംസ്ഥാനങ്ങൾ - കേരളം, തെലുങ്കാന, ഒഡീസ, ഡൽഹി, പഞ്ചാബ്

> ഞാൻ ദാരിദ്ര്യത്തിൽ ജീവിച്ചിട്ടുണ്ട്. പാവങ്ങളുടെ ആത്മാഭിമാനം ഞാൻ കണ്ടിട്ടുണ്ട്. ഈ പദ്ധതി പാവങ്ങളെ ശാക്തീകരിക്കാനുള്ളതാണ്. അമേരിക്ക, കാനഡ, മെക്സിക്കോ എന്നീ രാജ്യങ്ങളുടെ മൊത്തം ജനസംഖ്യയ്ക്ക് തുല്യമായ, അല്ലെങ്കിൽ യൂറോപ്യൻ യൂണിയനിലെ 27 രാഷ്ട്രങ്ങളിലെ മൊത്തം ജനസംഖ്യയെക്കാൾ കൂടുതൽ ആളുകൾക്ക് ആയുഷ്മാൻ ഭാരതിന്റെ പ്രയോജനം കിട്ടും
>
> *-പ്രധാനമന്ത്രി നരേന്ദ്രമോദി*

> പദ്ധതിയുടെ 60 ശതമാനം കേന്ദ്രവും 40 ശതമാനം സംസ്ഥാനങ്ങളുമാണ് വഹിക്കുക. നിലവിലെ ആർ.എസ്.ബി. വൈ സ്കീമാണ് കേരളത്തിന് കുറച്ചു കൂടി മെച്ചം. ഇത് നിറുത്തിയാൽ ആയുഷ്മാൻ ഭാരതിൽ ചേരാം. പുതിയ പദ്ധതിയുടെ പൂർണ നിയന്ത്രണം കേന്ദ്രത്തിനാണ്. 40 ശതമാനം പണം നമ്മൾ ചെലവിടുകയും വേണം. നിബന്ധനകൾ സംബന്ധിച്ച് ചർച്ചകൾ നടക്കുകയാണ്.
>
> *-രാജീവ് സദാനന്ദൻ, ആരോഗ്യവകുപ്പ് അഡിഷണൽ ചീഫ് സെക്രട്ടറി*

സ്മരണാഞ്ജലി
ഒന്നാം ചരമവാർഷികം



ഡോ. ഡി. നാരായണപ്രസാദ്
പ്രസാദ് ക്ലിനിക്
ഭാര്യ : ഡോ. ആശാ പ്രസാദ്,
മക്കൾ : ഡോ. സച്ചിൻ പ്രസാദ്, ഡോ. ലക്ഷ്മി പ്രസാദ്, ഡോ. യമുന പ്രസാദ്,
മരുമക്കൾ : ഡോ. സിനി സച്ചിൻ, ഡോ. സംഗീത് രാധാകൃഷ്ണൻ, ഡോ. ദിഗേഷ് ബാലചന്ദ്രൻ,
ചെറുമക്കൾ : ഇഷാനി സംഗീത്, മാധവ് സംഗീത്, ശിവാൻഗി സച്ചിൻ, അദ്വൈത് ദിഗേഷ്, ശെഫാലി സച്ചിൻ, സായി സിദ്ധാർഥ് സച്ചിൻ.

# അനന്തപുരി


www.keralakaumudi.com www.facebook.com/keralakaumudi


## പേട്ട കല്ലുംമൂട് വലിയ കാക്കോട് ശ്രീഭദ്രകാളി ക്ഷേത്രം

തിരുവനന്തപുരം: പേട്ട കല്ലുംമൂട് വലിയ കാക്കോട് ശ്രീഭദ്രകാളി ക്ഷേത്രത്തിലെ പൗർണമിപൂജ 24ന് വൈകിട്ട് 6.45ന് സ്പെഷ്യൽ ദീപാരാധന, 7ന് പൗർണമിപൂജ, 7.30ന് കുങ്കുമാഭിഷേകം എന്നിവയോടുകൂടി നടത്തുന്നു. പൗർണമിപൂജയോടനുബന്ധിച്ച് വൈകിട്ട് ക്ഷേത്രനടയിൽ ഭക്തജനങ്ങൾക്ക് പൊങ്കാല അർപ്പിക്കാവുന്നതാണ്.

## നീരാഴി ശാഖ

തിരുവനന്തപുരം : എസ്.എൻ.ഡി.പി യോഗം നീരാഴി ശാഖ ഗുരുമന്ദിരത്തിൽ ചതയപൂജയും ക്ഷേമ പെൻഷൻ വിതരണവും നടത്തി. രാവിലെ ഗുരുപൂജയും പ്രാർത്ഥനയും നടന്നു. വൈകിട്ട് ചതയപൂജയും ഗുരുദേവ കൃതികളുടെ സമൂഹ പ്രാർത്ഥനയും നടത്തി. പൂജാകർമ്മങ്ങൾ ശാഖാ വൈസ് പ്രസിഡന്റ് സി. ബാലചന്ദ്രൻ നിർവഹിച്ചു. 6ന് പ്രതിമാസ ക്ഷേമ പെൻഷൻ ശാഖാ പ്രസിഡന്റ് എൻ. ആനന്ദരാജൻ വിതരണം ചെയ്തു. ശാഖ സെക്രട്ടറി എസ്.എസ്. സതീഷ്, യൂണിയൻ പ്രതിനിധി എസ്. പ്രസന്നൻ, കമ്മിറ്റി അംഗങ്ങളായ കെ. രവീന്ദ്രൻ, വി. ജയദേവൻ, ഉള്ളൂർ ഗീത, ബി. ചന്ദ്രൻ, വി. സുനിൽകുമാർ, കെ.ആർ. മോഹനദാസ്, അഡ്വ. അശോക്, വനിതാ സംഘം ഭാരവാഹികൾ, മൈക്രോ ഫിനാൻസ് ഭാരവാഹികൾ എന്നിവർ പങ്കെടുത്തു.

## പാച്ചല്ലൂർ ഗ്രാമീണ ഗ്രന്ഥശാല

കോവളം: പാച്ചല്ലൂർ ഗ്രാമീണ ഗ്രന്ഥശാലയുടെ നവീകരിച്ച കെട്ടിടത്തിന്റെ ഉദ്ഘാടനം ബുധനാഴ്ച വൈകിട്ട് 5ന് ഡോ. ശശി തരൂർ എം.പി. നിർവഹിക്കും. ചടങ്ങിൽ ഗ്രന്ഥശാല പ്രസിഡന്റ് പി. സദാശിവൻ അദ്ധ്യക്ഷത വഹിക്കും. വാർഡ് കൗൺസിലർ നെടുമം മോഹനൻ, സി. സത്യൻ, ജ്യോതി സതീശൻ, എ.ജി. കൃഷ്ണവേണി, താലൂക്ക് ലൈബ്രറി കൗൺസിൽ സെക്രട്ടറി ജി. ശ്രീകണ്ഠൻ, ഗ്രന്ഥശാല സെക്രട്ടറി വി. രാജു, ഭരണ സമിതിയംഗം കെ. ജയകൃഷ്ണൻ തുടങ്ങിയവർ സംസാരിക്കും.

## കെട്ടിട നികുതി

തിരുവനന്തപുരം: പേട്ട കേരളകൗമുദി റസിഡന്റ്സ് അസോസിയേഷന്റെ ആഭിമുഖ്യത്തിൽ കെട്ടിടനികുതി പിരിവ് ഇന്ന് രാവിലെ 10 മുതൽ ഒരുമണിവരെ പേട്ട റെയിൽവേ സ്റ്റേഷന് സമീപമുള്ള യംഗ്സ്റ്റേഴ്സ് ക്ലബ് ഹാളിൽ നഗരസഭാ അധികൃതർ നടത്തും.

## ആറ്റുകാൽ ഐരാണിമുട്ടം ശാഖ

തിരുവനന്തപുരം: എസ്.എൻ.ഡി.പി യോഗം ആറ്റുകാൽ ഐരാണിമുട്ടം ശാഖയിൽ മഹാസമാധി ദിനം ആചരിച്ചു. സെക്രട്ടറി എസ്. വിജയന്റെ കാർമികത്വത്തിൽ നടന്ന ഗുരുപൂജയിൽ പ്രസിഡന്റ് കെ. സണ്ണി, വൈസ് പ്രസിഡന്റ് എസ്. മഹേഷ്കുമാർ, യൂണിയൻ കൗൺസിലർ കെ.പി അംബീശൻ, വനിതാ സംഘം ചെയർപേഴ്സൺ എം. അനുജ, എസ്. സുരേന്ദ്രൻ, പി. അശോകൻ, ആർ. വിനോദ്, ഗീതാ സനൽ, എസ്. ജീവ, ഹരിദേവൻ, സി. രാജേന്ദ്രൻ എന്നിവർ പങ്കെടുത്തു. കേന്ദ്ര വനിതാ സംഘാംഗം സുധാ വിജയൻ സമാധി കീർത്തനം ആലപിച്ചു. ഉച്ചയോടെ കഞ്ഞി വീഴ്ത്തും നടത്തി.

## ഭാരത് ഭവനിൽ ഓട്ടൻതുള്ളലിന്റെ നവ്യാനുഭവം

തിരുവനന്തപുരം: ഭാരത് ഭവനിൽ ഇന്നലെ അരങ്ങേറിയ ഓട്ടൻതുള്ളൽ കലാസ്വാദകർക്ക് പുത്തൻ അനുഭവമായി. കലാമണ്ഡലം സുരേഷ് കാളിയത്തും സംഘവുമാണ് ഓട്ടൻതുള്ളൽ അവതരിപ്പിച്ചത്. കേരള സർക്കാരിന്റെ സാംസ്കാരിക വിനിമയ കേന്ദ്രമായ ഭാരത് ഭവനും, ഇന്ത്യൻ കൗൺസിൽ ഫോർ കൾച്ചറൽ റിലേഷൻസും സംയുക്തമായാണ് കല്യാണ സൗഗന്ധികം ഓട്ടൻതുള്ളൽ സംഘടിപ്പിച്ചത്. വൈകിട്ട് 6 മണിയോടെയാണ് ഓട്ടൻതുള്ളൽ അരങ്ങേറിയത്. ഭാരത് ഭവൻ മെമ്പർ സെക്രട്ടറി പ്രമോദ് പയ്യന്നൂർ ആമുഖപ്രഭാഷണം നടത്തിയ ചടങ്ങിൽ ഐ.സി.സി.ആർ റീജിയണൽ ഓഫീസർ മധൂർ കങ്കണ റോയി കലാകാരന്മാരെ പൊന്നാട അണിയിച്ചു. പുതുമയാർന്ന ശൈലിയിൽ കല്യാണ സൗഗന്ധികം അവതരിപ്പിച്ച സുരേഷ് കാളിയത്തിനൊപ്പം വോക്കലിൽ കലാമണ്ഡലം മോഹനകൃഷ്ണനും, കലാമണ്ഡലം നയനനും, മൃദംഗത്തിൽ കലാമണ്ഡലം രാജീവ് ആർ. നായരും അരങ്ങിലെത്തി.

# പൈപ്പ് പൊട്ടൽ ഇവിടെ തുടർക്കഥ

## ഉള്ളൂരിലും പരിസരങ്ങളിലും ശുദ്ധജലക്ഷാമം രൂക്ഷം

സംഗീത് ഉള്ളൂർ

ഉള്ളൂർ: ഉള്ളൂരിനു സമീപം പൈപ്പ് പൊട്ടി ശുദ്ധ ജലം പാഴായിട്ടും അധികൃതർ തിരിഞ്ഞുനോക്കുന്നില്ലെന്ന് പരാതി. മാസങ്ങളായി ഈ ഭാഗത്തെ റോഡിലൂടെ ശുദ്ധജലം ഒഴുകുകയാണ്. ഉള്ളൂരിൽ നിന്നും ആക്കുളത്തേക്ക് തിരിയുന്ന ഭാഗത്ത് സിഗ്നലിനു സമീപത്തായാണ് പൈപ്പ് പൊട്ടൽ.

കവടിയാർ സെക്ഷന്റെ പരിധിയിൽ വരുന്ന പ്രദേശമാണിത്. ഇവിടെ ചോർച്ച ഉണ്ടായിട്ട് രണ്ടു മാസമായി. നിരവധി പരാതികൾ ഉയർന്നെങ്കിലും അറ്റകുറ്റപ്പണി നടത്താതെ ജല അതോറിട്ടി അധികൃതർ ഉരുണ്ടു കളിക്കുകയാണെന്നാണ് നാട്ടുകാരുടെ പരാതി.

ഉള്ളൂരിനു സമീപം നീരാഴിയിൽ ആഴ്ചകളായി വെള്ളം കിട്ടാത്ത വീടുകളുണ്ട്. കാലഹരണപ്പെട്ട ജി.ഐ പൈപ്പുകൾ മാറ്റി സ്ഥാപിക്കാത്തതാണ് പ്രശ്നം രൂക്ഷമാകാൻ കാരണം.

പ്രധാന ലൈനിൽ നിന്നും കണക്‌ഷൻ നൽകിയിട്ടുള്ള പൈപ്പുകളുടെ വ്യാസം കൂട്ടാത്തതും ബുദ്ധിമുട്ടുകൾ സൃഷ്ടിക്കുന്നു.

പ്രിമോ പൈപ്പിൽ പ്രഷർ കുറഞ്ഞതും പ്രശ്നങ്ങൾക്ക് കാരണമായി.

പോങ്ങുംമൂട് ജല അതോറിട്ടി ഓഫീസിൽ കൂറ്റൻ ജല ടാങ്ക് സ്ഥാപിച്ചിട്ടുണ്ടെങ്കിലും ഇതിന്റെ പ്രയോജനം പ്രദേശവാസികൾക്ക് കിട്ടുന്നില്ലെന്ന ആക്ഷേപവുമുണ്ട്.

രാത്രിയിൽ മെട്രോ ലൈൻ അടച്ച് ജലവിതരണം ക്രമീകരിക്കുമ്പോഴുണ്ടാകുന്ന ജലക്ഷാമം പരിഹരിക്കുന്നതിനായി ഇവിടം ജല അതോറിട്ടി ഓഫീസ് വളപ്പിലുള്ള ടാങ്കുമായി ബന്ധിപ്പിക്കണമെന്ന ആവശ്യവുമായി സമരത്തിനൊരുങ്ങുകയാണ് നാട്ടുകാർ. കുമാരപുരം ശ്രീചിത്ര ക്വാർട്ടേഴ്സിലും കഴിഞ്ഞ ഒരുമാസത്തിലേറെയായി ജലക്ഷാമം രൂക്ഷമാണ്.

കുമാരപുരം പൂന്തി റോഡിൽ നിന്ന് ജലമെടുക്കാതെ മെഡിക്കൽ കോളേജ് വളപ്പിൽ നിന്നു കയറ്റത്തിലൂടെ പൈപ്പ് കണക്‌ഷൻ നൽകിയതാണ് ഇവിടെ പ്രശ്നം രൂക്ഷമാക്കിയത്.

ജലക്ഷാമം പരിഹരിക്കാൻ ജല അതോറിട്ടിയുടെ ഭാഗത്തു നിന്ന് അടിയന്തര നടപടി ഉണ്ടായില്ലെങ്കിൽ റോഡ് ഉപരോധം ഉൾപ്പെടെയുള്ള ശക്തമായ സമര പരിപാടികൾ സംഘടിപ്പിക്കുമെന്ന് പ്രദേശവാസികൾ അറിയിച്ചു.



ഉള്ളൂർ ജംഗ്ഷനിൽ ജെ.സി.ബി ഉപയോഗിച്ച് റോഡ് കുഴിച്ച് വാട്ടർ അതോറിട്ടിയുടെ കുടിവെള്ള പൈപ്പിലെ ഇന്റർ കണക്ഷൻ ഘടിപ്പിക്കുന്ന ജോലി പുരോഗമിച്ചപ്പോൾ ഫോട്ടോ: ബി. സുമേഷ്

### പ്രധാന പരാതികൾ

ഉള്ളൂരിലും പരിസര പ്രദേശങ്ങളിലും കഴിഞ്ഞ രണ്ടാഴ്ചയിലേറെയായി കടുത്ത ജല ദൗർലഭ്യമാണ്. പൊട്ടലുകൾ അടിയന്തരമായി കണ്ടെത്തി അറ്റകുറ്റപ്പണി നടത്താത്തത് പ്രഷർ കുറയ്ക്കാനിടയാക്കിയെന്നാണ് നാട്ടുകാർ പറയുന്നത്. ഇതിന് പുറമെ കെട്ടിക്കിടക്കുന്ന വെള്ളം ദുർഗന്ധം പരത്തുകയാണ്. വാഹനങ്ങൾ കടന്നു പോകുമ്പോൾ കാൽനട യാത്രികരുടെ ദേഹത്തേക്ക് വെള്ളം തെറിപ്പിക്കുന്നതിനാൽ പലർക്കും തൊലിപ്പുറത്ത് അലർജിക്ക് കാരണമായതായും പരാതിയുണ്ട്. പല സ്ഥലങ്ങളിലും പൊട്ടലുകൾ തിരിച്ചറിയാൻ സാധിക്കാത്ത അവസ്ഥയാണ്. റോഡിനടിയിലൂടെ ഒഴുകി പുറത്തെത്താതെ വെള്ളം അടിയിലൂടെ ഒഴുകി സമീപത്തെ ഓടയിലൂടെ പുറത്തേക്ക് ഒഴുകുകയാണ്.

ജലക്ഷാമം രൂക്ഷമായിട്ട്
**2**
ആഴ്ചയിലേറെയായി

KAUMUDI ALERT

### വിതരണ പൈപ്പിൽ പണി: ഉള്ളൂരിൽ കുടിവെള്ള വിതരണം മുടങ്ങി

തിരുവനന്തപുരം: കവടിയാർ - ഉള്ളൂർ മെയിൻ പൈപ്പ് ലൈനിൽ ഇന്റർകണക്ഷൻ സ്ഥാപിക്കുന്ന ജോലി നടക്കുന്നതിനാൽ കുമാരപുരം, ഉള്ളൂർ മേഖലകളിൽ പലയിടത്തും ഇന്നലെ രാവിലെ മുതൽ കുടിവെള്ള വിതരണം മുടങ്ങി. നിർമ്മാണം പൂർത്തിയാക്കി ഇന്നലെ രാത്രിയോടെ ചാർജിംഗ് തുടങ്ങുമെന്നും ഇന്ന് വൈകിട്ടോടെ കുടിവെള്ള വിതരണം സാധാരണനിലയിലാകുമെന്നും വാട്ടർ അതോറിട്ടി അധികൃതർ അറിയിച്ചു.



എട്ടാമത് ഏഷ്യൻ യോഗ സ്പോർട്സ് ചാമ്പ്യൻഷിപ്പിൽ പങ്കെടുക്കാനെത്തിയ ഏഷ്യൻ യോഗ ഫെഡറേഷൻ പ്രസിഡന്റ് അശോക് കുമാർ അഗർവാളിന് തിരുവനന്തപുരം ഡൊമസ്റ്റിക് ടെർമിനലിൽ നൽകിയ സ്വീകരണം. യോഗ അസോസിയേഷൻ ഒഫ് കേരള പ്രസിഡന്റ് ബി. ബാലചന്ദ്രൻ, സ്പോർട്സ് കൗൺസിൽ അഡ്മിനിസ്ട്രേറ്റീവ് മെമ്പർ പി. ശശിധരൻ നായർ എന്നിവർ സമീപം



ചതയപൂജയോടനുബന്ധിച്ച് എസ്.എൻ.ഡി.പി യോഗം വട്ടിയൂർക്കാവ് ശാഖയിൽ നടന്ന കഞ്ഞിവീഴ്ത്ത് വൈസ് ചെയർമാൻ തൊഴുവൻകോട് ബിജികുമാർ ഉദ്ഘാടനം ചെയ്യുന്നു. കമ്മിറ്റി അംഗങ്ങളായ പുഷ്പരാജ്, കുമാർ, ജോയി തുടങ്ങിയവർ സമീപം

## ദൃശ്യവേദിയുടെ നാട്യോത്സവം 30ന് തുടങ്ങും

തിരുവനന്തപുരം: ദൃശ്യവേദിയുടെ 31-ാമത് കേരള നാട്യോത്സവമായ 'കണ്ടാലതിമോദം' 30ന് തുടങ്ങും. കോട്ടയത്തു തമ്പുരാൻ രചിച്ച 4 ആട്ടക്കഥകൾ 7 ദിവസം കൊണ്ട് രംഗത്ത് അവതരിപ്പിക്കും.

വൈകിട്ട് 5ന് കാർത്തിക തിരുനാൾ തിയേറ്ററിൽ പഞ്ചപാണ്ഡവന്മാരുടെ പുറപ്പാട്, 5.30ന് മന്ത്രി കടകംപള്ളി സുരേന്ദ്രൻ നാട്യോത്സവം ഉദ്ഘാടനം ചെയ്യും. തുടർന്ന് ബകവധം പൂർവഭാഗം കഥകളി നടക്കും. ഒക്ടോബർ ഒന്നിന് ഇതേ വേദിയിൽ ബകവധം ഉത്തരഭാഗം കഥകളി അരങ്ങേറും. 2 മുതൽ 5 വരെ തീർത്ഥപാദ മണ്ഡപത്തിലാണ് പരിപാടി.

ഒക്ടോബർ 2ന് വൈകിട്ട് കിർമ്മീരവധം പൂർവഭാഗം, 3ന് കാലകേയവധം പൂർണഭാഗം, 4ന് കാലകേയവധം ഉത്തരഭാഗം, 5ന് കിർമ്മീരവധം ഉത്തരഭാഗം എന്നിങ്ങനെ തുടർച്ചയായി 6 ദിവസവും നവംബർ 17ന് കാർത്തിക തിരുനാൾ തിയേറ്ററിൽ കല്യാണസൗഗന്ധികം കഥകളിയും നടക്കുന്നതോടെ 31-ാമത് നാട്യോത്സവം സമാപിക്കും. പദ്മശ്രീ കലാമണ്ഡലം ഗോപി, പ്രൊഫ. രാജശേഖരൻ, മാർഗി വിജയകുമാർ, കോട്ടയ്ക്കൽ ദേവദാസ്, കലാമണ്ഡലം ശ്രീകുമാർ, ഷണ്മുഖൻ, ഹരി ആർ. നായർ, പത്തിയൂർ ശങ്കരൻ കുട്ടി, കോട്ടയ്ക്കൽ മധു, കലാമണ്ഡലം ഉണ്ണികൃഷ്ണൻ, കൃഷ്ണദാസ്, അച്യുതവാര്യർ, രവീന്ദ്രൻ, രത്നാകരൻ, മനോജ് തുടങ്ങി നൂറോളം കലാകാരന്മാർ മേളയിൽ പങ്കെടുക്കും. ദൃശ്യവേദിയിൽ അംഗമാവാൻ കഥകളി ദിവസങ്ങളിൽ അതത് വേദിയിൽ ത്തന്നെ സൗകര്യമുണ്ടാവുമെന്ന് സെക്രട്ടറി എസ്. ശ്രീനിവാസൻ അറിയിച്ചു.

## നൊച്ചൂർ വെങ്കിട്ടരാമന്റെ ഭാഗവത ജ്ഞാനയജ്ഞം

തിരുവനന്തപുരം: അഭേദാശ്രമത്തിൽ നൊച്ചൂർ വെങ്കിട്ടരാമന്റെ ഭാഗവത ജ്ഞാനയജ്ഞം ആരംഭിച്ചു.

28 വരെ നീണ്ടു നിൽക്കുന്ന യജ്ഞത്തിൽ ദിനംപ്രതി രാവിലെ 7 മുതൽ 8 വരെ രമണ മഹർഷിയുടെ സ്വാത്മസുഖി എന്ന ഗ്രന്ഥത്തെ ആസ്പദമാക്കിയുള്ള പ്രഭാഷണവും വൈകിട്ട് 6.30 മുതൽ 8.30 വരെ ഭാഗവതജ്ഞാനയജ്ഞവും നടക്കും.

ഉദ്ഘാടന ചടങ്ങിൽ മഠാധിപതി സ്വാമി സുഗുണാനന്ദ, ജനറൽ സെക്രട്ടറി എൻ.എസ്.കെ. നായർ, ട്രഷറർ സി. രവീന്ദ്രൻ നായർ, ജോയിന്റ് സെക്രട്ടറി അമരവിള യമുന പ്രസാദ്, മുൻ കൗൺസിലർ എസ്. വിജയകുമാർ എന്നിവർ പങ്കെടുത്തു.



അഭേദാശ്രമത്തിൽ ഭാഗവത ജ്ഞാനയജ്ഞത്തിന് എത്തിച്ചേർന്ന നൊച്ചൂർ വെങ്കിട്ടരാമനെ ആശ്രമം ഭാരവാഹികൾ പൂർണകുംഭം നൽകി സ്വീകരിക്കുന്നു



മഹാസമാധി ദിനാചരണത്തോടനുബന്ധിച്ച് എസ്.എൻ.ഡി.പി യോഗം ശാസ്തമംഗലം ശാഖയിൽ നടന്ന വിദ്യാഭ്യാസ അവാർഡ് വിതരണ ചടങ്ങ്. അവാർഡ് ജേതാക്കൾ ഡോ. പി. പല്പു സ്മാരക യൂണിയൻ പ്രസിഡന്റ് ഉപേന്ദ്രൻ കോൺട്രാക്ടർക്കൊപ്പം

## സ്പെഷ്യൽ സബ് ജയിലിൽ സാംസ്കാരിക സംഗമം

തിരുവനന്തപുരം: തടവുകാരുടെ ക്ഷേമ, പുനരധിവാസ പ്രവർത്തനങ്ങളുടെ ഭാഗമായി പൂജപ്പുര സ്പെഷ്യൽ സബ് ജയിലിൽ സാംസ്കാരിക സംഗമം ഇന്ന് നടക്കും. രാവിലെ 10.30ന് സാംസ്കാരിക വകുപ്പ് ഡയറക്ടർ ടി.ആർ. സദാശിവൻ നായർ ഉദ്ഘാടനം ചെയ്യും. ജയിൽ ഡി.ഐ.ജി എസ്. സന്തോഷ് അദ്ധ്യക്ഷനാകും. ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർ പ്രൊഫ. വി. കാർത്തികേയൻ നായർ മുഖ്യപ്രഭാഷണം നടത്തും.

സ്റ്റേറ്റ് ബുക്ക് മാർക്ക് സെക്രട്ടറി ഗോകുലേന്ദ്രൻ മുഖ്യാതിഥിയാകും. ശിവാമൃത ചൈതന്യ, വിവേക്, വിജിതമ്പി, മുരുകൻ കാട്ടാക്കട, ശ്രീകല ചിങ്ങോലി എന്നിവർ പങ്കെടുക്കും.

ജയിൽ വളപ്പിലെ ശുദ്ധജലമത്സ്യം - ജൈവ പച്ചക്കറികൃഷിയുടെ ഒന്നാം ഘട്ടവിളവെടുപ്പ് രാവിലെ ജയിൽ ഡി.ഐ.ജി സന്തോഷ് ഉദ്ഘാടനം ചെയ്യും.

## പൊതുസ്ഥലത്ത് മാലിന്യം നിക്ഷേപിക്കാൻ ശ്രമിച്ചവർ അറസ്റ്റിൽ

തിരുവനന്തപുരം : പൊതുസ്ഥലത്ത് ഡ്രെയിനേജ് മാലിന്യം നിക്ഷേപിക്കാൻ ശ്രമിച്ച രണ്ട് പേരെ കരമന പൊലീസ് അറസ്റ്റ് ചെയ്തു. ഇന്നലെ ഉച്ചയ്ക്ക് മേലാറന്നൂരിലായിരുന്നു സംഭവം.

പിക്കപ്പ് വാനിൽ കൊണ്ടുവന്ന മലിനജലം പൊതുസ്ഥലത്ത് ഒഴുക്കാൻ ശ്രമിക്കവേ നാട്ടുകാർ പൊലീസിൽ അറിയിക്കുകയായിരുന്നു. ഉടൻ സ്ഥലത്തെത്തിയ കരമന പൊലീസ് പ്രതികളെ അറസ്റ്റ് ചെയ്യുകയും വാഹനം പിടിച്ചെടുക്കുകയും ചെയ്തു.

ഇവരുടെ പേരിൽ പൊതുസ്ഥലത്ത് മാലിന്യം നിക്ഷേപിക്കാൻ ശ്രമിച്ചതിന് കേസെടുത്തതായി പൊലീസ് പറഞ്ഞു.



തോന്നയ്ക്കൽ സായി ഗ്രാമത്തിലെ ഷിർദ്ദി ക്ഷേത്രത്തിന്റെ പ്രതിഷ്ഠാ വാർഷിക ആഘോഷം കെ. ജയകുമാർ ഭദ്രദീപം തെളിച്ച് ഉദ്ഘാടനം ചെയ്യുന്നു

## ഷിർദ്ദിസായി ക്ഷേത്രത്തിൽ പ്രതിഷ്ഠാവാർഷികം

തിരുവനന്തപുരം : തോന്നയ്ക്കൽ സായി ഗ്രാമത്തിലെ ഷിർദ്ദി ക്ഷേത്രത്തിന്റെ പ്രതിഷ്ഠാ വാർഷിക ആഘോഷത്തിന് തുടക്കമായി. കെ. ജയകുമാർ ഭദ്രദീപം തെളിച്ച് ഉദ്ഘാടനം ചെയ്തു. ശ്രീ സത്യസായി ഓർഫണേജ് ട്രസ്റ്റ് എക്സിക്യൂട്ടീവ് ഡയറക്ടർ കെ.എൻ. ആനന്ദകുമാർ അദ്ധ്യക്ഷത വഹിച്ചു. ഇളമ്പ ഉണ്ണികൃഷ്ണൻ, മംഗലപുരം ഷാഫി, ജയചന്ദ്രൻ നായർ, തോന്നക്കൽ രവി, കൊല്ലം രവി അനന്ദപത്മനാഭൻ തുടങ്ങിയവർ സംസാരിച്ചു. വിവിധ പൂജകൾക്ക് പുറമേ ഇന്ന് വൈകിട്ട് 5ന് പ്രശാന്ത് വർമ്മയുടെ മാനസജപലഹരി നടക്കും. ചൊവ്വാഴ്ച വൈകിട്ട് 4ന് ചെമ്പകമംഗലം ജംഗ്ഷനിൽ നിന്നും സായി ഗ്രാമത്തിലേക്ക് വാദ്യഘോഷങ്ങളുടെയും തെയ്യത്തിന്റെയും അകമ്പടിയോടെ എഴുന്നള്ളത്ത്. 5ന് വിറൽ വിനോദ് ഭാഗവതരുടെ ഭജൻ സന്ധ്യ, രാത്രി 8ന് ഷേജ് ആരതിയോടെ ആഘോഷം സമാപിക്കും.

## പേട്ട റെയിൽവേ ആശുപത്രി പരിസരം ശുചീകരിച്ചു

തിരുവനന്തപുരം: പ്രധാനമന്ത്രിയുടെ സ്വച്ഛതാ പക്വാര പദ്ധതിയുടെ ഭാഗമായി ഇന്നലെ പേട്ട റെയിൽവേ ആശുപത്രി പരിസരം ഡോ. ശോഭ ജാസ്മിൻ, ഡോ. എസ്.എസ്. രാജൻ എന്നിവരുടെ നേതൃത്വത്തിൽ ശുചീകരിച്ചു.

ആശുപത്രിക്ക് മുന്നിലെ പൂന്തോട്ടവും ഒരേക്കറിൽ കൂടുതലുള്ള ആശുപത്രി പരിസരവുമാണ് 50ൽ അധികം ജീവനക്കാർ ചേർന്ന് വൃത്തിയാക്കിയത്. ആശുപത്രി പരിസരം പ്ലാസ്റ്റിക് വിമുക്തമാണ്.

എന്നാൽ റെയിൽവേ സ്റ്റേഷനിൽ നിന്ന് ചില യാത്രക്കാർ പ്ലാസ്റ്റിക് കുപ്പികൾ ഉൾപ്പെടെയുള്ള മാലിന്യങ്ങൾ ആശുപത്രി കോമ്പൗണ്ടിലേക്ക് വലിച്ചെറിയുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടെന്നും അത് തടയാൻ വേണ്ട നടപടികൾ സ്വീകരിക്കുമെന്നും ഡോ. എസ്.എസ്. രാജൻ പറഞ്ഞു.



പ്രധാനമന്ത്രിയുടെ സ്വച്ഛ്താ പക്വാര പദ്ധതിയുടെ ഭാഗമായി പേട്ട റെയിൽവേ ആശുപത്രി പരിസരം ഡോക്ടർമാരും ആശുപത്രി ജീവനക്കാരും ചേർന്ന് ശുചീകരിക്കുന്നു

### നവീകരിച്ച പൂന്തോട്ടം ഉദ്ഘാടനം 2ന്

പേട്ട റെയിൽവേ സ്റ്റേഷൻ കോമ്പൗണ്ടിലെ നവീകരിച്ച പൂന്തോട്ടത്തിന്റെ ഉദ്ഘാടനം തിരുവനന്തപുരം ഡിവിഷണൽ റെയിൽവേ മാനേജർ എസ്.കെ. സിൻഹ ഒക്ടോബർ 2ന് നിർവഹിക്കും.

അതിന് മുന്നോടിയായി 29ന് പേട്ട റെയിൽവേ സ്റ്റേഷൻ പരിസരവും പൂന്തോട്ടവും വൃത്തിയാക്കും. പേട്ട സ്റ്റേഷൻ ഇൻചാർജ് സുനിലാണ് നിലവിൽ പൂന്തോട്ടം സംരക്ഷിക്കുന്നത്. 2014 ഒക്ടോബറിൽ പേട്ട റെയിൽവേ ആശുപത്രിയിലെ അഡിഷണൽ ചീഫ് മെഡിക്കൽ സൂപ്രണ്ട് ഡോ. ശോഭ ജാസ്മിന്റെ നേതൃത്വത്തിലാണ് പൂന്തോട്ടം നിർമ്മിച്ചത്.




ഭാരത്ഭവനിൽ സുരേഷ് കാളിയത്ത് അവതരിപ്പിച്ച ഓട്ടൻതുള്ളൽ


കൂടുതൽ പ്രാദേശിക വാർത്തകൾ പേജ് 3, 5

**EMERGENCY CALLS**

| POLICE | | | | HOSPITAL | |
|---|---|---|---|---|---|
| ഹൈവേ പൊലീസ് കൺട്രോൾ റൂം | 9846100100 | പൊലീസ് കൺട്രോൾ റൂം | 100 | അനന്തപുരി | 2579900 |
| വനിതാ ഹെൽപ്‌ലൈൻ | 9995399953 | സൈബർ സെൽ | 2329107 | കിംസ് | 2447575 |
| ക്രൈം സ്റ്റോപ്പർ | 1090 | ഡി.ജി.പി | 9497999999 | എസ് യു ടി | 4077777, 4177777 |
| | | കമ്മിഷണർ | 9497996991 | ശിവഗിരി ശ്രീനാരായണ മെഡി. മിഷൻ ഹോസ്പിറ്റൽ, വർക്കല | 0470 2602248, 2602249 |
| | | റൂറൽ എസ്.പി | 9497996985 | | |



# നീറമൺകരയ്ക്ക് ഇനി പച്ച പുതയ്ക്കാം

## നീറമൺകരയിൽ സസ്യോദ്യാന നിർമ്മാണം പുരോഗതിയിൽ

▶ആർ.എം.അനിൽകുമാർ

നേമം: കരമന-കിള്ളി ആറുകൾ മാലിന്യമുക്തമാക്കുന്നതിനായി നടക്കുന്ന പ്രവർത്തനങ്ങളുടെ ഭാഗമായി നീറമൺകരയിൽ സസ്യോദ്യാനത്തിന്റെ നിർമ്മാണങ്ങൾ പുരോഗമിക്കുകയാണ്.

കരമന പാലത്തിന് സമീപം നീറമൺകരയിൽ നിന്ന കരമനയാറിന്റെ തീരത്തുകൂടിയുള്ള ബണ്ട് റോഡ് വഴി ആഴാങ്കൽ വരെയാണ് ഉദ്യാനത്തിനുള്ള പ്രവർത്തനങ്ങൾ നടക്കുന്നത്. കേരള സംസ്ഥാന ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിലിന്റെ സഹകരണത്തോടെ മുന്നോട്ടുവച്ച കരമന റിവർ സയന്റിഫിക് മാനേജ്മെന്റ് (പൈലറ്റ്) (കെ.ആർ.എസ്.എം) പദ്ധതി പ്രകാരമാണ് നിർമ്മാണം നടക്കുന്നത്.

ശങ്കർ നഗർ, ആഴാങ്കാൽ തുടങ്ങി പ്രദേശത്തെ എട്ട് റസിഡന്റ്സ് അസോസിയേഷനുകൾ മുൻകൈ എടുത്താണ് വൃക്ഷങ്ങൾ നട്ടുപിടിപ്പിക്കുന്നത്. പാലോട് പ്രവർത്തിക്കുന്ന ട്രോപ്പിക്കൽ ബൊട്ടാണിക്കൽ ഗാർഡൻ ആൻഡ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് നിർദ്ദേശിക്കുന്ന വൃക്ഷങ്ങൾ ബയോഡൈവേഴ്സിറ്റി ബോർഡിന്റെ സഹായത്തോടെ കണ്ടെത്തിയാണ് നടുന്നത്. മാലിന്യത്തിന്റെ ഭാഗമായി പുഴയിൽ ആർസനിക്, ലെഡ്, മെർക്കുറി തുടങ്ങി ഹെവിമെറ്റലുകൾ കലരാൻ സാദ്ധ്യതയുണ്ട്. ഇവയെ വലിച്ചെടുക്കാൻ സാധിക്കുന്ന ഒതളം, ആറ്റുവഞ്ചി, കുടംപുളി തുടങ്ങിയ ചെടികൾ പുഴയോട് ചേർന്ന് നടാനും, കരയിൽ മറ്റു വൃക്ഷങ്ങൾ നടാനുമാണ് ഉദ്ദേശിക്കുന്നത്. പദ്ധതിപൂർത്തിയാകുന്നതോടെ നീറമൺകരയാകെ പച്ചപ്പാകാൻ പോകുന്നതിന്റെ ആഹ്ലാദത്തിലാണ് നാട്ടുകാർ.



കരമന പാലത്തിനോട് ചേർന്ന് മണ്ണിനടിയിൽ പൂണ്ടുകിടന്ന കൽപ്പടവ്



സസ്യോദ്യാനത്തിനോട് ചേർന്ന് ഒരു കൽപടവ് പുനർനിർമ്മിക്കുന്നു

| 1 | 2 | 3 |
|---|---|---|
| പദ്ധതിച്ചെലവ് 1.20 കോടി | ദൂരം 2 കി.മീ | നിർമ്മാണം 2019 ജനുവരിയിൽ പൂർത്തിയാകും |

### എന്താണ് കെ.ആർ.എസ്.എം

കരമന കിള്ളിയാർ നദികൾ മാലിന്യമുക്തമാക്കുന്നതിന് വേണ്ടി പദ്ധതികൾ തയ്യാറാക്കുന്നതിനായി രൂപീകരിച്ച പൈലറ്റ് പദ്ധതിയാണ് കെ.ആർ.എസ്.എം. മാലിന്യങ്ങൾ പുഴയിലേക്ക് നിക്ഷേപിക്കാതിരിക്കാൻ

പാലത്തിൽ ചെയിൻ ലിങ്ക് പദ്ധതി നടപ്പാക്കിയതും, പാലങ്ങളിൽ കാമറകൾ സ്ഥാപിക്കാനുള്ള നിർദ്ദേശവും ഈ പദ്ധതി പ്രകാരമാണ് നടപ്പാക്കിയത്. തിരുവല്ലം, കരമന, ഇടപ്പഴഞ്ഞി തുടങ്ങിയ സ്ഥലങ്ങളിൽ ചെക്ക് ഡാമുകൾ നിർമ്മിച്ചു. പദ്ധതി പ്രദേശങ്ങളിൽ സഹായം വേണ്ടിവരുന്ന വിവിധ വകുപ്പുകളെ കോർത്തിണക്കി നിർമ്മാണങ്ങൾ നടപ്പാക്കുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം.

ഇത് ഒരു പൈലറ്റ് പദ്ധതിയായതിനാൽ പദ്ധതിയുടെ വിജയത്തെ ആശ്രയിച്ചാണ് മാലിന്യ പ്രശ്നത്തിന് പരിഹാരം കണ്ടെത്തേണ്ടത്.

### കല്പടവുകൾ നിലനിറുത്തി നിർമ്മാണം

ഉദ്യാനത്തിന്റെ നിർമ്മാണങ്ങൾ ഇറിഗേഷൻ വകുപ്പാണ് നടപ്പാക്കുന്നത്. കല്പടവുകൾ മണ്ണിനടിയിൽ പെട്ടുകിടക്കുകയാണ്. കേടുപാടുകൾ സംഭവിച്ചിട്ടുള്ള പടവുകൾക്ക് അറ്റകുറ്റ പണികൾ ചെയ്താണ് നിർമ്മാണം മുന്നോട്ട് പോകുന്നത്. ഉദ്യാനത്തിൽ വിശ്രമിക്കുന്നതിനായി ഇരിപ്പിടങ്ങളും പണിയുന്നുണ്ട്.

"നിർമ്മാണ സാമഗ്രികളുടെ നിലവിലുള്ള ലഭ്യതക്കുറവ് പരിഹരിച്ചാൽ അടുത്ത വർഷം സസ്യോദ്യാനത്തിന്റെ പണി പൂർത്തിയാക്കാനാകും.

*- (സുരജിത്) ഇറിഗേഷൻ എൻജിനിയർ*

"വിവിധയിനം സസ്യങ്ങൾ നട്ടുപിടിപ്പിക്കുന്നതിലൂടെ ഉദ്യാനം പ്രകൃതി രമണീയമാക്കി വിദ്യാർത്ഥികളെയും വിനോദ സഞ്ചാരികളെയും ആകർഷിക്കാനാണ് ഉദ്ദേശിക്കുന്നത്. കൂടാതെ പ്രഭാത സായാഹ്ന സവാരിക്കാർക്ക് നടക്കുന്നതിന് സൗകര്യം ഒരുക്കുന്നതിനായി ബണ്ട് റോഡിൽ ടൈൽ പാകാനും പദ്ധതിയുണ്ട്.

*-കെ.ജി. നാരായണ പിള്ള (കെ.ആർ.എസ്.എം ചീഫ് കോ - ഓർഡിനേറ്റർ)*

KAUMUDI SPECIAL

### 'നവകേരളം നവോത്ഥാനപക്ഷം' സെമിനാർ

തിരുവനന്തപുരം: കേരളയുക്തിവാദിസംഘം സംസ്ഥാനകമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ പ്രളയാനന്തരകേരള നിർമ്മിതിയുമായി ബന്ധപ്പെട്ട് 'നവകേരളം നവോത്ഥാനപക്ഷം' സെമിനാർ സംഘടിപ്പിക്കും. നാളെ വൈകിട്ട് 3ന് തിരുവനന്തപുരം ജോയിന്റ് കൗൺസിൽ ഹാളിൽ ഡോ. എ. സമ്പത്ത് എം.പി ഉദ്ഘാടനം ചെയ്യും. സംസ്ഥാന പ്രസിഡന്റ് കെ. എൻ. അനിൽ കുമാറിന്റെ അദ്ധ്യക്ഷതയിൽ നടക്കുന്ന സെമിനാറിൽ സംഘം ജനറൽ സെക്രട്ടറി രാജഗോപാൽ വാകത്താനം പ്രബന്ധം അവതരിപ്പിക്കും. ജോൺ പെരുവന്താനം, ജെ. ദേവിക, ഡോ. പി.ജെ. ജെയിംസ്, സി.ആർ. നീലകണ്ഠൻ, സി.പി. ജോൺ, ബി. രമേഷ് എന്നിവർ പ്രബന്ധങ്ങൾ അവതരിപ്പിക്കുമെന്ന് ജില്ലാ പ്രസിഡന്റ് ടി.എസ്. പ്രദീപ് അറിയിച്ചു.

### സമ്മേളന ബോർഡുകൾ നശിപ്പിക്കുന്നതായി പരാതി

തിരുവനന്തപുരം: ഐ.എൻ.ടി.യു.സി നേതാവായിരുന്ന എം.എസ്. റാവുത്തറിന്റെ അഞ്ചാം ചരമ വാർഷിക സമ്മേളനത്തോടനുബന്ധിച്ച് റാവുത്തർ സ്മാരക സമിതി വെള്ളയമ്പലം ജംഗ്ഷൻ, വി.ജെ.ടി ഹാൾ, പേരൂർക്കട തുടങ്ങിയ സ്ഥലങ്ങളിൽ സ്ഥാപിച്ച ബോർഡുകൾ നശിപ്പിക്കുന്നതായും മോഷ്ടിക്കുന്നതായും പരാതി. സംഘാടകർ നൽകിയ പരാതിയിൽ കാമറകൾ പരിശോധിച്ച് നടപടിസ്വീകരിക്കുമെന്ന് മ്യൂസിയം പൊലീസ് പറഞ്ഞു. സമിതി ചെയർമാൻ ചാലനാസറിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗം ഇതിനെതിരെ പ്രതിഷേധിച്ചു.

### വെൺപാലവട്ടം ക്ഷേത്രത്തിൽ കാര്യസിദ്ധി പൂജ

തിരുവനന്തപുരം : വെൺപാലവട്ടം ശ്രീ ഭഗവതി ക്ഷേത്ര ട്രസ്റ്റിന്റെ ആഭിമുഖ്യത്തിൽ സർവാഭിഷ്ട സിദ്ധിക്കായി നടത്തുന്ന കാര്യസിദ്ധി പൂജ നാളെ (ചൊവ്വ) രാവിലെ 9ന് ക്ഷേത്രസന്നിധിയിൽ നടക്കും. എല്ലാ ഭക്തജനങ്ങളും പങ്കെടുക്കണമെന്ന് ക്ഷേത്ര ട്രസ്റ്റ് ചെയർമാൻ ഡോ. ബിജു രമേശ് അഭ്യർത്ഥിച്ചു.

### 'അടൽജി എന്ന വിസ്മയം' പ്രകാശനം

തിരുവനന്തപുരം: ജന്മഭൂമി റസിഡന്റ് എഡിറ്റർ കെ. കുഞ്ഞിക്കണ്ണൻ തയ്യാറാക്കിയ 'അടൽജി എന്ന വിസ്മയം' എന്ന പുസ്തകം 26ന് മിസോറാം ഗവർണർ കുമ്മനം രാജശേഖരൻ പ്രകാശനം ചെയ്യും. തിരുവനന്തപുരം പ്രസ്ക്ലബിൽ വൈകിട്ട് 5.30ന് നടക്കുന്ന പ്രകാശന ചടങ്ങിൽ രാജ്യസഭാ മുൻ ഉപാദ്ധ്യക്ഷൻ പ്രൊഫ. പി.ജെ. കുര്യൻ, കെ. സുരേഷ് കുറുപ്പ് എം. എൽ. എ, ജന്മഭൂമി മാനേജിംഗ് ഡയറക്ടർ എം. രാധാകൃഷ്ണൻ, ബി.ജെ.പി മുൻ സംസ്ഥാന അദ്ധ്യക്ഷൻ കെ. രാമൻപിള്ള, മാദ്ധ്യമ പ്രവർത്തകൻ സണ്ണിക്കുട്ടി എബ്രഹാം എന്നിവർ പങ്കെടുക്കും.

### ഐക്കോൺ ഷോർട്ട് ഫിലിം ഫെസ്റ്റിവൽ

തിരുവനന്തപുരം: ഗവ. മെഡിക്കൽ കോളേജ് യൂണിയന്റെയും വിഷ്വൽ മീഡിയ ആൻഡ് തിയേറ്റർ ക്ലബിന്റെയും നേതൃത്വത്തിൽ നവംബർ 15, 16, 17 തീയതികളിൽ അഞ്ചാമത് ഷോർട്ട് ഫിലിം ഫെസ്റ്റിവൽ ഐക്കോൺ -2018 സംഘടിപ്പിക്കും. വിജയികൾക്ക് 50,000 രൂപയുടെ കാഷ് പ്രൈസ് സമ്മാനമായി നൽകും. എൻട്രികൾ ലഭിക്കാനുള്ള അവസാന തീയതി ഒക്ടോബർ 20. കൂടുതൽ വിവരങ്ങൾക്ക് ഫോൺ: 8281469822, 7907396748

### പ്രസ്ക്ലബ് ഫോട്ടോ പ്രദർശനം

തിരുവനന്തപുരം: തിരുവനന്തപുരം പ്രസ്ക്ലബ് ജേർണലിസം ഇൻസ്റ്റിറ്റ്യൂട്ടിലെ ഫോട്ടോ ജേർണലിസം വിദ്യാർത്ഥികളുടെ ഫോട്ടോ പ്രദർശനം 'ബിയോണ്ട് ദ ലെൻസ്' ഇന്ന് രാവിലെ 11ന് ചലച്ചിത്ര നടൻ പ്രേംകുമാർ ഉദ്ഘാടനം ചെയ്യും. 24, 25, 26 തീയതികളിൽ പ്രസ്ക്ലബ് ഹാളിലാണ് പ്രദർശനം.

### മെഗാ ജോബ് ഫെയർ മേള

തിരുവനന്തപുരം: സോഷ്യലിസ്റ്റ് പാർട്ടി ഒഫ് ഇന്ത്യയുടെയും സോഷ്യലിസ്റ്റ് യൂത്ത് ഫെഡറേഷൻ ഒഫ് ഇന്ത്യയുടെയും സംയുക്താഭിമുഖ്യത്തിൽ 50 പ്രമുഖ കമ്പനികളെ പങ്കെടുപ്പിച്ച് സൗജന്യ മെഗാ ജോബ്മേള സംഘടിപ്പിക്കും. അദ്ധ്യാപകഭവനിൽ 25നാണ് മേള. താത്പര്യമുള്ളവർ socialistjobfair@gmail.com എന്ന മെയിൽ അഡ്രസിൽ ഇന്ന് രജിസ്റ്റർ ചെയ്യണം.

### തിരഞ്ഞെടുത്തു

തിരുവനന്തപുരം: കേരള കോൺഗ്രസ് (ജേക്കബ്) ജില്ലാ കമ്മിറ്റി ട്രഷററായി കവടിയാർ സുശീൽ കുമാറിനെ തിരഞ്ഞെടുത്തതായി ജില്ലാ പ്രസിഡന്റ് കരുമം സുന്ദരേശൻ അറിയിച്ചു.

# ആട്ടോ ഡ്രൈവറുടെ കൊലപാതകം: അച്ഛനും മകനും അറസ്റ്റിൽ

■ മകനെ അസഭ്യംപറഞ്ഞത് കൊലയ്ക്ക് പ്രേരണ ■ കുത്തേറ്റുകിടന്നയാളെ പൊലീസും കണ്ടില്ല ■ വെളുക്കുവോളം ചോര വാർന്നു കിടന്നു

പോത്തൻകോട്: പോത്തൻകോട് സ്റ്റാൻഡിലെ ആട്ടോറിക്ഷ ഡ്രൈവറായ അണ്ടൂർക്കോണം ചേമ്പാല പടിഞ്ഞാറ്റിൻകര ശ്യാമളാലയത്തിൽ അനീഷ്ബാബുവിനെ (35) കുത്തിക്കൊന്ന കേസിൽ അച്ഛനും മകനും അറസ്റ്റിൽ. ചെമ്പഴന്തി ഉദയഗിരി മഞ്ജുഷ ഭവനിൽ വാടകയ്ക്ക് താമസിക്കുന്ന അബ്ദുൾ ഹബീബ് (44), മകൻ അബ്ദുൾ ഹർഷാദ് (23) എന്നിവരെയാണ് കഴക്കൂട്ടം പൊലീസും ഷാഡോ ടീമും സൈബർ വിംഗും ചേർന്ന് അറസ്റ്റ് ചെയ്തത്.

കഴിഞ്ഞ ചൊവ്വാഴ്ച രാത്രി പത്തരയ്ക്കാണ് സംഭവം. അണിയൂരിലെ ഒരു കടയിൽ ഐസ്ക്രീം വാങ്ങാനെത്തിയ വെൽഡിംഗ് തൊഴിലാളി ഹർഷാദിനെ, മദ്യലഹരിയിലായിരുന്ന അനീഷ്ബാബു അസഭ്യം പറഞ്ഞത് ഇരുവരും തമ്മിൽ വാക്കേറ്റത്തിനിടയാക്കി. തിരിച്ച് വീട്ടിലെത്തിയ ഹർഷാദ് ഇക്കാര്യം പിതാവിനോട് പറഞ്ഞതോടെ, ഇതിന് പകരം ചോദിക്കാൻ അച്ഛൻ മകനെയും കൂട്ടി ബൈക്കിൽ അണിയൂർ ജംഗ്ഷനിലെത്തി. ഇത് ചോദ്യംചെയ്യുന്നതിനിടയിൽ കൈയിൽ കരുതിയിരുന്ന കത്തി കൊണ്ട് പ്രതി അനീഷ്ബാബുവിന്റെ അടിവയറ്റിൽ

കുത്തുകയായിരുന്നുവെന്ന് പൊലീസ് പറഞ്ഞു. അനീഷ്ബാബുവിനോടൊപ്പമുണ്ടായിരുന്ന സുഹൃത്ത് ശശി ഓടി രക്ഷപ്പെട്ടു. സംഭവം നാട്ടുകാർ അറിയിച്ചതനുസരിച്ച് കഴക്കൂട്ടം പൊലീസ് എത്തിയെങ്കിലും ആരെയും കണ്ടെത്താൻ കഴിഞ്ഞില്ല. അനീഷിന്റെ ആട്ടോറിക്ഷ മാത്രമാണ് കണ്ടത്. പൊലീസ് തിരിച്ചുപോകുകയും ചെയ്തു. അക്രമം നടന്നതിന് അല്പം അകലെയായി രക്തംവാർന്ന് കിടന്ന അനീഷിനെ പിറ്റേന്നരാവിലെ അതുവഴി ആട്ടോറിക്ഷയിൽ പച്ചക്കറിയുമായി വന്നവരാണ് കണ്ടത്. തുടർന്ന് പോത്തൻകോട്ടെ സ്വകാര്യ ആശുപത്രിയിൽ പ്രവേശിപ്പിച്ചു. രക്തം ഛർദ്ദിച്ചതിനെ തുടർന്ന് പിന്നീട് മെഡിക്കൽ കോളേജ് ആശുപത്രിയിലാക്കി. ശസ്ത്രക്രിയയ്ക്ക് വിധേയനാക്കിയെങ്കിലും ജീവൻ രക്ഷിക്കാനായില്ല. അടിവയറ്റിലെ കുത്തും ആന്തരിക രക്തസ്രാവവുമാണ് മരണകാരണമായത്. കുത്താൻ ഉപയോഗിച്ച കത്തി പൊലീസ് കണ്ടെടുത്തു.

സ്ഥലവാസികളായ ഇരുപത്തഞ്ചോളം പേരെ ചോദ്യം ചെയ്തതോടെയാണ് കേസിന് തുമ്പുണ്ടായതും അച്ഛനും മകനും പ്രതികളാണെന്ന് അറിഞ്ഞതും. അനീഷ് മരിച്ചുവെന്ന് അറിഞ്ഞതോടെ ഇവർ ഒളിവിൽ പോയിരുന്നു. കഴക്കൂട്ടം എ.സി.പി അനിൽ കുമാറിന്റെ നിർദേശാനുസരണം ഇൻസ്പെക്ടർ എസ്.എച്ച്.ഒ എസ്.വൈ. സുരേഷ്, സബ് ഇൻസ്പെക്ടർമാരായ സുധീഷ് കുമാർ, റോയ്, ഷാജി സി.പി.ഒ മാരായ പ്രസാദ്, ബിജുകുമാർ, ഷാഡോ ടീമിലെ വിനോദ്, പ്രദീപ് മന എന്നിവരടങ്ങിയ സംഘമാണ് പ്രതികളെ അറസ്റ്റ് ചെയ്തത്.



പ്രതികളായ അബ്ദുൽ ഹബീബ്, ഹർഷാദ്

### വിളപ്പിൽ ഗ്രാമപഞ്ചായത്തിൽ സ്റ്റാൻഡിംഗ് കമ്മിറ്റി തിരഞ്ഞെടുപ്പ് ഇന്ന്

മലയിൻകീഴ്: വിളപ്പിൽ ഗ്രാമപഞ്ചായത്തിൽ ക്ഷേമകാര്യം, ആരോഗ്യ-വിദ്യാഭ്യാസം എന്നീ സ്റ്റാൻഡിംഗ് കമ്മിറ്റിയിലേക്കുള്ള തിരഞ്ഞെടുപ്പ് ഇന്ന് നടക്കും. രാവിലെ 11ന് പഞ്ചായത്ത് കോൺഫറൻസ് ഹാളിലാണ് തിരഞ്ഞെടുപ്പ് നടക്കുന്നത്.

ക്ഷേമകാര്യ സമിതിയിൽ എൽ.ഡി.എഫിന് - മൂന്ന്, ബി.ജെ.പി - ഒന്ന്, കോൺഗ്രസ് - ഒന്ന് എന്നിങ്ങനെയാണ് കക്ഷിനില. ഇതിൽ മുൻ പഞ്ചായത്ത് വൈസ് പ്രസിഡന്റും സി.പി.ഐ നേതാവുമായ ബി. ശോഭന എൽ.ഡി.എഫിന്റെ ചെയർപേഴ്സൺ സ്ഥാനാർത്ഥിയാകും.

സി.പി.എമ്മിലെ ശൈലജ ചെയർപേഴ്സൺ സ്ഥാനം രാജിവച്ച് പഞ്ചായത്ത് വൈസ് പ്രസിഡന്റായതോടെയാണ് ക്ഷേമകാര്യ സമിതിയിൽ തിരഞ്ഞെടുപ്പ് വേണ്ടിവന്നത്. ക്ഷേമകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ അദ്ധ്യക്ഷ സ്ഥാനം വനിതകൾക്കായി സംവരണം ചെയ്തിട്ടുണ്ട്. ആരോഗ്യ - വിദ്യാഭ്യാസ സ്റ്റാൻഡിംഗ് കമ്മിറ്റിയിൽ ബി.ജെ.പിക്കും എൽ.ഡി.എഫിനും രണ്ട് അംഗങ്ങൾ വീതമുള്ളതിനാൽ നറുക്കെടുപ്പിലൂടെ ചെയർമാനെ തിരഞ്ഞെടുക്കേണ്ടിവരും.

അലകുന്നം വാർഡ് അംഗം സി.എസ്. അനിലാണ് ബി.ജെ.പിയുടെ ചെയർമാൻ സ്ഥാനാർത്ഥി. ആർ.ബി. ബിജുദാസാണ് സി.പി.എം സ്ഥാനാർത്ഥി. സി.പി.ഐയിലെ കെ. അനിൽകുമാർ ചെയർമാൻ സ്ഥാനം രാജിവച്ച് പഞ്ചായത്ത് പ്രസിഡന്റ് ആയതിനെ തുടർന്നാണ് വിദ്യാഭ്യാസ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാന്റെ ഒഴിവു വന്നത്.

### നിരോധിത പുകയില ഉത്പന്നങ്ങളുമായി നാല് പേർ പിടിയിൽ

കിളിമാനൂർ: ഓപ്പറേഷൻ ക്ലീൻ കിളിമാനൂരിന്റെ ഭാഗമായി സ്കൂൾ പരിസരങ്ങളിലും പ്രധാന ജംഗ്ഷനുകൾ കേന്ദ്രീകരിച്ചും നടന്ന പരിശോധനയിൽ നിരോധിത പുകയില ഉത്പന്നങ്ങളുമായി നാല് പേർ അറസ്റ്റിൽ. പുളിമാത്ത് ലക്ഷംവീട്ടിൽ ബാബു (63), കിളിമാനൂർ വാലഞ്ചേരി ജയ ഭവനിൽ ശ്രീധരൻ (69), കിളിമാനൂർ നീതു ഭവനിൽ രാധാകൃഷ്ണൻ (56), കാരേറ്റ് കരുവള്ളിയാട് അശ്വതി ഭവനിൽ രവീന്ദ്രൻ (73) എന്നിവരാണ് പിടിയിലായത്.

കിളിമാനൂരിലും പരിസര പ്രദേശങ്ങളിലും ലഹരി ഉത്പന്നങ്ങളുടെ വില്പന നടക്കുന്നെന്ന വിവരത്തെ തുടർന്ന് കിളിമാനൂർ പൊലീസിന്റെ നേതൃത്വത്തിൽ 'ഓപ്പറേഷൻ ക്ലീൻ കിളിമാനൂർ' എന്ന പ്രത്യേക പരിശോധന ആരംഭിച്ചിരുന്നു.

കിളിമാനൂർ സ്റ്റേഷൻ ഇൻസ്പെക്ടർ പി. അനിൽ കുമാർ, എസ്.ഐ ബി.കെ. അരുൺ, സി.പി.ഒമാരായ പ്രദീപ്, ബിപിൻ നായർ, രജിത്, ജോസഫ് എബ്രഹാം, ഹരികൃഷ്ണൻ, സജീവ് തുടങ്ങിയവർ അന്വേഷണത്തിൽ പങ്കെടുത്തു.

### സംഘട്ടനം: ധനുവച്ചപുരം കോളേജിൽ 6 വിദ്യാർത്ഥികളെ സസ്പെൻഡ് ചെയ്തു

പാറശാല: ധനുവച്ചപുരം വി.ടി.എം.എൻ.എസ്.എസ് കോളേജിലെ സംഘട്ടനവുമായി ബന്ധപ്പെട്ട് 6 വിദ്യാർത്ഥികളെ സസ്പെൻഡ് ചെയ്തു. പാറശാല പൊലീസ് രജിസ്റ്റർ ചെയ്ത കേസിലുള്ള അരവിന്ദ് സി.ബി, അനിൽജിത്ത്, ഗോകുൽകൃഷ്ണ കെ.എസ്, അനന്തു എ.എസ്, വിവേക് വി, സിദ്ധാർത്ഥ് എന്നിവരെയാണ് പ്രിൻസിപ്പൽ സസ്പെൻഡ് ചെയ്തത്.

കഴിഞ്ഞ വർഷം വിദ്യാർത്ഥി സംഘട്ടനവുമായി ബന്ധപ്പെട്ട് കോളേജിൽ നിന്ന് പുറത്താക്കിയ 9 വിദ്യാർത്ഥികളെ പിന്നീട് തിരിച്ചെടുത്തിരുന്നില്ല.

### പെൺകുട്ടിയെ പീഡിപ്പിച്ച ശേഷം ഒളിവിൽ പോയ 20കാരൻ പിടിയിൽ

പാലോട്: പ്രായപൂർത്തിയാകാത്ത പെൺകുട്ടിയെ പീഡിപ്പിച്ച ശേഷം ഒളിവിൽ പോയ 20കാരൻ രണ്ട് വർഷത്തിന് ശേഷം അറസ്റ്റിൽ. ചല്ലിമുക്ക് പാമ്പുചത്ത മണ്ണിൽ യശ്വന്ത്കുമാറാണ് പാലോട് പൊലീസിന്റെ പിടിയിലായത്. ഒരു വിവാഹ വീട്ടിൽ വച്ച് പരിചയപ്പെട്ട പെൺകുട്ടിയുടെ ഫോൺ നമ്പറിൽ നിരന്തരം വിളിക്കുകയും വിവാഹ വാഗ്ദാനം നൽകി പീഡിപ്പിക്കുകയുമായിരുന്നുവെന്ന് പൊലീസ് പറഞ്ഞു. ഹൈദരാബാദിലെ ആയുർവേദ ആശുപത്രിയിൽ ഫിസിയോതെറാപ്പിസ്റ്റായി ജോലി ചെയ്യുകയായിരുന്നു ഇയാൾ. പൊലീസ് പിന്നാലെയുണ്ടെന്നറിഞ്ഞ യശ്വന്ത്കുമാർ ബാംഗ്ലൂരിലെത്തി മണാലിയിലേക്ക് കടക്കാൻ ശ്രമിക്കുന്നതിനിടെ ബാംഗ്ലൂർ മൂസ്റ്റിക് ബസ് സ്റ്റാന്റിൽ നിന്ന് പൊലീസിന്റെ പിടിയിലാകുകയായിരുന്നു. സി.ഐ കെ.ബി. മനോജ് കുമാറിന്റെ നേതൃത്വത്തിൽ എസ്.ഐ ഭുവനേന്ദ്രൻ നായർ, എ.എസ്.ഐ അൻസാരി, സി.പി.ഒമാരായ പ്രദീപ്, രാജേഷ് എന്നിവരടങ്ങിയ സംഘമാണ് പ്രതിയെ അറസ്റ്റ് ചെയ്തത്.

# മുതലപ്പൊഴിക്ക് ഇനി പുതുജീവൻ

## ഹാർബറിൽ ഡ്രഡ്ജിംഗും വാർഫ് നിർമ്മാണവും ആരംഭിച്ചു

▶സ്വന്തം ലേഖകൻ

കഴക്കൂട്ടം: പെരുമാതുറ മുതലപ്പൊഴി ഹാർബറിൽ മാസങ്ങൾക്ക് ശേഷം ശാന്തിസാഗർ -14 ഡ്രഡ്ജിംഗ് ആരംഭിച്ചു. ഒപ്പം അദാനിക്കുവേണ്ടി മുതലപ്പൊഴി തീരത്ത് നിർമ്മിക്കുന്ന ബോട്ട്ജെട്ടിയുടെ (വാർഫ്) നിർമ്മാണവും പുരോഗമിക്കുകയാണ്.

തുടക്കത്തിൽ ഡ്രഡ്ജർ ഉപയോഗിച്ച് അഴിമുഖത്തെ മണൽ മാറ്റൽ ആരംഭിക്കുകയും തുടർന്ന് അദാനിയുടെ ബോട്ടുജെട്ടിയുടെ നിർമ്മാണം തുടങ്ങുകയും ചെയ്തതോടെ മുതലപ്പൊഴി ടൂറിസത്തിന് തിരിച്ചടിയാകുമെന്ന വാദത്താൽ നാട്ടുകാർ വാർഫ് നിർമ്മാണത്തിനെതിരെ സമരങ്ങൾ നടത്തിയിരുന്നു. ഇതോടെ ഡ്രഡ്ജർ മാറ്റുകയും തുടർ പ്രവർത്തനങ്ങൾ സ്തംഭിക്കുകയുമായിരുന്നു.

മന്ത്രിതലത്തിൽ ജനപ്രതിനിധികളും പ്രതിഷേധക്കാരും അദാനി പ്രതിനിധികളും ചർച്ചകൾ നടത്തിയതോടെ ഒരു മാസം മുമ്പ് തന്നെ വാർഫ് നിർമ്മാണത്തിന് തുടക്കമായി. എന്നാൽ അഴിമുഖത്തെ ശക്തമായ തിരമാല കാരണം ഹാർബറിനുള്ളിലെ മണൽ മാറ്റൽ നടക്കാതായി.

കടൽ ശാന്തമായതോടെയാണ് കഴിഞ്ഞ ദിവസം ശാന്തി സാഗർ പ്രവർത്തനമാരംഭിച്ചത്. സർക്കാരുമായിട്ടുള്ള ധാരണയിൽ വിഴിഞ്ഞം തുറമുഖത്തിന് ആവശ്യമായ കൂറ്റൻ പാറകൾ കടൽ മാർഗം കൊണ്ടുപോകുന്നതിനാണ് ബോട്ടുജെട്ടി നിർമ്മിക്കുന്നത്. ഡ്രഡ്ജിംഗ് നടത്തി മണൽ കുഴിച്ച് മാറ്റുന്നതോടെ മുതലപ്പൊഴിയിൽ അടിക്കടിയുണ്ടാകുന്ന ബോട്ടപകടങ്ങൾ കുറയ്ക്കാനാകും. മുതലപ്പൊഴിയുടെ അശാസ്ത്രീയ നിർമ്മാണം കാരണം അഴിമുഖത്ത് മണലടഞ്ഞ് ആഴക്കുറവ് കാരണം വള്ളങ്ങൾ മറിഞ്ഞുണ്ടായ നിരവധി അപകടങ്ങളിൽ ഇരുപതിലധികം മത്സ്യത്തൊഴിലാളികളുടെ ജീവൻ നഷ്ടപ്പെടുകയുമായിരുന്നു.

ഇതോടെ മത്സ്യത്തൊഴിലാളികൾ റോഡ് ഉപരോധവും വാഹനങ്ങൾ തടയലും ഉൾപ്പെടെ ശക്തമായ പ്രതിഷേധവുമായി രംഗത്തെത്തിയിരുന്നു. തുടർന്ന് സർക്കാർ ശാശ്വത പരിഹാരത്തിനായി പല ഡ്രഡ്ജിംഗ് കമ്പനികളെയും കൊണ്ടുവന്നെങ്കിലും എല്ലാം പരാജയപ്പെടുകയായിരുന്നു. ഇതിനിടെയാണ് അദാനിയുടെ അത്യാധുനിക സംവിധാനമുള്ള ശാന്തിസാഗർ പരമ്പരയിലുള്ള ഡ്രഡ്ജർ മുതലപ്പൊഴിയുടെ രക്ഷയ്ക്കെത്തിയത്.

സാധാരണ ഡ്രഡ്ജർ മണൽ കുഴിച്ച് കരയ്ക്കടുപ്പിക്കുമ്പോൾ ഇതുപയോഗിച്ച് ഡ്രഡ്ജ് ചെയ്യുന്ന മണൽ ഇതിനകത്ത് ശേഖരിച്ച് ഉൾക്കടലിൽ നിക്ഷേപിക്കാൻ കഴിയുമെന്ന പ്രത്യേകതയുമുണ്ട്.





മുതലപ്പൊഴിയിൽ ഡ്രഡ്ജിംഗ് നടത്തുന്ന ശാന്തിസാഗർ

### ചുവരെഴുത്തിനെ ചൊല്ലി എസ്.എഫ്.ഐ- കെ.എസ്.യു സംഘർഷം

നെടുമങ്ങാട്: ഗവ. കോളേജിൽ തിരഞ്ഞെടുപ്പ് പ്രചാരണവുമായി ബന്ധപ്പെട്ട് എസ്.എഫ്.ഐ - കെ.എസ്.യു സംഘർഷത്തിൽ അഞ്ച് പേർക്ക് പരിക്കേറ്റു. ഷഹിൻ, റജബ് എന്നീ കെ.എസ്.യു പ്രവർത്തകരെ മെഡിക്കൽ കോളേജ് ആശുപത്രിയിലും രഞ്ജിത് കൃഷ്ണ, അഭിജിത്, ലിജിത്, വിഷ്ണു എന്നീ എസ്.എഫ്.ഐ പ്രവർത്തകരെ നെടുമങ്ങാട് ജില്ലാ ആശുപത്രിയിലും പ്രവേശിപ്പിച്ചു. ഇന്നലെ വൈകിട്ടാണ് സംഭവം. ചുവരെഴുത്തിനെ ചൊല്ലിയുണ്ടായ വാക്കേറ്റമാണ് അടിപിടിയിൽ കലാശിച്ചത്. വിവരമറിഞ്ഞ് സംഘടിച്ചെത്തിയ ഡി.വൈ.എഫ്.ഐ - യൂത്ത് കോൺഗ്രസ് പ്രവർത്തകർ തമ്മിൽ വാളിക്കോട് ജംഗ്ഷനിലും ഏറ്റുമുട്ടി.


**അഞ്ചാം ചരമവാർഷികം**
(24.09.2018)



**P.A. MANI**
(Rtd. Sub Registrar)
Aswathy, PKLRA - 53A,
Pettah P.O, Trivandrum - 24.
സ്നേഹസ്മരണകളോടെ,
ഭാര്യ : S. Chandrika,
മക്കൾ : Dr. Suresh. M, Rajesh. M.
മരുമക്കൾ : Dr. Vrinda Suresh, Sheena Rajesh,
ചെറുമകൻ : Akshith Suresh.

**ഓർമ്മയിൽ ഇന്നും ജീവിക്കുന്നു രണ്ടാം വർഷം**
(24.09.2018)



**വിവേക് എസ്.എസ്**
എസ്.എസ്.സദനം, കരിച്ചൽ.
നഷ്ടപ്പെട്ടുപോയൊരു സ്നേഹപുഷ്പമേ,
നിന്നെക്കുറിച്ചോർക്കുന്നു
ദുഃഖത്തോടെയെപ്പോഴും പൊന്നുമോനേ,
നിന്റെ അഭാവം ഞങ്ങൾക്കൊരിക്കലും
സഹിക്കാനാവില്ല.
അച്ഛൻ: സുരേന്ദ്രൻ.
അമ്മ : ശോഭ.

| ഓഹരി വിപണി | | | |
|---|---|---|---|
| 279.62 ↓ | സെൻസെക്സ് | 36841.60 | |
| 91.25 ↓ | നിഫ്ടി | 11143.10 | |

| സ്വർണം | |
|---|---|
| പവൻ (8ഗ്രാം) | 22,880 |
| ഒരു ഗ്രാം | 2860 |

# മൂല്യം ഇടിയുന്ന രൂപ: എവിടെ നിക്ഷേപിക്കണം?



ശ്രീവത്സൻ മേനോൻ

ഇന്ത്യൻ രൂപ ഏറ്റവും വലിയ പരീക്ഷണം നേരിട്ട് കൊണ്ടിരിക്കുകയാണ്. ഒരു അമേരിക്കൻ ഡോളറിന് നൂറ് രൂപ വില കൊടുക്കേണ്ടി വരുമോ? സാമ്പത്തിക ലോകം ഉറ്റ നോക്കുന്നത് ഈ ചോദ്യത്തിനുള്ള ഉത്തരമാണ്. തീപിടിച്ച ഇന്ധന വില ദിനംതോറും തലവേദനയുണ്ടാക്കുന്നു. അവധിക്കാലത്തെ വിദേശയാത്രകൾ, കുട്ടികളുടെ വിദ്യാഭ്യാസ വായ്പ, ചെറുകിട ബിസിനസുകൾ തുടങ്ങി എല്ലാ മേഖലയിലും സാമ്പത്തിക പ്രതിസന്ധി രൂക്ഷമാകുന്നു.

സർക്കാരുകളുടെ ഭാഗത്ത് നിന്ന് കാര്യമായ ഇടപെടൽ ഇല്ലാത്തത് സംഗതി കൂടുതൽ വഷളാക്കുമോ എന്ന ഭയവും ഉയർത്തുന്നു. എന്നാൽ, ഭയപ്പെടേണ്ടതില്ല എന്ന് തന്നെയാണ് സർക്കാരിന്റെ പക്ഷം. സ്ഥിതിവിവരപ്പട്ടിക പ്രകാരം രൂപയുടെ മൂല്യം കഴിഞ്ഞ ജനുവരിക്കും സെപ്തംബറിനുമിടെ 11 ശതമാനം മാത്രമാണ് കുറഞ്ഞിട്ടുള്ളത്.



2013 ഫെബ്രുവരിക്കും ആഗസ്റ്റിനുമിടെ ഇത് 23 ശതമാനം വരെ താഴ്ന്നിരുന്നു. 2013ൽ ജി.ഡി.പിയുടെ 5 ശതമാനം ആയിരുന്ന ധനകമ്മി, ഇപ്പോൾ 3.5 ശതമാനം കുറവ് മാത്രമേ രേഖപ്പെടുത്തിയിട്ടുള്ളൂ. എന്തിനേറെ പറയുന്നു, 41,500 കോടി ഡോളർ വരുന്ന വിദേശ സമ്പത് നീക്കിവയ്പ് രാജ്യത്തിന് ഇന്നുണ്ട്.

സ്ഥിതി വിവരപ്പട്ടിക പ്രകാരം ആശ്വാസം നൽകുന്ന കണക്കുകളാണെങ്കിലും സാമ്പത്തിക പ്രതിസന്ധി വലിയ ആഘാതമാണ് ജനങ്ങളിൽ സൃഷ്ടിച്ചിരിക്കുന്നത്. നിലവിലുള്ള അവസ്ഥയെ പരിതാപകരമാക്കുന്നതാണ് അമേരിക്കൻ ഫെഡറൽ റിസർവിന്റെ പുതിയ നയം. കുത്തനെ വർദ്ധിക്കുന്ന ക്രൂഡോയിൽ വിലയുടെ പശ്ചാത്തലത്തിൽ ഇന്ത്യ പോലുള്ള രാജ്യങ്ങളിലേക്കുള്ള വിദേശ സാമ്പത്തിക പ്രവാഹം താത്കാലികമായി കുറയ്ക്കാനാണ് ഫെഡറൽ റിസർവിന്റെ തീരുമാനം.

എന്നാൽ, ഇന്ത്യയുടെ സാമ്പത്തിക വ്യവസ്ഥ ശക്തമായതിനാൽ, താത്കാലിക നടപടികൾക്ക് പകരം കൃത്യമായ കർമ്മപരിപാടികൾ നിശ്ചയിക്കുകയാവും അനിവാര്യമെന്ന് രാജ്യത്തെ സാമ്പത്തിക വിദഗ്ദ്ധർ പറയുന്നു.

സാഹചര്യങ്ങളുമായി മല്ലിട്ട് ഭരണാധികാരികൾ പ്രായോഗികമായ പ്രതിവിധികൾ കണ്ടെത്തും വരേയ്ക്കും സാധാരണക്കാരൻ എങ്ങനെയാണ് ഈ തടസങ്ങളെ അതിജീവിക്കുക? രൂപയുടെ മൂല്യം കുറയുന്നത് ഇത്രയും ദുഷ്കരമാണോ? മറ്റെവിടെയെങ്കിലും നിക്ഷേപിച്ച് വരുമാനം കൂട്ടാൻ സാധിക്കുമോ? നമ്മുടെ മുമ്പിലുള്ള പോംവഴികൾ എന്തെല്ലാമാണ്?

## ഓഹരികളിൽ നിക്ഷേപിക്കാം

ഇതുവരെ നിക്ഷേപമൊന്നും നടത്തിയിട്ടില്ലാത്ത വ്യക്തിയാണെങ്കിൽ, ഇതാണ് അനുയോജ്യമായ സമയം. രൂപയുടെ മൂല്യം ഇടിയുന്ന സാഹചര്യത്തിൽ, അതത് മേഖലയിലുള്ള സാദ്ധ്യതകൾക്കനുസരിച്ച് നിക്ഷേപിക്കാവുന്നതാണ്. ഓട്ടോ സ്റ്റോക്കുകൾ മികച്ച ഉദാഹരണങ്ങളാണ്.

പിന്നെ സാദ്ധ്യതകളേറെയുള്ളത് ഐ.ടി സ്റ്റോക്കുകളിലാണ്. രൂപയുടെ മൂല്യത്തിലുള്ള ഓരോ ശതമാനത്തിന്റെയും ഇടിവ് പ്രവർത്തന ലാഭത്തിൽ 30 മുതൽ 40 സൂചിക വരെയുമെങ്കിലും ഉയർച്ചയുണ്ടാകുമെന്ന് സാമ്പത്തിക ദല്ലാളന്മാർ കണക്ക് കൂട്ടുന്നു.

2012ൽ ഇന്ത്യൻ ഐ.ടി., ബി.പി.ഒ മേഖലയുടെ മൊത്ത സമ്പാദ്യമായ അഞ്ചര ലക്ഷം കോടി രൂപയുടെ 60 ശതമാനവും അമേരിക്കയിൽ നിന്നുള്ളതായിരുന്നു എന്നതിനാൽ ഈ കണക്കുകൂട്ടലിന് പ്രസക്തിയേറുന്നു. മറുവശത്ത്, രൂപയുടെ താഴെപ്പോക്ക് ഇൻഫോസിസ് അടക്കം ശമ്പള വർദ്ധനവ് അനിശ്ചിതത്വത്തിൽ വച്ചിരുന്ന മറ്റ് പല ഐ.ടി കമ്പനികളുടെയും ശമ്പള പരിഷ്കരണത്തിന് വഴി തെളിയിക്കുന്നതായും കാണുന്നു.

സാഹസികതയ്ക്ക് മുതിരാൻ തയ്യാറുണ്ടെങ്കിൽ, വിദേശ നിക്ഷേപകർ ഈ സാഹചര്യത്തിൽ എന്ത് നീക്കങ്ങളാണ് നടത്തുന്നത് എന്ന് ഗൗരവമായി വീക്ഷിക്കുക. വർഷങ്ങളായിട്ടുള്ള ഇടപാടുകളിലൂടെ വിപണിയുടെ ഏറ്റകുറച്ചിലുകളേയും രൂപയുടെ ഉയർച്ച-താഴ്ചകളേയും കൃത്യമായി ഗണിക്കാൻ ഇവർക്കാവും.

എന്നാൽ, അത് അപകടമായേക്കാം എന്ന പക്ഷക്കാർക്ക്, നിഫ്റ്റിയുൾപ്പെടെ എഫ്.എം.സി.ജി., ഔഷധ നിർമ്മാണം, യൂട്ടിലിട്ടീസ് പോലുള്ള പ്രതിരോധപരമായ മേഖലകളിൽ വിശ്വാസമർപ്പിക്കാം.

## മ്യൂച്വൽ ഫണ്ട്

വിഷയത്തെ കുറിച്ച് കൂടുതൽ ഗ്രാഹ്യമോ സമയമോ ഇല്ലാത്ത പക്ഷം ഫണ്ട് മാനേജർമാരെ ആശ്രയിക്കാവുന്നതാണ്. വിപണിയുടെ സ്ഥിതിഗതികൾ എങ്ങനെയുമായിക്കൊള്ളട്ടെ ഓരോ വ്യക്തിയുടേയും കൈയിലുള്ള തുകയ്ക്ക് അനുസൃതമായി നിക്ഷേപ പദ്ധതികൾ ആസൂത്രണം ചെയ്ത് നഷ്ടം വരാത്തവിധം ചെറിയ തുകകളിലൂടെ വലിയ നിക്ഷേപം ഉണ്ടാക്കിയെടുക്കാൻ മാനേജർമാർ സഹായിക്കും.

## കമ്മോഡിറ്റീസ്

വിപണിയിലെ ക്രയവസ്തുക്കളുടെ ഗതി തിരിച്ചറിയാൻ കഴിയുന്നവർക്ക് നിലവിലെ പ്രക്ഷുബ്ധമായ സമ്പദ്‌വ്യവസ്ഥ വലിയ സാദ്ധ്യത നൽകുന്നു.



ഉദാഹരണം: ഉയർന്ന ആവശ്യകതയുള്ള കൃഷി ഉത്പന്നങ്ങളേതെന്ന് തിരിച്ചറിഞ്ഞ് അവയിൽ നിക്ഷേപിക്കുക. ചെറിയ സംഖ്യകൾ നിക്ഷേപിച്ച് വിപണിയുടെ ആവശ്യങ്ങൾക്ക് അനുസൃതമായി നീങ്ങിയാൽ ഏറെ ലാഭകരമായി സമ്പാദ്യമുണ്ടാക്കാൻ കഴിയും.




## ബോണ്ടുകൾ

ബോണ്ടുകൾ അഥവാ കരാറുകൾ രൂപയുടെ ഇടിവിലും വലിയ സാദ്ധ്യതയാണ് നൽകുന്നത്.

കൂടുതൽ നഷ്ടങ്ങൾ ഒഴിവാക്കാനായി നിക്ഷേപകർ ബോണ്ടുകളിലാണ് ആശ്രയം പ്രാപിക്കുന്നത്. നിക്ഷേപക ഉപദേശകർ പറയുന്നത് കൂടുതൽ കയറ്റുമതി വരവുള്ള, കടം തീരെക്കുറവുള്ള വ്യാപാര സ്ഥാപനങ്ങളുമായി ബോണ്ടുകളിൽ ഏർപ്പെടുന്നതാണ് നല്ലതെന്നാണ്.

ചെറുകിട നിക്ഷേപ പദ്ധതികളുള്ളവർക്കല്ല, മറിച്ച് കാത്തിരിപ്പ് സമയം അധികമുള്ള ദീർഘ നിക്ഷേപകർക്കാണ് ബോണ്ടുകൾ കൂടുതൽ ഉപകാരപ്രദമാവുന്നത്.

## എൻ.ആർ.ഐ

അനിയന്ത്രിതമായ ഏറ്റക്കുറച്ചിലുകൾ കണ്ടുവരുന്നുണ്ടെങ്കിലും ഡോളറിനെതിരെ രൂപയുടെ മൂല്യം 70നടുത്ത് ഒതുങ്ങുമെന്നാണ് കണക്കാക്കപ്പെടുന്നത്. ഈ സാഹചര്യം കണക്കിലെടുത്ത് ഓരോ രണ്ടു രൂപയുടേയും ചലനം രൂപയുടെ മൂല്യത്തിൽ ഉണ്ടാവുന്നതിനനുസരിച്ച് ഘട്ടംഘട്ടമായുള്ള നിക്ഷേപങ്ങൾ നടത്താമെന്ന് ഉപദേശകർ അഭിപ്രായപ്പെടുന്നു. ഉചിതമായ നിക്ഷേപക സാദ്ധ്യതകൾ കണ്ടെത്തി നിലവിലെ പലിശ നിരക്കും രൂപയുടെ താഴ്ന്ന മൂല്യവും മുതലാക്കി പദ്ധതികൾ ഒരുക്കുന്നത് ഒരു വലിയ സാദ്ധ്യതയായി തന്നെ നിലനിൽക്കുകയാണ്.

## സ്വർണം

എക്കാലത്തേയും സ്വർണ സാദ്ധ്യതകൾക്ക് രൂപയുടെ ഇടിവ് മങ്ങലേൽപ്പിച്ചതായി കാണാം. രൂപയുടെ മൂല്യത്തകർച്ച ശക്തമായ സാഹചര്യത്തിൽ കൂടുതൽ സ്വർണ ഇറക്കുമതിക്കുമേൽ സർക്കാർ നിബന്ധനകൾ ഏർപ്പെടുത്താൻ സാദ്ധ്യതകൾ ഉള്ളതിനാൽ സ്വർണവില ഉയർന്നു തന്നെയിരിക്കുമെന്നാണ് കരുതാം.

ഈ അവസരത്തെ ഒരു സാഹചര്യമായി കാണുന്നവരുണ്ട്. രാജ്യത്തെ അഗ്രഗണ്യനായ ബാങ്കർ ഉദയ് കോട്ടക്ക് പറഞ്ഞത് പോലെ, കറൻസി ദുർബലമാവുന്നതിനെയും അനുകൂലമായി കാണുക.

അല്ലാത്ത പക്ഷം നമ്മൾ അത് വീണ്ടും നാണയപ്പെരുപ്പത്തിലും മറ്റുമായി നഷ്ടപ്പെടുത്തും. നാളിതുവരെ ഇന്ത്യ ഇത്തരം സാഹചര്യങ്ങൾ കൃത്യമായി ഉപയോഗപ്പെടുത്തിയിട്ടില്ല. ഇത്തവണയെങ്കിലും നമുക്ക് ഇത് ഒരു അനുയോജ്യമായ അവസരമാക്കുവാൻ പറ്റുമോ?

*(ലേഖകൻ പത്രപ്രവർത്തകനും സാമ്പത്തിക ഉപദേഷ്ടാവുമാണ്)*

# ഇ-വിപ്ലവത്തിന് ഔഡിയുടെ E-Tron SUV



വാഹന ലോകത്തെ ഭാവി താരങ്ങൾ ഇലക്ട്രിക് മോഡലുകളാണെന്നതിൽ സംശയമേ വേണ്ട! ഈ രംഗത്ത് വിപ്ലവത്തിന് തിരി കൊളുത്തിയിരിക്കുകയാണ് പ്രമുഖ ജർമ്മൻ ആഡംബര ബ്രാൻഡായ ഔഡി. ഇലക്ട്രിക് എസ്.യു.വി ശ്രേണിയിൽ ഔഡി ഒരുക്കിയ ഇ-ട്രോൺ ആഗോള തലത്തിൽ അവതരിപ്പിക്കപ്പെട്ടു കഴിഞ്ഞു. ഔഡിയുടെ ആദ്യ ഇലക്ട്രിക് മോഡലാണിത്. അതും എസ്.യു.വി!

അമേരിക്കൻ ഇലക്ട്രിക് കാർ നിർമ്മാതാക്കളായ ടെസ്‌ലയുടെ ആസ്ഥാനമായ കാലിഫോർണിയയിലാണ് ഔഡി ഇ-ട്രോൺ അവതരിപ്പിച്ചതെന്നത് ഈ രംഗത്ത് വരാനിരിക്കുന്ന കടുത്ത മത്സരത്തിന്റെ വിളിച്ചോതലാണ്. ഇന്ത്യയിൽ അടുത്ത വർഷം മദ്ധ്യത്തോടെ ഔഡി ഇ-ട്രോൺ വിപണിയിലെത്തുമെന്നാണ് സൂചന. യൂറോപ്യൻ നിരത്തുകളെ ഈ വർഷം തന്നെ ഇ-ട്രോൺ ആവേശം കൊള്ളിക്കും. 79,000 യൂറോ (ഏകദേശം 67 ലക്ഷം രൂപ) മുതലാണ് ഔഡി ഇ-ട്രോണിന്റെ വില.

ഓരോ ആക്സിലിനും കരുത്തേകുന്ന വിധം രണ്ട് ഇലക്ട്രിക് മോട്ടറുകൾ ഇ-ട്രോണിലുണ്ട്. ഇവയുടെ സംയുക്ത പവർ ഔട്ട്പുട്ട് 265 കിലോവാട്ട്സാണ്. അതായത്, ഏകദേശം 360 ബി.എച്ച്.പി. മുന്നിലെ മോട്ടോർ 125 കിലോവാട്ടും പിന്നിലേത് 140 കിലോവോട്ടും കരുത്തുത്പാദിപ്പിക്കും. ബാറ്ററി ഒറ്റത്തവണ ഫുൾ ചാർജ് ചെയ്താൽ 400 കിലോമീറ്റർ ദൂരം താണ്ടാം. പരമാവധി വേഗം മണിക്കൂറിൽ 200 കിലോമീറ്ററാണ്. പൂജ്യത്തിൽ നിന്ന് 100 കിലോമീറ്റർ വേഗം ഇ-ട്രോൺ 6.6 സെക്കൻഡിൽ കൈവരിക്കും.

നോർമൽ മോഡിൽ നിന്ന് ബൂസ്റ്റ് മോഡിലേക്ക് കടക്കുമ്പോൾ ഇ-ട്രോണിന് 408 ബി.എച്ച്.പി (300 കിലോവാട്ട്) വരെ കരുത്ത് ലഭിക്കും. 36 മൊഡ്യൂളുകളിലായി 432 സെല്ലുകളാണ് വാഹനത്തിൽ ഇടംപിടിച്ചിരിക്കുന്നത്. ബൂസ്റ്റ് മോഡിൽ പൂജ്യത്തിൽ നിന്ന് നൂറ് കിലോമീറ്റർ വേഗം കൈവരിക്കാൻ 5.7 സെക്കൻഡ് മതി.

വിർച്വൽ റിയർ വ്യൂ മിററുകളാണ് ഇ-ട്രോണിന്റെ പ്രധാന സവിശേഷത. കണ്ണാടിക്ക് പകരം കാമറകളാണ് ഇവിടെ ഇടംപിടിച്ചിരിക്കുന്നത്. ഇതിലെ ദൃശ്യങ്ങൾ അകത്തളത്തിലെ സ്ക്രീനിൽ കാണാം. ഇരട്ട സ്ക്രീനുകളാണ് അകത്തളത്തിലുള്ളത്. അതേസമയം, ഇന്ത്യൻ വിപണിയിൽ സാധാരണ റിയർവ്യൂ മിറർ തന്നെയാകും ഇ-ട്രോണിലുണ്ടാവുക. ഔഡിയുടെ തനത് എസ്.യു.വിക്ക് സമാനമാണ് ഇ-ട്രോണിന്റെയും രൂപകല്പന. വാഹനത്തിന്റെ നീളവും വീതിയും ഔഡി ക്യൂ7നെ അനുസ്മരിപ്പിക്കുന്നു.



*ഔഡി ഇ-ട്രോണിന്റെ ഡാഷ്ബോർഡ്*

പുറംമോടിയിലെയും അകത്തളത്തിലെയും ഫീച്ചറുകൾ എസ്.യു.വിയിലേതു തന്നെ. 660 ലിറ്ററാണ് ബൂട്ട് സ്പേസ്. അഞ്ച് പേർക്ക് യാത്ര ചെയ്യാവുന്ന കാറിന്റെ മുൻഭാഗത്ത് ചെറു സാധനങ്ങൾ വയ്ക്കാനായി 60 ലിറ്റർ സ്റ്റോറേജ് സ്പേസുമുണ്ട്.

ഡ്രൈവേഴ്സ് കാബിൻ
അനിൽകുമാർ ശർമ്മ

# ഡിൻ വീണ്ടെടുക്കാൻ ഒക്ടോബർ 5 വരെ അവസരം

തിരുവനന്തപുരം: വ്യക്തിഗത വിവരങ്ങൾ (കെ.വൈ.സി) നൽകാത്തതിനാൽ ഡിൻ (ഡയറക്ടർ ഐഡന്റിഫിക്കേഷൻ നമ്പർ) നഷ്ടപ്പെട്ട ഡയറക്ടർമാർക്ക് ഒക്ടോബർ അഞ്ചുവരെ അവസരം നൽകി കേന്ദ്ര കോർപ്പറേറ്റ് കാര്യ മന്ത്രാലയം ഉത്തരവിറക്കി.

പക്ഷേ, 500 രൂപ ലേറ്റ് ഫീസ് അടയ്ക്കണം. കൈ.വൈ.സി നടപടികൾ പൂർത്തിയാക്കേണ്ട അവസാന തീയതി സെപ്തംബർ 15 ആയിരുന്നു. 12.15 ലക്ഷം പേർ നടപടികൾ പൂർത്തിയാക്കി. ബാക്കി 21 ലക്ഷം പേരുടെ ഡിൻ കേന്ദ്ര സർക്കാർ റദ്ദാക്കിയിരുന്നു.

കാലാവധി നീട്ടിത്തരണമെന്ന് ഡയറക്ടർമാർ, പ്രൊഫഷണൽ ഇൻസ്റ്റിറ്റ്യൂട്ടുകൾ, ചേംബർ ഒഫ് കൊമേഴ്സുകൾ, കേരളം ഉൾപ്പെടെയുള്ള സംസ്ഥാന സർക്കാരുകൾ എന്നിവർ കോർപ്പറേറ്റ് കാര്യ മന്ത്രാലയത്തോട് അഭ്യർത്ഥിച്ചിരുന്നു. ഇതു പരിഗണിച്ചാണ് 500 രൂപ ലേറ്റ് ഫീസോടെ, ഒക്ടോബർ അഞ്ചുവരെ സമയം അനുവദിച്ചത്. അതു കഴിഞ്ഞാൽ 5,000 രൂപയാണ് അധിക ഫീസായി നൽകേണ്ടത്. കമ്പനികളിൽ ഡയറക്ടർ സ്ഥാനം വഹിക്കാനായി യോഗ്യരായ വ്യക്തികൾക്ക് കേന്ദ്ര സർക്കാർ നൽകുന്ന യുണീക്ക് ഐഡന്റിഫിക്കേഷൻ നമ്പറാണ് ഡിൻ.

## ശാസ്ത്രകൗമുദി

### കോഴിയിറച്ചി ആരോഗ്യ ഭക്ഷണം



ആരോഗ്യഭക്ഷണങ്ങളിൽ പ്രധാനിയാണ് കോഴിയിറച്ചി. എന്നാൽ ബ്രോയിലർ ചിക്കൻ ആരോഗ്യകരമല്ല. അതിനാൽ നാടൻ കോഴിയിറച്ചി കഴിക്കുക. ഇതിൽ ധാരാളമായി അടങ്ങിയിട്ടുള്ള പ്രോട്ടീൻ പേശികൾക്ക് ആരോഗ്യവും ബലവും നൽകും. ചെറുപ്പം നിലനിറുത്താൻ ആഗ്രഹിക്കുന്നവർ കോഴിയിറച്ചി ഒഴിവാക്കരുത്. ആഴ്ചയിൽ ഒരു തവണയെങ്കിലും ചിക്കൻ സൂപ്പ് കഴിക്കുന്നത് രോഗപ്രതിരോധശേഷി വർദ്ധിപ്പിക്കും. .

കോഴിയിറച്ചിയിൽ ധാരാളമുള്ള കാൽസ്യം, ഫോസ്ഫറസ് എന്നിവ എല്ലുകളെ സംരക്ഷിക്കും. സന്ധിവാതത്തിനുള്ള സാദ്ധ്യത കുറയ്ക്കാനും കോഴിയിറച്ചിക്ക് കഴിവുണ്ട്. ഇതിലുള്ള വിറ്റാമിൻ ബി 5, ട്രിപ്റ്റോഫാനും സമ്മർദ്ദം കുറയ്ക്കാൻ സഹായിക്കുന്ന ഘടകങ്ങളാണ്. ഒമേഗ 3 ഫാറ്റി ആസിഡ്, പൂരിത കൊഴുപ്പുകൾ എന്നിവയടങ്ങിയ കോഴിയിറച്ചി ഹൃദയാരോഗ്യത്തിനും ഉത്തമമാണ്. അതിനാൽ റെഡ് മീറ്റ് ഒഴിവാക്കുക. കോഴിയിറച്ചി കറിവച്ച് മാത്രം ഉപയോഗിക്കുക. പാകം ചെയ്യുന്നതിന് മുൻപ് ഇറച്ചിയിലെ കൊഴുപ്പ് നീക്കാൻ മറക്കരുത്. ചിക്കൻ ബ്രെസ്റ്റ് ആണ് ഏറ്റവും കൊഴുപ്പ് കുറഞ്ഞ ഭാഗം.

## കൗമുദി ടിവി




| | |
|---|---|
| 6.00 ഡിവോഷണൽ സോംഗ് | 1.35 സ്നേക് മാസ്റ്റർ |
| 6.26 am, pm ദൈവദശകം | 2.35 ലേഡീസ് അവർ |
| 7.00 ജീസസ് ഈസ് എലൈവ് | 3.35 ഒരുമയോടെ കേരളം |
| 7.30 പ്രണവം | 4.35 ഡേവിത്ത് എസ്റ്റാർ |
| 8.30 ന്യൂസ് ട്രാക്ക് | 5.35 ഹാസ്യരസം |
| 9.00 സ്ട്രെയ്റ്റ് ലൈൻ | 6.35 ദേവാമൃതം |
| 10.35 സാൾട്ട് ആൻഡ് പെപ്പർ | 7.00 ഫിലിം ബോക്സ് |
| 11.00 വൺ ഷോപ്പി | 7.35 താരപ്പകിട്ട് |
| 11.35 സ്വയംവരം | 8.35 സ്ട്രെയ്റ്റ് ലൈൻ |
| 12.35 ഓമൈഗോഡ് | 9.35 സീക്രട്ട് ഫയൽസ് |
| 1.00 ശ്രീ അഷ്ടലക്ഷ്മി യന്ത്ര | 10.00 സാൾട്ട് ആൻഡ് പെപ്പർ |




**ഡിഡി മലയാളം**
7.00 കൃഷിദർശൻ
8.00 മേഘരാഗം

**ഡിഡി കേരളം**
11.30 കൃഷിദർശൻ
2.00 മാജിക്കൽ ഫിങ്കേഴ്സ്
8.30 ചാറ്റ്ഷോ
10.30 ചായക്കൂട്ട്
11.00 ഗാനശ്യാമസന്ധ്യ

**ഏഷ്യാനെറ്റ്**
6.00 ആയുഷ്മാൻ ഭവഃ
6.30 പരസ്പരം
7.00 വാനമ്പാടി

**ന്യൂസ്**
8.00 വാർത്താപ്രഭാതം
8.30 ചുറ്റുവട്ടം
2.30 ഡോ. ലൈവ്
5.00 വാർത്തയ്ക്കപ്പുറം

**ഏഷ്യാനെറ്റ് പ്ലസ്**
7.30 ചിരിക്കും തളിക
8.00 കോമഡി സ്റ്റാഴ്സ് പ്ലസ്
8.30 മൗനം സമ്മതം
9.00 ബിഗ് ബോസ്
9.30 കുങ്കുമപ്പൂവ്
10.30 പ്രിയമാനസം

**ANIMAL PLANET**
07:00am Too Cute
08:00 Animal Cops Phoenix
10.00 My Cat from Hell
11.00 The vet life
12.00 Dr Jeff Rocky Mountain Vet
1.00 Pit Bulls and parolees
3.00 Tree house Masters
5.00 North Woods Law
7.00 The North Alaskans
8.00 The North Alaskans (season 3)
9.00 The North Alaskans (season 3)
10.00 The North Alaskans (season 3)

## സിനിമ

**ഏഷ്യാനെറ്റ് hd :** 9.00 കുബേരൻ
**ഏഷ്യാനെറ്റ് മൂവീസ് :** 7.00 അഭയം തേടി 10.00 മൈഡിയർ മുത്തച്ഛൻ 1.00 സന്ദേശം 4.00 പെരുന്തച്ചൻ 7.00 കിലുക്കം
**ഏഷ്യാനെറ്റ് :** 9.00 സ്ഫടികം
**ഏഷ്യാനെറ്റ് പ്ലസ് :** 12.00 ബെസ്റ്റ് ആക്ടർ
**എസിവി :** 9.00 പിഗ്‌മാൻ 2.00 മിണ്ടാപ്പെണ്ണ് 9.30 മുഖചിത്രം
**റോസ്ബൗൾ :** 6.00 കോളേജ് ഡേയ്സ്
**ജൂക്ക്ബോക്സ് :** 6.30 ശ്രദ്ധ
**കൈരളി :** 1.15 സില്ലിനൊരു കാതൽ
**വി :** 12.30 കേളി 9.00 അഞ്ച് സുന്ദരികൾ
**അമൃത :** 2.30 ബൈസിക്കിൾ തീവ്സ്
**സൂര്യ :** 9.00 രജപുത്രൻ

## നിങ്ങളുടെ ഇന്ന്

കൂറുകളുടെ അടിസ്ഥാനത്തിൽ (2018 സെപ്തംബർ 24 തിങ്കൾ)

**മേടം:** *(അശ്വതി, ഭരണി, കാർത്തിക ആദ്യ കാൽ ഭാഗം വരെ)*
തൊഴിൽപരമായ യാത്രകൾ, മോഹന വാഗ്ദാനങ്ങൾ ഉണ്ടാകും. കഠിനപ്രയത്നം വേണ്ടിവരും.

**ഇടവം:** *(കാർത്തിക അവസാന മുക്കാൽ ഭാഗം രോഹിണി, മകയിരം ആദ്യപകുതി വരെ)*
അപ്രധാനകാര്യങ്ങളിൽ ഇടപെടരുത്. അഭ്യൂഹങ്ങൾ ഒഴിവാക്കുക. സത്യാവസ്ഥ മനസിലാക്കി പ്രവർത്തിക്കും.

**മിഥുനം:** *(മകയിരം രണ്ടാം പകുതിഭാഗം, തിരുവാതിര, പുണർതം ആദ്യം മുക്കാൽ ഭാഗം)*
ഗൃഹാതുരത്വം അനുഭവപ്പെടും. വിപുലമായ കാര്യങ്ങൾ ഏറ്റെടുക്കും. അഭിപ്രായ സമന്വയം.

**കർക്കടകം:** *(പുണർതം അവസാന കാൽ ഭാഗം, പൂയം, ആയില്യം)*
വിട്ടുവീഴ്ച വേണ്ടിവരും. ഉത്തരവാദിത്വം വർദ്ധിക്കും. വിവാദങ്ങൾ ഒഴിവാക്കും.

**ചിങ്ങം:** *(മകം, പൂരം, ഉത്രം കാൽഭാഗം)*
സാമൂഹ്യ പ്രതിബദ്ധത വർദ്ധിക്കും, ജീവിതരീതിയിൽ മാറ്റം, പൊതുപ്രവർത്തനത്തിൽ നിന്ന് വിട്ടുനിൽക്കും.

**കന്നി:** *(ഉത്രം അവസാനമുക്കാൽ ഭാഗം, അത്തം, ചിത്തിര ആദ്യ പകുതിഭാഗം)*
ജീവിതഗതിയെ മാറ്റിമറിക്കും. പല ഘടകങ്ങളെയും തരണം ചെയ്യും. അധികാര പരിധി വർദ്ധിക്കും.

**തുലാം:** *(ചിത്തിര രണ്ടാം പകുതി, ചോതി, വിശാഖം ആദ്യപകുതി)*
കാര്യങ്ങൾ തന്ത്രപരമായി അതിജീവിക്കും, ആത്മാർത്ഥ സുഹൃത്തിനെ രക്ഷിക്കും, കീഴ്‌വഴക്കം മാനിക്കും.

**വൃശ്ചികം :** *(വിശാഖം അവസാന കാൽ ഭാഗം, അനിഴം, തൃക്കേട്ട)*
പ്രവർത്തന ശൈലിയിൽ മാറ്റം, കാലോചിതമായ പരിഷ്കാരങ്ങൾ, പുതിയ വിപണന മേഖലകൾ.

**ധനു:** (മൂലം, പൂരാടം, ഉത്രാടം 15 നാഴിക)
അപാകതകൾ പരിഹരിക്കും, ദീർഘവീക്ഷണമുണ്ടാകും, ലക്ഷ്യപ്രാപ്തി നേടും.

**മകരം:** *(ഉത്രാടം അവസാനമുക്കാൽ ഭാഗം, തിരുവോണം, അവിട്ടം- ആദ്യപകുതി).*
ഗതകാല സ്മരണകൾ പങ്കുവയ്ക്കും. പുണ്യതീർത്ഥയാത്രകൾ, ജീവിതനിലവാരം വർദ്ധിക്കും.

**കുംഭം:** *( അവിട്ടം 30 നാഴിക, ചതയം, പൂരുരുട്ടാതി, 45 നാഴിക)*
സ്വസ്ഥതയും സമാധാനവും. സുരക്ഷാനടപടികൾ ശക്തമാകും, ആത്മാഭിമാനം വർദ്ധിക്കും.

**മീനം:** *(പൂരുരുട്ടാതി അവസാന കാൽ ഭാഗം, ഉത്രട്ടാതി, രേവതി).*
പ്രവൃത്തിയിൽ നിഷ്കർഷത, ആത്മാർത്ഥത വർദ്ധിക്കും. ജീവിതത്തിൽ വിജയം.

- ഗോപകുമാർ ശർമ്മ

## പട്ടികജാതി ക്ഷേമ സമിതി വർക്കല ഏരിയാ സമ്മേളനം

വർക്കല: പട്ടികജാതി ക്ഷേമ സമിതി വർക്കല ഏരിയാ സമ്മേളനം ജില്ലാ ജോയിന്റ് സെക്രട്ടറി എസ്.സുനിൽ ഉദ്ഘാടനം ചെയ്തു. ഏരിയാ പ്രസിഡന്റ് കുട്ടപ്പൻതമ്പി അദ്ധ്യക്ഷത വഹിച്ചു. അഡ്വ. വി. ജോയി എം.എൽ.എ, അഡ്വ. എസ്. ഷാജഹാൻ, അഡ്വ. കെ.ആർ. ബിജു, എസ്. രാജീവ്, കെ. വാരിജാക്ഷൻ, ഷിനതങ്കൻ, കെ. സുശീലൻ എന്നിവർ സംസാരിച്ചു. ഭാരവാഹികളായി കെ. സുശീലൻ (പ്രസിഡന്റ്), അഡ്വ. കെ.ആർ. ബിജു (സെക്രട്ടറി) എന്നിവരെ തിരഞ്ഞെടുത്തു.

www.keralakaumudi.com | www.facebook.com/keralakaumudi

# ഭജനമഠം പൊളിച്ചു നീക്കാൻ നോട്ടീസ് നൽകിയതിനെതിരെ പ്രതിഷേധം

ആറ്റിങ്ങൽ: കൊട്ടിയോടുള്ള ഭജനമഠം പൊളിച്ചുനീക്കാൻ നഗരസഭ നോട്ടീസ് നൽകിയതിനെതിരെ നാട്ടുകാരുടെ പ്രതിഷേധം.

എൻ.എസ്.എസ് കരയോഗത്തിന് സമീപത്ത് സ്ഥാപിച്ചിട്ടുള്ള ഭജനപ്പുര പൊളിച്ചുമാറ്റാൻ നഗരസഭ ശനിയാഴ്ച നോട്ടീസ് നൽകുകയായിരുന്നു.

മണ്ഡലകാലങ്ങളിൽ ജനപങ്കാളിത്തത്തോടെ ഭജനപ്പുരയിൽ ആരാധന നടത്തുന്നുണ്ടെന്നും അതിനാൽ പൊളിച്ചുമാറ്റാൻ അനുവദിക്കുകയില്ലെന്നുമാണ് നാട്ടുകാർ പറയുന്നത്.

എന്നാൽ പുറമ്പോക്കിൽ സ്ഥാപിച്ച ഭജനപ്പുര മണ്ഡലകാലം കഴിഞ്ഞിട്ടും പൊളിച്ചുമാറ്റാത്തതിനെതിരെ കഴിഞ്ഞ വർഷവും നഗരസഭ നോട്ടീസ് നൽകിയിരുന്നു.

അന്ന് നാട്ടുകാർ സ്റ്റേ വാങ്ങുകയായിരുന്നു. ഭജനമഠം പൊളിക്കുമെന്ന് അഭ്യൂഹം പരന്നതോടെ രാത്രിയിലും നാട്ടുകാർ പ്രതിഷേധം തുടർന്നു.



ഭജനമഠം പൊളിച്ചു നീക്കാൻ നഗരസഭാ നോട്ടീസ് നൽകിയതിൽ പ്രതിഷേധിച്ച് നാട്ടുകാർ സംഘടിച്ചപ്പോൾ

## വർക്കല ഉപജില്ലാ കബഡി മത്സരം

വർക്കല: വർക്കല ഉപജില്ലാ കബഡി മത്സരത്തിൽ ഇടവ എം.ആർ.എം.കെ.എം.എം.എച്ച്.എസ്.എസ് വിജയിച്ചു. 17 വയസിന താഴെയുള്ള കുട്ടികൾക്കായി വെട്ടൂർ ഗവ.എച്ച്എസ്എസിൽ സംഘടിപ്പിച്ച മത്സരത്തിൽ 15 ഓളം സ്കൂളുകളിൽ നിന്നുള്ള ടീമുകൾ പങ്കെടുത്തു.



പട്ടികജാതി ക്ഷേമ സമിതി വർക്കല ഏരിയാ സമ്മേളനം ജില്ലാ ജോയിന്റ് സെക്രട്ടറി എസ്. സുനിൽ ഉദ്ഘാടനം ചെയ്യുന്നു

## സിനിമ

- ന്യൂ (2323244) :: SCREEN 1 - തീവണ്ടി (M - 11.30, 2.30, 6.30, 9.30) SCREEN 2 - വരത്തൻ (M- 11.15, 2.30, 6.30,9.30) SCREEN 3 - THE EQUALIZER (E- 11.30, 6.45) ഒരു കുട്ടനാടൻ ബ്ലോഗ് (M-2.30,9.30)
- ശ്രീകുമാർ (2331222) :: ഒരു കുട്ടനാടൻ ബ്ലോഗ് (M- 11.15,2.30,6.15,9.30)
- ശ്രീവിശാഖ് (2331222) :: വരത്തൻ (M- 11.30,2.30,6.30,9.30)
- ശ്രീപത്മനാഭ (2473999) :: സാമി-2 (T- 11.00,2.30) പടയോട്ടം (M- 6.00,9.30)
- ദേവിപ്രിയ (2473999) :: പടയോട്ടം (M- 11.00,2.30) സാമി-2 (T- 6.00, 9.30)
- അജന്ത (2472825) :: No Shows
- കൃപ :: THE EQUALIZER-2 (E- 11.00, 4.30pm) സാമി-2 (T - 12.15,3.30,6.40, 10.00) THE NUN (E- 1.45pm) സീമരാജ (M - 7.15pm)
- കലാഭവൻ :: പടയോട്ടം (M- 11.30,2.30, 6.15,9.30)
- സെൻട്രൽ (2462865) :: BARBARIAN (E - 11.30,2.30,6.30,9.30)
- കൈരളി (2332747) :: മംഗല്യം തന്തുനാനേന (M- 11.15, 2.30, 6.15,9.30)
- ശ്രീ (2332747) :: വരത്തൻ (M - 11.30, 2.30, 6.30, 9.30)
- നിള (2332747) :: തീവണ്ടി (M- 11.30,2.30, 6.30,9.30)
- ധന്യ (2476773) :: സാമി -2 (T- 11.15,2.30, 6.15,9.30)
- രമ്യ (2476773) :: പടയോട്ടം (M- 11.15, 2.30,6.15,9.30)
- ARIESPLEX SL CINEMA: (04714066660) :: Audi 1- സാമി-2 (T- 11.15,2.45,6.30,10.15) Audi 2- തീവണ്ടി (M - 11.30,3.00,6.30, 10.00) Audi 3- MANMARZIYAAN (H- 10.30am) BATTIGUL METER CHALU (H- 1.45pm) THE NUN (E- 5.00pm, 10.15pm) THE EQUALIZER (E-7.15pm), Audi 4 - പടയോട്ടം (M- 11.30am, 3.00pm, 6.45pm, 10.00pm) Audi 5 - THE NUN (E- 10.00am) വരത്തൻ (M-12.00pm, 3.00pm, 6.45pm, 10.00pm) THE Audi 6 - ഇമൈക്കനൊടികൾ (E- 11.15am) മംഗല്യം തന്തുനാനേന (M- 3.00pm, 6.45pm, 10.15pm)
- കാർണിവൽ സിനിമാസ് (മാൾ ഒഫ് ട്രാവൻകൂർ) മംഗല്യം തന്തുനാനേന (M- 10.30, 1.00pm, 4.30pm, 7.00pm, 10.00pm ഒരു കുട്ടനാടൻ ബ്ലോഗ് (M- 12.45pm, 3.30pm) പടയോട്ടം (10.45am, 1.00pm, 4.40pm, 6.30pm, 7.30pm, 10.30pm) സാമി -2 (T- 10.00am, 1.10pm, 4.15pm, 7.20pm, 10.30pm) THE EQUALIZER 2 (E- 3.45pm, 10.15pm) തീവണ്ടി (M- 10.00am, 1.30pm, 4.00pm, 7.00pm, 10.00pm) വരത്തൻ (M- 9.45am, 10.30am, 12.30pm, 1.45pm, 3.15pm, 6.00pm, 7.25pm, 8.45pm, 10.00pm, 11.15pm)
- കഴക്കൂട്ടം കൃഷ്ണ (2418144) :: പടയോട്ടം (M- 11.30,6.30,9.30) ഒരു കുട്ടനാടൻ ബ്ലോഗ് (M- 2.30pm) പടയോട്ടം (M- 11.15,2.30, 6.15,9.30)
- വെട്ടുറോഡ് ഹരിശ്രീ (04712755666) :: മംഗല്യം തന്തുനാനേന (M- 11.15, 6.15, 9.30) വരത്തൻ (M- 2.30, 11.55pm)
- കഠിനംകുളം ജി ട്രാക്സ് (2757771) :: screen 1 : തീവണ്ടി (M- 11.15,2.30,6.15,9.30) screen 2 : IMAIKKA NODIGAL (T- 11.15, 2.30,6.15,9.30)
- ആറ്റിങ്ങൽ ഡ്രീംസ് (628997) :: സാമി -2 (T- 11.15) ഒരു കുട്ടനാടൻ ബ്ലോഗ് (M- 2.30) തീവണ്ടി (M- 6.15,9.30)
- ആറ്റിങ്ങൽ ഗംഗ (2629973) :: ഷോ ഇല്ല
- ആറ്റിങ്ങൽ യമുന (2629973) :: കിനാവള്ളി (M- 11.15,2.15,6.15,9.15)
- ആറ്റിങ്ങൽ കാവേരി (9287218284) :: JUNGA (T- 11.00, 2.30, 6.30, 9.30)
- ആറ്റിങ്ങൽ വൈശാഖ് (2622244) :: പടയോട്ടം (M- 11.15,2.30, 6.15,9.30)
- ആറ്റിങ്ങൽ തപസ്യ (3291113) :: സാമി-2 (T - 11.00,2.45, 6.30,9.45)
- ആറ്റിങ്ങൽ തപസ്യ പാരഡൈസ് (620920) :: മംഗല്യം തന്തുനാനേന (M- 11.15,3.00, 6.30,9.45)
- വർക്കല എസ്.ആർ (04702602339) :: ഒരു കുട്ടനാടൻ ബ്ലോഗ് (M- 11.00) സാമി-2 (T- 2.30, 6.15, 9.30)
- വർക്കല വിമല (9895233785) :: സാമി -2 (T- 11.00) പടയോട്ടം (M- 3.00,6.30,9.45)
- വർക്കല സ്റ്റാർ സിനിമ (2602344) :: തീവണ്ടി (M- 11.15,2.30,6.15, 9.30)
- ചിറയിൻകീഴ് സ്വാമിജി (9526752302) :: കമ്മാരസംഭവം (M- 3.00,6.30,9.30)
- നെടുമങ്ങാട് സൂര്യ (2802223) :: തീവണ്ടി (M- 11.00,2.30,6.15,9.30)
- നെടുമങ്ങാട് സൂര്യ പാരഡൈസ് (2813259) :: മംഗല്യം തന്തുനാനേന (M- 11.00, 2.30, 6.15, 9.30)
- നെടുമങ്ങാട് ശ്രീസരസ്വതി (8111966043) :: തീവണ്ടി (M - 11.00,2.30, 6.15, 9.30)
- നെടുമങ്ങാട് റാണി :: screen 1 : സാമി -2 (T- 11.00,6.00, 2.15,9.15) screen 2 : തീവണ്ടി (M- 11.15) പടയോട്ടം (M- 2.30,6.15,9.30)
- പെരിങ്ങമ്മല അശ്വതി (2400394) :: ലക്ഷ്മി (T- 2.30,6.30,9.30)
- കളിയിക്കാവിള ശ്രീകാളീശ്വരി (0471-2200073, 0471-2200174) :: Audi 1- ഗജനീകാന്ത് (M- 11.30,2.30,6.15, 9.30) Audi 2- ഇബിലീസ് (M-11.00,2.30,6.15,9.30) Audi 3- KARWAAN (H-11.00,2.30,6.15,9.30) Audi 4- കൂടെ (M- 11.00,2.30,6.15,9.30) Audi 5- JUNGA (T- 11.00,2.30) ഒരു പഴയ ബോംബ് കഥ (M- 6.15,9.30)
- കളിയിക്കാവിള തമീൻസ് മാക്സ് :: പുലിമുരുകൻ (M-2.30, 6.15) അച്ചം എമ്പത് മടമയ്യട (T-11.00,9.15)
- നെയ്യാറ്റിൻകര ശുഭ :: പഞ്ചവർണതത്ത (M- 2.30,6.30,9.30)
- പോത്തൻകോട് MT CINEPLEX (2419515) :: Tela 1- സാമി -2 (T- 11.15,2.30,6.15,9.30) Tela 2- തീവണ്ടി (M- 11.00,2.15,6.30,9.45)
- പോത്തൻകോട് എച്ച്.കെ സിനിമാസ് (0471-2715555, 9447060600) :: വരത്തൻ (M - 11.15, 2.30, 10.45) പടയോട്ടം (M- 6.00, 8.45)
- വെഞ്ഞാറമൂട് സിന്ധു (9746159088) :: സാമി-2 (T- 11.30,2.30,6.30,9.30)
- കാട്ടാക്കട ജയവിനായക (2290867) :: screen 1 - ആട് -2 (M-11.00,2.15,6.15,9.15) screen 2 - വേലൈക്കാരൻ (T- 11.15,2.30, 6.30,9.30)
- കള്ളിക്കാട് ദീപ (9447553618) :: അച്ചായൻസ് (M- 6.30,9.30)
- കാട്ടാക്കട ശ്രീമുരുക (9995952120) :: No show
- കിളിമാനൂർ എസ്.എൻ :: Nowshow
- പനച്ചമൂട് യമുനലക്ഷ്മി :: കെട്ടു (T-10.30, 2.30,6.15,9.00)
- പേയാട് എസ്.പി സിനിമ (0471-2289053) :: വരത്തൻ (M- 10.30, 3.00pm, 6.00pm, 10.30pm) തീവണ്ടി (M- 12.30pm, 8.10pm)
- കല്ലറ ARS (9526906021) :: കമ്മാരസംഭവം (M- 2.30,6.30)
- പടന്തലുമൂട് IMP :: പടയോട്ടം (M- 11.00, 2.30,6.30,9.30)
- കാട്ടാക്കട സ്വരലയ: (9188628546) :: സ്വരം - വരത്തൻ (M - 11.00, 2.00, 6.00, 8.30) ലയ - പടയോട്ടം (M- 11.15, 2.15, 6.15, 9.15)



ആറ്റിങ്ങൽ ജയ്ഭാരത് പി.പി.ടി.ടി.ഐയിലെ കുട്ടികളും രക്ഷിതാക്കളും അദ്ധ്യാപകരും സ്വരൂപിച്ച പ്രളയ ദുരിതാശ്വാസ ഫണ്ടായ ഒരു ലക്ഷം രൂപയുടെ ചെക്ക് ആറ്റിങ്ങൽ നഗരസഭാ ചെയർമാൻ എം. പ്രദീപ് സ്കൂൾ ചെയർമാൻ ഫസിലുദീനിൽ നിന്നും സ്വീകരിക്കുന്നു. പ്രിൻസിപ്പൽ താണവൻ ആചാരി സമീപം

## ഇന്ന്

**പൂ**ജപ്പുര സ്പെഷ്യൽ സബ് ജയിൽ : സാംസ്കാരിക സംഗമം ഉദ്ഘാടനം സാംസ്കാരിക വകുപ്പ് ഡയറക്ടർ ടി.ആർ. സദാശിവൻ നായർ-10.30ന്

**തൈ**ക്കാട് ഗണേശം : സൂര്യ ഫെസ്റ്റിവൽ ചലച്ചിത്രോത്സവം, വില്ലേജ് റോക് സ്റ്റാർസ്- 4.30ന്, സുഡാനി ഫ്രം നൈജീരിയ -6.45ന്

**കോ**ട്ടക്കകം അഭേദാശ്രമം : നൊച്ചൂർ വെങ്കിട്ടരാമന്റെ പ്രഭാഷണം -7 ന്

**മം**ഗലത്തുകോണം കാട്ടുനട ശ്രീഭദ്രകാളി ദേവീക്ഷേത്രം : അലങ്കാര ദീപാരാധന-7ന്

**ശ്രീ**പദ്മനാഭ സ്വാമിക്ഷേത്രം കിഴക്കേനട : സ്വാമിദുർഗാനന്ദ സരസ്വതിയുടെ രമണവിദ്യാ സത്സംഗം - 6.15ന്

**തീ**ർത്ഥപാദമണ്ഡപം കാർത്തിക തിരുനാൾ തിയേറ്റർ: ദൃശ്യവേദിയുടെ കേരളനാട്യോത്സവം. ബകവധം ഉത്തരഭാഗം-5.30ന്

**ഐ**രാണിമുട്ടം തുഞ്ചൻസ്മാരക മണ്ഡപം : ജി. ഗോപിനാഥൻ നായർ സ്മൃതി പുരസ്കാര സമർപ്പണം ജസ്റ്റിസ് കെമാൽ പാഷ 11ന്


### സംസ്ഥാന സഹകരണ തെരഞ്ഞെടുപ്പ് കമ്മീഷൻ
### തെരഞ്ഞെടുപ്പ് വിജ്ഞാപനം

[1969 - ലെ കേരള സഹകരണ ചട്ടം 35 എ (3) പ്രകാരം പുറപ്പെടുവിക്കുന്നത്]

നമ്പർ: ഇ (1) 3482/2018/എസ്.സി.ഇ.സി. തിരുവനന്തപുരം, 19.09.2018.

റ്റി. 817-ാം നമ്പർ **കാവല്ലൂർ പട്ടികജാതി സർവ്വീസ് സഹകരണ സംഘം** ക്ലിപ്തത്തിന്റെ പുതിയ ഭരണസമിതി അംഗങ്ങളെ തെരഞ്ഞെടുക്കുന്ന നടപടികൾക്കായി **തിരുവനന്തപുരം സഹകരണസംഘം ജനറൽ വിഭാഗം അസിസ്റ്റന്റ് രജിസ്ട്രാറെ ഇലക്ടറൽ ഓഫീസറായും ടി ഓഫീസിലെ ശ്രീകാര്യം യൂണിറ്റ് ഇൻസ്പെക്ടറെ വരണാധികാരിയായും** നിയമിച്ച് ഇതേ നമ്പരിലും തീയതിയിലും ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതാണ്. തെരഞ്ഞെടുപ്പ് സംബന്ധിച്ച വിശദവിവരങ്ങൾ സംഘത്തിലെ എല്ലാ അംഗങ്ങളുടെയും പൊതു അറിവിലേക്കായി ഇതിനാൽ വിജ്ഞാപനം ചെയ്യുന്നു.

**തെരഞ്ഞെടുപ്പ് വിശദാംശങ്ങൾ**

1. തെരഞ്ഞെടുപ്പിലൂടെ നികത്തപ്പെടേണ്ട ഒഴിവുകളുടെ എണ്ണം : 9 (ഒൻപത്)
2. സഹകരണ നിയമപ്രകാരം തെരഞ്ഞെടുക്കപ്പെടേണ്ട വിഭാഗം : A. ജനറൽ 6 (ആറ്); B. വനിതാ സംവരണം 3 (മൂന്ന്); ആകെ 9 (ഒൻപത്)
3. പ്രാഥമിക വോട്ടർപട്ടിക പ്രസിദ്ധപ്പെടുത്തുന്ന സ്ഥലവും തീയതിയും : 24.09.2018 പകൽ 11 മണിക്ക് - സംഘം ഓഫീസ് നോട്ടീസ്ബോർഡിൽ.
4. വോട്ടർപട്ടികയിലെ തടസ്സവാദങ്ങൾ സമർപ്പിക്കുന്നതിനുള്ള തീയതികൾ : 24.09.2018 പകൽ 11 മണിമുതൽ 01.10.2018 പകൽ 5 മണി വരെ.
5. തടസ്സവാദങ്ങൾ പരിശോധിക്കുന്നതിനുള്ള തീയതിയും സമയവും സ്ഥലവും : 03.10.2018 പകൽ 11 മണി മുതൽ 1 മണി വരെ - സംഘം ഓഫീസിൽ വച്ച്
6. അന്തിമ വോട്ടർപട്ടിക പ്രസിദ്ധപ്പെടുത്തുന്ന സ്ഥലവും തീയതിയും : 03.10.2018 പകൽ 4 മണിക്ക് - സംഘം ഓഫീസ് നോട്ടീസ്ബോർഡിൽ
7. നാമനിർദ്ദേശപത്രിക നേരിട്ട് സമർപ്പിക്കുന്നതിനുള്ള സ്ഥലവും തീയതിയും സമയവും : 10.10.2018 പകൽ 11 മണിമുതൽ 1 മണിവരെ - സംഘം ഓഫീസിൽ വച്ച്
8. പത്രികകൾ സൂക്ഷ്മ പരിശോധനയ്ക്കുള്ള തീയതിയും സമയവും : 11.10.2018 പകൽ 11 മണി മുതൽ -സംഘം ഓഫീസിൽ വച്ച്
9. പത്രികകൾ പിൻവലിക്കുന്നതിനുള്ള തീയതിയും സമയവും : 12.10.2018 പകൽ 5 മണി വരെ - സംഘം ഓഫീസിൽ വച്ച്
10. വോട്ടെടുപ്പ് വേണ്ടിവരുന്നപക്ഷം വോട്ടെടുപ്പ് നടത്തുന്ന സ്ഥലവും തീയതിയും സമയവും : **2018 ഒക്ടോബർ** മാസം 28-ാം തീയതി ഞായറാഴ്ച പകൽ 9 മണി മുതൽ 4 മണിവരെ - **വട്ടിയൂർക്കാവ് ഗവൺമെന്റ് എൽ.പി. സ്കൂളിൽ വച്ച്.**

(ഒപ്പ്) **എസ്.എച്ച്. ജയകേശൻ**
സംസ്ഥാന മുഖ്യ സഹകരണ തെരഞ്ഞെടുപ്പ് കമ്മീഷണർ.

**തെരഞ്ഞെടുപ്പ് പൊതുയോഗ നോട്ടീസ്**

**കാവല്ലൂർ പട്ടികജാതി സർവ്വീസ് സഹകരണ സംഘം ക്ലിപ്തം നമ്പർ T 817**
വട്ടിയൂർക്കാവ് പി.ഒ, തിരുവനന്തപുരം - 695 013.

മാന്യരേ,

കാവല്ലൂർ പട്ടികജാതി സർവ്വീസ് സഹകരണ സംഘം T 817-ന്റെ തിരഞ്ഞെടുപ്പ് പൊതുയോഗം 2018 ഒക്ടോബർ മാസം 28-ാം തീയതി പകൽ 9 മണി മുതൽ 4 മണി വരെ വട്ടിയൂർക്കാവ് ഗവ. എൽ.പി. സ്കൂളിൽ വച്ച് കൂടുന്നതാണ്. പ്രസ്തുത തെരഞ്ഞെടുപ്പ് പൊതുയോഗത്തിൽ എല്ലാ A ക്ലാസ്സ് അംഗങ്ങളും കൃത്യമായി പങ്കെടുക്കണമെന്ന് അഭ്യർത്ഥിക്കുന്നു. പൊതുയോഗത്തിൽ പങ്കെടുക്കുന്ന എല്ലാ അംഗങ്ങളും സംഘത്തിൽ നിന്നുമുള്ള തിരിച്ചറിയൽ കാർഡ് കൊണ്ടുവരേണ്ടതാണ്. സംഘത്തിൽ നിന്നുമുള്ള തിരിച്ചറിയൽ കാർഡ് 25.10.2018-ന് 5.00 മണി വരെ വിതരണം ചെയ്യുന്നതാണ്.

തിരുവനന്തപുരം, 23.9.2018. (ഒപ്പ്) സെക്രട്ടറി.


# അറ്റകുറ്റപ്പണിക്കിടെ ഷോക്കേറ്റ് ലൈൻമാന് ഗുരുതര പരിക്ക്

വെഞ്ഞാറമൂട്: വൈദ്യുതി തകരാർ പരിഹരിക്കുന്നതിനിടെ ഷോക്കേറ്റ് പോസ്റ്റിൽ നിന്നു വീണ് ലൈൻമാന് ഗുരുതര പരുക്കേറ്റു.

കെ.എസ്.ഇ.ബി വാമനപുരം സെക്ഷനിലെ ലൈൻമാൻ കീഴായിക്കോണം ശാലിനി ഭവനിൽ വിജയ (37) നാണ് പരുക്കേറ്റത്. കളമച്ചൽ ജംഗ്ഷന സമീപത്തുവച്ചാണ് അപകടം. വിജയനെ തിരുവനന്തപുരത്തെ സ്വകാര്യ ആശുപത്രിയിൽ പ്രവേശിപ്പിച്ചു.


## കാൺമാനില്ല



ഈ ഫോട്ടോയിൽ കാണുന്ന ജയരാജൻ, വയസ്സ് 58, വടക്കേ ആച്ചോത്ത് വീട്, തെക്കേനട ഭാഗം, വൈക്കം എന്ന ആളെ 23.08.2018 തീയതി മുതൽ കാണാതായിട്ടുള്ളതാണ്. ഇതുസംബന്ധിച്ച് വൈക്കം പി.എസ്. Cr. 1859/18, U/s 57 of KP Act പ്രകാരം കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരുന്നതാണ്. ടി ആളെക്കുറിച്ച് എന്തെങ്കിലും വിവരം ലഭിക്കുകയാണെങ്കിൽ താഴെ പറയുന്ന ഫോൺ നമ്പരുകളിൽ അറിയിക്കാൻ താൽപര്യപ്പെടുന്നു.

**അടയാള വിവരം:**

1. ഉദ്ദേശം അഞ്ച് അടി ഉയരം
2. വെളുപ്പുനിറം
3. കാണാതാകുമ്പോൾ വെള്ള മുണ്ടും ചുവപ്പ് നിറത്തിലുള്ള ഫുൾക്കൈ ഷർട്ടും ധരിച്ചിരിക്കുന്നു.

DYSP Vaikom : 9497961628
SHO Vaikom : 9497987081
SI Vaikom : 9497980347, 04829-2331330.

F2/327/2018/I & PRD

---

### സെൻട്രൽ ബാങ്ക് ഓഫ് ഇന്ത്യ / Central Bank of India — ശാഖ : കുമാരപുരം

പോലീസ് സ്റ്റേഷനെതിർവശം, മെഡിക്കൽ കോളേജ്.പി.ഒ., തിരുവനന്തപുരം, PH: 0471 2445170

### സ്ഥാവരസ്വത്ത് കൈവശപ്പെടുത്തൽ നോട്ടീസ്

*സെക്യൂരിറ്റി ഇന്ററസ്റ്റ് (എൻഫോഴ്സ്മെന്റ്) റൂൾസ് 2002, റൂൾ 8 (1) പ്രകാരം*

സെക്യൂരിറ്റൈസേഷൻ ആന്റ് റീ കൺസ്ട്രക്ഷൻ ഓഫ് ഫൈനാൻഷ്യൽ അസ്സെറ്റ്സ് ആന്റ് എൻഫോഴ്സ്മെന്റ് ഓഫ് സെക്യൂരിറ്റി ഇന്ററസ്റ്റ് ആക്ട് 2002 പ്രകാരം അധികാരം കിട്ടിയിട്ടുള്ള **സെൻട്രൽ ബാങ്ക് ഓഫ് ഇന്ത്യ, ഉദ്യോഗസ്ഥൻ** എന്ന നിലയിൽ സെക്യൂരിറ്റി ഇന്ററസ്റ്റ് (എൻഫോഴ്സ്മെന്റ്) ആക്ട് 2002 സെക്ഷൻ 13 (12), & റൂൾ 9 പ്രകാരം വായ്പക്കാരായ 1) **ശ്രീമതി.ശ്രീലത.എം.ബി,** 2) **ശ്രീമതി. ഗായത്രി ബാലകൃഷ്ണൻ** ഇരുവരും താമസം വിജയ മന്ദിരം, റ്റി.സി.12/2697, MERA 97, ഈന്തിവിള ലെയിൻ, മെഡിക്കൽകോളേജ്.പി.ഒ., തിരുവനന്തപുരം-695011 & 3) **ശ്രീമതി.പൂജ ബാലകൃഷ്ണൻ,** റാം നിവാസ്, MMRA 88, മുണ്ടെക്കോണം, മുട്ടട.പി.ഒ., തിരുവനന്തപുരം; 12 ശ്രീദുർഗ്ഗ ലക്ഷ്വറി അപ്പാർട്ട്മെൻസ്, ബാസവ നഗർ, ബാംഗ്ലൂർ-560100, കർണ്ണാടക എന്നിവർ **18,05,223.13 (രൂപ പതിനെട്ട് ലക്ഷത്തി അയ്യായിരത്തി ഇരുന്നൂറ്റി ഇരുപത്തി മൂന്ന് രൂപ പതിമൂന്ന് പൈസ) രൂപയും 01.06.2018** മുതലുള്ള പലിശയും മറ്റു ചിലവുകളും 60 ദിവസത്തിനകം തിരിച്ചടയ്ക്കുന്നതിന് ഒരു ഡിമാന്റ് നോട്ടീസ് **30.06.2018** ൽ അയച്ചിരുന്നു.

വായ്പക്കാർ പ്രസ്തുത സമയത്തിനകം തുക അടയ്ക്കുവാൻ വീഴ്ച വരുത്തിയതിനെ തുടർന്ന് മേൽപ്പറഞ്ഞ ആക്ടിലെ സെക്ഷൻ 13 (4) & റൂൾ 8 പ്രകാരമുള്ള അധികാരമുപയോഗിച്ച് താഴെ പട്ടികയിൽ കൊടുത്തിരിക്കുന്ന സ്ഥാവര വസ്തു **18.09.2018-**ൽ കരസ്ഥപ്പെടുത്തിയിരിക്കുന്നതായി വായ്പക്കാരെ/ജാമ്യക്കാരെ പ്രത്യേകിച്ചും ജനങ്ങളെ പൊതുവായും ഇതിനാൽ അറിയിച്ചു കൊള്ളുന്നു.

ഈ വസ്തുവിൽ യാതൊരുവിധ ഇടപാടും നടത്തരുതെന്ന് വായ്പക്കാരെ/ജാമ്യക്കാരെ പ്രത്യേകിച്ചും ജനങ്ങളെ പൊതുവായും ഇതിനാൽ മുന്നറിയിപ്പ് നൽകുന്നു. ഈ വസ്തുവിലുള്ള ഏതൊരു ഇടപാടും **സെൻട്രൽ ബാങ്ക് ഓഫ് ഇന്ത്യ, കുമാരപുരം ബ്രാഞ്ച്, തിരുവനന്തപുരത്തിലേയ്ക്ക്** കിട്ടാനുള്ള **18,05,223.13 (രൂപ പതിനെട്ട് ലക്ഷത്തി അയ്യായിരത്തി ഇരുന്നൂറ്റി ഇരുപത്തി മൂന്ന് രൂപ പതിമൂന്ന് പൈസ) രൂപയും** 01.06.2018 മുതലുള്ള പലിശയ്ക്കും മറ്റ് ചിലവുകൾക്കും വിധേയമായിരിക്കും. ടി ബാദ്ധ്യതയിൽ നിന്നും സെക്യൂർഡ് അസറ്റ്സ് ഒഴിപ്പിച്ചെടുക്കുന്നതിനുള്ള കാലാവധിയെ സംബന്ധിച്ച് സർഫെയിസി നിയമത്തിന്റെ വകുപ്പ് 13 (8) ൽ നിഷ്കർഷിച്ചിട്ടുള്ള വസ്തുതകളിലേയ്ക്ക് കൂടി കടക്കാരുടെ ശ്രദ്ധക്ഷണിച്ചുകൊള്ളുന്നു.

**വസ്തുവിവരണം**

തിരുവനന്തപുരം ജില്ലയിൽ **പട്ടം വില്ലേജിൽ** റീസർവ്വെ നമ്പർ 029/207 & 208 ൽ ഉൾപ്പെട്ടതും **ശ്രീമതി.ശ്രീലത.എം.ബി** വക **2.52 ആർ (6.25 സെന്റ്)** വസ്തുവും തന്നകത്തുള്ള കെട്ടിടമുൾപ്പടെ സകല വകകളും. **അതിരുകൾ** : കിഴക്ക് : റോഡ്, വടക്ക് : ശ്രീ. രാജഗോപാൽ & ശ്രീമതി. മഹേശ്വരി എന്നിവർ വക വസ്തു, പടിഞ്ഞാറ് : വേലായുധൻ വക വസ്തു, തെക്ക് : നടപ്പാത

സ്ഥലം : തിരുവനന്തപുരം
തീയതി : 18.09.2018
(ഒപ്പ്) അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥൻ

---

നമ്പർ : ഡി.സി.പി.യു/ഇ/1287/18

ജില്ലാ ശിശു സംരക്ഷണ ഓഫീസറുടെ കാര്യാലയം, തോട്ടക്കാട്ടുകര, എറണാകുളം. തീയതി : 03.09.2018. ഫോൺ : 0484 - 2609177. mail id : dcpuernakulam@gmail.com

### വിജ്ഞാപനം

Issued as per para 6 (5) of guidelines governing adoption of children 2015)



1. കുട്ടിയുടെ പേര് : രേഷ്മ
2. ആൺ/പെൺ : പെൺകുട്ടി
3. ജനനത്തീയതി : 11 വയസ്സ്
4. കുഞ്ഞിനെ ഉപേക്ഷിക്കപ്പെട്ട നിലയിൽ കണ്ടെത്തിയ സ്ഥലം : ബാധകമല്ല
5. കുഞ്ഞിനെ ഉപക്ഷിക്കപ്പെട്ട നിലയിൽ കണ്ടെത്തിയ തീയതി : ബാധകമല്ല
6. കുട്ടിയെ താൽക്കാലികമായി താമസിപ്പിച്ചിട്ടുള്ള ദത്ത് നല്കൽ കേന്ദ്രത്തിന്റെ പേര് : സ്നേഹജ്യോതി ഗേൾസ് ഹോം, പുല്ലുവഴി.
7. ശിശു സംരക്ഷണ സ്ഥാപനത്തിൽ പ്രവേശിപ്പിച്ച തീയതി : 06.08.2018
8. ചൈൽഡ് വെൽഫെയർ കമ്മിറ്റിയുടെ ഉത്തരവ് നമ്പരും തീയതിയും : 1579/18

മേല്പറഞ്ഞ കുഞ്ഞിന്റെ രക്ഷാകർത്തൃത്വവുമായി ബന്ധപ്പെട്ട് എന്തെങ്കിലും അവകാശവാദങ്ങൾ ഉന്നയിക്കാനുണ്ടെങ്കിൽ ആയത് ആവശ്യമായ തെളിവ് സഹിതം ഈ വിജ്ഞാപനത്തീയതി മുതൽ 30 ദിവസത്തിനക ജില്ലാ ശിശു സംരക്ഷണ ഓഫീസർ, ജില്ലാ ശിശു സംരക്ഷണ യൂണിറ്റ്, ബൈലൈൻ നം. 1, എസ്.പി. ക്യാമ്പ് ഓഫീസിന് സമീപം, ശിവ ടെമ്പിൾ റോഡ്, തോട്ടുക്കാട്ടുകര, ആലുവ, എറണാകുളം. ഫോൺ : 0484 - 2609177 എന്ന വിലാസത്തിൽ അറിയിക്കേണ്ടതാണ്. അല്ലാത്തപക്ഷം കുട്ടിക്ക് നിയമാനുസൃതമായ അവകാശികൾ ആരുമില്ലെന്ന് കണക്കാക്കുന്നതും, ദത്ത് നല്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതുമാണെന്ന് ഇതിനാൽ അറിയിക്കുന്നു.

(ഒപ്പ്) ജില്ലാ ശിശു സംരക്ഷണ ഓഫീസർ, എറണാകുളം.

F4/201 (2)/2018/I & PRD


---

നമ്പർ : ഡി.സി.പി.യു/ഇ/1248/18

ജില്ലാ ശിശു സംരക്ഷണ ഓഫീസറുടെ കാര്യാലയം, തോട്ടക്കാട്ടുകര, എറണാകുളം. തീയതി : 03.09.2018. ഫോൺ : 0484 - 2609177. mail id : dcpuernakulam@gmail.com

### വിജ്ഞാപനം

Issued as per para 6 (5) of guidelines governing adoption of children 2015)



1. കുട്ടിയുടെ പേര് : ശുഭലക്ഷ്മി
2. ആൺ/പെൺ : പെൺകുട്ടി
3. ജനനത്തീയതി : 26.12.2006
4. കുഞ്ഞിനെ ഉപേക്ഷിക്കപ്പെട്ട നിലയിൽ കണ്ടെത്തിയ സ്ഥലം : ബാധകമല്ല
5. കുഞ്ഞിനെ ഉപക്ഷിക്കപ്പെട്ട നിലയിൽ കണ്ടെത്തിയ തീയതി : ബാധകമല്ല
6. കുട്ടിയെ താൽക്കാലികമായി താമസിപ്പിച്ചിട്ടുള്ള ദത്ത് നല്കൽ കേന്ദ്രത്തിന്റെ പേര് : സ്നേഹജ്യോതി ഗേൾസ് ഹോം, പുല്ലുവഴി.
7. ശിശു സംരക്ഷണ സ്ഥാപനത്തിൽ പ്രവേശിപ്പിച്ച തീയതി : 20.06.2016
8. ചൈൽഡ് വെൽഫെയർ കമ്മിറ്റിയുടെ ഉത്തരവ് നമ്പരും തീയതിയും : 573/13

മേല്പറഞ്ഞ കുഞ്ഞിന്റെ രക്ഷാകർത്തൃത്വവുമായി ബന്ധപ്പെട്ട് എന്തെങ്കിലും അവകാശവാദങ്ങൾ ഉന്നയിക്കാനുണ്ടെങ്കിൽ ആയത് ആവശ്യമായ തെളിവ് സഹിതം ഈ വിജ്ഞാപനത്തീയതി മുതൽ 30 ദിവസത്തിനക ജില്ലാ ശിശു സംരക്ഷണ ഓഫീസർ, ജില്ലാ ശിശു സംരക്ഷണ യൂണിറ്റ്, ബൈലൈൻ നം. 1, എസ്.പി. ക്യാമ്പ് ഓഫീസിന് സമീപം, ശിവ ടെമ്പിൾ റോഡ്, തോട്ടുക്കാട്ടുകര, ആലുവ, എറണാകുളം. ഫോൺ : 0484 - 2609177 എന്ന വിലാസത്തിൽ അറിയിക്കേണ്ടതാണ്. അല്ലാത്തപക്ഷം കുട്ടിക്ക് നിയമാനുസൃതമായ അവകാശികൾ ആരുമില്ലെന്ന് കണക്കാക്കുന്നതും, ദത്ത് നല്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതുമാണെന്ന് ഇതിനാൽ അറിയിക്കുന്നു.

(ഒപ്പ്) ജില്ലാ ശിശു സംരക്ഷണ ഓഫീസർ, എറണാകുളം.

F4/201 (9)/2018/I & PRD

---

### കേരള സംസ്ഥാന ഭാഗ്യക്കുറി

ഫോൺ: ഡയറക്ടർ: 0471- 2305230, ഓഫീസ്: 2305193, ഫാക്സ്: 2301740
www.kerala.gov.in www.keralalotteries.com

**പൗർണമി RN-358 നറുക്കെടുപ്പ് ഫലം 23.09.2018**
സ്ഥലം : ഗോർകിഭവൻ, ബേക്കറി ജംഗ്ഷൻ, തിരുവനന്തപുരം.

**ഒന്നാം സമ്മാനം 7,000,000/- രൂപ** RU 376260 (കണ്ണൂർ)

**സമാശ്വാസ സമ്മാനം 8,000/- രൂപ**

RN 376260 RO 376260 RP 376260 RR 376260 RS 376260 RT 376260 RV 376260 RW 376260 RX 376260 RY 376260 RZ 376260

**2-ാം സമ്മാനം 5,00,000/- രൂപ** RW 108859 (പത്തനംതിട്ട)

**3-ാം സമ്മാനം 2,00,000/- രൂപ** RX 141858 (ഇടുക്കി)

താഴെ പറയുന്ന നമ്പരുകളിൽ അവസാനിക്കുന്ന ടിക്കറ്റുകൾക്ക്

**4-ാം സമ്മാനം 5000 രൂപ**

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| 0247 | 1462 | 1853 | 2192 | 2838 | 3129 | 4737 | 5798 | 6768 | 6938 |

**5-ാം സമ്മാനം 2000 രൂപ**

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| 1230 | 2851 | 2911 | 3314 | 6343 | 6529 | 6659 | 7330 | 9461 | |

**6-ാം സമ്മാനം 1000 രൂപ**

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| 0338 | 0945 | 1214 | 1507 | 1751 | 2158 | 2548 | 2678 | 3311 | 4465 |
| 4506 | 4860 | 5130 | 5232 | 5462 | 5640 | 6289 | 7367 | 7706 | 8008 |
| 8016 | 8379 | 8574 | 8621 | 8681 | 9287 | 9561 | 9587 | 9647 | 9812 |

**7-ാം സമ്മാനം 500 രൂപ**

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| 0120 | 0460 | 0672 | 0957 | 1366 | 1792 | 1955 | 2008 | 2233 | 2252 |
| 2259 | 2366 | 2429 | 2978 | 2991 | 3199 | 3224 | 3290 | 3438 | 3768 |
| 3943 | 4307 | 4432 | 4755 | 4804 | 5303 | 5556 | 5670 | 5759 | 6205 |
| 6455 | 7069 | 7402 | 7469 | 7585 | 7595 | 7826 | 7948 | 8129 | 8170 |
| 8278 | 8313 | 8662 | 8679 | 8881 | 9440 | | | | |

**8-ാം സമ്മാനം 100 രൂപ**

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| 0067 | 0088 | 0170 | 0256 | 0303 | 0351 | 0462 | 0666 | 0766 | 0824 |
| 0880 | 1001 | 1013 | 1240 | 1293 | 1457 | 1518 | 1680 | 1712 | 1770 |
| 1822 | 1960 | 2016 | 2044 | 2114 | 2278 | 2414 | 2418 | 2757 | 2861 |
| 2873 | 2970 | 3023 | 3167 | 3172 | 3373 | 3374 | 3746 | 3810 | 3913 |
| 3931 | 3934 | 4046 | 4198 | 4297 | 4303 | 4419 | 4863 | 4873 | 4931 |
| 4971 | 5271 | 5308 | 5479 | 5502 | 5589 | 5590 | 5635 | 5860 | 6016 |
| 6025 | 6045 | 6136 | 6142 | 6176 | 6191 | 6197 | 6262 | 6338 | 6502 |
| 6544 | 6607 | 6632 | 6759 | 6783 | 7144 | 7202 | 7293 | 7297 | 7406 |
| 7429 | 7561 | 7750 | 7759 | 7876 | 8175 | 8213 | 8272 | 8600 | 8682 |
| 8760 | 8769 | 8899 | 8918 | 8948 | 9024 | 9114 | 9293 | 9305 | 9438 |
| 9451 | 9627 | 9772 | 9925 | | | | | | |

(ഒപ്പ്) ഗീതാദേവി.ജി, ജോയിന്റ് ഡയറക്ടർ, ഡയറക്ടറേറ്റ് ഓഫ് സ്റ്റേറ്റ് ലോട്ടറീസ്, വികാസ് ഭവൻ, തിരുവനന്തപുരം.
വിജയികൾ സമ്മാനാർഹമായ ടിക്കറ്റുകൾ കേരള ഗസറ്റിൽ ഒത്തുനോക്കി 30 ദിവസത്തിനുള്ളിൽ ഹാജരാക്കുക

അടുത്ത പൗർണമി 359 നറുക്കെടുപ്പ് 30.09.2018 ന്
ഗോർകി ഭവൻ, ബേക്കറി ജംഗ്ഷൻ, തിരുവനന്തപുരം.



## ഗുരുമാർഗം

പൂ പോലെ മനോഹരങ്ങളായ രണ്ട് കാലിലും അണിഞ്ഞിരിക്കുന്ന ചിലങ്കക്കൂട്ടങ്ങൾ നൃത്തം വയ്ക്കുമ്പോൾ പരസ്പരം പിണഞ്ഞ് കലകലയെന്ന് മുഴങ്ങുന്ന ആ ചിലമ്പൊച്ച എന്നാണിനി കേൾക്കുക.





# ഒരപൂർവ സംഗമം



## മാനവദർശനം

മുനി നാരായണ പ്രസാദ്

ഊട്ടി ഗുരുകുലത്തിൽ താമസിക്കുന്ന ദിവസങ്ങൾ. നാരായണഗുരുവിന്റെ ദർശനമാല എന്ന സംസ്കൃതകൃതിയെ ആധാരമാക്കി നടരാജഗുരു തയ്യാറാക്കിയ ബൃഹദ്ഗ്രന്ഥം പിഴവുകളൊന്നുമില്ലാതെ അച്ചടിച്ച് പ്രസിദ്ധീകരിക്കാൻ വേണ്ടി അതിന്റെ പ്രൂഫ് തിരുത്തുന്ന ജോലി നടക്കുന്നു.

അതിനിടയിൽ കണ്ണൂർ ജില്ലയിലുള്ള ഗുരുകുല സുഹൃത്തായ ഒരു മൗലവിയും അദ്ദേഹത്തിന്റെ അനുയായികളുമടങ്ങുന്ന ഒരു സംഘം ഗുരുകുലത്തിലെത്തി. ഇവിടെ താമസിച്ച് ഇവിടെ നടക്കുന്ന പഠനത്തിൽ ഒത്തുചേരുക മാത്രമാണ് ഉദ്ദേശം. മൂന്നുദിവസം അവരിവിടെ തങ്ങി.

നാരായണഗുരുവിന്റെ ദാർശനിക ചിന്തയുടെ സ്വഭാവം സാമാന്യമായി മനസിലാക്കാനുള്ള ക്ലാസാണ് അവർക്ക് വേണ്ടത്. ഗുരുവിന്റെ ബ്രഹ്മവിദ്യാപഞ്ചകത്തെ ആധാരമാക്കി ക്ലാസ് നടത്തി. അതിലെ അഞ്ച് ശ്ലോകങ്ങൾ നാലു ക്ലാസുകളിലായി പഠിപ്പിച്ചു തീർത്തു. മറ്റു പ്രധാനകൃതികളിലുള്ള പ്രധാനപ്പെട്ട ആശയങ്ങൾകൂടി ഇതിലേക്ക് കൊണ്ടുവരുകയും ചെയ്തു.

പിരിഞ്ഞുപോകുമ്പോൾ അവരുടെയെല്ലാം മുഖം സന്തോഷം കൊണ്ട് തിളങ്ങുന്നുണ്ടായിരുന്നു. അവരിലൊരാൾ പറഞ്ഞു:

"നാരായണഗുരുവിന്റെ ദർശനം മാത്രമല്ല ഞങ്ങൾ പഠിച്ചത്. ഖുറാനിലെ സത്യദർശനം ഉൾക്കൊള്ളേണ്ടതെങ്ങനെയാണെന്നും ഞങ്ങൾക്ക് മനസിലായി. എല്ലാ ഗുരുക്കന്മാർക്കും തെളിഞ്ഞുകിട്ടുന്നത് ഒരൊറ്റ സത്യദർശനമാണെന്ന സത്യം ഞങ്ങൾക്ക് ബോദ്ധ്യമായി. കോഴിക്കോട് ജില്ലയിൽ തിരുവമ്പാടിക്കടുത്ത് ഞങ്ങളുടെ ഒരു പഠനഗ്രൂപ്പുണ്ട്. അവിടെ വന്ന് സ്വാമിജി ഒരു ക്ലാസെടുക്കണം."

ഞാൻ സമ്മതിച്ചു.

ഈ പ്രപഞ്ചം ഒന്നുമാത്രമാണെന്നും അതിനെ സൃഷ്ടിക്കാൻ ഒരു ദൈവം മതിയെന്നുമുള്ള സത്യം മതവിശ്വാസികൾ മറക്കുന്നു. ആ ദൈവത്തിന്റെ സൃഷ്ടികളായി നമ്മളെയും സകലരെയും സകല ലോകങ്ങളെയും കണ്ട്, മനുഷ്യർ അന്യോന്യം സ്നേഹിക്കാനാണ് എല്ലാ മതങ്ങളും അനുശാസിക്കുന്നതെന്ന വിവേകം മതവിശ്വാസികൾക്ക് എന്നാണാവോ ഇനി ഉണ്ടാവുക?

ദൈവത്തിന്റെ കാരുണ്യം അനുഭവിച്ചുകൊണ്ട് നമ്മൾ ഓരോ നിമിഷവും ജീവിക്കുന്നു. അതേ കാരുണ്യവും സ്നേഹവും സഹജാതരോടും സഹജീവികളോടും കാണിച്ചു ജീവിക്കാൻ എല്ലാ മതങ്ങളും പഠിപ്പിക്കുന്നു. സ്നേഹിക്കാൻ പഠിപ്പിക്കുന്ന മതങ്ങൾ തമ്മിൽ പോരടിക്കുന്നു. എല്ലാം ദൈവത്തിന്റെ പേരിലും. ദൈവം ഇത് വല്ലതും അറിയുന്നുണ്ടോ ആവോ!

# ഗുരുസന്ദേശം മനുഷ്യസ്നേഹമാണ്



കടകംപള്ളി സുരേന്ദ്രൻ

ഗുരുസന്ദേശങ്ങൾക്ക് സാർവദേശീയവും സർവകാലികവുമായ പ്രസക്തിയുണ്ട്. കേരളത്തിൽ വംശീയ വിദ്വേഷം ഭീകരമായ തോതിൽ ആളിപ്പടരാതിരിക്കുന്നത് ഗുരു ജീവിച്ച മനുഷ്യത്വം പടർത്തിയ മണ്ണാണിവിടെയുള്ളത് എന്നതുകൊണ്ടുകൂടിയാണ്. എന്തായിരുന്നു യഥാർത്ഥ ഗുരുസന്ദേശം എന്ന ചോദ്യം മിക്കപ്പോഴും ഉയരാറുണ്ട്. ഒരു സംശയവും വേണ്ട. മനുഷ്യസ്നേഹമായിരുന്നു ഗുരുവിന്റെ സന്ദേശം. ആ സ്നേഹത്തിൽ ജാതിയുടെയോ മതത്തിന്റെയോ വേർതിരിവില്ല. അത്തരം വേർതിരിവുകൾ കല്പിക്കാൻ ആരെങ്കിലും ശ്രമിച്ചാൽ ഗുരു അത് സഹിക്കുമായിരുന്നില്ല. അങ്ങനെയുള്ള ഗുരുവിനെത്തന്നെ ജാതിയുടെയോ മതത്തിന്റെയോ വേലികെട്ടി അതിനുള്ളിൽ പ്രതിഷ്ഠിക്കാൻ ആരെങ്കിലും ശ്രമിച്ചാലോ? അതിൽകവിഞ്ഞ ഗുരുനിന്ദയുണ്ടാവാനില്ല. അക്കാര്യം ഓർമ്മിക്കണം. ഓർമ്മിച്ചാൽ മാത്രം പോര, അത്തരം ശ്രമങ്ങൾക്കെതിരായി ജാഗ്രത പുലർത്തണം. ആ ജാഗ്രതയുണ്ടായില്ലെങ്കിൽ ഗുരു എന്തിനൊക്കെ വേണ്ടി നിലകൊണ്ടോ അതിനൊക്കെ എതിരായ പക്ഷത്തേക്ക് ഗുരുവിനെ തട്ടിയെടുത്ത് കൊണ്ടുപോയി പുനഃപ്രതിഷ്ഠിക്കാനുള്ള ശ്രമങ്ങൾ ഉണ്ടാവും. ഗുരു എന്തിനൊക്കെ എതിരെ പൊരുതിയോ അതിന്റെയൊക്കെ വക്താവായി ഗുരുവിനെത്തന്നെ അവതരിപ്പിക്കാനുള്ള ശ്രമങ്ങൾ ഉണ്ടാവും. അതുണ്ടായിക്കൂടാ. അത്തരം ദുർവ്യാഖ്യാനങ്ങൾ അനുവദിക്കില്ല എന്ന് ഉറച്ചുപ്രഖ്യാപിക്കാൻ കഴിയണം.

'മനുഷ്യാണാം മനുഷ്യത്വം ജാതി' എന്നു പറഞ്ഞ മഹാനുഭാവനാണ് ശ്രീനാരായണ ഗുരു. എന്താണ് ആ വരിയുടെ അർത്ഥം? മനുഷ്യന്റെ ജാതി മനുഷ്യത്വം ആണ് എന്നുതന്നെ. 'മതമേതായാലും മനുഷ്യൻ നന്നായാൽ മതി' എന്നാണ് ഗുരു പഠിപ്പിച്ചത്. ജാതിയെയും മതത്തെയും കുറിച്ചുള്ള ഗുരുവിന്റെ കാഴ്ചപ്പാടാകെ ഈ വാക്കുകളിലുണ്ട്. എന്നിട്ടും അതൊന്നും മനസിലാവാത്തപോലെ, ഇന്ന് ചിലർ പെരുമാറുന്നു. ഇത് നിർഭാഗ്യകരമാണ്.

ഗുരുവിന് ജാതിയില്ല എന്ന് മനസിലാക്കണം. ഗുരുവിന് മതമില്ല എന്ന് മനസിലാക്കണം. ലോകത്ത് മനുഷ്യരായിപ്പിറന്ന മുഴുവനാളുകൾക്കും എല്ലാ കാലവും ഗുരുവായിരിക്കേണ്ട ഒരു മഹാവ്യക്തിത്വത്തെ നമ്മുടെ പരിമിതമായ കാഴ്ചവട്ടത്തിനുള്ളിലെ ഒരു ജാതിയിലോ മതത്തിലോ ആയി തളച്ചിടുന്നത് ശരിയാണോ?

ഗുരുവിന്റെ ജാതി എന്താണ് എന്ന് ഒരാൾ ഒരിക്കൽ ഗുരുവിനോടുതന്നെ ചോദിച്ചതും ഗുരു അതിന് കൃത്യമായി മറുപടി പറഞ്ഞതും ചരിത്രം കൃത്യമായിത്തന്നെ രേഖപ്പെടുത്തിയിട്ടുണ്ട്. 'നാം ജാതിഭേദം വിട്ടിട്ട് ഇപ്പോൾ ഏതാനും വത്സരങ്ങൾ കഴിഞ്ഞിരിക്കുന്നു. എന്നിട്ടും ചില പ്രത്യേക വിഭാഗക്കാർ നമ്മെ അവരുടെ വിഭാഗത്തിൽപ്പെട്ടവനായി വിചാരിക്കുന്നു. അക്കാരണത്താൽ പലർക്കും നമ്മുടെ വാസ്തവത്തിന് വിരുദ്ധമായ ധാരണയ്ക്കിടവന്നിട്ടുണ്ടെന്നും അറിയുന്നു. നാം ഒരു പ്രത്യേക ജാതിയിലോ മതത്തിലോ ഉൾപ്പെടുന്നില്ല. ഈ വസ്തുത പൊതുജനങ്ങളുടെ അറിവിലേക്കായി പ്രസിദ്ധം ചെയ്യിരിക്കുന്നു.' ഇതാണ് ഗുരുവിന്റേതായി ചരിത്രം അടയാളപ്പെടുത്തിയിട്ടുള്ള വാക്കുകൾ. ഒരു സംശയത്തിനും ആ വാക്കുകൾ പഴുതുനൽകുന്നില്ല. എന്നിട്ടും ഗുരു മതാചാര്യനാണെന്നു പറഞ്ഞാലോ? ഇക്കാര്യങ്ങളിൽ അന്തിമമായി ഗുരുവിന്റെ സ്വന്തം വാക്കുകൾ തന്നെയുള്ളപ്പോൾ വ്യാഖ്യാതാക്കൾ ആയി നടിച്ച് ആരും പുത്തൻ ഭാഷ്യവുമായി ഇറങ്ങേണ്ടതില്ല. ഗുരുവിന്റെ ജാതിയില്ലാ വിളംബരത്തിന്റെ നൂറാം വാർഷികം പിന്നിട്ട ഘട്ടത്തിൽ ഇതാണ് നാം മനസിലുറപ്പിക്കേണ്ട പ്രധാന കാര്യം.

1924 ലാണ്, ശ്രീനാരായണഗുരു സർവമത സമ്മേളനം എന്ന സങ്കല്പം മുന്നോട്ടുവയ്ക്കുകയും അത് പ്രാവർത്തികമാക്കുകയും ചെയ്തത്. 'വാദിക്കാനും ജയിക്കാനുമല്ല, അറിയാനും അറിയിക്കാനുമാണ് ഈ സമ്മേളനം' എന്ന് സമ്മേളനപ്പന്തലിൽ എഴുതിവച്ചു അദ്ദേഹം. എന്താണ് അതിനർത്ഥം? മതങ്ങൾ തമ്മിൽ വാദിച്ച് കലഹിക്കരുത് എന്നുതന്നെ! 'പല മതസാരവുമേകം' എന്ന് പഠിപ്പിച്ച ഗുരു ഇങ്ങനെ ചെയ്തില്ലെങ്കിലേ അത്ഭുതപ്പെടാനുള്ളൂ. 'ജാതിഭേദം, മതദ്വേഷം, ഏതുമില്ലാതെ സർവരും സോദരത്വേന വാഴുന്ന മാതൃകാ സ്ഥാനം' എന്നതായിരുന്നല്ലോ ഗുരുവിന്റെ സങ്കല്പം. അരുവിപ്പുറമായാലും ചെമ്പഴന്തിയായാലും ശിവഗിരിയായാലും ഗുരുവുമായി ബന്ധപ്പെട്ട ഏത് സ്ഥാനവും സ്ഥാപനവും എല്ലാവർക്കുമായി എന്നും തുറന്നിരിക്കേണ്ടതാണ്.

എസ്.എൻ.ഡി.പി യോഗത്തിന്റെ സമ്മേളനത്തിൽ ഗുരു അവസാനം പങ്കെടുത്തത് കോട്ടയത്തുവച്ചാണ്. ആ സമ്മേളനത്തിൽവച്ച് ഗുരു നൽകിയ സംഘടനാസന്ദേശം എല്ലാവരും മനസിലുറപ്പിക്കണം. 'സംഘടനയുടെ ഉദ്ദേശ്യം ഒരു പ്രത്യേക വർഗക്കാരെ മാത്രം ചേർത്ത് ഒരു സമുദായത്തെ സൃഷ്ടിക്കുക എന്നതാവരുത്' എന്നാണ് ആ അവസാന സമ്മേളനത്തിൽ പങ്കെടുത്തുകൊണ്ട് ഗുരു ഓർമ്മിപ്പിച്ചത് എന്ന കാര്യം വിസ്മരിച്ചുകൂടാ. നമ്മുടെ സംഘടന എല്ലാമനുഷ്യരെയും ഒന്നായി ചേർക്കുന്നതായിരിക്കണം എന്നുകൂടി ഗുരു അന്ന് പറഞ്ഞുവച്ചു. ഇതിൽനിന്നൊക്കെ ഗുരുവിന്റെ ജാതിയെക്കുറിച്ചും മതത്തെക്കുറിച്ചുമുള്ള സങ്കല്പം വ്യക്തമാവുന്നുണ്ട്. ഇത് കണ്ടില്ലെന്ന് നടിച്ചുകൊണ്ട് ഗുരുവിനെ ജാതി മത കള്ളികളിലേക്ക് പരിമിതപ്പെടുത്താൻ ചിലർ ശ്രമിക്കുന്നതിനെ ഗുരുവിനെ ആദരിക്കുന്നവർ എതിർക്കേണ്ടതുണ്ട്.

മതമേതായാലും മനുഷ്യൻ നന്നായാൽ മതി എന്നാണ് ഗുരു പറഞ്ഞത്. മതമേതായാലും എന്നുള്ളത് ശ്രദ്ധിക്കണം. മതമേതായാലും കുഴപ്പമില്ല എന്നും ഒരു മതവും ഇല്ലെങ്കിലും കുഴപ്പമില്ല എന്നും അല്ലേ അതിന്റെ ശരിയായ അർത്ഥം. മതത്തിനല്ല, മനുഷ്യനാണ് പ്രാധാന്യം എന്നല്ലേ ഗുരു ഉദ്ദേശിച്ചത്. ഇത്രയേറെ പുരോഗമനപരമായി ഉണർന്നു ചിന്തിച്ച ഗുരുവിനെ ഏതെങ്കിലും ഒരു മതത്തിന്റെ കള്ളിയിലൊതുക്കണോ? ഗുരുവിനെ താഴ്ത്തിക്കെട്ടലല്ലേ അത് എന്ന് ആലോചിക്കണം. മതത്തിന് പ്രാധാന്യം കല്പിക്കുന്ന ഒരാൾക്ക് മുമ്പോട്ടുവയ്ക്കാവുന്ന ചിന്തയല്ല 'മതമേതായാലും' എന്നത്. മതം അപ്രധാനവും മനുഷ്യൻ പ്രധാനവും എന്ന അർത്ഥത്തിൽ തന്നെയാണത് മനസിലാക്കേണ്ടത്. പക്ഷേ, ഒരു കാര്യമുണ്ട്. മതം അദ്ദേഹത്തിന്റെ വിമർശനപരമായ വിലയിരുത്തലുകൾക്ക് അധികം വിഷയമായിട്ടില്ല. അതിന് കാരണവുമുണ്ട്. മതാന്ധതയേക്കാൾ ജാത്യാന്ധത നിറഞ്ഞ ഒരു സമൂഹമായിരുന്നു അദ്ദേഹത്തിന് മുമ്പിൽ. അതുകൊണ്ടുതന്നെ ജാതിയുടെ അന്ധത തുടച്ചുനീക്കുന്നതിലായി അക്കാലത്ത് അദ്ദേഹത്തിന്റെ അടിയന്തരശ്രദ്ധ.

ഈ ജാതീയതയാകട്ടെ, സവർണർ എന്നു വിശേഷിപ്പിക്കപ്പെട്ടവർക്കും അവർണർ എന്ന് വിശേഷിപ്പിക്കപ്പെട്ടവർക്കുമിടയിൽ മാത്രമായിരുന്നില്ല. ഈഴവരുടെ ഇടയിൽത്തന്നെയും അന്ന് ആഢ്യന്മാരും അല്ലാത്തവരും എന്ന വേർതിരിവുണ്ടായിരുന്നു. ഈഴവസമുദായത്തിലെ ഒരു ആഢ്യപ്രമാണിയുടെ വീട്ടിൽ വിവാഹത്തിന്റെ സദ്യയ്ക്ക് ചെന്ന കുമാരനാശാനെ ആഢ്യന്മാരുടെ പന്തിയിലിരിക്കാൻ സമ്മതിക്കാതെ ഇറക്കിവിട്ട സംഭവമുണ്ട്. സ്വന്തം സമുദായത്തിലെ ആഢ്യപ്രമാണി ഇറക്കിവിട്ട ദിവസംതന്നെ എ.ആർ. രാജരാജവർമ്മ സ്വന്തം വീടിനകത്ത് ഒപ്പമിരുത്തി തനിക്ക് ഊണുനൽകിയ സംഭവം ആശാൻ കണ്ണീരോടെ പിന്നീട് അനുസ്മരിച്ചിട്ടുമുണ്ട്. സഹോദരൻ അയ്യപ്പൻ പിന്നീട് മിശ്രഭോജനം നടത്തിയപ്പോൾ ഈഴവപ്രമാണിമാരിൽ ചിലർതന്നെ അതിനെ എതിർത്തുവെന്നതും ചരിത്രം. ഈഴവർ അവർക്ക് താഴെയുള്ളതെന്ന് കരുതപ്പെട്ട ജാതിയിൽപ്പെട്ടവർക്ക് ഒപ്പമിരുന്ന് ആഹാരം കഴിക്കാൻ തയ്യാറായിരുന്നില്ല. ഇങ്ങനെയുള്ള ഒരു സമൂഹത്തിൽ ജാതിവിവേചനം ഗുരുവിന്റെ പ്രധാന പരിഗണനയായത് സ്വാഭാവികം മാത്രമാണ്.

> അവകാശങ്ങൾക്കുവേണ്ടി സംഘടിക്കണമെന്നല്ലാതെ മറ്റ് വിഭാഗങ്ങൾക്കെതിരെ സംഘടിക്കണമെന്നല്ല ഗുരു പറഞ്ഞിട്ടുള്ളത്. മാനവികതയുടെ മഹാസന്ദേശമാണ് ഗുരു നൽകിയത്. ജാതീയതയുടെ സങ്കുചിത സന്ദേശമല്ല. അയിത്തത്തിന്റെ രൂക്ഷതയ്ക്കെതിരായി ഗാന്ധിജി തന്റെ 'ഹരിജൻ' എന്ന പ്രസിദ്ധീകരണത്തിൽ ലേഖനമെഴുതിയതിന് പിന്നിലും ശ്രീനാരായണ ചിന്തകളുടെ സ്വാധീനമുണ്ട്

ഗുരു വിഗ്രഹപ്രതിഷ്ഠ നടത്തി എന്നുപറഞ്ഞ് വിഗ്രഹപ്രതിഷ്ഠകൾ വ്യാപകമാക്കാനും, ഗുരു ക്ഷേത്രം സ്ഥാപിച്ചു എന്നുപറഞ്ഞ് ക്ഷേത്രങ്ങൾ കൂടുതലായി നിർമ്മിക്കാനും ഇക്കാലത്ത് ശ്രമം നടക്കുന്നുണ്ട്. വിഗ്രഹങ്ങളുടെയും ക്ഷേത്രങ്ങളുടെയും കാര്യത്തിൽ ഗുരു എന്താണ് അർത്ഥമാക്കിയത് എന്നത് കാണാതിരുന്നുകൂടാ. അരുവിപ്പുറത്ത് ശിവപ്രതിഷ്ഠ നടത്തിയ ഗുരു പിന്നീട് ചിലയിടങ്ങളിൽ പ്രതീകങ്ങളെയാണ് പ്രതിഷ്ഠിച്ചത്. കളവങ്കോടത്താകട്ടെ കണ്ണാടിയാണ് പ്രതിഷ്ഠിച്ചത്. ചിലയിടത്ത് അക്ഷരം പ്രതിഷ്ഠിച്ചു. മറ്റുചിലയിടത്ത് ദീപം പ്രതിഷ്ഠിച്ചു. വിഗ്രഹത്തിനും വിഗ്രഹാരാധനയ്ക്കും അമിതപ്രാധാന്യം കല്പിച്ചിരുന്നെങ്കിൽ ഗുരു കണ്ണാടിയും മറ്റും പ്രതിഷ്ഠിക്കുമായിരുന്നോ? കളവങ്കോടത്ത് കണ്ണാടി പ്രതിഷ്ഠിച്ചതിലൂടെ ഗുരു പകരാൻ ശ്രമിച്ച അർത്ഥം 'നിങ്ങൾ നിങ്ങളെത്തന്നെ മനസിലാക്കണം' എന്നതല്ലേ? അത് കാണാതിരിക്കാൻ പാടുണ്ടോ? കാരമുക്കിൽ ഗുരു പ്രതിഷ്ഠിച്ചത് ദീപമാണ്. മനസിൽനിന്ന് ഇരുട്ട് അകലണമെന്ന സന്ദേശമല്ലേ അതിനുപിന്നിലുള്ളത്. മുരുക്കുംപുഴയിൽ സത്യം, ധർമ്മം, ദയ, ശാന്തി എന്നീ വാക്കുകളാണ് ആലേഖനം ചെയ്ത് പ്രതിഷ്ഠിച്ചത്. ഈ മൂല്യങ്ങളിൽ സമൂഹം അടിയുറച്ചുനിൽക്കണം എന്നതല്ലേ അതിനർത്ഥം?

ഗുരു നടത്തിയ വിഗ്രഹപ്രതിഷ്ഠകൾക്ക് ചില സന്ദേശങ്ങൾ സമൂഹത്തിന് കൊടുക്കുക എന്നതിൽ കവിഞ്ഞ ഒരു പ്രാധാന്യവും ഗുരു കല്പിച്ചിരുന്നില്ല എന്ന് ഞാൻ പറയുന്നത് ഗുരുവിന്റെതന്നെ വാക്യം മുൻനിറുത്തിയാണ്. അരുവിപ്പുറത്ത് ശിവപ്രതിഷ്ഠ നടത്തിയത് ഒരു അവകാശം സ്ഥാപിക്കാനും സാമുദായികമായ ഉച്ചനീചത്വങ്ങളുടെ പൊള്ളത്തരം തുറന്നുകാട്ടാനുമാണ്. അക്കാലത്ത് ബ്രാഹ്മണർക്കേ വിഗ്രഹം പ്രതിഷ്ഠിക്കാൻ അധികാരമുണ്ടായിരുന്നുള്ളൂ. ആ അധികാരവും അവകാശവും അവരിൽനിന്നും സാധാരണക്കാരനുവേണ്ടി പിടിച്ചെടുക്കുകയായിരുന്നു ഗുരു ആ പ്രതിഷ്ഠാകർമ്മത്തിലൂടെ. ഗുരുതന്നെ ഒരു ഘട്ടത്തിൽ പറഞ്ഞില്ലേ, 'ഇനി ക്ഷേത്രനിർമ്മാണമല്ല, വിദ്യാലയ നിർമ്മാണമാണ് ജനതയ്ക്ക് വേണ്ടത്' എന്ന്? പ്രധാന ദേവാലയം വിദ്യാലയം തന്നെയാകണം എന്നും ഗുരു പറഞ്ഞു. അതിന്റെ അർത്ഥം മനസിലാക്കാനും മഹത്തായ മാനവികസന്ദേശങ്ങളുടെ സത്ത ഉൾക്കൊള്ളാനുമാകണം നമുക്കെല്ലാവർക്കും.


'സംഘടനകൊണ്ട് ശക്തരാകണം' എന്ന മുദ്രാവാക്യം അക്കാലത്ത് എത്രയോ പുരോഗമനപരമായിരുന്നുവെന്നും ഇക്കാലത്തും അത് എത്രയോ പ്രസക്തമാണെന്നും ആലോചിക്കുക. മറ്റൊരു ഗുരുവും ഇങ്ങനെ പറഞ്ഞിട്ടില്ല എന്നും ഓർക്കുക. വടക്ക് തീയമഹാസഭയും തെക്ക് ഈഴവ മഹാസഭയും ഉള്ളഘട്ടത്തിൽ ശ്രീനാരായണഗുരു രൂപപ്പെടുത്തിയ സംഘടനയ്ക്ക് അദ്ദേഹം ജാതിപ്പേരല്ല നൽകിയത് എന്നും ഓർമ്മിക്കണം. അവകാശങ്ങൾക്കുവേണ്ടി സംഘടിക്കണമെന്നല്ലാതെ മറ്റ് വിഭാഗങ്ങൾക്കെതിരെ സംഘടിക്കണമെന്നല്ല അദ്ദേഹം പറഞ്ഞിട്ടുള്ളത് എന്നും ഓർമ്മിക്കണം. മാനവികതയുടെ മഹാസന്ദേശമാണ് ഗുരു നൽകിയത്. അല്ലാതെ ജാതീയതയുടെ സങ്കുചിത സന്ദേശമല്ല. അയിത്തത്തിന്റെ രൂക്ഷതയ്ക്കെതിരായി ഗാന്ധിജി തന്റെ 'ഹരിജൻ' എന്ന പ്രസിദ്ധീകരണത്തിൽ ലേഖനമെഴുതിയതിന് പിന്നിൽപോലും ശ്രീനാരായണ ചിന്തകളുടെ സ്വാധീനമുണ്ട് എന്നുകാണാം.

ജാതിഭേദവും മതദ്വേഷവുമില്ലാത്ത ഒരു കേരളത്തെയാണ് ശ്രീനാരായണഗുരു സ്വപ്നം കണ്ടത്. സഹോദരങ്ങളായി എല്ലാവരും പാർക്കുന്ന മാതൃകാസ്ഥാനമായാണ് അദ്ദേഹം കേരളത്തെ സങ്കല്പിച്ചത്.

ഏതുനിമിഷത്തിലും ജനാധിപത്യത്തെപ്പോലും റദ്ദാക്കിക്കൊണ്ട് വർഗീയത ഫാസിസ്റ്റ് രൂപത്തിൽ ഇന്ത്യയ്ക്കുമേൽ പിടിമുറുക്കാമെന്ന നില. ഈഘട്ടത്തിൽ മതനിരപേക്ഷതയ്ക്കുവേണ്ടിയുള്ള പോരാട്ടങ്ങൾക്കായി പുനരർപ്പണം നടത്തുക എന്നതാണ് നമുക്ക് ചെയ്യാനുള്ളത്. മതനിരപേക്ഷതയുടെ മൂല്യങ്ങൾ മുൻനിറുത്തിയുള്ള പോരാട്ടങ്ങൾക്ക് വേണ്ടത്ര ഊർജ്ജം പകരുന്നതാണ് എന്നും ശ്രീനാരായണ ഗുരുവിന്റെ ചിന്തകൾ.

*(വിശ്വസംസ്കാര വേദിയുടെ ആഭിമുഖ്യത്തിൽ തിരുവനന്തപുരത്ത് നടന്ന ശ്രീനാരായണ ദർശന അന്തർദേശീയ ശില്പശാല ഉദ്ഘാടനം ചെയ്ത് മന്ത്രി നടത്തിയ പ്രസംഗത്തിന്റെ പ്രസക്തഭാഗങ്ങളിൽനിന്ന്)*

# കൈനകരിയെ മാതൃകാ കാർഷിക ടൗൺഷിപ്പാക്കണം



വി.ശശികുമാർ

കുട്ടനാട്ടിൽ വെള്ളമിറങ്ങി പോയിട്ടും, വേമ്പനാട്ടുകായലിൽ വെള്ളം താന്ന കടലിൽ നിന്നും വെള്ളം തിരിച്ചു കയറാൻ തുടങ്ങിയിട്ടും കൈനകരിയിലെ കുട്ടമംഗലത്തു കാർ വെള്ളത്തിൽ തന്നെ ആണ്. കാരണം അവരുടെ വീടുകൾ കായൽ ബണ്ടുകളിൽ നിന്നും താഴ്ന്ന പാടത്തിനോട് ചേർന്നു കിടക്കുന്നു. പാടത്തെ വെള്ളം വറ്റി കഴിഞ്ഞാൽ മാത്രമേ ഇവരുടെ വീടും പരിസരവും വൃത്തിയാകൂ. ഈ പ്രളയകാലാരംഭം മുതൽ ഇവർ ക്യാമ്പുകളിലായിരുന്നു.

ഇവിടത്തെ എസ്.എൻ. ഡി. പി. സ്കൂൾ പ്രവർത്തിക്കാതായിട്ടു രണ്ടു മാസമായിരുന്നു. ആദ്യ പ്രളയകാലത്ത് ക്യാമ്പായിരുന്ന ഈ സ്കൂൾ. രണ്ടാം പ്രളയത്തിൽ ഈ ക്യാമ്പിലുള്ളവരോടൊപ്പം മറ്റു ക്യാമ്പിലുള്ളവർ ഒഴിഞ്ഞു പോകാൻ പറഞ്ഞപ്പോൾ തന്നെ ഈ കർഷകരും, കർഷകത്തൊഴിലാളികളും സർക്കാർ കൊണ്ട് വിട്ട ക്യാമ്പുകളിൽ പോയി താമസിച്ചു. അവരുടെ പൊന്നോണം ആ ക്യാമ്പുകളിൽ തന്നെ ആയിരുന്നു.

ഈ ദേശത്തെ കർഷകരുടെ സാമ്പത്തിക നില സംരക്ഷിക്കുന്നതും, ഭൂഉടമകൾക്ക് പാട്ടതുക നൽകാൻ സ്വർണം പണയം വാങ്ങി സഹായം ഏറ്റെടുത്തിരുന്നതുമായ കുട്ടമംഗലത്തെ സൊസൈറ്റിയിലെ എല്ലാ റെക്കാഡുകളും രസീതും, പ്രമാണങ്ങളും നനഞ്ഞു പോയി. രണ്ടര കോടിയോളം വില വരുന്ന സ്വർണവും, പണവും ആലപ്പുഴയിലെ ബാങ്കിലേക്ക് മാറ്റിയതിനാൽ അത് സുരക്ഷിതമായി. കുട്ടനാട്ടിൽ ജലഗതാഗതത്തെ മാത്രം ആശ്രയിക്കുന്ന ഏക പഞ്ചായത്തിലെ കൈനകരിയിലെ ഒന്ന് മുതൽ അഞ്ചുവരെ വാർഡുകളാണ്. വേമ്പനാടിനോട് ചേർന്ന് കിടക്കുന്ന ഈ പഞ്ചായത്തു മഴക്കാലത്തു വെള്ളത്തിൽ തന്നെ ആണ്.

റാണി, ചിത്തിര, മാർത്താണ്ഡം കായലും ഈ പഞ്ചായത്തിലാണ്. കായൽ ഉടമകൾ, ആലപ്പുഴ,, കോട്ടയം, തിരുവനന്തപുരം എറണാകുളം എന്നിവിടങ്ങളിലും. വിദേശങ്ങളിലും അവരിൽ നിന്നും പാട്ടത്തിനെടുത്തു കൃഷി ചെയ്തിരുന്നത് കൈനകരിയിലെ ചെറുകിട കർഷകരും തൊഴിലാളികളാണ്. ഈ കായലിനു ചുറ്റുമായി ധാരാളം പേർ വസിക്കുന്നുമുണ്ട്. എന്നാൽ റാണി. ചിത്തിരക്കു ചുറ്റും വിരലിൽ എണ്ണാവുന്ന വീടുകൾ മാത്രമേ ഉള്ളൂ. പല ടൂറിസ്റ്റു ഓപ്പറേറ്റർ മാരും, തദ്ദേശവാസികളെയും, രാഷ്ട്രീയ ക്കാരെയും സ്വാധീനിച്ചു കായലുകൾ വാങ്ങി ടൂറിസത്തിനും, റിസോർട്ടുകളും ഉണ്ടാക്കാനുള്ള ശ്രമം നടന്നിരുന്നു. കൈനകരിയിൽ ആകെ ഉള്ള 26 പാടങ്ങളിൽ, 22 ഇടത്ത് രണ്ടാം കൃഷി ഉണ്ട് 2100 ഹെക്ടർ ഒറ്റക്കൃഷി ചിത്തിര മാർത്താണ്ഡം റാണി, സി ബ്ലോക് ഇരുപ്പൂ കൃഷി ഇടങ്ങളിൽ ജൂൺ ജൂലൈ മാസങ്ങളിൽ വിത്തു പാകി 130 ദിവസം കഴിയുമ്പോൾ വിളവെടുക്കുന്ന (സെപ്തംബർ) രാസവളവും, കീടനാശിനികളുമാണ് ഉപയോഗിക്കുന്നത്. ഇത് കൂടാതെ കള മാറ്റുവാൻ കള നാശിനികളും ഉപയോഗിക്കുന്ന (നിരോധിക്കപ്പെട്ട കളനാശിനിയും ഉപയോഗിക്കുന്നുണ്ട്. ഇവിടുത്തെ കാൻസർ രോഗികളുടെ കണക്കു നോക്കുക ) ഫലം പരമ്പരാഗത മത്സ്യ സമ്പത്തും കക്കയും ജീവജാലങ്ങളും ഇല്ലാതായി. കുട്ടനാടിന്റെ മത്സ്യമായ കരിമീനും കുറഞ്ഞു.

> ഭാവന സമ്പന്നരും പ്രായോഗിക പരിജ്ഞാനവുമുള്ളവരുമായ നമ്മുടെ പ്ലാനിംഗ് ബോർഡ് അംഗങ്ങൾ കൈനകരിയും പ്രത്യേകിച്ച് കുട്ടമംഗല പ്രദേശങ്ങളും നേരിട്ട് കണ്ടു വിലയിരുത്തി സേവ് കൈനകരിപാക്കേജ് ഉണ്ടാക്കുമെന്ന് പ്രതീക്ഷിക്കട്ടെ

പാടശേഖര സമതികളാണ് കൃഷിക്ക് മേൽനോട്ടം നടത്തുന്നത്. പൂർത്തിയാകാത്ത പാലം കൈനകരിയിലെ ഒന്നു മുതൽ അഞ്ചു വരെ വാർഡുകൾക്കു പ്രയോജനകരമാകുന്ന രണ്ടു പാലങ്ങൾ കോടികൾ മുടക്കി പൂർത്തിയാക്കി ഇട്ടിട്ടും അതിനെ ബന്ധിപ്പിക്കാനുള്ള റോഡുകൾ ഇനിയും ഉണ്ടാക്കപ്പെട്ടിട്ടില്ല


പ്രളയത്തെ അതി ജീവിച്ച കുട്ടനാടൻ കർഷകരും കടലിൽ പോകുന്ന മത്സ്യ തൊഴിലാളികളെയും പോലെ 'കിട്ടിയാൽ കിട്ടി പോയാൽ പോയി' എന്ന ജീവിത തത്വ ശാസ്ത്രം സ്വീകരിച്ച വരാണെന്നു തോന്നിപോയി ഇവരുടെ ജീവിതവും മറ്റുള്ളവരെ പോലെ ആക്കി തീർക്കാൻ പൊതു സമൂഹത്തിനും സർക്കാരിനും ഉത്തരവാദിത്തം ഇല്ലേ? ഇവരും മലയോരകർഷകരെപ്പോലെ തന്നെ ആണ്. പക്ഷെ നല്ലൊരു ശതമാനവും കർഷക തൊഴിലാളികളാണ്. കടൽ തീരത്തും മലയോരങ്ങളിലും വസിക്കുന്നവർ അവരുടെ തൊഴിലിടങ്ങൾ വിട്ടു പോകാൻ തയ്യാറാവില്ല. ഇപ്പോൾ കൃഷിമന്ത്രി കുട്ടനാട്ടിലെ കൃഷി സംരക്ഷിക്കാനും ഒരു വിദഗ്ധ സംഘത്തെ നിയോഗിച്ചിട്ടുണ്ട്. അതിൽ കൃഷി മാത്രമേ ഉള്ളൂ. കൃഷി, റവന്യൂ, തദ്ദേശ, വിദ്യാഭ്യാസ, ആരോഗ്യ വകുപ്പ് മന്ത്രിമാർ ഒത്തു ചേർന്നിരുന്നു ആലോചിച്ചു നിർണായകമായ തീരുമാനം എടുക്കേണ്ടതാണ്. എന്നാൽ ഇവരുടെ ജീവിതം സുരക്ഷിതമാക്കാനും ആവാസ കേന്ദ്രങ്ങൾക്കും തൊഴിലിടങ്ങളിലേക്കു അനായാസം പോകാനുമുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തി ആവാസ യോഗ്യമല്ലാത്തവരെ ഒരു ടൗൺഷിപ്പ് ഉണ്ടാക്കി ഒരു മാതൃക കൃഷി ഗ്രാമം ഉണ്ടാക്കാൻ സർക്കാർ തയ്യാറായിരുന്നെങ്കിൽ.

ഭാവന സമ്പന്നരും പ്രായോഗിക പരിജ്ഞാനവുമുള്ളവരുമായ നമ്മുടെ പ്ലാനിംഗ് ബോർഡ് അംഗങ്ങൾ കൈനകരിയിലും പ്രത്യേകിച്ച, കുട്ടമംഗല പ്രദേശങ്ങളും നേരിട്ട് കണ്ടു വില ഇരുത്തി സേവ് കൈനകരി പാക്കേജ് ഉണ്ടാക്കുമെന്ന് പ്രതീക്ഷിക്കട്ടെ

*(ലേഖകന്റെ ഫോൺ: 9447057788)*

ഒരു ജാതി ഒരു മതം ഒരു ദൈവം

പൂരുരുട്ടാതി 43- 27
ചതുർദ്ദശി 02 - 39
1940 ആശ്വിനം 02
1439 മുഹറം 13
1194 കന്നി 08



## ഗുരുസാഗരം

# സൃഷ്ടികണ്ട് രസിക്കരുത് പ്രളയംകണ്ട് ഭയക്കരുത്

സജീവ്കൃഷ്ണൻ

അദ്ധ്യാത്മജ്ഞാനം പുസ്തകപാരായണത്തിലൂടെയോ പഠനക്ലാസുകളിലൂടെയോ ലഭിക്കുന്നതല്ല. ഇവരണ്ടും അതിലേക്ക് ശ്രദ്ധയെ ഉണർത്തുന്ന ഉപാധികൾ മാത്രമാണ്. വേദവും വേദാന്തവും സ്വാദ്ധ്യായം ചെയ്താലേ തെളിഞ്ഞുവരൂ.

സ്വാദ്ധ്യായം ചെയ്യാനുള്ള കഴിവ് സാധനാപൂർണമായ ജീവിതത്തിലൂടെയാണ് നേടേണ്ടത്. മനസ്, സങ്കല്പം, ബുദ്ധി എന്നിവ ശുദ്ധമാക്കുക. ഇവ മൂന്നും ശുദ്ധമായാൽ വാക്ക് ശുദ്ധമാകും. വാക്ക് ശുദ്ധമായാൽ കർമ്മം ശുദ്ധമാകും. നല്ലത് ചിന്തിക്കുക, നല്ലതിനെക്കുറിച്ച് നല്ലസങ്കല്പത്താൽ മനനം ചെയ്യുക എന്നതാണ് മനസ് ശുദ്ധമാക്കാനുള്ള മാർഗം. ഒന്നിനെക്കുറിച്ചും മോശമായി ചിന്തിക്കാതിരുന്നാൽ ചിന്താശുദ്ധിലഭിക്കും. ചിന്താശുദ്ധിയിൽ നിന്ന് സങ്കല്പശുദ്ധി. ഇന്ദ്രിയങ്ങൾ കൊണ്ടുവരുന്ന എല്ലാ അനുഭവങ്ങൾക്കും പിന്നാലേപോകാതെ ഈശ്വരചിന്തയിൽ മനസിനെ നിറുത്തി ശാശ്വതമായതിനെ മാത്രം സ്വീകരിക്കാൻ തുടങ്ങുമ്പോൾ ബുദ്ധിസ്ഥിരത കൈവരും. അതിന് ധ്യാനം, യോഗാഭ്യാസം എന്നിവ ഉപയോഗിക്കാം. പൂർണപ്രജ്ഞനായ ഒരു ഗുരുവിലൂടെമാത്രമേ സാധനാപരിചയം നേടാവൂ. അപൂർണരായവരെ സമീപിച്ചാൽ അവർ ശരിയായ മാർഗം തടയും. സാധനാപരിചയത്തിന് സമീപിക്കുന്ന ഓരോ ഇടങ്ങളും അടുത്തഘട്ടത്തിലേക്ക് നീങ്ങുമ്പോൾ ഉപേക്ഷിക്കണം.

ശ്രീനാരായണഗുരുവിന്റെ സാധനാജീവിതം സസൂക്ഷ്മം ഉൾക്കൊണ്ടാൽ ഇക്കാര്യം ബോദ്ധ്യമാകും. കുടിപ്പള്ളിക്കൂടം മുതൽ കുമ്മംപള്ളി രാമൻപിള്ളയാശാനിലേക്ക് വരെ നീളുന്ന വിദ്യാഭ്യാസം. തൈക്കാട്ട് അയ്യാ ഗുരുവുമായുള്ള സഹവാസം, ചട്ടമ്പിസ്വാമിയുമായി നടത്തിയ സഹയാത്രകൾ, പിന്നെ എല്ലാ ബന്ധങ്ങളുമുപേക്ഷിച്ച ഏകാന്തവാസം, കഠിനതപസ്. മരുത്വാമലയിൽ ബോധോദയം. ബോധോദയത്തിനപ്പുറത്തേക്ക് കടക്കാൻ അരുവിപ്പുറത്ത് തുടർന്ന ആത്മാന്വേഷണം. ഒടുവിൽ സത്യസാക്ഷാത്കാരം. ഇതാണ് ഗുരുവിന്റെ സാധനാ ജീവിതഘട്ടങ്ങൾ. ചരിത്രം പഠിക്കുന്നവർക്ക് ഈ ഘട്ടങ്ങളെ വായിച്ചറിയാം. എന്നാൽ പഴത്തിന്റെ തൊലിയെ കാണുംപോലെയാണ് ഈ അറിവ്. പുറംതൊലി പൊളിച്ചാൽ അകത്ത് ഫലം കാണാം. ഗുരുവിനെ അറിയാൻ ശ്രമിക്കുന്നവരിൽ ഭൂരിഭാഗം പേർക്കും ചരിത്രമാകുന്ന തൊലിപ്പുറം പൊളിക്കാൻ സാധിക്കില്ല. ബോധപൂർവം ചില അവ്യക്തതകൾ ഇട്ട് ചരിത്രത്തിന്റെ ചിലഭാഗങ്ങൾ മറച്ചിരിക്കുകയാണ് ഗുരു. അത് ഗുരുവിന്റെ പരീക്ഷണമാണ്. അർഹതയുള്ളവർക്കുമുന്നിൽ മാത്രമേ അവ്യക്തതമാറി അകത്തേക്ക് കടക്കാൻ സാധിക്കൂ. അകത്തെത്താൻ കഴിഞ്ഞാൽ ഭഗവാന്റെ ജീവിതവഴികൾ ഒട്ടും മറവില്ലാതെ കിടക്കുന്നതുകാണാം. അവയിലൂടെയുള്ള യാത്ര നമ്മെ ഒടുവിൽ എത്തിക്കുന്നത് ദർശനമാലയിലാണ്. ശരിയായ ശുചിത്വബോധം, ഭക്തി, ധർമ്മബോധം എന്നിവയാണ് ഗുരുകൃതികളിൽ നിന്ന് ലഭിക്കുന്ന സാധനാപരിചയങ്ങൾ. ഇതൊക്കെ ശീലിച്ച് ഉള്ളിൽ ഉറപ്പിക്കുന്ന പ്രക്രിയയാണ് സ്വാദ്ധ്യായം. ദർശനമാല വിചാരം ചെയ്ത് പഠിക്കുമ്പോൾ സ്വാദ്ധ്യായം ഇല്ലെങ്കിൽ നമുക്കിതൊന്നും പിന്തുടരാൻ സാധിക്കില്ല. ഇത്തരം പഠനപ്രക്രിയകൾക്ക് ആളെണ്ണം കുറയുന്നതും ഇതുകൊണ്ടാണ്. ലോകജീവിതത്തിലെ പ്രലോഭനങ്ങൾ, അസൂയ, കുശുമ്പ് തുടങ്ങിയ വികാരങ്ങൾ എന്നിവകളൊന്നും മറികടക്കാൻ സാധിക്കാത്തവർക്ക് സാധനാജീവിതത്തിലെ അരുൾ, അൻപ്, അനുകമ്പ എന്നീഗുണങ്ങൾ ഉറയ്ക്കില്ല. ഇവ മൂന്നും സ്വയത്തമാക്കുമ്പോഴാണ് ഉള്ളിൽ ജ്ഞാനത്തിന്റെ ഉറവപൊട്ടുന്നത്. അറിവ് നമ്മിൽത്തന്നെ സ്വയം ഉണർന്നുവരുന്ന മാർഗമാണത്. ചിലർ ദർശനപ്രഭാഷണം നടത്തുന്നത് കേട്ടിട്ടില്ലേ? ഒരേ വിഷയം രണ്ടാമതൊരിടത്ത് സംസാരിക്കുമ്പോൾ ആദ്യം പറഞ്ഞതൊന്നും ആയിരിക്കില്ല അവിടെ പറയുന്നത്. നദി ഒഴുകുംപോലെയാണത്. ചിലർ അച്ചടിച്ചുവച്ചതുപോലെ സംസാരിക്കും. ഒരിക്കൽ പറയുന്നത് അതുപോലെ വീണ്ടും ഉരുവിട്ടുകൊണ്ടിരിക്കും. അത് സ്വാദ്ധ്യായമല്ല, അദ്ധ്യയനത്തിലൂടെ വശമാക്കിയ അറിവാണ്. സ്വാദ്ധ്യായം പരമഗുരുവിലേക്കുള്ള വഴി വെട്ടിത്തുറക്കുന്ന പ്രക്രിയയാണ്. ആ വഴി അദ്ധ്യാരോപദർശനത്തിലേക്കുള്ളതാണ്.

> സർവവും ഉണ്ടാകുന്നത് സൃഷ്ടി. തിരോഭവിക്കുന്നത് പ്രളയം

ഇല്ലാത്തതിൽ ഉള്ളതിനെ ആരോപിക്കുന്നതാണ് അദ്ധ്യാരോപം. ബോധമാകുന്ന സത്തയിൽ ഉണ്ടായി മറയുന്ന സങ്കല്പദൃശ്യങ്ങൾ ആരോപിച്ചുണ്ടാക്കിയതാണ് പ്രപഞ്ചം എന്ന അറിവാണ് അദ്ധ്യാരോപദർശനം. അതാണ് ബ്രഹ്മവിദ്യയെക്കുറിച്ചുള്ള പാഠ്യപദ്ധതിയിൽ മഹാഗുരു നമുക്ക് ആദ്യം പകർന്നുതരുന്ന അറിവ്. നിത്യമേത് അനിത്യമേത് എന്ന് പ്രപഞ്ചത്തിലെ ഓരോന്നിന്റെയും പൊരുൾ തൊട്ടെണ്ണിയാണ് നാം ഈ അറിവിലേക്ക് എത്തിച്ചേരേണ്ടത്. അതാണ് ദർശനമാലയിലെ ആദ്യപദ്യത്തെ ദർശിക്കാനുള്ള യോഗ്യത:

*ആസീദഗ്രേ f സദേവേദം*
*ഭുവനം സ്വപ്നവത് പുനഃ*
*സസർജ സർവം സങ്കല്പ -*
*മാത്രേണ പരമേശ്വരഃ*

സൃഷ്ടിയും പ്രളയവും തുടർ പ്രക്രിയകളാണ്. ഉണ്ടാകുന്നത് സൃഷ്ടി. ഉണ്ടായിവന്ന സത്തയിലേക്ക് അത് തിരോഭവിക്കുന്നത് പ്രളയം. ഈ രണ്ട് പ്രക്രിയകളുടെയും രഹസ്യം അന്വേഷിക്കലാണ് സത്യാന്വേഷണം. സത്യാന്വേഷണം ശാസ്ത്രാന്വേഷണമാണ്. ശരിയേതെന്നറിയലാണ് ശാസ്ത്രാന്വേഷണം. സൃഷ്ടിയും പ്രളയവും എന്നാൽ ഒരു കാൻവാസിൽ വരച്ചിരിക്കുന്ന ചിത്രം കാൻവാസ് ചുരുട്ടുമ്പോൾ മറയുകയും നിവർക്കുമ്പോൾ വീണ്ടും തെളിയുകയും ചെയ്യുന്നതുപോലെയാണ്. നാം ഉറക്കത്തിലേക്ക് വഴുതിവീഴുമ്പോൾ സ്വപ്നം കാണുന്നു. ഉറക്കം ആദ്യം ഒരു ഇരുളാണ് അനുഭവിപ്പിക്കുന്നത്. ആ ഇരുളിലാണ് നാം സ്വപ്നം കാണുന്നത്. ഉണരുമ്പോൾ അവയൊക്കെ മാഞ്ഞുപോകും. പ്രപഞ്ചം എങ്ങനെ ഉണ്ടായി എന്നത് മനുഷ്യനെ ബോദ്ധ്യപ്പെടുത്താൻ ദൈവം നൽകിയിരിക്കുന്ന ഉദാഹരണമാണിത്. അതുകൊണ്ടാണ് പ്രപഞ്ചത്തിന്റെ മിനിയേച്ചറാണ് ശരീരവും മനസും സങ്കല്പവും ബുദ്ധിയുമൊക്കെ അടങ്ങിയ നമ്മുടെ ദേഹം എന്നുപറയുന്നത്. സത്യം അറിയാൻ പുറമേ പ്രപഞ്ചദൃശ്യങ്ങൾ എടുത്തു പരിശോധിച്ചാൽ ഫലമുണ്ടാകില്ല. ഭൗതികശാസ്ത്രം അതാണ് ചെയ്യുന്നത്. അകമേ തിരയണം. പ്രപഞ്ചാനുഭവങ്ങളെ ഇന്ദ്രിയങ്ങളിൽനിന്നും സങ്കല്പങ്ങളിൽ നിന്നും മാറ്റിനിറുത്താൻ സാധന ചെയ്യണം. അപ്പോഴാണ് അവ്യക്തം എന്ന ആവരണം നാം കാണുന്നത്. അവിടെ എത്തുമ്പോൾ നമുക്ക് ലഭിക്കുന്ന അറിവിന്റെ ആദ്യപാഠമാണ് ദർശനമാലയുടെ ഒന്നാം പദ്യം. ഈ പ്രപഞ്ചം സൃഷ്ടിക്കുമുമ്പ് ഇതുപോലൊരു അവ്യക്താവസ്ഥയിലായിരുന്നു. അവിടെ നിന്ന് വീണ്ടും പരമേശ്വരനായ ബോധം സങ്കല്പംകൊണ്ട് എല്ലാം പഴയതുപോലെ ദൃശ്യമാക്കി. ദൃശ്യപ്രപഞ്ചത്തിന്റെ നിയന്ത്രണം ഏറ്റെടുത്ത് നിലകൊള്ളുന്ന അവസ്ഥയിലുള്ള പരമബോധത്തെയാണ് ഈശ്വരൻ എന്നു വിളിക്കുന്നത്. അതാണ് പരമേശ്വരൻ എന്ന വാക്കിൽ വിളങ്ങുന്ന തത്വം. പരമേശ്വരൻ എന്ന വാക്ക് നമുക്കങ്ങനെ വെറുതേ പറഞ്ഞ് കളയാവുന്ന ഒന്നല്ല. ഒന്നാം പദ്യം ഇങ്ങനെ പറഞ്ഞവസാനിപ്പിക്കാനുമാവില്ല. തുടരാം നമുക്ക് അടുത്തലക്കം.



## സാലറി ചലഞ്ച് ഉദ്യോഗസ്ഥർ തള്ളി: ചെന്നിത്തല

തിരുവനന്തപുരം: സർക്കാർ ജീവനക്കാരെ രണ്ട തട്ടിലാക്കിയ സാലറി ചലഞ്ച് ഉദ്യോഗസ്ഥർ തള്ളിക്കളഞ്ഞെന്ന് പ്രതിപക്ഷ നേതാവ് രമേശ് ചെന്നിത്തല പറഞ്ഞു. ഭീഷണികൊണ്ടും അധികാരം കൊണ്ടും ജീവനക്കാരെ തങ്ങളുടെ വരുതിയിലാക്കാമെന്ന സർക്കാരിന്റെ ധാർഷ്ട്യത്തിന് കനത്ത തിരിച്ചടിയാണിത്. സാലറി ചലഞ്ചിനെക്കുറിച്ച് കഴിഞ്ഞ ദിവസം മാദ്ധ്യമങ്ങളിലൂടെ പുറത്തു വിട്ട കണക്കുകളെല്ലാം പച്ചക്കള്ളമാണ്.

www.keralakaumudi.com www.facebook.com/keralakaumudi

## യു.ഡി.എഫ് ഏകോപന സമിതി യോഗം 27 ന്

തിരുവനന്തപുരം: യു.ഡി.എഫ് ഏകോപന സമിതി യോഗം 27 ന് വൈകിട്ട് മൂന്ന് മണിക്ക് പ്രതിപക്ഷ നേതാവിന്റെ ഔദ്യോഗിക വസതിയായ കന്റോൺമെന്റ് ഹൗസിൽ ചേരുമെന്ന് കൺവീനർ ബെന്നി ബഹനാൻ അറിയിച്ചു.

## സഭാ നടപടി പഠിച്ചു പ്രതികരിക്കാമെന്ന് കോടിയേരി

തൃശൂർ: ബിഷപ് ഫ്രാങ്കോയെ അറസ്റ്റ് ചെയ്യണമെന്നാവശ്യപ്പെട്ട് കന്യാസ്ത്രീകളുടെ സമരത്തെ വിമർശിച്ചതിന് തനിക്കെതിരെ ഉയർന്ന വിമർശനങ്ങളെ സ്വാഗതം ചെയ്യുന്നുവെന്ന് സി.പി.എം സംസ്ഥാന സെക്രട്ടറി കോടിയേരി ബാലകൃഷ്ണൻ. വിമർശനങ്ങൾ സ്വാഭാവികം മാത്രമാണ്. സമരത്തെ അനുകൂലിച്ച കന്യാസ്ത്രീകൾക്കെതിരായ ക്രൈസ്തവ സഭയുടെ നടപടിയിൽ പഠിച്ച ശേഷം പ്രതികരിക്കാമെന്നും കോടിയേരി തൃശൂരിൽ മാദ്ധ്യമങ്ങളോട് പ്രതികരിച്ചു. പി.കെ ശശി എം.എൽ.എയ്ക്കെതിരായ പീഡനകേസിൽ അന്വേഷണം നടക്കുന്നുണ്ട്. അന്വേഷണ വിവരങ്ങളെല്ലാം മാദ്ധ്യമങ്ങളോട് പങ്കുവയ്ക്കാനാവില്ലെന്നും കോടിയേരി പറഞ്ഞു.

## ജോയ് മാത്യുവിനും രഘുനാഥിനും എതിരെ കേസ്

കോഴിക്കോട്: പീഡനത്തിനിരയായ കന്യാസ്ത്രീയെ അനുകൂലിച്ച് പ്രകടനം നടത്തിയതിന് നടൻ ജോയ് മാത്യുവിനും ബി.ജെ.പി നേതാവ് പി. രഘുനാഥിനുമെതിരെ കോഴിക്കോട് ടൗൺ പൊലീസ് കേസെടുത്തു. കഴിഞ്ഞ ബുധനാഴ്ച മിഠായിത്തെരുവിലായിരുന്ന ജോയ് മാത്യുവിന്റെ നേതൃത്വത്തിൽ പ്രതിഷേധം നടന്നത്. കണ്ടാലറിയാവുന്ന നൂറിലധികം പേർക്കെതിരെയും കേസെടുത്തിട്ടുണ്ട്. അതേസമയം താൻ പ്രകടനത്തിൽ പങ്കെടുത്തിട്ടില്ലെന്നും പരിപാടിയിൽ മാത്രമാണ് പങ്കെടുത്തതെന്നും പി. രഘുനാഥ് പറഞ്ഞു. കേസ് പൊലീസിന്റെ പ്രതികാര നടപടിയാണെന്നും അദ്ദേഹം ആരോപിച്ചു.

## പുല്ലുപോലെ നേരിടും: ജോയ് മാത്യു

കോഴിക്കോട്: പ്രകടനം നടത്തിയതിന് തനിക്കെതിരെ എടുത്ത കേസിനെ കേസിനെ പുല്ലു പോലെ നേരിടുമെന്ന് ജോയ് മാത്യു പ്രതികരിച്ചു. കേസുകൾ ഇന്നോ ഇന്നലെയോ കാണാൻ തുടങ്ങിയതല്ല. സിനിമാ നടനാവുന്നതിന് മുമ്പ് ജയിലിൽ പോയിട്ടുണ്ട്. നിരോധിത മേഖലയാണെങ്കിൽ അക്കാര്യം വ്യക്തമാക്കി ബോർഡ് വെക്കണം. പ്രകടനം നടത്തിയത് പൊലീസ് നോക്കി നിൽക്കുകയായിരുന്നു. നടത്തരുതെന്ന് അവരാരും തന്നോട് ആവശ്യപ്പെട്ടിട്ടില്ല. മോദിയുടെ പൊലീസായാലും സംസ്ഥാനത്തെ പൊലീസായാലും നിലപാടുകൾ ഒന്നു തന്നെയാണെന്നും അദ്ദേഹം പറഞ്ഞു.

## കേസ് പിൻവലിക്കണം: യുവകലാസാഹിതി

കന്യാസ്ത്രീകളുടെ സമരത്തിന് ഐക്യദാർഢ്യം പ്രഖ്യാപിച്ച് കോഴിക്കോട് കിഡ്സൺ കോർണറിൽ നടന്ന പരിപാടിയിൽ പങ്കെടുത്തു സംസാരിച്ചതിന്റെ പേരിൽ ചലച്ചിത്ര നടൻ ജോയ് മാത്യുവിനെതിരെ കേസ് എടുത്ത നടപടി ജനാധിപത്യവിരുദ്ധമാണെന്നും കേസ് പിൻവലിക്കണമെന്നും യുവകലാസാഹിതി സംസ്ഥാന കമ്മിറ്റി ആവശ്യപ്പെട്ടു.

## പ്രതികാര നടപടിയെടുത്താൽ സമരം ചെയ്യുമെന്ന്

കൊച്ചി: ബിഷപ്പിനെ അറസ്റ്റു ചെയ്യണമെന്നാവശ്യപ്പെട്ട് തെരുവിലിറങ്ങിയ കന്യാസ്ത്രീകളെ പിന്തുണച്ച വൈദികർക്കും മറ്റ് കന്യാസ്ത്രീകൾക്കുമെതിരെ പ്രതികാര നടപടി സ്വീകരിക്കുന്ന ക്രൈസ്തവ സഭകൾക്കെതിരെ ശക്തമായ സമരത്തിന് രൂപം നൽകുമെന്ന് സേവ് ഔവർ സിസ്റ്റേഴ്സ് ഭാരവാഹികൾ പറഞ്ഞു. തുടർപരിപാടികൾക്ക് രൂപം നൽകാൻ ചേർന്ന യോഗത്തിന് ശേഷം മാദ്ധ്യമ പ്രവർത്തകരോട് സംസാരിക്കുകയായിരുന്നു അവർ.

സമരത്തിൽ പങ്കെടുത്ത സിസ്റ്റർ ലൂസിക്കെതിരെയും യാക്കോബായ സഭയിലെ യൂഹന്നാൻ റമ്പാനെതിരെയും പ്രതികാരനടപടികൾ ആരംഭിച്ചത് ഖേദകരമാണ്. കോഴിക്കോട്ടത്തെ സമരത്തിൽ പങ്കെടുത്ത നടൻ ജോയ് മാത്യുവിനെതിരെയും പൊലീസും നടപടി സ്വീകരിച്ചു. ഇതിനെതിരെയുള്ള പ്രക്ഷോഭം അവരുമായി കൂടിയാലോചിച്ച ശേഷം തീരുമാനിക്കുമെന്ന് സമരസമിതി കൺവീനർ ഫാ. അഗസ്റ്റിൻ വട്ടോളി പറഞ്ഞു. കൊച്ചിയിൽ നടന്ന സമരം ക്രിസ്തീയതയ്ക്കോ വിശ്വാസങ്ങൾക്കോ സഭയ്ക്കോ എതിരല്ലെന്നും അഗസ്റ്റിൻ വട്ടോളി പറഞ്ഞു. സ്ത്രീകളുടെ നേതൃത്വത്തിൽ എല്ലാ ജില്ലകളിലും ഐക്യദാർഢ്യ സമിതികൾ രൂപീകരിക്കും.

# മധുനിലാവിൽ ജന്മദിന മധുരം

▶കോവളം സതീഷ്കുമാർ

തിരുവനന്തപുരം: ഇനി എന്താണ് ആഗ്രഹം? "ഒരു ആഗ്രഹവും ബാക്കിയില്ല. ഒരു ലക്ഷ്യവും മുന്നിലില്ല. ചെറുപ്പകാലത്താണ് ഒരുപാട് ആഗ്രഹങ്ങളുണ്ടായിരുന്നത്. അമ്പത് അമ്പത്തിയഞ്ച് വയസോടെ അതെല്ലാം കഴിഞ്ഞു." ഈ ചെറുപ്പത്തിന്റെ രഹസ്യം? 85 ലെത്തിയ മലയാളസിനിമയുടെ കാരണവരായ മധു കണ്ണിറുക്കി ഒന്ന് ചിരിച്ചു. "ആഹാര കാര്യത്തിൽ എനിക്ക് പ്രത്യേകിച്ച് മെനവൊന്നുമില്ല. ഉറങ്ങുന്നതിനും എണീക്കുന്നതിനും പ്രത്യേക സമയവുമില്ല. എല്ലാം എന്റെ ഇഷ്ടത്തിനനുസരിച്ച്."

വീട്ടിൽ ബന്ധുക്കളും സുഹൃത്തുക്കളുമെല്ലാം എത്തിയിട്ടുണ്ട്. അവരുടെ 'ഹാപ്പി ബർത്ത് ഡേ' കേട്ടപ്പോൾ കാരണവർ പറഞ്ഞു: സായിപ്പിന്റെ കണക്കുവച്ചാണ് നിങ്ങളെല്ലാവരും പറയുന്നത്. എന്റെ കണക്കിൽ പിറന്നാൾ കന്നി മാസത്തിലെ ചോതി നക്ഷത്രമാണ്. അത് ഒക്ടോബർ പതിനൊന്നിനാണ്. അന്നാണ് 85-ാം പിറന്നാൾ. "അത് സാരമില്ല, നമുക്ക് രണ്ടുംകൂടി ചേർത്ത് ഇന്ന് ആഘോഷിച്ചുകളയാം" മരുമകൻ കൃഷ്ണകുമാർ പറഞ്ഞപ്പോൾ, ശരി ആഘോഷിച്ചോ എന്നായി മറുപടി. വരുന്ന എല്ലാവരോടും തമാശകൾ പറഞ്ഞിരിക്കേ, ചെറിയ വിഷമം ആ മുഖത്ത് തെളിഞ്ഞു. ആരെയെങ്കിലും മിസ് ചെയ്യുതായി തോന്നുന്നുണ്ടോ? ഏതാനും നിമിഷങ്ങളുടെ മൗനം. പിന്നെ പറഞ്ഞു. "ഉണ്ട്, എന്റെ ഭാര്യയെ. അവൾകൂടി വേണമായിരുന്നു." 2014 ജനുവരി 11 ന് ഭാര്യ ജയലക്ഷ്മിയെ മരണം കൂട്ടിക്കൊണ്ടുപോയി. അതിനുശേഷം വലിയ ആഘോഷങ്ങൾക്കൊന്നും ഇരുന്നുകൊടുത്തിട്ടില്ല. നഷ്ടപ്പെട്ടവരെക്കുറിച്ചുള്ള ഓർമ്മകൾ വേദനിപ്പിക്കുന്നതാണ്. 'പഴയ സിനിമകൾ കണ്ടാൽ അതിലേറെ പേരും മരിച്ചു കഴിഞ്ഞവരാണ്. അവരെക്കുറിച്ചോർക്കുമ്പോൾ വിഷമം വരും. പുതിയ പടങ്ങൾ കാണുമ്പോൾ ആ പ്രശ്നമില്ല. ഏറെ കഴിവുള്ളവരാണ് സിനിമാരംഗത്തെ പുതിയ തലമുറ'. ഇന്നലെ രാവിലെ ആറു മുതൽ ഫോണിലൂടെ ആശംസകളുടെ പ്രവാഹമായിരുന്നു 55 വർഷമായി സിനിമയിൽ നിറഞ്ഞു നിൽക്കുന്ന ഈ നടനെ തേടി. ആദ്യം ആശംസയുമായി എത്തിയത് 19ന് മോഹൻലാലായിരുന്നു. 'മധുസാറിന് സ്നേഹപൂർവം മോഹൻലാൽ' എന്നെഴുതിയ കേക്കുമായാണ് ലാൽ എത്തിയത്. 'ലാൽ നമ്മുടെ നാട്ടുകാരനല്ലേ അതിന്റെ ഒരു സ്നേഹം' ഉച്ചഭക്ഷണത്തിനു സമയമായി. ഒപ്പം കഴിക്കാൻ ഇളയസഹോദരി രാജലക്ഷ്മി ഉൾപ്പെടെയുള്ളവർ കാത്തിരിക്കുന്നു. അതിന്റെ ഫോട്ടോ എടുക്കട്ടെ?. അതു വേണ്ട. ഇത് പിറന്നാൾ സദ്യയല്ല. കുടുംബാംഗങ്ങളുമായി ഫോട്ടോ ആകാം. എല്ലാവരും എത്തി. മകൾ ഉമ ലഡു നീട്ടിയപ്പോൾ അതു വിലക്കി. ലഡു നോക്കാതെ എല്ലാവരും മനുഷ്യരെ നോക്കീൻ എന്ന് മധു. അതു കേട്ട് കൂട്ടച്ചിരി നിറഞ്ഞു.

### 85 ലും യൗവന ചാരുതയോടെ മധു



*പിറന്നാൾ ചിരിയിൽ... എൺപത്തിയഞ്ചാം പിറന്നാൾ ആഘോഷിക്കുന്ന നടൻ മധുവിന്റെ തിരുവനന്തപുരം കണ്ണമ്മൂലയിലെ വസതിയിൽ ഒത്തുചേർന്ന സഹോദരി രാജലക്ഷ്മി, മകൾ ഉമ, മരുമകൻ കൃഷ്ണകുമാർ എന്നിവർക്കൊപ്പം. ബന്ധുക്കളായ വൃന്ദ, ശങ്കരി, സുഷ, വിനോദ്, സീമ, ഹരി, ശിവൻ എന്നിവർ സമീപം*

*ഫോട്ടോ: അജയ് മധു*

### ജാതകം തെറ്റി ജീവിതം മുന്നോട്ട്

ജാതകപ്രകാരം 79-ാം വയസിലായിരുന്നു മരണം. 79 ലെത്തിയപ്പോൾ ടെൻഷനുണ്ടായിരുന്നോ? 'എനിക്ക് സന്തോഷമാ തോന്നിയത്'. ജാതകം തെറ്റിപ്പോയപ്പോഴോ? 'ജാതകം പകുതി തെറ്റിപ്പോകുമെന്നല്ലേ ഭഗവാൻ തന്നെ പറഞ്ഞിട്ടുള്ളത്'

## സാലറി ചലഞ്ച്: വിസമ്മതിച്ചവർക്ക് വീണ്ടും അവസരം നൽകും

തിരുവനന്തപുരം: പുനർനിർമ്മാണത്തിന് പണം കണ്ടെത്താൻ ആവിഷ്കരിച്ച സാലറിചലഞ്ച് ശനിയാഴ്ച പൂർത്തിയായെങ്കിലും സഹകരിക്കാത്തവരെ അനുനയിപ്പിക്കാൻ സർക്കാർ പുതിയ ശ്രമം തുടങ്ങി. കഴിഞ്ഞമാസം പുറത്തിറക്കിയ ഉത്തരവ് പുതുക്കി പിഴവുകൾ തീർത്ത് പുതിയ ഉത്തരവിറക്കാനും വിസമ്മതിച്ച് മാറിനിൽക്കുന്നവരെ അനുനയിപ്പിച്ച് സംഭാവന കൊടുപ്പിക്കാനുമാണ് നീക്കം. ഇതോടൊപ്പം പെൻഷൻകാരിൽ നിന്ന് പരമാവധി തുക നേടിയെടുക്കാനും തീരുമാനിച്ചു. ശമ്പളവും പെൻഷനും കൂടി നാലായിരം കോടിയോളം രൂപയാണ് വരുന്നത്. ഇത് പൂർണമായും നേടിയെടുക്കാനാണ് സർക്കാർ ആഗ്രഹിക്കുന്നത്. രാഷ്ട്രീയ കാരണങ്ങൾ കൊണ്ട് മാറിനിൽക്കുന്നവരെ സമ്മർദ്ദത്തിലാക്കിയും സാമ്പത്തിക പ്രതിസന്ധി മൂലം വിസമ്മതിച്ചു നിൽക്കുന്നവരെ പി.എഫ്. വായ്പയും മറ്റ് ആനുകൂല്യങ്ങളും ഉടനടി തരപ്പെടുത്തിക്കൊടുത്തും സാലറിചലഞ്ചിൽ പങ്കെടുക്കാൻ പ്രേരിപ്പിക്കാനാണ് നീക്കം. സർക്കാർ കണക്കനുസരിച്ച് 2000 കോടിയിലേറെ രൂപയുടെ വാഗ്ദാനം കിട്ടിയെങ്കിലും ഇത് മൊത്തം പ്രതീക്ഷിക്കുന്ന തുകയുടെ അറുപത് ശതമാനത്തിലധികമില്ല.

## കന്യാസ്ത്രീകളുടെ സമരം: രാഷ്ട്രീയ മുതലെടുപ്പ് ശരിയായില്ല-വെള്ളാപ്പള്ളി

ചേർത്തല: കന്യാസ്ത്രീകൾ നടത്തിയ സമരത്തിൽ നുഴഞ്ഞുകയറി ചിലർ രാഷ്ടീയ മുതലെടുപ്പ് നടത്തിയത് ശരിയായില്ലെന്ന് എസ്.എൻ.ഡി.പി യോഗം ജനറൽ സെക്രട്ടറി വെള്ളാപ്പള്ളി നടേശൻ പറഞ്ഞു. ക്രൈസ്തവ സഭയിലുണ്ടായ വിഷയം തെരുവിലേക്ക് എത്തിയതോടെ ചില രാഷ്ട്രീയക്കാർ കയറിക്കൂടി ജനങ്ങളെ ചേരി തിരിച്ച് പ്രശ്നങ്ങൾ സൃഷ്ടിക്കാൻ ശ്രമിച്ചു. ഇത് നല്ല കീഴ്‌വഴക്കമല്ല. ബിഷപ്പിന്റെ അറസ്റ്റ് വൈകിയെന്നത് സത്യമാണ്. ഒരു സ്ത്രീ നൽകിയ മൊഴിയുടെ അടിസ്ഥാനത്തിൽ കോവളം എം.എൽ.എ ആയിരുന്ന വിൻസന്റിനെ നിമിഷം കൊണ്ട് പൊലീസ് അറസ്റ്റ് ചെയ്ത് ജയിലിലാക്കി. എന്നാൽ ഈ വേഗത ബിഷപ്പിന്റെ കാര്യത്തിൽ കണ്ടില്ല. ബിഷപ്പ് ഫ്രാങ്കോയെ പോലുള്ള ഉന്നതനെ അറസ്റ്റ് ചെയ്യുമ്പോൾ കേസിന്റെ എല്ലാ വശങ്ങളും പരിശോധിച്ച് വേണം നീങ്ങാൻ. രാഷ്ട്രീയക്കാർ ഇതിൽ തലയിടുന്നത് ശരിയല്ല.

എല്ലാ സമുദായത്തിലെയും ആത്മീയ നേതാക്കളിൽ ഇതുപോലുള്ള വിഷയങ്ങൾ ഉണ്ടെന്ന് അദ്ദേഹം പറഞ്ഞു. കണിച്ചുകുളങ്ങരയിൽ മാദ്ധ്യമ പ്രവർത്തകരോട് സംസാരിക്കുകയായിരുന്നു അദ്ദേഹം.

## വാഹന ഉടമകൾക്ക് ഇനി അപകട ഇൻഷ്വറൻസ് 15 ലക്ഷം

### പോളിസി എടുക്കുന്നവർക്കും പുതുക്കുന്നവർക്കും ബാധകം

▶എ.ആർ.വിജയൻ

കൊച്ചി: ഇരുചക്രമുള്ളവ ഉൾപ്പെടെ രാജ്യത്തെ എല്ലാ വാഹനങ്ങളുടെയും ഉടമകൾക്ക് 15 ലക്ഷം രൂപയുടെ അപകട ഇൻഷ്വറൻസ് നിർബന്ധമാക്കി. വാഹനങ്ങളുടെ പ്രീമിയത്തിനൊപ്പം പ്രതിവർഷം 750 രൂപകൂടി വാങ്ങി 15 ലക്ഷം രൂപയുടെ അപകട ഇൻഷ്വറൻസ് ലഭ്യമാക്കാൻ ജനറൽ ഇൻഷ്വറൻസ് കമ്പനികൾക്ക് ഇൻഷ്വറൻസ് റെഗുലേറ്ററി ആൻഡ് ഡെവലപ്മെന്റ് അതോറിട്ടി (ഐ.ആർ.ഡി.എ) നിർദ്ദേശം നൽകി.

ഇനി പോളിസി എടുക്കുന്നവർക്കും പുതുക്കുന്നവർക്കും ഇത് ബാധകമാകും.

മറ്റ് വാഹനങ്ങൾ ഉൾപ്പെടാത്ത അപകടങ്ങളിൽ വാഹന ഉടമ കൂടിയായ ഡ്രൈവർക്ക് മരണമോ ഗുരുതര അംഗവൈകല്യമോ ഉണ്ടായാൽ ഉയർന്ന തുക നഷ്ടപരിഹാരം ലഭിക്കാനാണ് പരിഷ്കാരം. തേർഡ് പാർട്ടി ഇൻഷ്വറൻസ് വ്യവസ്ഥകൾ പ്രകാരം ഡ്രൈവർ കൂടിയായ ഉടമയ്ക്ക് ഒരു ലക്ഷമായിരുന്നു നിലവിൽ പരമാവധി നഷ്ടപരിഹാരം. ഇത് അപര്യാപ്തമാണെന്നും പരിഷ്കരിക്കണമെന്നും 2017 ഒക്ടോബറിൽ ചെന്നൈ ഹൈക്കോടതി ഉത്തരവിട്ടിരുന്നു.

### പ്രീമിയം കനത്തതാകും

പുതിയ ഇരുചക്രവാഹനങ്ങൾക്ക് അഞ്ചു വർഷത്തേക്കും മറ്റു വാഹനങ്ങൾക്ക് മൂന്നു വർഷത്തേക്കും ദീർഘകാല തേർഡ് പാർട്ടി ഇൻഷ്വറൻസ് സെപ്തംബർ ഒന്നുമുതൽ നിലവിൽ വന്നതോടെ അപകട ഇൻഷ്വറൻസ് അടക്കം വലിയ തുക പ്രീമിയം വേണ്ടിവരും.





### വിധിയുടെ പശ്ചാത്തലം

2011 ൽ തമിഴ്നാട്ടിൽ ബൈക്കപകടത്തിൽ മരിച്ചയാളുടെ ഭാര്യയ്ക്ക് 53 ലക്ഷം നൽകാൻ മോട്ടോർ ആക്സിഡന്റ് ക്ലെയിം ട്രൈബ്യൂണൽ (എം.എ.സി.ടി) ഉത്തരവിട്ടെങ്കിലും യുണൈറ്റഡ് ഇന്ത്യ ഇൻഷ്വറൻസ് കമ്പനി ഇത്രയും ഉയർന്ന തുക കൊടുക്കാൻ തയ്യാറായില്ല.

അവർ ചെന്നൈ ഹൈക്കോടതിയെ സമീപിച്ചു. തേർഡ് പാർട്ടി ഇൻഷ്വറൻസ് ആയതിനാൽ ഒരു ലക്ഷത്തിനു മാത്രമേ അർഹതയുള്ളൂവെന്ന കമ്പനിയുടെ വാദം കോടതി അംഗീകരിച്ചു.

ഈ കേസിലാണ് നഷ്ടപരിഹാരം വർദ്ധിപ്പിക്കാനുള്ള നടപടി ആലോചിക്കാൻ വിധിയുണ്ടായത്. അപകടത്തിൽപ്പെടുന്ന വാഹനത്തിന്റെ ഡ്രൈവർ ഉടമയല്ലെങ്കിൽ തേർഡ് പാർട്ടി ഇൻഷ്വറൻസ് കവറേജിൽ ഉൾപ്പെടും.




## സിസ്റ്റർ ലൂസിക്കെതിരെ നടപടി: പുൽപള്ളിയിൽ പ്രതിഷേധം

പുൽപള്ളി: കന്യാസ്ത്രീയെ ലൈംഗീകമായി പീഡിപ്പിച്ച കേസിൽ നീതിതേടി കന്യാസ്ത്രീകൾ കൊച്ചിയിൽ നടത്തിയ പ്രതിഷേധ പരിപാടിയിൽ പങ്കെടുത്ത സിസ്റ്റർ ലൂസി കളപ്പുരയ്ക്കെതിരെ മാനന്തവാടി രൂപത നടപടി സ്വീകരിച്ചതിൽ പ്രതിഷേധിച്ച് കാത്തലിക് ലേമെൻസ് അസോസിയേഷൻ പുൽപള്ളിയിൽ പ്രതിഷേധ സദസ്സും പ്രകടനവും നടത്തി. യാഥാർത്ഥ്യങ്ങൾ പറഞ്ഞതിന്റെ പേരിലാണ് സിസ്റ്ററെ മാറ്റിയതെന്നും ഇത് അംഗീകരിക്കാൻ കഴിയില്ലെന്നും യോഗം ചൂണ്ടിക്കാട്ടി.

വേദപാഠം, വിശുദ്ധ കുർബാന, ഇടവക പ്രവർത്തനങ്ങൾ എന്നിവയിൽ നിന്ന് വിലക്കിയുള്ള രൂപതയുടെ നടപടി രൂപതാ നേതൃത്വം അറിഞ്ഞുകൊണ്ടാണെന്നും യോഗം ആരോപിച്ചു. വി.എസ്. ചാക്കോ അദ്ധ്യക്ഷത വഹിച്ചു. സംസ്ഥാന പ്രസിഡന്റ് എം.എൽ. ജോർജ്ജ് ഉദ്ഘാടനം ചെയ്തു.

ജോസ് പിതേനേത്ത്, എൻ.ജെ. ജോൺ, കെ.എം. ജോസഫ്, പി.എം. ജോസഫ്, സോയ, കെ.കെ. ജോർജ്ജ്, ജോസ് പഴക്കാരൻ, എൻ.യു ഇമ്മാനുവൽ, ജോൺസൻ പി ജോസഫ് എന്നിവർ സംസാരിച്ചു.

## കുറവിലങ്ങാട്ടെ മഠത്തിൽ തെളിവെടുത്തു

# ഫ്രാങ്കോയെ സാക്ഷികൾ തിരിച്ചറിഞ്ഞു, രേഖകളും വസ്ത്രങ്ങളും ശേഖരിച്ചു

കോട്ടയം: കന്യാസ്ത്രീയെ പീഡിപ്പിച്ച കേസിൽ അറസ്റ്റിലായ ബിഷപ്പ് ഫ്രാങ്കോ മുളയ്ക്കലിനെ കുറവിലങ്ങാട്ടെ മഠത്തിലെത്തിച്ച് പൊലീസ് തെളിവെടുത്തു. ബിഷപ്പ് താമസിച്ചിരുന്ന 20-ാം നമ്പർ മുറിയിൽ വച്ച് 13 തവണ പീഡിപ്പിച്ചെന്നായിരുന്നു കന്യാസ്ത്രീയുടെ പരാതി. കേസിൽ സാക്ഷികളായ കന്യാസ്ത്രീകൾ ബിഷപ്പിനെ തിരിച്ചറിഞ്ഞു. ഇവരുടെ മൊഴിയും പൊലീസ് രേഖപ്പെടുത്തി. മഠത്തിൽ നിന്ന് ബിഷപ്പിന്റെ പഴയ വസ്ത്രങ്ങളും ശേഖരിച്ചു. വസ്ത്രങ്ങൾ തെളിവാണെന്ന് കഴിഞ്ഞ ദിവസം പൊലീസ് കോടതിയെ അറിയിച്ചിരുന്നു. ഇന്നലെ രാവിലെ പത്തരയോടെ വൻ പൊലീസ് കാവലിലാണ് ഫ്രാങ്കോയെ നാടുകുന്നിലെ സന്യസ്ത മഠത്തിലെത്തിച്ചത്. മുറ്റത്തെ പ്രാർത്ഥനാ ഹാളിലാണ് ബിഷപ്പിനെ ആദ്യം കൊണ്ടുവന്നത്. തുടർന്ന് മഠത്തിന്റെ മദ്ധ്യത്തിലുള്ള ഇരുപതാം നമ്പർ മുറിയിലെത്തിച്ച് തെളിവെടുത്തു. ആ സമയത്ത് പരാതിക്കാരിയായ കന്യാസ്ത്രീയെ പഴയകെട്ടിടത്തിലേക്ക് മാറ്റിയിരുന്നു. ബിഷപ്പിനെതിരായി സമരരംഗത്തുണ്ടായിരുന്ന മറ്റ് നാല് കന്യാസ്ത്രീകൾ അവരുടെ മുറികളിലായിരുന്നു. മഠത്തിൽ നിന്ന് മാറാൻ പൊലീസ് ആവശ്യപ്പെട്ടെങ്കിലും അവർ തയ്യാറായില്ല. തെളിവെടുപ്പ് പൂർത്തിയാക്കി 11.30 ഓടെ ബിഷപ്പിനെ മഠത്തിന് പുറത്തെത്തിച്ചു. തുടർന്ന് 12.45 ഓടെ വീണ്ടും പൊലീസ് ക്ലബിൽ എത്തിച്ചു.

50 മിനിറ്റോളം നീണ്ട തെളിവെടുപ്പിൽ പൊലീസിന്റെ ചോദ്യങ്ങൾക്ക് മൗനമായിരുന്നു ബിഷപ്പിന്റെ മറുപടി. നേരത്തേ കസ്റ്റഡിയിലെടുത്ത മഠത്തിലെ സന്ദർശന രജിസ്റ്റർ പൊലീസ് ബിഷപ്പിനെ കാണിച്ചു. പീഡനം സംബന്ധിച്ച ചോദ്യങ്ങളോടും പ്രതികരിച്ചില്ല. മഠത്തിന് പുറത്തേക്ക് എത്തിച്ചപ്പോൾ ജനം കൂകിവിളിച്ചെങ്കിലും മുഖത്ത് ഭാവമാറ്റം ഇല്ലായിരുന്നു.



*ബിഷപ്പ് ഫ്രാങ്കോ മുളക്കലിനെ കുറവിലങ്ങാട് മഠത്തിലെത്തിച്ച് തെളിവെടുപ്പിന് ശേഷം തിരിച്ച് കൊണ്ടു പോകുമ്പോൾ കൂകി വിളിക്കുന്ന നാട്ടുകാർ*

*ഫോട്ടോ: ശ്രീകുമാർ ആലപ്ര*

### ഫ്രാങ്കോയെത്തി, പരിഹാസ്യനായി

കോട്ടയം: രാജാവിനെപ്പോലെ കുറവിലങ്ങാട് മഠത്തിലേക്ക് എത്തിയിരുന്ന ബിഷപ്പ് ഫ്രാങ്കോയെ ഇന്നലെ മഠം വരവേറ്റത് പരിഹാസങ്ങളും കൂക്കുവിളികളും കൊണ്ടാണ്. പൊലീസ് അകമ്പടിയിൽ മഠത്തിലേക്ക് ഓരോ ചുവടും മുന്നോട്ടുവച്ചപ്പോൾ മുഖത്തെ മ്ലാനത മറയ്ക്കാൻ ഏറെ ബുദ്ധിമുട്ടി. ഒടുവിൽ മുഖം താഴ്ത്തി. കുറവിലങ്ങാട് കോഴാ - പാലാ റോഡിൽ നാടുകുന്നിലെ മൂന്നേക്കറിലാണ് മഠം. തെളിവെടുപ്പിന് ബിഷപ്പിനെ കൊണ്ടുവരുന്നതും കാത്ത് ഇന്നലെ പുലർച്ചെ മുതൽ ദേശീയ മാദ്ധ്യമങ്ങളടക്കം മഠത്തിന് മുന്നിലെ വഴിയിൽ നിരന്നിരുന്നു.

വൈകാതെ നാട്ടുകാരും തടിച്ചുകൂടി. ഇടുങ്ങിയ വഴിയിൽ തിരക്ക് വർദ്ധിക്കുമെന്ന് ഉറപ്പാക്കിയ പൊലീസ് പ്രധാന റോഡിൽ തന്നെ നാട്ടുകാരെ തടഞ്ഞു. നാല് പൊലീസ് വാഹനങ്ങളുടെ അകമ്പടിയിൽ നിശ്ചയിച്ചതിനും രണ്ടു മണിക്കൂർ വൈകി പത്തരയോടെയാണ് ബിഷപ്പിനെ മഠത്തിലെത്തിച്ചത്. ഒരു മിന്നായംപോലെ മാത്രമാണ് ബിഷപ്പിനെ നാട്ടുകാർ കണ്ടത്.

## സിസ്റ്റർ ലൂസിയെ അറിയിച്ചത് പൊതുവികാരം: ഇടവക വികാരി

കൽപ്പറ്റ: സിസ്റ്റർ ലൂസിക്കെതിരെ മാനന്തവാടി രൂപത പ്രതികാരനടപടി സ്വീകരിച്ചു എന്ന ആരോപണം വ്യാജമാണെന്ന് ഇടവക വികാരി ഫാ. സ്റ്റീഫൻ കോട്ടക്കൽ വാർത്താകുറിപ്പിൽ പറഞ്ഞു. ഇടവകയിൽ രൂപപ്പെട്ട പൊതുവികാരത്തെ അവരുടെ സുപ്പീരിയർ വഴി സിസ്റ്റർ ലൂസിയുടെ ശ്രദ്ധയിൽപ്പെടുത്തുക മാത്രമാണ് ചെയ്തത്. കത്തോലിക്കാ വിശ്വാസി എന്ന നിലയിലും സന്യാസിനി എന്ന നിലയിലും സഭാപരമായ യാതൊരു വിലക്കും സിസ്റ്റർക്ക് ഏർപ്പെടുത്തിയിട്ടില്ല.

അടുത്തിടെയായി സാമൂഹ്യ മാദ്ധ്യമങ്ങളിലുള്ള എഴുത്തിലൂടെയും മറ്റ് മാദ്ധ്യമങ്ങളിൽ സന്നിഹിതയായും സിസ്റ്റർ നടത്തിയ ചില പരാമർശങ്ങൾ ഇടവകയിലെ വിശ്വാസസമൂഹത്തിന് പൊരുത്തപ്പെടുന്നതല്ല എന്ന് അനുഭവപ്പെടുകയും പലരും അത് ഫോൺമുഖേന അറിയിക്കുകയും ചെയ്തു.

മേൽപ്പറഞ്ഞ തരം ആശയഗതികളുള്ളവർ പരിശുദ്ധ കുർബാന തരുന്നതിലും കുട്ടികൾക്ക് വിശ്വാസപരിശീലനം നല്കുന്നതിലും ബുദ്ധിമുട്ടുണ്ട് എന്ന് ഇടവകയുടെ ആലോചനാസമിതി സമ്മേളിച്ചപ്പോഴും അവർ പറഞ്ഞു. ഈ കാര്യം എഫ്.സി.സി കാരയ്ക്കാമല സമൂഹത്തിന്റെ സുപ്പീരിയറെ അറിയിക്കുകയും ചെയ്തു. സുപ്പീരിയർ ഈ വിവരം സി. ലൂസിയെ ധരിപ്പിക്കുകയാണുണ്ടായതെന്നും വാർത്താകുറിപ്പിൽ പറയുന്നു.

## മാനന്തവാടി രൂപത പറയുന്നത്


കൽപ്പറ്റ: സിസ്റ്റർ ലൂസിയെ സഭയിൽ നിന്നു പുറത്താക്കിയിട്ടില്ല. സിസ്റ്റർ ലൂസി തങ്ങളുടെ മക്കളെ വേദപാഠം പഠിപ്പിക്കേണ്ടെന്നും ഇവരുടെ പക്കൽ നിന്ന് വിശുദ്ധ കുർബാന സ്വീകരിക്കാൻ താത്പര്യമില്ലെന്നും ഇടവകയിലെ വിശ്വാസികൾ ട്രസ്റ്റിമാരുടെ നേതൃത്വത്തിൽ വികാരിയച്ചനോട് ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ഈ വിവരം കോൺവെന്റിലെ മദറിനെ വികാരിയച്ചൻ അറിയിച്ചു. സിസ്റ്ററിന്റെ സേവനം ഇനി ഇടവകയിലെ മേൽ ശുശ്രൂഷകളിൽ ആവശ്യമില്ല എന്ന ഇടവകക്കാരുടെ വികാരം മദർ സിസ്റ്ററെയും അറിയിച്ചു.

## തെറ്റു തിരുത്തണം: പി.കെ. ശ്രീമതി

മാനന്തവാടി: മാനന്തവാടി രൂപതയിലെ സിസ്റ്റർ ലൂസി കളപ്പുരക്കെതിരെയുള്ള നടപടി നിർഭാഗ്യകരമാണെന്ന് സി.പി.എം കേന്ദ്രകമ്മിറ്റി അംഗം പി.കെ. ശ്രീമതി എം.പി മാദ്ധ്യമപ്രവർത്തകരോട് പറഞ്ഞു. സിസ്റ്റർക്കെതിരെ സ്വീകരിച്ച നടപടികൾ പിൻവലിക്കാൻ ഉത്തരവാദിത്വപ്പെട്ടവർ തയ്യാറാകണം.

## ആംഗ്യഭാഷയ്ക്ക് അംഗീകാരം

തിരുവനന്തപുരം: ആദ്യ അന്തർദ്ദേശീയ ആംഗ്യഭാഷാ ദിനത്തിൽ (സെപ്തംബർ 23) ആംഗ്യഭാഷയ്ക്ക് അംഗീകാരം. സംസ്ഥാന സാമൂഹ്യനീതി വകുപ്പിന് കീഴിലുള്ള തിരുവനന്തപുരം നിഷിന്റെ (നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഒഫ് സ്പീച്ച് ആൻഡ് ഹിയറിംഗ്) സഹകരണത്തോടെ ആംഗ്യഭാഷാ പ്രചാരണത്തിനായി വിവിധ ചാനലുകൾ ഒരാഴ്ചയോളം വിവിധ പരിപാടികൾ സംഘടിപ്പിക്കും. നിഷിലെ അദ്ധ്യാപകരും വിദ്യാർത്ഥികളും ചാനലുകളിൽ വാർത്തയോടൊപ്പം ആംഗ്യ പരിഭാഷയും നടത്തും. മന്ത്രി കെ.കെ. ശൈലജ എല്ലാവരെയും അഭിനന്ദനം അറിയിച്ചു.






## ബി.എസ്.എൻ.എൽ പോസ്റ്റ്പെയ്ഡ് ബില്ല് 25ന് അടയ്ക്കണം

തിരുവനന്തപുരം: സെപ്തംബർ മാസത്തെ ബി.എസ്.എൻ.എൽ. പോസ്റ്റ്പെയ്ഡ് മൊബൈൽ ഫോൺ ബിൽ നാളെ (25/9/2018) അടയ്ക്കണമെന്ന് മൊബൈൽ സർവ്വീസസ് കേരള സർക്കിൾ ജനറൽ മാനേജർ അറിയിച്ചു.

## സാലറി ചലഞ്ചുമായി സഹകരിക്കണം

തിരുവനന്തപുരം: സാലറി ചലഞ്ചുമായി വാട്ടർ അതോറിട്ടി ജീവനക്കാർ പൂർണമായി സഹകരിക്കണമെന്ന് കേരള വാട്ടർ അതോറിട്ടി എംപ്ലോയീസ് യൂണിയൻ സംസ്ഥാന കമ്മിറ്റി ആഹ്വാനം ചെയ്തു. ഇതിനെ എതിർക്കുന്ന ചില സംഘടനകളുടെ താത്പര്യം രാഷ്ട്രീയമാണ്. പ്രളയം സംസ്ഥാനത്തുണ്ടാക്കിയ വൻ നാശനഷ്ടം കണക്കിലെടുത്ത് ലോകമെമ്പാടുമുള്ള മലയാളികൾ സാലറി ചലഞ്ചിനെ പിന്തുണയ്ക്കുമ്പോൾ സംസ്ഥാനത്തെ ജീവനക്കാർ മാറിനിൽക്കുന്നത് അപമാനകരമാണെന്നും സംസ്ഥാന കമ്മിറ്റി പുറത്തിറക്കിയ പ്രസ്താവനയിൽ അറിയിച്ചു.

# ഗുരുദേവ ദർശനങ്ങൾ കേരളത്തിനു പുറത്തെത്തിക്കാൻ ശ്രീനാരായണീയർക്കാകണം: വി. മുരളീധരൻ എം.പി

തിരുവനന്തപുരം: ഗുരുദേവന്റെ ദർശനവും ചിന്തകളും കേരളത്തിൽ മാത്രം ഒതുങ്ങി നിൽക്കേണ്ടതല്ലെന്നും കേരളത്തിനും രാജ്യത്തിനും പുറത്ത് എത്തേണ്ടതിനായി ശ്രീനാരായണീയർ പരിശ്രമിക്കണമെന്നും വി.മുരളീധരൻ എം.പി പറഞ്ഞു.

ശ്രീനാരായണ ഗുരുവിന്റെ 90-ാം മഹാസമാധി വാർഷികത്തോടനുബന്ധിച്ച് വൈലോപ്പിള്ളി സംസ്കൃതി ഭവനും ശ്രീ വിശ്വ സാംസ്കാരിക വേദിയും സംയുക്തമായി സംഘടിപ്പിച്ച ശ്രീനാരായണ ദർശന അന്തർദ്ദേശീയ ഏകദിന ശില്പശാലയുടെ സമാപന സമ്മേളനം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

ഗുരുദേവ ദർശനത്തിന് പുറം നാടുകളിൽ വേണ്ടത്ര പ്രചാരം നൽകാൻ നമുക്കായിട്ടില്ല. ഗുരുദേവൻ മുന്നോട്ടുവച്ച തത്വങ്ങളും ചിന്തകളും ലോകത്തിന്റെയാകെ നിലനില്പിന് ആധാരമാണ്. ഇത് മനസിലാക്കി ഗുരുദേവ ചിന്തകൾ ലോകം മുഴുവൻ വ്യാപിപ്പിക്കാൻ കേരളത്തിനാകണം. ഗുരുദേവദർശനങ്ങളുടെ ആഴം അറിഞ്ഞാൽ ലോകം ആ മാതൃക പിന്തുടരുമെന്നതിൽ സംശയമില്ല. ഗുരുവിന്റെ ഭൗതിക ശരീരം മാത്രമാണ് ഇല്ലാതായത്. ഗുരുദേവ ചിന്തകളും ദർശനവും കാലഘട്ടങ്ങൾക്കുശേഷവും നവചിന്തയായി ലോകം മുഴുവൻ നിറഞ്ഞുനിൽക്കുമെന്നും മുരളീധരൻ പറഞ്ഞു.




*ശ്രീനാരായണ ഗുരുദേവ സമാധിയോടനുബന്ധിച്ച് ശ്രീ വിശ്വസംസ്കാര വേദിയുടെ ആഭിമുഖ്യത്തിൽ വൈലോപ്പിള്ളി സംസ്കൃതി ഭവനിൽ നടന്ന ശ്രീനാരായണ ദർശന അന്തർദ്ദേശീയ ശില്പശാലയുടെ സമാപന സമ്മേളനം വി. മുരളീധരൻ എം.പി ഉദ്ഘാടനം ചെയ്യുന്നു. എസ്.എൻ.ഡി.പി യോഗം അസിസ്റ്റന്റ് സെക്രട്ടറി കെ.എ. ബാഹുലേയൻ, വിശ്വസംസ്കാര വേദി ജനറൽ സെക്രട്ടറി ചേങ്കോട്ടുകോണം സുരേന്ദ്രൻ, ചെയർമാൻ പ്രൊഫ. ഡോ. ഷാജി പ്രഭാകരൻ, വർക്കിംഗ് ചെയർപേഴ്സൺ കെ. ചന്ദ്രിക, എസ്. സുവർണകുമാർ, രാജേന്ദ്രബാബു, പി. വിശ്വനാഥൻ എന്നിവർ സമീപം*

മുൻ മേയർ കെ. ചന്ദ്രിക ചടങ്ങിൽ അദ്ധ്യക്ഷയായി. ഡോ.ഷാജിപ്രഭാകരൻ ആമുഖപ്രഭാഷണം നടത്തി.

പ്രൊഫ. വിശ്വമംഗലം സുന്ദരേശൻ, കെ.എ. ബാഹുലേയൻ, ഡോ.ബാബു വിജയനാഥൻ, എസ്.സുവർണകുമാർ, ആല ഗംഗാധരൻ, പി.വിശ്വനാഥൻ, രഘുനന്ദൻ, രാജേന്ദ്രബാബു എന്നിവർ സംസാരിച്ചു. ചേങ്കോട്ടുകോണം സുരേന്ദ്രൻ സ്വാഗതവും എസ്.മധുസൂദനൻ നന്ദിയും പറഞ്ഞു.

ശില്പശാലയുടെ ഉദ്ഘാടനം മന്ത്രി കടകംപള്ളി സുരേന്ദ്രനും വെബ്സൈറ്റ് ഉദ്ഘാടനം എം.എം. ഹസനും നിർവഹിച്ചു. ശ്രീനാരായണ വിജ്ഞാനീയം, ശ്രീനാരായണ ഗുരുവും പരിസ്ഥിതിയും, ശ്രീനാരായണ ഗുരുവിന്റെ സാമ്പത്തിക ദർശനം, മതവും ശ്രീനാരായണ ഗുരുവും, ശ്രീനാരായണ ദർശനത്തിന്റെ പുരോഗമന മുഖം തുടങ്ങിയ വിഷയങ്ങളിൽ പ്രഭാഷണങ്ങളും ശ്രീനാരായണ ഗുരുവിന്റെ കൃതികളുടെ സംഗീതാവിഷ്കരണവും നടന്നു.

## കന്യാസ്ത്രീ സമരം മാർക്സിസ്റ്റ് വിരുദ്ധ കേന്ദ്രമാക്കി മാറ്റി: കോടിയേരി

■ 'മോദി ചോർ ഹേ' എന്ന് വിളിക്കേണ്ട സാഹചര്യം

തൃശൂർ: കന്യാസ്ത്രീ സമരം മാർക്സിസ്റ്റ് വിരുദ്ധ കേന്ദ്രമാക്കാനാണ് ചിലർ ശ്രമിച്ചതെന്ന് സി.പി.എം സംസ്ഥാന സെക്രട്ടറി കോടിയേരി ബാലകൃഷ്ണൻ. തൃശൂർ അഴീക്കോടൻ രക്തസാക്ഷിത്വ ദിനാചരണത്തിന്റെ ഭാഗമായി സംഘടിപ്പിച്ച പൊതു സമ്മേളനം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

അവിടെ നടന്ന പ്രസംഗം എല്ലാം തന്നെ സി.പി.എമ്മിനും സർക്കാരിനും എതിരായിരുന്നു. കന്യാസ്ത്രീകളുടെ സമരം ചിലർ ഏറ്റെടുക്കുകയായിരുന്നു. ഇത്തരം മൊബൈൽ സമരവേദിക്കാർ പലയിടത്തും പ്രവർത്തിക്കുന്നുണ്ട്. കേസിൽ പെട്ട ആളെ നോക്കിയല്ല ഈ സർക്കാർ കേസെടുക്കുന്നത്. കേരളത്തിലെ സർക്കാർ സ്ത്രീപക്ഷ സർക്കാരാണ്. കുറ്റവാളികൾക്കെതിരെ തെളിവ് ശേഖരിച്ച് ശിക്ഷിക്കുകയെന്നതാണ് സർക്കാരിന്റെ നയം.

'മോദി ചോർ ഹേ' എന്ന് വിളിക്കേണ്ട സാഹചര്യമാണ് നിലവിലുള്ളത്. റാഫേൽ വിമാന ഇടപാട് രാജ്യം കണ്ട വലിയ കൊള്ളയാണ്. ബോഫോഴ്സ് ഇടപാട് കാലത്ത് രാജീവ് ചോർ ഹേ എന്നായിരുന്നു വിളിച്ചിരുന്നത്. ഇപ്പോൾ രാജ്യഭരണം കോർപറേറ്റുകളെ ഏൽപ്പിച്ച് മോദി നാട് ചുറ്റുകയാണ്. ഗുണം ഉണ്ടാകുന്നത് അംബാനിയും അദാനിയുമടങ്ങുന്ന കോർപറേറ്റുകൾക്കാണ്.

പെട്രോൾ, ഡീസൽ വില വർദ്ധനയിലൂടെ ആർ.എസ്.എസിന് ഫണ്ട് ഉണ്ടാക്കാൻ വഴിയൊരുക്കുകയാണ് മോദിയെന്നും കോടിയേരി പറഞ്ഞു. വർക്ക് ചെയ്യാത്ത ഒരു പ്രസിഡന്റും, വർക്ക് ചെയ്യാൻ മൂന്ന് പ്രസിഡന്റുമാരുമായി കേരളത്തിലെ കെ.പി.സി.സി മാറി. പാർലമെന്റ് തിരഞ്ഞെടുപ്പ് എത്തുന്നതോടെ വർക്കിംഗ് പ്രസിഡന്റുമാരുടെ എണ്ണം കൂടും.

വർക്കിംഗ് പ്രസിഡന്റുമാരുടെ എണ്ണം കൂട്ടിയതുകൊണ്ട് കോൺഗ്രസ് രക്ഷപ്പെടില്ല. പ്രചാരണ കമ്മിറ്റിയുടെ ചെയർമാൻ എന്ന ഞൊണ്ണൻ സ്ഥാനത്തിന് വേണ്ടി മുരളീധരൻ അച്ഛനെ തള്ളിപ്പറഞ്ഞു.

ചാരക്കേസിൽ വിധി വരുന്നതുവരെ അച്ഛന് നീതി കിട്ടിയില്ലെന്നും, അച്ഛനെ ചതിച്ചുവെന്നും പറഞ്ഞ മുരളീധരൻ സ്ഥാനം കിട്ടാൻ വേണ്ടി നിലപാട് മാറ്റിയെന്നും കോടിയേരി പറഞ്ഞു. ജില്ലാ സെക്രട്ടറി എം.എം. വർഗീസ് അദ്ധ്യക്ഷത വഹിച്ചു.

## വൈദ്യുതി ബോർഡിൽ ഐ.എ.എസുകാരനെ നിയമിക്കണം: കല്ലിയൂർ മുരളി

തിരുവനന്തപുരം: വൈദ്യുതി ബോർഡിൽ സീനിയർ ഐ.എ.എസുകാരനെ മേധാവിയായി നിയമിക്കണമെന്ന് കെ.എസ്.ഇ.ബി മിനിസ്റ്റീരിയൽ ഓഫീസേഴ്സ് അസോസിയേഷൻ പ്രസിഡന്റ് കല്ലിയൂർ മുരളി ആവശ്യപ്പെട്ടു. ഓൺലൈൻ ട്രാൻസ്ഫറിൽ തിരിമറി നടത്തി സ്വന്തക്കാരെ വേണ്ടിടങ്ങളിൽ നിയമിക്കുകയും എതിരാളികളെ വിദൂര സ്ഥലങ്ങളിലേക്ക് നിയമിക്കുകയും ചെയ്യുന്ന ക്രമക്കേടുകൾക്കെതിരെ നടപടിയെടുക്കാൻ നിലവിലെ മേധാവിക്കാകുന്നില്ല. ഇതുമൂലം ട്രാൻസ്ഫറുമായി ബന്ധപ്പെട്ട് കോടതിയെ സമീപിക്കേണ്ട ഗതികേടിലാണ് ജീവനക്കാരെന്നും അസോസിയേഷൻ വാർത്താക്കുറിപ്പിൽ പറഞ്ഞു.

# ട്രെയിനിലെ പൂവാലന്മാർക്ക് കുരുക്ക് മുറുകുന്നു



■ മൂന്നു വർഷം ശിക്ഷിക്കണമെന്ന് ആർ.പി.എഫ് ശുപാർശ

▶ സ്വന്തം ലേഖകൻ



ന്യൂഡൽഹി: ട്രെയിനിൽ സ്ത്രീകളെ അപമാനിക്കുന്നവർക്ക് മൂന്നു വർഷം തടവ് ശിക്ഷ നൽകണമെന്ന് റെയിൽവേ സംരക്ഷണ സേനയുടെ (ആർ.പി.എഫ്) ശുപാർശ. ഇതിനായി റെയിൽവേ ആക്ടിൽ ഭേദഗതി വരുത്തണമെന്നും റെയിൽവേ മന്ത്രാലയത്തിന് നൽകിയ ശുപാർശയിൽ ആവശ്യമുണ്ട്. ശുപാർശ മന്ത്രാലയം അംഗീകരിച്ചാൽ പാർലമെന്റിൽ വയ്ക്കും. റെയിൽവേ നിയമത്തിലെ ഭേദഗതികൾ ഉൾക്കൊള്ളിച്ച് പാർലമെന്റിൽ നിയമം പാസാക്കണം.

ട്രെയിനിൽ സ്ത്രീകളെ അപമാനിച്ചാൽ ഒരുവർഷം വരെ തടവോ അല്ലെങ്കിൽ പിഴയോ രണ്ടും ചേർന്നതോ ആണ് നിലവിലുള്ള ശിക്ഷ.

ഇത്തരം സംഭവങ്ങളിൽ റെയിൽവേ പൊലീസിന്റെ സഹായമാണ് ആർ.പി.എഫ് തേടുന്നത്. ഇതൊഴിവാക്കാൻ ആർ.പി.എഫിന് കൂടുതൽ അധികാരം നൽകണം. സ്ത്രീകൾക്ക് റിസർവ് ചെയ്ത കമ്പാർട്ട്മെന്റിൽ യാത്ര ചെയ്യുന്ന പുരുഷന്മാർക്കുള്ള പിഴ 500ൽ നിന്ന് 1000 ആക്കണം. ഇ-ടിക്കറ്റ് തട്ടിപ്പ് തടയാൻ ശിക്ഷ കൊണ്ടുവരണം. കുറഞ്ഞത് രണ്ട് ലക്ഷം രൂപ പിഴയും മൂന്നുവർഷം തടവും വ്യവസ്ഥ ചെയ്യണം.

ആർ.പി.എഫ്, കൊമേഴ്സ്യൽ, വിജിലൻസ് വിഭാഗങ്ങൾക്ക് ഇത്തരം കേസുകൾ കൈകാര്യം ചെയ്യാൻ അധികാരം നൽകണമെന്നും ശുപാർശ ചെയ്തിട്ടുണ്ട്.

സ്ത്രീകൾക്കെതിരെയുള്ള അതിക്രമം 2014-16 കാലയളവിൽ 35 ശതമാനം വർദ്ധിച്ചതായി റെയിൽവേ രാജ്യസഭയെ അറിയിച്ചിരുന്നു. ഈ കാലയളവിൽ 1,607 കേസുകളാണ് രജിസ്റ്റർ ചെയ്തത്. 2014ൽ 448, 15ൽ 553, 16ൽ 606 എന്നിങ്ങനെയാണ് കണക്ക്.

### ഡിറിസർവേഷൻ കോച്ചുകൾ 13 ട്രെയിനുകളിൽ കൂടി

തിരുവനന്തപുരം: ഡിസംബർ 1 മുതൽ 13 ദീർഘദൂര ട്രെയിനുകളിൽ കൂടി ഡിറിസർവേഷൻ കോച്ചുകൾ ഏർപ്പെടുത്തും. ഇതോടെ സംസ്ഥാനത്ത് 29 ട്രെയിനുകളിൽ ഡിറിസർവേഷൻ കോച്ചുകളുണ്ടാകും. ജനറൽ കോച്ചുകൾക്ക് പുറമേ സീസൺ, ജനറൽ ടിക്കറ്റ് യാത്രക്കാർക്ക് ഉപയോഗിക്കാവുന്ന സ്ലീപ്പർ കോച്ചുകളാണ് ഡിറിസർവേഷൻ കോച്ചുകൾ.

ഇത് ഒരു നിശ്ചിത ദൂരത്തേക്ക് മാത്രമാണ് അനുവദിക്കുക.

12511 രപ്തിസാഗർ സൂപ്പർഫാസ്റ്റ്, 22645 അഹില്യാനഗരി എക്സ്പ്രസ്, 22647 കോർബ സൂപ്പർഫാസ്റ്റ്, 22642 ഷാലിമാർ എക്സ്പ്രസ്, 22656 നിസാമുദ്ദീൻ-തിരുവനന്തപുരം എക്സ്പ്രസ് ട്രെയിനുകളിൽ എറണാകുളം മുതൽ തിരുവനന്തപുരം വരെയും 17230 ശബരി എക്സ്പ്രസിൽ കോട്ടയം മുതൽ തിരുവനന്തപുരം വരെയും 16345 നേത്രാവതി എക്സ്പ്രസിൽ ആലപ്പുഴ മുതൽ തിരുവനന്തപുരം വരെയും 16381 ജയന്തി ജനതയിൽ കൊല്ലം മുതൽ കന്യാകുമാരി വരെയും 16526 കന്യാകുമാരി എക്സ്പ്രസിൽ എറണാകുളം മുതൽ കന്യാകുമാരി വരെയും 12218 കേരള സമ്പർക്ക്ക്രാന്തി എക്സ്പ്രസിൽ ഷൊർണ്ണൂർ മുതൽ കൊച്ചുവേളി വരെയും 22113 ലോകമാന്യതിലക്-കൊച്ചുവേളി ദ്വൈവാര സൂപ്പർഫാസ്റ്റിൽ എറണാകുളം മുതൽ കൊച്ചുവേളി വരെയും 22654 നിസാമുദ്ദീൻ-തിരുവനന്തപുരം പ്രതിവാര സൂപ്പർഫാസ്റ്റിൽ എറണാകുളം മുതൽ തിരുവനന്തപുരം വരെയും, 12618 മംഗള ലക്ഷദ്വീപ് എക്സ്പ്രസിൽ ഷൊർണ്ണൂർ മുതൽ എറണാകുളം വരെയുമാണ് പുതുതായി ഡിറിസർവേഷൻ കോച്ചുകൾ ഏർപ്പെടുത്തുക.

റോയൽറ്റി തുക ഒരു ലക്ഷം നവകേരള നിർമ്മാണത്തിന്

## തൊണ്ണൂറിന്റെ നിറവിൽ പുതുശേരി

▶ സ്വന്തം ലേഖകൻ

തിരുവനന്തപുരം: നവതിയിലെത്തിയ മലയാളത്തിന്റെ പ്രിയകവി പുതുശേരി രാമചന്ദ്രൻ ആത്മകഥയുടെ റോയൽറ്റി തുകയായി ലഭിച്ച ഒരു ലക്ഷം രൂപ പിറന്നാൾ ദിനത്തിൽ പ്രളയ ദുരിതാശ്വാസത്തിനു നൽകി.

പുതുശേരിയുടെ ആത്മകഥയായ 'തിളച്ച മണ്ണിൽ കാലിടറാതെ' എന്ന പുസ്തകത്തിന്റെ ആദ്യ പതിപ്പിന്റെ റോയൽറ്റിയായ ഒരു ലക്ഷം രൂപയാണ് പ്രസാധകരായ ചിന്ത പബ്ലിക്കേഷൻസ് കവിയുടെ വീട്ടിലെത്തി നൽകിയത്. അതിൽ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്കുള്ള 50,000 രൂപ മന്ത്രി കടകംപള്ളി സുരേന്ദ്രനും ബാക്കി 50,000 പ്രളയ ബാധിത പ്രദേശങ്ങളിലെ ലൈബ്രറികളിൽ പുസ്തകം വാങ്ങുന്നതിനായി ലൈബ്രറി കൗൺസിൽ ജോയിന്റ് സെക്രട്ടറി എൻ.എസ്. വിനോദും കവിയിൽ നിന്ന് ഏറ്റുവാങ്ങി.

പുസ്തകത്തിന്റെ രണ്ടാം പതിപ്പിന്റെ പ്രകാശനവും പിറന്നാളിനോടനുബന്ധിച്ച് നടന്നു. മന്ത്രി കടകംപള്ളി സുരേന്ദ്രൻ പുതുശേരിക്ക് ആദ്യപ്രതി നൽകിയാണ് പ്രകാശനം ചെയ്തത്. കഴിഞ്ഞ വർഷം പുതുശേരിയുടെ പിറന്നാൾ ദിനത്തിലാണ് ആദ്യ പതിപ്പിന്റെ പ്രകാശനം നടന്നത്.

പ്രളയം തകർത്തെറിഞ്ഞ നാടിന്റെ ദുഃഖത്തിൽ പങ്കുചേർന്ന കവി ഇത്തവണ പിറന്നാൾ ആഘോഷങ്ങൾ വേണ്ടെന്ന് തീരുമാനിച്ചിരുന്നു. ശാസ്തമംഗലം ഇലങ്കം ഗാർഡൻസ് ലെയ്നിൽ മകൾ ഡോ. ഗീതയുടെയും മരുമകനും എഴുത്തുകാരനുമായ ഡോ. കെ.എസ്. രവികുമാറിന്റെയും പരിരക്ഷയിൽ വിശ്രമ ജീവിതം നയിക്കുന്ന കവിയെ സംസ്ഥാന സർക്കാരിന്റെ ആദരമായി മന്ത്രി കടകംപള്ളി സുരേന്ദ്രൻ പൊന്നാടയണിച്ചു.



*കവി പുതുശേരി രാമചന്ദ്രന്റെ തൊണ്ണൂറാം പിറന്നാളിനോടനുബന്ധിച്ച് തിരുവനന്തപുരം ശാസ്തമംഗലത്തെ വസതിയിൽ ആശംസ നേരാനെത്തിയ മന്ത്രി കടകംപള്ളി സുരേന്ദ്രൻ ഗുരുവായൂർ ക്ഷേത്രത്തിലെ പ്രസാദം നൽകുന്നു*

സി.പി. നായർ, പന്ന്യൻ രവീന്ദ്രൻ, ഡോ.വി.എൻ. മുരളി, ഡോ. നടുവട്ടം ഗോപാലകൃഷ്ണൻ, സി. ഗൗരീദാസൻ നായർ, എഴുമറ്റൂർ രാജരാജവർമ്മ, ഡോ. ജോർജ് ഓണക്കൂർ, ഡോ. എം. ആർ. തമ്പാൻ, ജി. ശേഖരൻ നായർ, ഡെപ്യൂട്ടി മേയർ രാഖി രവികുമാർ, സി.പി.ഐ ജില്ലാ സെക്രട്ടറി ജി.ആർ. അനിൽ, ചിന്ത ജനറൽ മാനേജർ കെ. ശിവകുമാർ, കൗൺസിലർ ബിന്ദു തുടങ്ങിയവർ പിറന്നാളാശംസ നേരാൻ വീട്ടിലെത്തി. മുഖ്യമന്ത്രി പിണറായി വിജയനും മന്ത്രി എ.കെ. ബാലനും ഫോണിൽ ആശംസയറിയിച്ചു.

## മൂന്നാം ഘട്ട അലോട്ട്മെന്റ് പ്രസിദ്ധീകരിച്ചു

തിരുവനന്തപുരം: എം.ബി.ബി.എസ്, ബി.ഡി.എസ് ഒഴികെയുള്ള മെഡിക്കൽ ആൻഡ് അനുബന്ധ കോഴ്സുകളുടെ മൂന്നാം ഘട്ട അലോട്ട്മെന്റ് www.cee.kerala.gov.in ൽ പ്രസിദ്ധീകരിച്ചു. മെഡിക്കൽ കോഴ്സുകളായ ആയുർവേദ, ഹോമിയോ എന്നീ വിഭാഗങ്ങളിൽ പുതുതായി ഉൾപ്പെടുത്തിയ കോളേജുകളിലേക്കും അഗ്രികൾച്ചർ, ഫോറസ്ട്രി, വെറ്ററിനറി, ഫിഷറീസ് എന്നീ കോഴ്സുകളിൽ ഒഴിവുള്ള സീറ്റുകളിലേക്കും അലോട്ട്മെന്റ് നടത്തിയിട്ടുണ്ട്. അലോട്ട്മെന്റ് ലഭിച്ചവർക്ക് ഇന്നു മുതൽ 26 വരെ ഫീസടയ്ക്കാം. നേമം ശ്രീവിദ്യാധിരാജ ഹോമിയോ മെഡിക്കൽ കോളേജിൽ അലോട്ട്മെന്റ് ലഭിച്ചവർ 25ന് വൈകിട്ട് 5ന് മുമ്പായി ഫീസടയ്ക്കണമെന്ന് പ്രവേശനപരീക്ഷാ കമ്മീഷണർ അറിയിച്ചു. കൂടുതൽ വിവരങ്ങൾക്ക്: 0471-2332123, 2339101, 2339102, 2339103, 2339104.

## സാലറി ചലഞ്ച് ഭീഷണി തുടർന്നാൽ നേരിടും: സെറ്റോ

തിരുവനന്തപുരം: ജീവനക്കാരെ ഭീഷണിപ്പെടുത്തി സാലറി ചലഞ്ച് വിജയിപ്പിക്കാനുള്ള ശ്രമം സർക്കാർ തുടർന്നാൽ ശക്തമായി നേരിടുമെന്ന് പ്രതിപക്ഷ സർവീസ് സംഘടന കൂട്ടായ്മയായ സെറ്റോ സംസ്ഥാന കമ്മിറ്റി മുന്നറിയിപ്പ് നൽകി. പരിപാടി പരാജയമെന്ന് തിരിച്ചറിഞ്ഞാണ് ലക്ഷ്യം കണ്ടെത്തുന്നതുവരെ തുടരാനുള്ള സർക്കാർ നീക്കം. 22ന് വിസമ്മതം പ്രകടിപ്പിക്കാനുള്ള സമയപരിധി അവസാനിച്ചശേഷം തൃശൂർ റേഞ്ച് ഐ.ജി വിസമ്മത പത്രം നൽകിയ ജീവനക്കാരുടെ യോഗം വിളിച്ചത് ഇതിന്റെ ഭാഗമാണ്.

യോഗത്തിൽ ചെയർമാൻ എൻ.കെ.ബെന്നി അദ്ധ്യക്ഷത വഹിച്ചു. ജനറൽ കൺവീനർ പി. ഹരിഗോവിന്ദൻ, ട്രഷറർ എൻ.എൽ.ശിവകുമാർ, ഇ.എൻ.ഹർഷകുമാർ (എൻ.ജി.ഒ.എ) എം. സലാഹുദ്ദീൻ (കെ.പി.എസ്.ടി.എ) ജെ.ബെൻസി (സെക്രട്ടേറിയറ്റ് ആക്ഷൻ കൗൺസിൽ) എസ്.അജയൻ (കെ.ജി.ഒ.യു.) ബി.മോഹൻ കുമാർ (എ.എച്ച്.എസ്.ടി.എ) എം.രാധാകൃഷ്ണൻ (എച്ച്.എസ്.എസ്.ടി.എ) ജേക്കബ്സൺ (കെ.എം.സി.എസ്.എ) കെ.ബാബു (കെ.പി.ഇ.ഒ) സതീഷ് ജോൺ മാണിക്കശേരി (സ്റ്റേറ്റ് ഓഡിറ്റ് അസോസിയേഷൻ) കെ.എസ്.സന്തോഷ് (കെ.ജി.എൻ.യു.) എസ്.സുരേഷ്ബാബു (കെ.ബി.ഇ.യു) എം.മുഹമ്മദ് ജാസി (പി.എസ്.സി.ഇ.എ) എന്നിവർ സംസാരിച്ചു.

## പക്ഷാഘാത നിയന്ത്രണം: കോളേജ് വിദ്യാർത്ഥികൾക്ക് വീഡിയോ മത്സരം

തിരുവനന്തപുരം: പക്ഷാഘാതത്തെക്കുറിച്ചുള്ള അവബോധം വ്യാപിപ്പിക്കുന്നതിന്റെ ഭാഗമായി ഇന്ത്യൻ സ്ട്രോക്ക് അസോസിയേഷൻ (ഐ.എസ്.എ) ദേശീയ തലത്തിൽ വീഡിയോ മത്സരം സംഘടിപ്പിക്കുന്നു. ഒക്ടോബർ 29ലെ ലോക പക്ഷാഘാത ദിനത്തിനു മുന്നോടിയായി കോളേജ് വിദ്യാർത്ഥികൾക്കായാണ് മത്സരം സംഘടിപ്പിക്കുന്നത്.

പക്ഷാഘാതം ലക്ഷണങ്ങളും മുൻനിർണയവും, പക്ഷാഘാതം തടയൽ, എഫ്.എ.എസ്.ടി, (ഫെയ്സ്, ആം, സ്പീച്ച്, ടൈം) എന്നീ ആറു വിഷയങ്ങളിൽ ഏതെങ്കിലും ഒന്ന് മത്സരത്തിന് പ്രമേയമാക്കാം. ഇംഗ്ലീഷിലോ ഹിന്ദിയിലോ ആയിരിക്കണം എൻട്രികൾ. 30 സെക്കന്റ് മുതൽ ഒരു മിനിറ്റ് വരെ ദൈർഘ്യമാകാം. അവസാന തിയതി: ഒക്ടോബർ 5. കൂടുതൽ വിവരങ്ങൾക്ക്: http://www.stroke-india.org/short-video-rules.php

## കേരള സ്റ്റാർട്ടപ്പ് മിഷന് പുതിയ ആപ്ലിക്കേഷൻ

തിരുവനന്തപുരം: സംസ്ഥാന സർക്കാരിന്റെ നോഡൽ ഏജൻസിയായ കേരള സ്റ്റാർട്ടപ്പ് മിഷനെ (കെ.എസ്.യു.എം) കുറിച്ചുള്ള പുതിയ വിവരങ്ങൾ പങ്കുവയ്ക്കുന്ന ആപ്ലിക്കേഷന് സ്വകാര്യ സ്റ്റാർട്ടപ്പായ ക്യൂകോപ്പി രൂപം നൽകി. മിഷന്റെ പുതിയ പ്രവർത്തനങ്ങൾ അറിയുവാൻ കെ.എസ്.യു.എം ക്യൂകോപ്പി നമ്പർ +918921772027 ഫോൺ കോൺടാക്ടിൽ സേവ് ചെയ്തതിനുശേഷം പ്ലേസ്റ്റോറിൽ നിന്നോ ആപ്ലിക്കേഷൻ സ്റ്റോറിൽ നിന്നോ ക്യൂകോപ്പി ആപ്ലിക്കേഷൻ ഇൻസ്റ്റാൾ ചെയ്ത് ഉപയോഗിക്കാം. കൂടുതൽ വിവരങ്ങൾക്ക്: http://www.qkopy.com

## നാഷണൽ ചൈൽഡ് അവാർഡ് അപേക്ഷ

തിരുവനന്തപുരം: കേന്ദ്ര വനിത ശിശുവികസന മന്ത്രാലയം കുട്ടികളുമായി ബന്ധപ്പെട്ട് നൽകിവരുന്ന നാഷണൽ ചൈൽഡ് അവാർഡ്, നാഷണൽ ചൈൽഡ് വെൽഫെയർ അവാർഡ് എന്നിവയ്ക്ക് അപേക്ഷ/നോമിനേഷനുകൾ www.ncawcd.nic.in എന്ന വെബ്സൈറ്റിലൂടെ 30 വരെ സമർപ്പിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

# അഭിമന്യുവിനെ കുത്തിവീഴ്ത്തിയത് സഹൽ

■ 16 പേർക്കെതിരെ ഇന്നോ മറ്റന്നാളോ കുറ്റപത്രം സമർപ്പിക്കും

▶ സ്വന്തംലേഖകൻ

കൊച്ചി: മഹാരാജാസ് കോളേജിലെ എസ്.എഫ്.ഐ നേതാവ് അഭിമന്യുവിനെ കുത്തിക്കൊലപ്പെടുത്തിയ കേസിൽ കാമ്പസ് ഫ്രണ്ട് - പോപ്പുലർ ഫ്രണ്ട് പ്രവർത്തകരായ 16 പേർക്കെതിരെ അന്വേഷണസംഘം എറണാകുളം ജുഡിഷ്യൽ ഫസ്റ്റ് ക്ലാസ് കോടതി രണ്ടിൽ ഇന്നോ മറ്റന്നാളോ കുറ്റപത്രം സമർപ്പിക്കും. അഭിമന്യുവിനെ കുത്തി കൊലപ്പെടുത്തിയത് എറണാകുളം മരട് നെട്ടൂർ മസ്ജിദ് റോഡിൽ മേക്കാട്ട് വീട്ടിൽ സഹലാണെന്ന് (21) അന്വേഷണസംഘം വെളിപ്പെടുത്തി.

ഒളിവിൽ കഴിയുന്ന ഇയാളുൾപ്പെടെ എട്ട് പേർക്കെതിരെ കഴിഞ്ഞ ദിവസം ലുക്കൗട്ട് നോട്ടീസ് പുറപ്പെടുവിച്ചിരുന്നു. തുടർന്ന് കീഴടങ്ങിയ ആദിൽ ബിൻ സലിം ഇപ്പോൾ റിമാൻഡിലാണ്.

30 പ്രതികളുള്ള കേസിൽ നേരിട്ട് പങ്കാളികളായ 16 പേർക്കെതിരെയാണ് ഇപ്പോൾ കുറ്റപത്രം.

■ 20 പേർ പിടിയിലായി
■ 10 പേർക്ക് ജാമ്യം
■ 10 പേർ ജയിലിൽ
■ 16 പ്രതികൾക്കെതിരെ കുറ്റപത്രം
■ 1500 പേജുകൾ
■ കുറ്റപത്രം 84 ദിവസത്തിനുള്ളിൽ

മറ്റു പ്രതികൾ പിടിയിലാകുന്ന മുറയ്ക്ക് അനുബന്ധ കുറ്റപത്രം നൽകും.

90 ദിവസത്തിനുള്ളിൽ കുറ്റപത്രം സമർപ്പിച്ചില്ലെങ്കിൽ അക്രമത്തിൽ നേരിട്ട് പങ്കെടുത്ത പ്രതികൾക്കും സ്വാഭാവിക ജാമ്യം ലഭിക്കും. അതിനാലാണ് പിടിയിലായവർക്കെതിരെ വേഗത്തിൽ കുറ്റപത്രം നൽകിയത്. കൊച്ചി സിറ്റി പൊലീസ് കൺട്രോൾ റൂം അസി. കമ്മിഷണർ എസ്.ടി. സുരേഷ് കുമാറായിരുന്നു അന്വേഷണ ഉദ്യോഗസ്ഥൻ.

■ സംഭവം


ജൂലായ് രണ്ടിന് രാത്രി 12.45നാണ് മഹാരാജാസ് കോളേജിന്റെ പിൻവശത്തുള്ള ടി.ഡി റോഡിൽ അഭിമന്യുവിനെ കുത്തി വീഴ്ത്തിയത്. എസ്.എഫ്.ഐ പ്രവർത്തകരായ അർജ്ജുൻ, വിനീത് എന്നിവർക്കും കുത്തേറ്റു. ചുവരിൽ പോസ്റ്റർ പതിക്കുന്നതുമായി ബന്ധപ്പെട്ട തർക്കമാണ് സംഘർഷത്തിൽ കലാശിച്ചത്.



*അഭിമന്യു*

■ പ്രതികൾ

ഒന്നാം പ്രതി കാമ്പസ് ഫ്രണ്ട് കോളേജ് യൂണിറ്റ് സെക്രട്ടറിയായ ജെ.ഐ. മുഹമ്മദും രണ്ടാംപ്രതി കാമ്പസ് ഫ്രണ്ട് ജില്ലാ പ്രസിഡന്റ് ആരിഫ് ബിൻ സലിമുമാണ്. മറ്റ് പ്രതികൾ: സംസ്ഥാന സെക്രട്ടറി മുഹമ്മദ് റിഫ, ജെഫ്രി, ഫസലുദ്ദീൻ, അനസ്, കാമ്പസ് ഫ്രണ്ട് കൊച്ചി മേഖല ട്രഷറർ റെജീബ്, അബ്ദുൾ റഷീദ്, സനീഷ്, ആരിഫ് ബിൻ സലിമിന്റെ സഹോദരനും ജില്ലാ കമ്മിറ്റി അംഗവുമായ ആദിൽ ബിൻ സലിം, ബിലാൽ, റിയാസ് ഹുസൈൻ, പള്ളുരുത്തിയിലെ കില്ലർ ഗ്രൂപ്പ് അംഗം സനീഷ്, പത്തനംതിട്ട സ്വദേശിയും കോളേജിൽ ഒന്നാം വർഷം പ്രവേശനം നേടിയ ഫറൂഖ് അമാനി, പോപ്പുലർ ഫ്രണ്ടുകാരായ അബ്ദുൾ നാസർ, അനൂപ്



*സഹൽ*

## സ്വദേശി സ്വയംതൊഴിൽ പരിശീലനത്തിന് അപേക്ഷിക്കാം

തിരുവനന്തപുരം: ഗാന്ധിജയന്തിയോടനുബന്ധിച്ച് സംസ്ഥാനത്ത് എല്ലാ ജില്ലാആസ്ഥാനങ്ങളിലും സ്വദേശി ഗ്രാമവികസനകേന്ദ്രവും ഗാന്ധിയൻ പഠനകേന്ദ്രവും നാഷണൽ സ്കിൽ ഡെവലപ്മെന്റ് ബോർഡും ചേർന്ന് സ്വയം തൊഴിൽ പരിശീലനം സംഘടിപ്പിക്കും.

തിരുവനന്തപുരം ജില്ലയിൽ പേപ്പർബാഗ്-തുണിസഞ്ചി നിർമ്മാണം, കേക്ക് നിർമ്മാണം, പഴവർഗ സംസ്കരണം, സോപ്പുല്പന്ന നിർമ്മാണം, കുടനിർമ്മാണം, കറിപൗഡർ നിർമ്മാണം, മെഴുകുതിരി-ചന്ദനത്തിരി നിർമ്മാണം തുടങ്ങിയവയിലാണ് പരിശീലനം നൽകുന്നത്.

പരിശീലനം പൂർത്തിയാക്കുന്നവർക്ക് നാഷണൽ സ്കിൽ ഡെവലപ്മെന്റ് ബോർഡ് സർട്ടിഫിക്കറ്റ് നൽകും.

ഒപ്പം യൂണിറ്റ് തുടങ്ങാനാവശ്യമായ സാങ്കേതിക സഹായങ്ങളും ലഭ്യമാക്കും. ഡയറക്ടർ, സ്വദേശി ഗ്രാമവികസനകേന്ദ്രം, കേശവദാസപുരം, തിരുവനന്തപുരം-4 എന്ന വിലാസത്തിലോ 9446430831, 0471-2540025 എന്ന നമ്പരിലോ ബന്ധപ്പെടണം.

## കവിതാ പുരസ്കാരം: കൃതികൾ ക്ഷണിച്ചു

തൃശൂർ: അയനം - എ. അയ്യപ്പൻ കവിതാ പുരസ്കാരത്തിന് കൃതികൾ ക്ഷണിച്ചു. 2014 ജനുവരി മുതൽ 2018 ജൂലായ് 31 വരെ ആദ്യ പതിപ്പായി പുറത്തിറങ്ങിയ മലയാള കവിതാസമാഹാരത്തിനാണ് 11,111 രൂപയും ഫലകവും പ്രശസ്തിപത്രവും അടങ്ങുന്ന പുരസ്കാരം. പുസ്തകത്തിന്റെ നാലു കോപ്പികൾ വിജേഷ് എടക്കുന്നി, ചെയർമാൻ, അയനം സാംസ്കാരിക വേദി, ഒല്ലൂർ, തൈക്കാട്ടുശേരി തപാൽ, തൃശൂർ, കേരളം 680 306 എന്ന വിലാസത്തിൽ 2018 ഒക്ടോബർ 15ന് മുമ്പായി ലഭിക്കണം. ഫോൺ: 9388922024.

## മരിയ ഫിലിപ്പ് സ്മാരക ഡിബേറ്റ് മത്സരം 27 ന്

കൊച്ചി: മരിയ ഫിലിപ്പ് സ്മാരക അഖില കേരള ഡിബേറ്റ് മത്സരം ഈമാസം 27 ന് കളമശേരി കിൻഫ്ര പാർക്കിലെ സേവ്യർ ഇൻസ്റ്റിറ്റ്യൂട്ട് ഒഫ് മാനേജ്മെന്റ് സ്റ്റഡീസിൽ (സൈം) നടക്കും. 'വനിതകളുടെ അവകാശ സംരക്ഷണത്തിൽ ഇന്ത്യ ഏറെ പുരോഗതി കൈവരിച്ചില്ല' എന്നതാണ് വിഷയം. രണ്ടംഗ ടീമിൽ ഒരാൾ പെൺകുട്ടിയാകണം. വിജയികൾക്ക് 25,000 രൂപയും റോളിംഗ് ട്രോഫിയും രണ്ടാംസ്ഥാനം 20,000, ബെസ്റ്റ് സ്പീക്കർ 15,000 എന്നിങ്ങിനെയാണ് സമ്മാനത്തുക. 27 ന് ഉച്ചയ്ക്ക് 12 ന് സൈമിൽ നടക്കുന്ന സമ്മാനദാന ചടങ്ങിൽ ഫെഡറൽ ബാങ്ക് എം.ഡിയും സി.ഇ.ഒയുമായ ശ്യാം ശ്രീനിവാസൻ മുഖ്യാതിഥിയാകും.

www.keralakaumudi.com www.facebook.com/keralakaumudi



അന രാഹുൽ

## സ്കൂട്ടർ മറിഞ്ഞ് രണ്ട് യുവാക്കൾ മരിച്ചു, ഒരാൾക്ക് പരിക്ക്

പന്തളം: മൂന്ന് യുവാക്കൾ സഞ്ചരിച്ച സ്കൂട്ടർ നിയന്ത്രണം വിട്ട് മറിഞ്ഞ് രണ്ട് പേർ മരിച്ചു. ഒരാൾക്ക് പരിക്കേറ്റു. കുരമ്പാല വടക്ക് മഞ്ചാടിയ്യത്ത് ഹരി - ശോഭനാ ദമ്പതികളുടെ മകൻ അന ( വാവ -21), മഞ്ചാടിയ്യത്ത് രാജൻ - പ്രസന്ന ദമ്പതികളുടെ മകൻ രാഹുൽ (19) എന്നിവരാണ് മരിച്ചത്.

മഞ്ചാടിയത്ത് സുരേഷിന്റെ മകൻ സഞ്ജിത്ത് (21) നെ പരിക്കുകളോടെ കോട്ടയം മെഡിക്കൽ കോളജ് ആശുപത്രിയിൽ പ്രവേശിപ്പിച്ചു. ശനിയാഴ്ച രാത്രി 10.45 ന് പന്തളം - പത്തനംതിട്ട റോഡിൽ കടയ്ക്കാട് ജംഗ്ഷന് സമീപമാണ് അപകടം. അച്ചൻകോവിലാറ്റിൽ മണ്ണാകടവിൽ ചൂണ്ടയിട്ട് മീൻ പിടിച്ച് മടങ്ങുമ്പോൾ യുവാക്കൾ സഞ്ചരിച്ച സ്കൂട്ടർ മറിയുകയായിരുന്നു.

മൂവരെയും പന്തളത്തെ സ്വകാര്യ ആശുപത്രിയിൽ എത്തിച്ചെങ്കിലും അന മരിച്ചു. പരിക്ക് ഗുരുതരമായതിനാൽ മറ്റ് രണ്ടു പേരെയും കോട്ടയം മെഡിക്കൽ കോളജ് ആശുപത്രിയിലേക്ക് മാറ്റി. ഇന്നലെ രാവിലെ 11.30 ഓടെ രാഹുലും മരിച്ചു. അന ഹൈദ്രാബാദിൽ സ്വകാര്യ കമ്പനി ജീവനക്കാരനാണ്.

കഴിഞ്ഞ വ്യാഴാഴ്ചയാണ് നാട്ടിൽ എത്തിയത്. ഇന്നലെ തിരികെ പോകാനിരുന്നതാണ്. സഹോദരൻ: മനു. രാഹുലിന്റെ സഹോദരങ്ങൾ: രാജീവ്, കാവ്യ, ആര്യ. ഇരുവരുടെയും സംസ്കാരം ഇന്ന് നടക്കും.

## അന്താരാഷ്ട്ര ബോട്ട് ഷോ 26 മുതൽ

കൊച്ചി: പ്രഥമ കൊച്ചിൻ അന്താരാഷ്ട്ര ബോട്ട് ഷോ 2018 (സി.ഐ.ബി.എസ്) ഈമാസം 26 മുതൽ 28 വരെ ബോൾഗാട്ടി പാലസ് ഇവന്റ് സെന്ററിൽ നടക്കും. 26 ന് രാവിലെ 10.30 ന് ദക്ഷിണ നാവികത്താവളം കമാൻഡ് ഫ്ളാഗ് ഓഫീസർ കമാൻഡിംഗ് ഇൻ ചീഫ് വൈസ് അഡ്മിറൽ എ.കെ. ചാവ്ല, കെ.വി. തോമസ് എം.പി എന്നിവർ ചേർന്ന് ഷോ ഉദ്ഘാടനം ചെയ്യും. കേരള ഉൾനാടൻ ജലഗതാഗത കോർപ്പറേഷന്റെ (കെ.എസ്.ഐ.എൻ.സി) സഹകരണത്തോടെ ശ്രീലങ്ക, മാലിദ്വീപ് എന്നിവിടങ്ങളിലെ ബോട്ട് ഷോകളിൽ ഇന്ത്യൻ പവലിയൻ ഒരുക്കുന്ന കൊച്ചി ആസ്ഥാനമായ ക്രൂസ് എക്സ്പോസാണ് ഷോ സംഘടിപ്പിക്കുന്നത്.

# കനത്ത മഴയ്ക്ക് സാദ്ധ്യത, അഞ്ചു ജില്ലകളിൽ യെല്ലോ അലർട്ട്

തിരുവനന്തപുരം : മൂന്ന് ആഴ്ചയായി ശമിച്ചിരുന്ന മഴ വീണ്ടും കനക്കുന്നതായി സൂചന നൽകി ഇന്ന തലസ്ഥാനത്തുൾപ്പെടെ പല സ്ഥലങ്ങളിലും പകലും രാത്രിയും മഴ പെയ്തു. ഒറ്റപ്പെട്ട നിലയിലായിരുന്നു മഴ. കേരളത്തിൽ അടുത്ത രണ്ടു ദിവസങ്ങളിൽ കനത്ത മഴയ്ക്കു സാദ്ധ്യതയെന്ന് കാലാവസ്ഥാ നിരീക്ഷണ കേന്ദ്രം മുന്നറിയിപ്പ് നൽകി. 24 മണിക്കൂറിനുള്ളിൽ ഏഴു മുതൽ 11 സെന്റീമീറ്റർ വരെയുള്ള കനത്ത മഴയ്ക്കാണ് സാദ്ധ്യത. തിരുവനന്തപുരം മുതൽ എറണാകുളം വരെ ഒറ്റപ്പെട്ട സ്ഥലങ്ങളിൽ കനത്ത മഴ പെയ്യും. കാലാവസ്ഥാ മുന്നറിയിപ്പിന്റെ പശ്ചാത്തലത്തിൽ 5 ജില്ലകളിൽ യെല്ലോ അലർട്ട് പ്രഖ്യാപിച്ചു. വയനാട്ടും ഇടുക്കിയിലും ചൊവ്വ, ബുധൻ ദിവസങ്ങളിൽ യെല്ലോ അലർട്ട് പ്രഖ്യാപിച്ചു.

പത്തനംതിട്ടയിൽ ചൊവ്വാഴ്ചയും പാലക്കാട്, തൃശ്ശൂർ എന്നിവിടങ്ങളിൽ ബുധനാഴ്ചയും യെല്ലോ അലർട്ട് പ്രഖ്യാപിച്ചു. ഒഡിഷ തീരത്തു രൂപം കൊണ്ട ന്യൂനമർദ്ദം ഛത്തീസ്ഗഡ് ഭാഗത്തേക്കു നീങ്ങുന്നതിന്റെ ഭാഗമായാണ് കേരളത്തിൽ മഴയ്ക്കിടയാക്കുന്നതെന്നും കാലാവസ്ഥാ നിരീക്ഷണ കേന്ദ്രം വ്യക്തമാക്കി.

# പ്രളയത്തെ തോൽപ്പിച്ച് കാണാമറയത്ത് നീലക്കുറിഞ്ഞികൾ പൂത്തു...



*തീർത്ഥമലയിൽ നീലവസന്തമൊരുക്കി കുറിഞ്ഞിപ്പൂക്കൾ: ഫോട്ടോ ജിബി സാം*

മറയൂർ: പ്രളയം തകർത്ത വേദനയിൽ മൂന്നാർ വിറങ്ങലിച്ച് നിൽക്കുമ്പോൾ ഒളിച്ചോടിയ നീലക്കുറിഞ്ഞി കാണാമറയത്ത് വിരിഞ്ഞു. ഇരവികുളത്തിനപ്പുറം സഹ്യന്റെ കിഴക്കൻചെരുവിലെ മറയൂർമലനിരകളിൽ അങ്ങനെ കാഴ്ചക്കാരില്ലാതെ കുറിഞ്ഞി പൂത്തു നിൽക്കുകയാണ്. സമുദ്രനിരപ്പിൽ നിന്ന 3500-5000 അടിവരെ ഉയരത്തിലാണ് മറയൂർമലനിരകൾ. കാലവർഷത്തിന്റെ ഭീകരത ഇവിടുത്തെ സസ്യജാലങ്ങളിൽ വലിയ ആഘാതമേൽപ്പിച്ചില്ല. അങ്ങനെ പ്രളയത്തെ അതിജീവിച്ച കുറിഞ്ഞി ചെടികളാണ് പൂത്തുലയുന്നത്.

വ്യാപിച്ചുകിടക്കുന്ന പൂക്കൾ അപൂർവ ദൃശ്യവിസ്മയമാണെങ്കിലും സംരക്ഷിത വനമേഖലയായ ഇവിടേക്ക് പൊതുജനങ്ങൾക്ക് പ്രവേശനമില്ല.

പന്ത്രണ്ട് വർഷമായി മൂന്നാറിലെ വിനോദസഞ്ചാരികളും സംരംഭകരും കണ്ണിലെണ്ണയൊഴിച്ച് കാത്തിരുന്നത് ഈ നീലവസന്തത്തിനായിരുന്നു. 2006 ലാണ് സഹ്യസാനുവിൽ അവസാനമായി നീലക്കുറിഞ്ഞി വിരുന്നൊരുക്കിയത്. ഇത്തവണ കൂടുതൽ സഞ്ചാരികളെത്തുമെന്ന പ്രതീക്ഷയിൽ കുറിഞ്ഞിക്കാലത്തെ വരവേൽക്കാൻ രണ്ടുവർഷം മുമ്പുതന്നെ വിവിധ വകുപ്പുകൾ ഒരുക്കങ്ങൾ തുടങ്ങിയിരുന്നു. മാർച്ചിലും ഏപ്രിലിലും കുറിഞ്ഞിച്ചെടികൾ തളിർത്തു. ജൂൺ- ജൂലായിൽ മൊട്ടിട്ടു. ഈ ദൃശ്യപ്പൊലിമ കാണാൻ ആയിരക്കണക്കിന് വിനോദസഞ്ചാരികളാണ് വനംവകുപ്പിന്റെ ഓൺലൈനിലൂടെ ടിക്കറ്റ് ബുക്കുചെയ്തത്. റിസോർട്ടുകളും ഹോംസ്റ്റേകളുമെല്ലാം മുൻകൂറായി പണമടച്ച് സഞ്ചാരികൾ താമസസൗകര്യം ഉറപ്പാക്കി. ആഗസ്റ്റ് 15 മുതൽ പൂക്കളെത്തുമെന്ന് കരുതിയിരിക്കുമ്പോഴാണ് കലിതുള്ളി കാലവർഷം സർവതും തകർത്തെറിഞ്ഞത്. മുൻകൂർ പണമടച്ചവർ ടിക്കറ്റ് റദ്ദാക്കിയപ്പോൾ 3.50 ലക്ഷത്തോളം രൂപ വനംവകുപ്പിനും ടൂർ ഓപ്പറേറ്റർമാർക്കും തിരിച്ച നൽകേണ്ടിവന്നു.

# ഹൗസ് ബോട്ടുകൾ കൂട്ടിയിടിച്ചു: സഞ്ചാരികൾ തലനാരിഴയ്ക്ക് രക്ഷപ്പെട്ടു



*പള്ളാത്തുരുത്തി പാലത്തിന് സമീപം കായലിൽ മുങ്ങി താഴ്ന്ന ഹൗസ്ബോട്ട്*

ആലപ്പുഴ: ഹൗസ്ബോട്ടുകൾ കായലിനു നടുവിൽ കൂട്ടിയിടിച്ചു. വിനോദ സഞ്ചാരികൾ അദ്ഭുതകരമായി രക്ഷപ്പെട്ടു.

ഇന്നലെ രാവിലെ പള്ളാത്തുരുത്തി പാലത്തിനു സമീപം കേരള പാലസിന് പിന്നിൽ നോഹർപാപ്പള്ളി ഇടിക്കുകയായിരുന്നു. ഡ്രൈവർ മനോഹരനെ (63) പൊലീസ് അറസ്റ്റ് ചെയ്തു. ഇയാൾക്ക് ലൈസൻസില്ല. കേരള പാലസ് മഹാരാഷ്ട്രയിൽ നിന്നുള്ള 32 സഞ്ചാരികളുമായി യാത്ര കഴിഞ്ഞ് തിരികെ വരികയായിരുന്നു. നോഹാർ പാപ്പള്ളിയിൽ രണ്ട് ദമ്പതികളും നാല് കുട്ടികളുമുണ്ടായിരുന്നു.

കരയിലേക്ക് അടുപ്പിക്കാൻ ശ്രമിച്ചെങ്കിലും അതിന് മുമ്പ് തന്നെ പിൻഭാഗം കായലിൽ മുങ്ങി തുടങ്ങി. കരയ്ക്ക് അടുത്തെത്തിയതോടെ ഹൗസ് ബോട്ട് കായലിലേക്ക് താഴ്ന്നു. പരിഭ്രാന്തരായ സഞ്ചാരികളെ ജീവനക്കാരും മറ്റുംചേർന്ന് സുരക്ഷിതമായി കരയിലേക്ക് എത്തിച്ചു. പിൻഭാഗം ചെളിയിൽ പുതഞ്ഞതിനാൽ പൂർണമായും മുങ്ങിയില്ല. സഞ്ചാരികളുടെ ബാഗുകളും സുരക്ഷിതമായി കരയിലെത്തിച്ചു. ഡ്രൈവറെ പിന്നീട് ജാമ്യത്തിൽ വിട്ടു.



*ആർ.എസ്.പി തിരുവനന്തപുരം മണ്ഡലം സമ്മേളനം ചാക്ക എൻ. ശ്രീകണ്ഠൻനായർ സ്മാരക ഹാളിൽ ആർ.എസ്.പി ദേശീയ ജനറൽ സെക്രട്ടറി പ്രൊഫ. ടി.ജെ. ചന്ദ്രചൂഡൻ ഉദ്ഘാടനം ചെയ്യുന്നു. എ.എ അസീസ്, സംസ്ഥാന കമ്മിറ്റി അംഗം കെ. ജയകുമാർ, ജില്ലാ സെക്രട്ടറി സത്യപാലൻ, മണ്ഡലം സെക്രട്ടറി എം.പോൾ എന്നിവർ സമീപം*

# നിർബന്ധിത ശമ്പളപ്പിരിവ് അംഗീകരിക്കാനാവില്ല: ചന്ദ്രചൂഡൻ

തിരുവനന്തപുരം: പ്രളയദുരന്തത്തിനു ശേഷമുള്ള നിർബന്ധിത ശമ്പളപിരിവ് അംഗീകരിക്കാനാവില്ലെന്ന് ആർ.എസ്.പി ദേശീയ ജനറൽ സെക്രട്ടറി പ്രൊഫ. ടി.ജെ. ചന്ദ്രചൂഡൻ പറഞ്ഞു.

ആർ.എസ്.പി തിരുവനന്തപുരം മണ്ഡലം സമ്മേളനം ചാക്ക എൻ. ശ്രീകണ്ഠൻനായർ സ്മാരക ഹാളിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. പാർട്ടിക്കാർ പീഡിപ്പിച്ചാൽ പാർട്ടിയും സഭയിലുള്ളവർ പീഡിപ്പിച്ചാൽ സഭയും അന്വേഷിക്കുന്ന രീതിയിലേയ്ക്ക് കാര്യങ്ങൾ എത്തി. ഇടത് പാർട്ടികൾക്ക് മൂല്യത്തകർച്ച ഉണ്ടാവാതെ നിലനിൽക്കാൻ കഴിയണമെന്നും അദ്ദേഹം പറഞ്ഞു. ജില്ലാക്കമ്മിറ്റിയംഗം വള്ളക്കടവ് വിശ്വം പതാക ഉയർത്തി. പി.എസ്.യു ജില്ലാസെക്രട്ടറി സംഗീത് രക്തസാക്ഷി അനുസ്മരണം നടത്തി. തിരുവനന്തപുരം മണ്ഡലം സെക്രട്ടറി എം. പോൾ അദ്ധ്യക്ഷത വഹിച്ചു. ജില്ലാ സെക്രട്ടറി എസ്. സത്യപാലൻ, ദേശീയ സമിതി അംഗം കെ.എസ്. സനൽകുമാർ, സംസ്ഥാന കമ്മിറ്റി അംഗങ്ങളായ കെ. ജയകുമാർ, ഇറവൂർ പ്രസന്നകുമാർ, വിനോബാ താഹ, ആർ.വൈ.എഫ് മണ്ഡലം സെക്രട്ടറി എസ്. സുശാന്ത് എന്നിവർ സംസാരിച്ചു. ജില്ലാ എക്സിക്യൂട്ടീവ് കമ്മിറ്റി അംഗം പൂന്തുറ സജീവ് സ്വാഗതവും ജില്ലാ കമ്മിറ്റി അംഗം ആർ. രാജേഷ് നന്ദിയും പറഞ്ഞു.

പ്രതിനിധി സമ്മേളനം ആർ.എസ്.പി സംസ്ഥാന സെക്രട്ടറി എ.എ. അസീസ് ഉദ്ഘാടനം ചെയ്തു. സംസ്ഥാന സെക്രട്ടേറിയറ്റ് അംഗം ജി.എൻ. പോറ്റി അദ്ധ്യക്ഷത വഹിച്ചു. ജില്ലാ അസിസ്റ്റന്റ് സെക്രട്ടറി കെ. ചന്ദ്രബാബു, യു.ടി.യു.സി ജില്ലാസെക്രട്ടറി വി. ശ്രീകുമാരൻനായർ, സംസ്ഥാനകമ്മിറ്റി അംഗം എം.കെ. അജയ്ഘോഷ്, ആർ.വൈ.എഫ് സംസ്ഥാന സെക്രട്ടറി കോരാണി ഷിബു, ഐക്യ മഹിളാസംഘം മണ്ഡലം സെക്രട്ടറി എം.എസ്. ശോഭിത തുടങ്ങിയവർ സംസാരിച്ചു.

# ഭാഗ്യം വന്നു പോകുമ്പോഴും മണിയൻ ഇരുട്ടിലാണ്

▶ഷഫീക്ക് ഷാഹിന




*മെഡിക്കൽ കോളേജിന് മുന്നിൽ നിന്ന് ലോട്ടറി വില്പന നടത്തുന്ന മണിയൻ*

തിരുവനന്തപുരം: ഭാഗ്യം വില്ക്കുന്ന മണിയന് ഇനി എന്നാണ് ഭാഗ്യമുണ്ടാവുക? ആദ്ധ്യാപകനാകാനുള്ള ഭാഗ്യം. അതിനുള്ള ബിരുദങ്ങളുണ്ടെങ്കിലും അന്ധനായ മണിയനും കുടുംബവും ജീവിക്കുന്നത് ഭാഗ്യക്കുറി ടിക്കറ്റു വിറ്റാണ്. 'ഐശ്വര്യപൂർണമായ കാരുണ്യ ലോട്ടറി.....' എന്ന് വിളിച്ചുപറഞ്ഞ് തിരുവനന്തപുരം മെഡിക്കൽ കോളേജിന് മുന്നിൽ നില്ക്കുകയാണ് മണിയൻ. പാറശാല ചാരോട്ട്കോണത്താണ് വീട്. വെളുപ്പിന് വീട്ടിൽ നിന്നിറങ്ങും. ഒരു വടിയുടെ സഹായത്തോടെ ബസ് യാത്ര. രാവിലെ 7 മണിയോടെ തുടങ്ങുന്ന ലോട്ടറി വില്പന അവസാനിക്കുന്നത് വൈകിട്ട് 3ന്. ആദ്യം ഒരുപാട് ബുദ്ധിമുട്ടിയെങ്കിലും ഇപ്പോൾ ശീലമായി. ദൈന്യത നിഴലിക്കുന്ന ചെറുചിരി ആ മുഖത്ത് കാണാം. പൊരിവെയിലിലും അത് മാഞ്ഞുപോകുന്നില്ല.

7 വരെ വർക്കല ബ്ലൈൻഡ് സ്കൂളിലും തുടർന്ന് 10 വരെ കൊല്ലത്തും പ്രീഡിഗ്രി തിരുവനന്തപുരം ആർട്സ് കോളേജിലും പഠിച്ച മണിയൻ 1995 ൽ യൂണിവേഴ്സിറ്റി കോളേജിൽ നിന്നാണ് ഡിഗ്രി പാസായത്. 2008 ൽ നെടുങ്കണ്ട ബി.എഡ് കോളേജിൽ പഠിച്ച് ബി.എഡും സ്വന്തമാക്കി. എച്ച്.എസ്.എ, യു.പി അസിസ്റ്റന്റ്. എൽ.പി അസിസ്റ്റന്റ് തുടങ്ങിയ റാങ്ക് ലിസ്റ്റുകളിൽ ഉൾപ്പെട്ട് ഇന്റർവ്യൂ വരെയെത്തിയെങ്കിലും ഒരു സർക്കാർ ജോലി എന്ന ആഗ്രഹം സ്വപ്നമായി അവശേഷിക്കുന്നു. ഹൈസ്കൂൾ അസിസ്റ്റന്റ് ഇന്റർവ്യൂ ഒരുമാസം മുൻപും യു.പി സ്കൂൾ അസിസ്റ്റന്റ് ഇന്റർവ്യൂ കഴിഞ്ഞ 19 നമാണ് നടന്നത്. നേരത്തെ ചേരോട്ട്കോണത്ത് എസ്.ടി.ഡി ബൂത്ത് നടത്തിയിരുന്നു. അത് നഷ്ടക്കച്ചവടമായപ്പോഴാണ് ലോട്ടറി വില്പന തുടങ്ങിയത്.

### കാഴ്ചയില്ലെങ്കിലും കണ്ടു, കീഴടക്കി

യൂണിവേഴ്സിറ്റി കോളേജിൽ പഠിക്കുമ്പോഴാണ് വിമെൻസ് കോളേജിൽ പഠിക്കുകയായിരുന്ന ആറ്റിങ്ങൽ സ്വദേശി സുജിതയെ മണിയൻ പരിചയപ്പെട്ടത്. ഭാഗികമായി അന്ധയാണ്. ലാ കോളേജ് ജംഗ്ഷനിലെ 'കേരള ഫെഡറേഷൻ ഒഫ് ദി ബ്ലൈൻഡ്'ൽ വെച്ചായിരുന്നു കൂടിച്ചേരൽ. 4 വർഷത്തെ പ്രണയത്തിനൊടുവിൽ രജിസ്ടർ ഓഫീസിൽ വച്ച് മണിയൻ സുജിതയെ താലി ചാർത്തി. കാഴ്ചയ്ക്ക് തകരാറില്ലാത്ത മകൾ രേഷ്മ പാലക്കാട് വെറ്ററിനറി കോളേജിൽ ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർ കോഴ്സിന് പഠിക്കുന്നു.


KERALA KAUMUDI Classifieds
കേരളകൗമുദി ക്ലാസിഫൈഡ്സ്
better choice.... faster response

**നഷ്ടപ്പെട്ടു**
എന്റെ പേർക്കുള്ള 1742/1966-ാം നമ്പർ ഇഷ്ടദാന ആധാരം തിരിയെ കിട്ടാത്തവിധം നഷ്ടപ്പെട്ടു പോയ വിവരം അറിയിക്കുന്നു. കിട്ടുന്നപക്ഷം 7 ദിവസത്തിനകം തിരിയെ ഏല്പിക്കേണ്ടതാണ്.
മേരി ലളിതാഭായി സേവ്യർ. 7736647521.

**ബാങ്ക് സ്വർണ്ണം**
കമ്മീഷനില്ലാതെ സ്വർണ്ണം വീണ്ടെടുത്ത് വിൽക്കാൻ സഹായിക്കുന്നു. ജില്ലകളിലെല്ലാം എക്സിക്യൂട്ടീവുകൾ.
9746811196
9847301158
രാധികാ ജ്വല്ലറി

കേരളകൗമുദി കളിക്കുടുക്ക കുട്ടികളുടെ വാരിക

**DISTANCE EDUCATION**
UGC, PSC, UPSC അംഗീകരിച്ചതും, UGC നിബന്ധന പ്രകാരമുള്ള യൂണിവേഴ്സിറ്റി പരിധിക്കകത്തും
BA BCom BSc MA MSc MCom MBA
തുടങ്ങിയ ഡിഗ്രി/പി.ജി. കോഴ്സുകൾ
ഏറ്റവും കുറഞ്ഞ ഫീസോടെ രജിസ്റ്റർ ചെയ്യുന്നതിനും, പാതിവഴിയിൽ ഡിഗ്രി/പി.ജി. പഠനം നിർത്തിയവർക്ക് കോഴ്സുകൾ പുനരാരംഭിക്കുന്നതിനും ബന്ധപ്പെടുക.
SIMS DISTANCE EDUCATION
MALAPPURAM : 8893 673433
KOCHI : 8893 853433
PALAKKAD : 9072 204040
KANNUR : 8893 703433
CALICUT : 8893 753433

**സന്ധിവേദന സുഖപ്പെടുത്തുന്നു**
മുട്ടുവേദന, നടുവേദന, കഴുത്തുവേദന, സന്ധികൾ മടക്കാനും നിവർക്കാനും കഴിയായ്ക, അസ്ഥിതേയ്മാനം, എന്നിവ ആയുർവ്വേദ മർമ്മ ചികിത്സയിലൂടെ വളരെ പെട്ടെന്ന് സുഖപ്പെടുത്തുന്നു. കൈ ഉയർത്താൻ കഴിയാത്ത രോഗത്തിനു പ്രത്യേക ചികിത്സ.
ആയുർദാൻ ആയുർവ്വേദ ഹോസ്പിറ്റൽ
വലിയ കോയിക്കൽ അയ്യപ്പക്ഷേത്രത്തിനു സമീപം പന്തളം
ഫോൺ : 9526530700.

**ITI/KGCE അഡ്മിഷൻ**
P.S.C./NCVT/KSELB/KERALA ഗവ. അംഗീകൃത കോഴ്സുകൾ
ഓട്ടോമൊബൈൽ + Driv. Licence | ഇലക്ട്രിക്കൽ
സിവിൽ | എക്സ്റേ – വെൽഡിംഗ്
കോഴ്സുകഴിഞ്ഞാൽ ശമ്പളത്തോടുകൂടി ഉടൻ ട്രെയിനിംഗ്
Since 1978 UBDACE INSTITUTIONS കേന്ദ്ര – സംസ്ഥാന ഗവൺമെന്റ് അംഗീകൃതം
വിദേശത്ത് പോകുവാൻ* UEI ഡിപ്ലോമ സർട്ടിഫിക്കറ്റ്
സ്റ്റേഡിയം, കൊല്ലം
0474-2740503, 2764343
2794676, 9446787715
* Conditions apply

**പാർക്കിൻസൺസ്** (PARKINSON'S DISEASE)
ശരീരം മുഴുവനായോ കൈകാലുകളിലോ ഉണ്ടാകുന്ന വിറയൽ, മാനസിക സമ്മർദ്ദം അനുഭവപ്പെടുമ്പോൾ വിറയൽ കൂടുന്ന അവസ്ഥ, നടക്കുമ്പോൾ ബാലൻസ് ഇല്ലാതായി വേഗം കൂടുകയോ കുറയുകയോ ചെയ്യുന്ന അവസ്ഥ, ഉറക്കക്കുറവ്, അമിതമായ ദേഷ്യം, അകാരണമായ ഭയം, ഓർമ്മക്കുറവ് തുടങ്ങിയ ലക്ഷണങ്ങളോടു കൂടിയ പാർക്കിൻസൺസ് രോഗത്തിനും മറ്റ് അനുബന്ധ രോഗങ്ങൾക്കും ഫലപ്രദമായ ശാസ്ത്രീയ ആയുർവ്വേദ ചികിത്സ വിദഗ്ധ ഡോക്ടർമാരുടെ നേതൃത്വത്തിൽ ഇവിടെ ലഭ്യമാണ്.
DR. K.V. VIJAYAN INSTITUTE OF AYURVEDA MEDICAL SCIENCE
Mezhathur, Pattambi, Palakkad (Dt)
E mail:info@viams.in Website:www.viams.in Ph: 0466 2270142, 09846362442, 09446456442

**പണയ സ്വർണ്ണം**
കമ്മീഷനില്ലാതെ ബാങ്കിലെ സ്വർണ്ണം വീണ്ടെടുത്ത് വിൽക്കാൻ സഹായിക്കുന്നു. എല്ലാജില്ലകളിലും എക്സിക്യൂട്ടീവുകൾ.
98 95 92 40 17
ശ്രീനാരായണ ജ്വല്ലറി

**GAS PIPELINE INSTALLATION**
CHIMNEY & HOB SALES & INSTALLATION
RT TRADERS, KUNJALUMMOODU.
Mobile : 7012863350, 9447243681.

**ചികിത്സ**
ത്വക്‌രോഗികൾ ശ്രദ്ധിക്കുക! ഡോ.കെ. സുഭാഷ്, കല്പദ്രുമം ഹോസ്പിറ്റൽ, ത്വക്‌രോഗ ചികിത്സാകേന്ദ്രം, ഇടപ്പഴിഞ്ഞി, തിരുവനന്തപുരം-14
Phone: 2321289, 2326569.

Member SAP Student Academy Program
**SAP ACCOUNTING LOGISTICS**
JOB ORIENTED TRAINING IN WORLD'S NO. 1 BUSINESS SOFTWARE WITH PLACEMENT SUPPORT
ELIGIBILITY : DEGREE (Course Completed)
1) SAP FICO/LOGISTICS-MM (Materials Mgmt.)/SD (Sales & Distribution) : 45 Days
2) SAP FICO + Tally ACE with GST/VAT + Corporate Accounting : 3 Months
3) SAP FICO + Tally PRO + Peachtree + QB + MS Office, Word, Exel + Softskill + Spoken English + Interview Sessions : 6 months
4) SAP FICO + Tally GURU + MS Office, Word, Exel + Softskill + Spoken English + Interview Sessions : 8 months
5) SAP MM/SD + Diploma in Logistics & International Trade : 4 months
ADMISSION OPEN | NO.1 SAP EDUCATION CENTRE IN KERALA
SAP & Tally AUTHORIZED CERTIFICATION | 9645012140 | 9809412140 | Ulloor | Trivandrum-11 | cokonetacademy.com | COKONET

**നോട്ടീസ്**
2002 വർഷത്തെ 155836 രജിസ്റ്റർ നമ്പരിലുള്ള എന്റെ SSLC ബുക്ക് വീണ്ടെടുക്കാൻ പറ്റാത്തവിധത്തിൽ കൈമോശം വന്ന വിവരം ഇതിനാൽ അറിയിക്കുന്നു. പ്രസ്തുത ബുക്കിന്റെ ഡ്യൂപ്ലിക്കേറ്റ് പകർപ്പിനായി പരീക്ഷാ കമ്മീഷണറുടെ സെക്രട്ടറിമുൻപാകെ നിയമാനുസരണമുള്ള അപേക്ഷ നല്കുന്നതിന് തീരുമാനിച്ചിരിക്കുന്നു. ഇതിന്മേൽ ആക്ഷേപമുള്ളവർ ഈ പരസ്യം വന്ന് 15 ദിവസത്തിനകം സെക്രട്ടറി, ബോർഡ് ഒഫ് പബ്ലിക് എക്സാമിനേഷൻസ്, പരീക്ഷാ ഭവൻ, പൂജപ്പുര, തിരുവനന്തപുരം എന്ന വിലാസത്തിൽ രേഖാമൂലം പരാതി നല്കേണ്ടതാണ്.
Bindhu. H, Panayil Veedu, Chittilakkadu, Vettoor, (P.O.), Varkala. Mobile: 9846809197.

**തീർത്ഥാടന യാത്രകൾ**

| | |
|---|---|
| തിരുപ്പതി | 26.09.18 |
| നവഗ്രഹം | 01.10.18 |
| മൂകാംബിക | 10.12.18 |
| ശ്രീലങ്ക | 24.12.18 |
| കൊൽക്കത്ത | 06.02.19 |
| രാജസ്ഥാൻ | 16.02.19 |

ഭക്ഷണം, താമസം ഉൾപ്പെടെ.
ശ്രീ രമണ മഹർഷി യാത്രാ സമിതി
04912532688, 8089978043

**ശ്രീകാളിസർവ്വകാര്യസിദ്ധിയന്ത്രം**

ഈ യന്ത്രം ധരിച്ചാൽ താങ്കളുടെ സർവ്വ പ്രശ്നങ്ങൾക്കും പരിഹാരം
സാമ്പത്തിക തടസം, വിവാഹതടസം, വിദ്യാഭ്യാസ തടസം, ജോലി തടസം എന്നിവ മാറും. ലോട്ടറി വിജയം, സന്താനങ്ങളുടെ വിജയം മുതലായവ ലഭ്യമാകുന്നതാണ്.
NB : ധന ആകർഷണ പൂജ തുടങ്ങിയ എല്ലാ പൂജാകർമ്മങ്ങളും മഠത്തിൽവെച്ച് നടത്തുന്നതാണ്.
യന്ത്രം തപാലിൽ മാത്രം ലഭ്യം
ശിവകാളിമഠം Ph: 8743055897

**SURGERY CLINIC & SPECIALITY HOSPITAL**
Starlane Road, Near Maithanam Railway Gate, Varkala. Phone: 0470 - 2605272, 9645705182
തിരുവനന്തപുരം മെഡിക്കൽ കോളേജിൽ നിന്ന് വിരമിച്ച പ്രശസ്തനായ ENT സർജൻ Dr. Subba Reddy MBBS, MS, DLO സർജറി ക്ലിനിക് & സ്പെഷ്യാലിറ്റി ഹോസ്പിറ്റലിൽ ചാർജ്ജെടുത്ത വിവരം അറിയിച്ചുകൊള്ളുന്നു. ഡോക്ടറുടെ സേവനം തിങ്കൾ മുതൽ വെള്ളി വരെ വൈകുന്നേരം 2.30 മുതൽ 5.30 വരെ ലഭ്യമാണ്.
വിശദവിവരങ്ങൾക്ക്
0470 - 2605272, 9645705182

**തൊഴിലവസരം**
കേന്ദ്രസർക്കാർ അംഗീകാരമുള്ള പ്രമുഖ ധനകാര്യ സ്ഥാപനത്തിന്റെ പുതുതായി ആരംഭിക്കുന്ന STATUE ബ്രാഞ്ചിലേക്ക് ഉദ്യോഗാർത്ഥികളെ ക്ഷണിക്കുന്നു.
- MANAGERS – Package: ₹35,000 (Qualf. Degree & Above)
- CO-ORDINATORS – Package: ₹30,000 (Qualf. Pre-degree & above)
- OFFICE SECRETARY –(Females only)(Qualf. + 2 above) Pckg:₹18000
- COMPANY PARTNERS – Package: ₹45,000 (Rtd. Govt. Employees and NRI's Preffered)
Age : 25 to 65
Contact : 8593813873, 8129216791

**രോഗികൾ മാത്രം വായിക്കുക**
• കൊല്ലം - ബുധനാഴ്ച
• കൊച്ചി - വ്യാഴം, വെള്ളി
തിരുവനന്തപുരം ശനി മുതൽ ചൊവ്വ വരെ
കൺസൽട്ടിംഗ് ഉണ്ടായിരിക്കുന്നതാണ്
• പാർശ്വഫലങ്ങളില്ലാത്ത ഫലപ്രദമായ ചികിത്സ

ദാമ്പത്യ ജീവിത പരാജയത്തിന് കാരണമാകുന്ന ശക്തിക്കുറവ്, വലിപ്പക്കുറവ്, ശീഘ്രസ്ഖലനം, സ്വപ്ന സ്ഖലനം, സ്ത്രീകൾക്കുണ്ടാകുന്ന വെള്ളപോക്ക്, സ്തന വലിപ്പക്കുറവ്, മറ്റു മൂത്രാശയരോഗങ്ങൾ 100% ഉത്തരവാദിത്വത്തോടുകൂടി ചികിത്സിച്ചു ഭേദമാക്കുന്നു.
(CALL FOR APPOINTMENT)
9387816888
9946017861
Dr. ഹക്കീംഷാക്കിർ അവർകളെ നേരിൽ കാണുക.
മോഡേൺ ഹെൽത്ത് സെന്റർ
2nd Floor, CDRC ബിൽഡിംഗ്, മണക്കാട് മാർക്കറ്റിന് എതിർവശം, തിരുവനന്തപുരം



# സൗദി ആരോഗ്യമന്ത്രാലയത്തിലേക്ക് ഡോക്ടർമാരെ വിളിക്കുന്നു

## ഒഡെപെക് അപേക്ഷ ക്ഷണിച്ചു

സൗദി അറേബ്യൻ സർക്കാർ ആരോഗ്യമന്ത്രാലയത്തിന്റെ കീഴിലുള്ള കിംഗ് സൗദ് മെഡിക്കൽ സിറ്റി ആശുപത്രിയിൽ കൺസൾട്ടന്റ്സ്, സ്പെഷ്യലിസ്റ്റ് ഡോക്ടർമാരെ നിയമിക്കാൻ ഒഡെപെക് അപേക്ഷ ക്ഷണിച്ചു.

രണ്ട് വർഷം പ്രവൃത്തി പരിചയം ഉണ്ടാവണം. ഒക്ടോബറിൽ ഡൽഹിയിലാണ് ഇന്റർവ്യൂ. കൂടുതൽ വിശദവിവരങ്ങൾ: www.odepc.kerala.gov.in ൽ ലഭിക്കും.

ശമ്പളം: SR.12145- SR 22120. അലവൻസ്: - SR 665 /-. 30 ദിവസം വെക്കേഷൻ. താത്പര്യമുള്ളവർ ബയോഡാറ്റ depckerala@gmail.com എന്ന ഇമെയിൽ ഐഡിയിലേക്ക് അയക്കുക. സെപ്തംബർ 30 വരെ അപേക്ഷിക്കാം.

# വിദേശത്ത് തൊഴിൽ



## ഇത്തിഹാദ് എയർലൈൻസ്

ഇത്തിഹാദ് എയർലൈൻസിന്റെ ജോലി ഒഴിവുകളിലേക്ക് മലയാളികൾക്ക് അപേക്ഷിക്കാം. അക്കൗണ്ടന്റ് എക്സിക്യൂട്ടീവ്, ഫിനാൻസ് ഓഫീസർ, ഫിനാൻസ് മാനേജർ, മാനേജർ ഓൺലൈൻ സെയിൽസ്, മാനേജർ തുടങ്ങിയ തസ്തികകളിലാണ് ഒഴിവ്. കൂടുതൽ വിവരങ്ങൾക്ക്: www.etihad.com. അപേക്ഷിക്കാൻ താത്പര്യമുള്ളവർ gulfjobvacancy.com എന്ന വെബ്സൈറ്റിലൂടെ ഓൺലൈനായി അപേക്ഷിക്കുക.




## അഗിലിറ്റി ലോജിസ്റ്റിക്സ്

കുവൈറ്റിലെ അഗിലിറ്റി ലോജിസ്റ്റിക്സ് (ലോജിസ്റ്റിക്സ് കമ്പനി) വിവിധ തസ്തികകളിലേക്ക് അപേക്ഷ ക്ഷണിച്ചു. പ്രൊജക്ട് മാനേജർ, ബിസിനസ് അനലിസ്റ്റ്, സീനിയർ ബിസിനസ് അനലിസ്റ്റ്, ഐടി ടെക്നിക്കൽ റൈറ്റർ, ഐടി സെക്യൂരിറ്റി ആർക്കിടെക്ട്, പ്രൊജക്ട് മാനേജർ, ഡാറ്റ സൈന്റിസ്റ്റ്, മാനേജർ, കസ്റ്റമർ സർവീസ്, തുടങ്ങിയ ഒഴിവുകളിലേക്ക് അപേക്ഷിക്കാം. കമ്പനി വെബ്സൈറ്റ്: www.agility.com. അപേക്ഷിക്കാൻ താത്പര്യമുള്ളവർ kuwaitjobvacancy.com എന്ന വെബ്സൈറ്റിലൂടെ ഓൺലൈനായി അപേക്ഷിക്കുക.

## ടെലിടെക്ക്

മെക്സികോയിലെ ടെലിടെക്ക് (ബിസിനസ് പ്രോസസ് ഔട്ട്സോഴ്സിംഗ് കമ്പനി) 420 തസ്തികകളിൽ അപേക്ഷ ക്ഷണിച്ചു. സെയിൽസ്, സൂപ്പർ വൈസർ, ഫിനാൻസ് അനലിസ്റ്റ്, കസ്റ്റമർ സർവീസ് റെപ്രസെന്റേറ്റീവ്, സീനിയർ ഡിസൈൻ എൻജിനീയർ, ഡയറക്ടർ, ഡെവലപ്പർ, എക്സിക്യൂട്ടീവ് തുടങ്ങിയവയാണ് ഒഴിവുകൾ. അപേക്ഷിക്കാൻ താത്പര്യമുള്ളവർ www.jobsindubai.com എന്ന വെബ്സൈറ്റിൽ ടെലിടെക്കിന്റെ ലിങ്കിൽ കയറി അപ്ലൈ നൗ എന്ന ബട്ടൺ വഴി അപേക്ഷിക്കാം. കമ്പനി വെബ്സൈറ്റ്: www.ttec.com

## ടോട്ടലാമ്പർ ലിമിറ്റഡ്

Totalamber

യുകെയിലെ ടോട്ടലാമ്പർ ലിമിറ്റഡ് (ടെക്നോളജി) 3 തസ്തികകളിലേക്ക് അപേക്ഷ ക്ഷണിച്ചു. ഡോക്യുമെന്റേഷൻ ഓഫീസർ, ടെക്നിക്കൽ കൺസൾട്ടന്റ്, ട്രെയിനിംഗ് മാനേജർ തുടങ്ങിയ തസ്തികകളിലാണ് ഒഴിവ്. അപേക്ഷിക്കാൻ താത്പര്യമുള്ളവർ www.jobsindubai.com എന്ന വെബ്സൈറ്റിൽ ടോട്ടലാമ്പർ ലിമിറ്റഡ് എന്ന ലിങ്കിൽ കയറി അപ്ലൈ നൗ എന്ന ബട്ടൺ വഴി അപേക്ഷിക്കാം. കമ്പനി വെബ്സൈറ്റ്: www.totalamber.com

## ഇന്റീരിയർ ഡിസൈനർ

ദുബായിൽ പത്തുവർഷത്തെ പ്രവർത്തന പാരമ്പര്യമുള്ള കമ്പനിയിലേക്ക് ഇന്റീരിയർ ഡിസൈനറെ ആവശ്യമുണ്ട്. ബിരുദധാരികൾക്ക് അപേക്ഷിക്കാം. കൺസ്ട്രക്ഷൻ/കോൺട്രാക്ടിംഗ് മേഖലകളിൽ പ്രവൃത്തിപരിചയം ഉണ്ടായിരിക്കണം. ഡ്രൈവിംഗ് ലൈസൻസ്, കംപ്യൂട്ടർ പരിജ്ഞാനം, കമ്മ്യൂണിക്കേഷൻ സ്കിൽ എന്നിവയാണ് അടിസ്ഥാന യോഗ്യത. അപേക്ഷിക്കാൻ abroadjobsforindians.com എന്ന വെബ്സൈറ്റ് കാണുക.

## വാം സിസ്റ്റം

യു.എ.ഇയിലെ ഐടി സൊല്യൂഷൻ ഐടി സർവീസ് കമ്പനിയായ വാം സിസ്റ്റത്തിൽ 699 തസ്തികകളിലേക്ക് അപേക്ഷ ക്ഷണിച്ചു. വിവിധ സെക്ഷനുകളിലേക്കായി ഐടി കൺസൾട്ടന്റ്, എൻജിനീയർ, സെയിൽസ് മാനേജർ, പ്രോജക്ട് മാനേജർ, പ്രോജക്ട് കോഡിനേറ്റർ, ഐടി ടെക്നീഷ്യൻ തുടങ്ങിയ തസ്തികകളിലാണ് നിയമനം. അപേക്ഷിക്കാൻ താത്പര്യമുള്ളവർ www.jobsindubai.com എന്ന വെബ്സൈറ്റിൽ വാം സിസ്റ്റത്തിന്റെ ലിങ്കിൽ കയറി അപ്ലൈ നൗ എന്ന ബട്ടൺ വഴി അപേക്ഷിക്കാം. കമ്പനി വെബ്സൈറ്റ്: vamsystems.com.

JOBTRACK

## ജോബ്ട്രാക്ക്

യുഎഇയിലെ ജോബ്ട്രാക്ക് മാനേജ്മെന്റ് സർവീസ് കമ്പനി 181 തസ്തികയിൽ അപേക്ഷ ക്ഷണിച്ചു. അക്കൗണ്ടന്റ്, പ്രൊജക്ട് മാനേജർ, സെയിൽസ്, എക്സിക്യൂട്ടീവ്സ്, സിസ്റ്റം എൻജിനീയർ, പ്രൊഡക്ഷൻ മാനേജർ, ഓപ്പറേഷൻ മാനേജർ തുടങ്ങിയവയാണ് ഒഴിവുകൾ. അപേക്ഷിക്കാൻ താത്പര്യമുള്ളവർ www.jobsindubai.com എന്ന വെബ്സൈറ്റിൽ ജോബ്ട്രാക്കിന്റെ ലിങ്കിൽ കയറി അപ്ലൈ നൗ എന്ന ബട്ടൺ വഴി അപേക്ഷിക്കാം. കമ്പനി വെബ്സൈറ്റ്: www.jobtrackme.com

## വി.ഐ.പി എറ

യുഎഇയിലെ വിഐപി കോസ്മെറ്റിംക്സ് ട്രെഡിംഗ് എൽഎൽസിയിൽ 3 തസ്തികകളിൽ ഒഴിവ്. സെയിൽസ്, സെയിൽസ് കൺസൾട്ടന്റ്, തുടങ്ങിയവയാണ് ഒഴിവുകൾ. അപേക്ഷിക്കാൻ താത്പര്യമുള്ളവർ www.jobsindubai.com എന്ന വെബ്സൈറ്റിൽ വിഐപി ഇറ എന്ന ലിങ്കിൽ കയറി അപ്ലൈ നൗ എന്ന ബട്ടൺ വഴി അപേക്ഷിക്കാം. കമ്പനി വെബ്സൈറ്റ്: vipcosmetics.com

## സ്മൂഗ്ലീ

യുഎഇയിലെ സ്മൂഗ്ലീ (ഓൺലൈൻ മാർക്കറ്റിംഗ് കമ്പനി) 22 തസ്തികകളിലേക്ക് അപേക്ഷ ക്ഷണിച്ചു. ഇന്റീരിയർ ഡെക്കോറേറ്റർ, ഇവന്റ് മാനേജ്മെന്റ് അസിസ്റ്റന്റ്, ബ്യൂട്ടീഷ്യൻ, ഹെയർ സ്റ്റൈലിസ്റ്റ്, ഫിറ്റ്നസ് ഇൻസ്ട്രക്ടർ, നഴ്സ്, പേഴ്സണൽ ട്രെയിനർ, തുടങ്ങിയവയാണ് ഒഴിവുകൾ. അപേക്ഷിക്കാൻ താത്പര്യമുള്ളവർ www.jobsindubai.com എന്ന വെബ്സൈറ്റിൽ സ്മൂഗ്ലീ എന്ന ലിങ്കിൽ കയറി അപ്ലൈ നൗ എന്ന ബട്ടൺ വഴി അപേക്ഷിക്കാം. കമ്പനി വെബ്സൈറ്റ്: smooglee.com

NES Global Talent

## നെസ് ഗ്ലോബൽ

ഖത്തറിലെ നെസ് ഗ്ലോബൽ 15 തസ്തികകളിലേക്ക് അപേക്ഷ ക്ഷണിച്ചു.

ക്വാണ്ടിറ്റി സർവേയർ, ഇലക്ട്രിക്കൽ എൻജിനീയർ, മെക്കാനിക്കൽ ഡിസൈൻ എൻജിനീയർ, ക്വാളിറ്റി കൺട്രോൾ എൻജിനീയർ തുടങ്ങിയ തസ്തികകളിലാണ് ഒഴിവ്.

അപേക്ഷിക്കാൻ താത്പര്യമുള്ളവർ www.jobsindubai.com എന്ന വെബ്സൈറ്റിൽ നെസ് ഗ്ലോബൽ എന്ന ലിങ്കിൽ കയറി അപ്ലൈ നൗ എന്ന ബട്ടൺ വഴി അപേക്ഷിക്കാം. കമ്പനി വെബ്സൈറ്റ്: www.nesgt.com

## ബുർജ് അൽ അറബ്

ബുർജ് അൽ അറബ്, ദുബായിൽ വെയ്റ്റർ തസ്തികയിൽ നിരവധി ഒഴിവുകൾ.

കമ്പനി വെബ്സൈറ്റ്: www.jumeirah.com. ഓൺലൈനായി അപേക്ഷിക്കാൻ gulfjobvacancy.



## പ്രൈമസി മാനേജ്മെന്റ് കൺസൾട്ടേഷൻ



യുഎഇയിലെ പ്രൈമസി മാനേജ്മെന്റ് കൺസൾട്ടേഷൻ 22 തസ്തികകളിലേക്ക് അപേക്ഷ ക്ഷണിച്ചു. അക്കൗണ്ടന്റ്, എൻജിനീയർ, മെഡിക്കൽ ബില്ലിംഗ്, ബ്യൂട്ടീഷ്യൻ, എൻജിനീയർ, ക്വാണ്ടിറ്റി സർവേയർ, മാർക്കെറ്റിംഗ്, സ്റ്റോർ കീപ്പർ, തുടങ്ങിയവയാണ് ഒഴിവുകൾ. അപേക്ഷിക്കാൻ താത്പര്യമുള്ളവർ www.jobsindubai.com എന്ന വെബ്സൈറ്റിൽ പ്രൈമസി മാനേജ്മെന്റ് കൺസൾട്ടേഷൻ എന്ന ലിങ്കിൽ കയറി അപ്ലൈ നൗ എന്ന ബട്ടൺ വഴി അപേക്ഷിക്കാം. കമ്പനി വെബ്സൈറ്റ്: www.primacymc.com

## ന്യൂറോ സ്പൈനൽ ഹോസ്പിറ്റൽ



ദുബായിലെ ന്യൂറോ സ്പൈനൽ ഹോസ്പിറ്റൽ 4 തസ്തികകളിലേക്ക് അപേക്ഷ ക്ഷണിച്ചു. നഴ്സ്-2, കസ്റ്റമർ സർവീസ് കോഡിനേറ്റർ, ജനറൽ പ്രാക്ടീഷ്ണർ എന്നിങ്ങനെയാണ് ഒഴിവുകൾ. അപേക്ഷിക്കാൻ താത്പര്യമുള്ളവർ www.jobsindubai.com എന്ന വെബ്സൈറ്റിൽ ന്യൂറോ സ്പൈനൽ ഹോസ്പിറ്റൽ എന്ന ലിങ്കിൽ കയറി അപ്ലൈ നൗ എന്ന ബട്ടൺ വഴി അപേക്ഷിക്കാം. കമ്പനി വെബ്സൈറ്റ്: nshdubai.com

## നിക്കോളാസ് അസോസിയേറ്റ്സ്

യുകെയിലെ നിക്കോളാസ് അസോസിയേറ്റ്സ് 21 തസ്തികകളിലേക്ക് അപേക്ഷ ക്ഷണിച്ചു. ഡിസൈൻ എൻജിനീയർ, ഓപ്പറേഷൻ മാനേജർ, ക്വാളിറ്റി മാനേജർ, വേർഹൗസ് മാനേജർ, പ്രോഡക്ട് മാനേജർ, ക്വാളിറ്റി കൺട്രോളർ, എൻജിനീയറിംഗ് മാനേജർ, മാനുഫാക്ച്വറിംഗ് മാനേജർ തുടങ്ങിയവയാണ് ഒഴിവുകൾ. അപേക്ഷിക്കാൻ താത്പര്യമുള്ളവർ www.jobsindubai.com എന്ന വെബ്സൈറ്റിൽ നിക്കോളാസ് അസോസിയേറ്റ്സ് എന്ന ലിങ്കിൽ കയറി അപ്ലൈ നൗ എന്ന ബട്ടൺ വഴി അപേക്ഷിക്കാം.

കമ്പനി വെബ്സൈറ്റ്: www.nicholasassociates.co.

Nicholas Associates

## അൽഷയ കമ്പനിയിൽ




കുവൈറ്റിലെ അൽഷയ കമ്പനിയിലേക്ക് വിവിധ തസ്തികകളിലേക്ക് അപേക്ഷ ക്ഷണിച്ചു. സെയിൽസ് അസോസിയേറ്റ്, സ്റ്റോർ മാനേജർ, അസിസ്റ്റന്റ് സ്റ്റോർ മാനേജർ, സ്റ്റോർ മാനേജർ, ടെയിലർ, സെയിൽസ് അസോസിയേറ്റ്, അസിസ്റ്റന്റ് സ്റ്റോർ മാനേജർ, സെയിൽസ് അസോസിയേറ്റ്, സ്റ്റൈലിസ്റ്റ്, വിഷ്വൽ മർച്ചെൻഡൈസർ, തുടങ്ങിയ തസ്തികകളിലാണ് ഒഴിവ്. അപേക്ഷിക്കാൻ താത്പര്യമുള്ളവർ jobsindubaie.com എന്ന വെബ്സൈറ്റിലൂടെ ഓൺലൈനായി അപേക്ഷിക്കുക. കമ്പനി വെബ്സൈറ്റ്: alshaya.com

## സിൻഡ്ര മെഡിക്കൽ ആൻഡ് റിസർച്ച് സെന്റർ

ഖത്തറിലിലെ സിൻഡ്ര മെഡിക്കൽ ആൻഡ് റിസേർച്ച് സെന്ററിൽ റിസേർച്ച് സ്പെഷ്യലിസ്റ്റ്, ക്ലിനിക്കൽ റിസേർച്ച് അസോസിയേറ്റ്, റിസേർച്ച് സ്പെഷ്യലിസ്റ്റ്, കോഡിനേറ്റർ, ടെക്നോളജിസ്റ്റ്, ഫിസീഷ്യൻ, അസിസ്റ്റന്റ് ഡയറക്ടർ, ഓഫ്ത്താൽമോളജി ഹോസ്പ്പിറ്റലിസ്റ്റ് തുടങ്ങിയ തസ്തികകളിലാണ് ഒഴിവ്. കൂടുതൽ വിവരങ്ങൾക്ക്: www.sidra.org



## അമേരിക്കൻ യൂണിവേഴ്സിറ്റി ഒഫ് കുവൈറ്റ്

കുവൈറ്റിലെ അമേരിക്കൻ യൂണിവേഴ്സിറ്റി ഒഫ് കുവൈറ്റ് അക്കാഡമിക് അഡ്വൈസർ തസ്തികയിലേക്ക് അപേക്ഷ ക്ഷണിച്ചു. കമ്പനി വെബ്സൈറ്റ്: www.auk.edu.kw. അപേക്ഷിക്കാൻ താത്പര്യമുള്ളവർ jobsindubaie.com എന്ന വെബ്സൈറ്റിലൂടെ ഓൺലൈനായി അപേക്ഷിക്കുക.

## അൽ സമാൻ എക്സ്ചേഞ്ച്

അൽ സമാൻ എക്സ്ചേഞ്ച് വിവിധ തസ്തികകളിലേക്ക് അപേക്ഷ ക്ഷണിച്ചു. കാഷ്യെറിംഗ്, കൗണ്ടർ സർവീസ്, Cashiering എൻക്വെറീസ് ആൻഡ് കസ്റ്റമർ സർവീസ്, സൂപ്പർവൈസർ, ബ്രാഞ്ച് മാനേജർ, അക്കൗണ്ട്സ്, ബാക്ക് ആൻഡ് ഓപ്പറേഷൻസ്, ഫോറെക്സ്, ഡീലർ, മാർക്കെറ്റിംഗ് ആൻഡ് സെയിൽസ്, ഹ്യൂമൻ റിസോഴ്സ്, തുടങ്ങിയ മേഖലകളിലേക്കാണ് നിയമനം. കമ്പനി വെബ്സൈറ്റ്: www.alzamanexchange.com. അപേക്ഷിക്കാൻ താത്പര്യമുള്ളവർ jobsindubaie.com എന്ന വെബ്സൈറ്റിലൂടെ ഓൺലൈനായി അപേക്ഷിക്കണം.

## അൽ നബൂഡ ഓട്ടോമൊബൈൽസ്

ദുബായിലെ അൽ നബൂഡ ഓട്ടോമൊബൈൽസ് വിവിധ തസ്തികകളിലേക്ക് അപേക്ഷ ക്ഷണിച്ചു. കസ്റ്റമർ അഡ്വൈസർ, സെയിൽസ് ആൻഡ് ഓഡർ പ്രോസസിംഗ് എക്സിക്യൂട്ടീവ്, അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ് സെയിൽ, ഓഫീസ് ബോയ്, ക്വാളിറ്റി കൺട്രോളർ, വാഷിംഗ് മാൻ, ടൂൾ കീപ്പർ, മെക്കാനിക് ലെവൽ തുടങ്ങിയ തസ്തികകളിലാണ് ഒഴിവ്. അപേക്ഷിക്കാൻ താത്പര്യമുള്ളവർ jobsindubaie.com എന്ന വെബ്സൈറ്റിലൂടെ ഓൺലൈനായി അപേക്ഷിക്കണം. കമ്പനി വെബ്സൈറ്റ്: www.alnabooda.com.





## ഖത്തർ മ്യൂസിയം

ഖത്തർ മ്യൂസിയത്തിൽ വിവിധ തസ്തികകളിലേക്ക് അപേക്ഷ ക്ഷണിച്ചു. ഹെഡ് ഒഫ് പർച്ചേസിംഗ് സെക്ഷൻ, പ്രൊജക്ട് സ്പെഷ്യലിസ്റ്റ്, അസിസ്റ്റന്റ് രജിസ്ട്രാർ, അസിസ്റ്റന്റ് ക്യുറേറ്റർ, പേപ്പർ കൺസർവേറ്റർ, ഒബ്ജക്ട് കൺസർവേറ്റർ, സീനിയർ എക്സിബിഷൻ പ്രൊജക്ട് സ്പെഷ്യലിസ്റ്റ് തുടങ്ങിയ തസ്തികകളിലേക്കാണ് നിയമനം. അപേക്ഷിക്കാൻ താത്പര്യമുള്ളവർ omanjobvacancy.com എന്ന വെബ്സൈറ്റിലൂടെ ഓൺലൈനായി അപേക്ഷിക്കുക. കമ്പനി വെബ്സൈറ്റ്: www.qm.org.qa/en

## വാൻ സെയിൽസ്മാൻ

യുഎഇയിലും ഒമാനിലും വാൻ സെയിൽസ്മാൻ ആകാം. ഇന്റർവ്യൂ 27ന് കൊച്ചിയിൽ. പ്രായം: 25-32. കൂടുതൽ വിവരങ്ങൾക്ക്: thozhilnedam.com.



## ബോളിവുഡ് പാർക്സ് ദുബായ്

ദുബായിലെ ബോളിവുഡ് പാർക്സ് ദുബായ് മേക്ക് അപ്പ്, ഹെയർ, വിഗ് ടെക്നീഷ്യൻ, കോസ്റ്റ്യൂം ക്രാഫ്റ്റ് ടെക്നീഷ്യൻ, എഫ് ആൻഡ് ബി അറ്റൻഡന്റ്, ടെക്നീഷ്യൻ, ഗസ്റ്റ് സർവീസ് അറ്റന്റർ, കോമിസ് 2 തുടങ്ങിയ തസ്തികകളിലാണ് ഒഴിവ്. അപേക്ഷിക്കാൻ താത്പര്യമുള്ളവർ jobsindubaie.com എന്ന വെബ്സൈറ്റിലൂടെ ഓൺലൈനായി അപേക്ഷിക്കുക. കമ്പനി വെബ്സൈറ്റ്: www.bollywoodparksdubai.com

## പ്ലം ജോബ്സ് യു.എ.ഇ

യുഎഇയിലെ പ്ലം ജോബ്സ് റിക്രൂട്ടിംഗ് കമ്പനിയിൽ തൊഴിൽ നേടാം. 12 ഒഴിവുകളുണ്ട്. ലോയർ, സെയിൽ സർവീസ് എക്സിക്യൂട്ടീവ്, സെയിൽസ് ഡയറക്ടർ, മാർക്കെറ്റിംഗ് എക്സിക്യൂട്ടീവ്, ജനറൽ മാനേജർ, ഓഡിറ്റ് അസിസ്റ്റന്റ് എന്നിങ്ങനെയാണ് ഒഴിവുകൾ. അപേക്ഷിക്കാൻ താത്പര്യമുള്ളവർ www.jobsindubai.com എന്ന വെബ്സൈറ്റിൽ പ്ലം ജോബ്സ് റിക്രൂട്ടർ എന്ന ലിങ്കിൽ കയറി അപ്ലൈ നൗ എന്ന ബട്ടൺ വഴി അപേക്ഷിക്കാം. കമ്പനി വെബ്സൈറ്റ്: www.plumjobs.co




## ബ്രിട്ടീഷ് കൗൺസിൽ

കുവൈറ്റിലെ ബ്രിട്ടീഷ് കൗൺസിൽ അക്കാഡമിക് കോർഡിനേറ്റർ, കസ്റ്റമർ സർവീസ് റെപ്രസെന്റേറ്റീവ് എന്നീ ഒഴിവുകളിലേക്ക് അപേക്ഷ ക്ഷണിച്ചു. അപേക്ഷിക്കാൻ താത്പര്യമുള്ളവർ jobsindubaie.com എന്ന വെബ്സൈറ്റിലൂടെ ഓൺലൈനായി അപേക്ഷിക്കുക. കമ്പനി വെബ്സൈറ്റ്: www.britishcouncil.com.kw

## എലൈറ്റ് ഇന്റർനാഷണൽ

യുഎഇയിലെ എലൈറ്റ് ഇന്റർനാഷണൽ (ഇന്റർനാഷ്ണൽ റിക്രൂട്ട്മെന്റ് സർവീസ്) 14 തസ്തികകളിലേക്ക് അപേക്ഷ ക്ഷണിച്ചു.

ഷെഫ്, ഷെഫ് ദ പാർട്ടി, സോസ് മേക്കർ, വെയിറ്റർ, എക്സിക്യൂട്ടീവ് ഷെഫ്, കോർഡിനേറ്റർ എന്നിങ്ങനെയാണ് ഒഴിവുകൾ. അപേക്ഷിക്കാൻ താത്പര്യമുള്ളവർ www.jobsindubai.com എന്ന വെബ്സൈറ്റിൽ എലൈറ്റ് ഇന്റർനാഷ്ണൽ എന്ന ലിങ്കിൽ കയറി അപ്ലൈ നൗ എന്ന ബട്ടൺ വഴി അപേക്ഷിക്കാം. കമ്പനി വെബ്സൈറ്റ്: ei-recruitment.com

## ബേർഡ് ടെക്നോളജീസ്

യുഎഇയിലെ ബേർഡ് ടെക്നോളജീസ് 3 തസ്തികകളിലേക്ക് അപേക്ഷ ക്ഷണിച്ചു. സെയിൽസ് മാർക്കെറ്റിംഗ് എക്സിക്യൂട്ടീവ്, ഐടി സെയിൽസ്, മാർക്കെറ്റിംഗ് മാനേജർ എന്നിങ്ങനെയാണ് ഒഴിവുകൾ. അപേക്ഷിക്കാൻ താത്പര്യമുള്ളവർ www.jobsindubai.com എന്ന വെബ്സൈറ്റിൽ ബേർഡ് ടെക്നോളജീസ് എന്ന ലിങ്കിൽ കയറി അപ്ലൈ നൗ എന്ന ബട്ടൺ വഴി അപേക്ഷിക്കാം. കമ്പനി വെബ്സൈറ്റ്: www.bird.in. വിലാസം: Bird technologies FZ LLC, Unit G10, Building 11, Dubai - 500450, U.A.E.

## ഐ.എം.ജി വേൾഡ് ഒഫ് അഡ്വെഞ്ചർ

ദുബായിലെ ഐ.എം.ജി വേൾഡ് ഒഫ് അഡ്വെഞ്ചർ എക്സിക്യൂട്ടീവ് അസിസ്റ്റന്റ്, വെയിട്രസ്, തുടങ്ങിയ തസ്തികകളിലേക്ക് അപേക്ഷ ക്ഷണിച്ചു. കമ്പനി വെബ്സൈറ്റ്: www.imgworlds.com. കൂടുതൽ വിവരങ്ങൾക്ക്: gulfjobvacancy.com

## മർക്ക ഹോൾഡിംഗ്സ്

ദുബായിലെ മർക്ക ഹോൾഡിംഗ്സ് വിവിധ തസ്തികകളിലേക്ക് അപേക്ഷ ക്ഷണിച്ചു. കൂടുതൽ വിവരങ്ങൾക്ക്: gulfjobvacancy.com. ഇമെയിൽ: careers@markaholding.com. കമ്പനി വെബ്സൈറ്റ്: www.markaholding.com. വിലാസം: Building 9, Level 3D3, Dubai Design District - United Arab Emirates.




## ദുബായ് റിഫ്രെഷ്മെന്റ് കമ്പനി

ദുബായ് റിഫ്രെഷ്മെന്റ് കമ്പനി വെബ് ആപ്ലിക്കേഷൻ ഡെവലപ്പർ, കൂളർ ടെക്നീഷ്യൻ, പോസ്റ്റ്മിക്സ് ടെക്നീഷ്യൻ, മെഷ്യൻ ഓപ്പറേറ്റർ, തുടങ്ങിയ തസ്തികകളിലേക്ക് അപേക്ഷ ക്ഷണിച്ചു. കമ്പനി വെബ്സൈറ്റ്: pepsidrc.com.

ഇമെയിൽ: info@pepsidrc.ae. കൂടുതൽ വിവരങ്ങൾക്ക്: gulfjobvacancy.com.

## ഹിൽട്ടൺ ഹോട്ടൽസ് ഗ്രൂപ്പിൽ

ഹിൽട്ടൺ ഹോട്ടൽസ് ഗ്രൂപ്പിൽ ഏറ്റവും പുതിയ സ്റ്റാഫ് റിക്രൂട്ട്മെന്റ്. എഫ് & ബി കാഷ്യർ, ഗസ്റ്റ് റിലേഷൻ മാനേജർ, റിസീവിംഗ് ക്ലാർക്ക്, ഡ്യൂട്ടി മാനേജർ, ഗ്രാഫിക് ഡിസൈനർ, ഹ്യൂമൻ റിസോഴ്സ് കോഡിനേറ്റർ, റൂം അറ്റന്റർ, റിസർവേഷൻ സൂപ്പർവൈസർ തുടങ്ങിയ തസ്തികകളിലാണ് ഒഴിവ്. കൂടുതൽ വിവരങ്ങൾക്ക്: www.hilton.com

## അലയൻസ് ഇൻഷ്വറൻസ്

ദുബായിലെ അലയൻസ് ഇൻഷ്വറൻസ് കമ്പനിയിൽ ക്ലാർക്ക്, കാഷ്യർ, മാനേജർ, ഫീൽഡ് വർക്കർ, അക്കൗണ്ടന്റ്, എന്നീ ഒഴിവുകളിലേക്ക് അപേക്ഷ ക്ഷണിച്ചു. അപേക്ഷിക്കാൻ താത്പര്യമുള്ളവർ jobsindubaie.com എന്ന വെബ്സൈറ്റിലൂടെ ഓൺലൈനായി അപേക്ഷിക്കുക.

കമ്പനി വെബ്സൈറ്റ്: allianceinsurance.in

## ഹ്യൂമൻ റിസോഴ്സ് കൺസൾട്ടൻസി

യുഎഇയിലെ കെ. ഹ്യൂമൻ റിസോഴ്സ് കൺസൾട്ടൻസി വിവിധ തസ്തികകളിൽ അപേക്ഷ ക്ഷണിച്ചു. കൺട്രോൾ ആൻഡ് സിസ്റ്റം ടെക്നീഷ്യൻ, ഫ്ലീറ്റ് സെയിൽസ് എക്സിക്യൂട്ടീവ്സ് തുടങ്ങിയ തസ്തികകളിലാണ് ഒഴിവ്. കൂടുതൽ വിവരങ്ങൾക്ക്: www.kawader.biz. വിലാസം: Room No. 1502, 15th Floor, Arabian Company Building, Airport Road - Abu Dhabi - United Arab Emirates

## അൽ സഹ്റ ഹോസ്പിറ്റൽ

യുഎഇയിലെ അൽ സഹ്റ ഹോസ്പിറ്റലിലേക്ക് വിവിധ തസ്തികകളിൽ അപേക്ഷ ക്ഷണിച്ചു. സീനിയർ ഇന്റർനാഷ്ണൽ മൊബിലിറ്റി സ്പെഷ്യലിസ്റ്റ്, സീനിയർ മാനേജർ ഓർഗനൈസേഷ്ണൽ ഡിസൈൻ ആൻഡ് വർക്ക് ഫോഴ്സ് പ്ലാനിംഗ്, ഹെഡ് ഒഫ് ബ്രാഞ്ചസ് അലോക്കേഷൻ, ബെനെഫിറ്റ് അനലിസ്റ്റ്, ഹെഡ് ഒഫ് കോർ ബാങ്കിംഗ്, റീട്ടെയിൽ സിസ്റ്റം ഓഡിറ്റ്, ഹെഡ് ഒഫ് സൈബർ റിസ്ക് അസെസ്മെന്റ്, കസ്റ്റമർ സർവീസ് ഓഫീസർ തുടങ്ങിയ തസ്തികകളിലാണ് ഒഴിവ്. അപേക്ഷിക്കാൻ താത്പര്യമുള്ളവർ jobsindubaie.com എന്ന വെബ്സൈറ്റ് വഴി അപേക്ഷിക്കുക. കമ്പനി വെബ്സൈറ്റ്: www.alzahra.com

مستشفى الزهراء الشارقة
AL-ZAHRA HOSPITAL SHARJAH
THE HEALING TOUCH اللمسة الشافية



അഭിലാഷ് ടോമി

# നടുക്കടലിൽ വേദനയുടെ തിരമാലകൾ; അഭിലാഷ് ടോമിക്ക് കാവൽ നക്ഷത്രങ്ങൾ

## അഭിലാഷ് ടോമി

കൊച്ചി കണ്ടനാട് സ്വദേശി. ഒറ്റയ്ക്കൊരു പായ്‌വഞ്ചിയിൽ എങ്ങും നിർത്താതെ ലോകം ചുറ്റിയ ആദ്യ ഇന്ത്യക്കാരൻ. ഗോൾഡൻ ഗ്ലോബ് പ്രയാണത്തിൽ മൂന്നാം സ്ഥാനത്ത് നിൽക്കുമ്പോഴാണ് അപകടം. 84 ദിവസം കൊണ്ട് 19,444 കിലോമീറ്റർ അഭിലാഷ് പിന്നിട്ടിരുന്നു.

## ഗോൾഡൻ ഗ്ലോബ് റെയ്സ്

- 'ഭ്രാന്തരുടെ സമുദ്ര പ്രയാണം' എന്ന് അപരനാമം.
- എങ്ങും നിർത്താതെ, ഒറ്റയ്ക്ക് പായ്‌വഞ്ചിയിൽ ലോകം ചുറ്റി പുറപ്പെട്ടിടത്ത് തിരിച്ചെത്തണം.
- 50 കൊല്ലം മുൻപുള്ള സാങ്കേതിക വിദ്യകൾ മാത്രം ലഭ്യം
- ദിശ അറിയാൻ വടക്കുനോക്കി യന്ത്രം മാത്രം.
- ജി.പി.എസോ സാറ്റലൈറ്റ് ഫോണോ ഉപയോഗിച്ച് പുറത്തുനിന്ന് സഹായം തേടരുത്.
- അടിയന്തര വൈദ്യസഹായത്തിന് മാത്രം സാറ്റലൈറ്റ് ഫോൺ.
- ബ്രിട്ടീഷുകാരൻ സർ റോബിൻ നോക്സ് ജോൺസ്റ്റൺ 1968-ൽ ഒറ്റയ്ക്ക് നടത്തിയ സമുദ്ര സഞ്ചാരത്തിന്റെ ഓർമ്മയ്ക്കാണ് ജി.ജി.ആർ നടത്തുന്നത്.
- ജൂലായ് ഒന്നിന് ഫ്രാൻസിലെ ലെ സാബ്ലേ ദൊലോൻ തുറമുഖത്തു നിന്നാണ് തുടങ്ങിയത്.
- 48,280 കിലോമീറ്റർ ( 26069 നോട്ടിക്കൽ മൈൽ) പിന്നിട്ട് 2019 ഏപ്രിലിൽ ഇതേ സ്ഥലത്ത് തിരിച്ചെത്തണം.
- അഭിലാഷടക്കം 18 പേർ മത്സരിക്കാനുണ്ടായിരുന്നു. ഒരു വനിതയുമുണ്ട്. ഏഴ് പേർ പിന്മാറി. പരിക്കേറ്റതോടെ അഭിലാഷും പുറത്തായി.

## സഞ്ചാരപഥം

- ഫ്രാൻസിലെ ലെ സാബ്‌ലെ ദെലോണിൽ നിന്ന് തുടക്കം.
- അറ്റ്ലാന്റിക് സമുദ്രത്തിലൂടെ തെക്കോട്ട്
- ദക്ഷിണാഫ്രിക്കയുടെ തെക്കേ അറ്റത്തെ ഗുഡ്‌ഹോപ് മുനമ്പ് ചുറ്റി കിഴക്കോട്ട്
- ഇന്ത്യൻ മഹാസമുദ്രത്തിലൂടെ ആസ്ട്രേലിയയുടെ തെക്കൻ മുനമ്പായ ഹൊബാർട്ട് കടന്ന് വടക്ക് പടിഞ്ഞാറേക്ക്
- ശാന്തസമുദ്രത്തിൽ കടന്ന് തെക്കേ അമേരിക്കയുടെ ദക്ഷിണ മുനമ്പായ കേപ് ഹോൺ ചുറ്റണം
- വീണ്ടും അറ്റ്ലാന്റിക് സമുദ്രത്തിൽ കടന്ന് വടക്കോട്ട് നീങ്ങി ഫ്രാൻസിലെ ലെ സാബ്‌ലെ ദെലോണിൽ എത്തണം.

പാരീസ്: ഗോൾഡൻ ഗ്ലോബ് സാഹസ സഞ്ചാര മത്സരത്തിനിടെ പ്രക്ഷുബ്ധമായ കടലിൽ പായ്‌വഞ്ചിയുടെ പാമരം ഒടിഞ്ഞ് വീണ് നടുവിന് പരിക്കേറ്റ മലയാളി നാവികൻ അഭിലാഷ് ടോമിയെ രക്ഷിക്കാനുള്ള ശ്രമങ്ങൾ തുടരുകയാണ്. നാവികസേനയിൽ കമാൻഡറായ അഭിലാഷ് ടോമി ( 39) മത്സരത്തിൽ പങ്കെടുക്കുന്ന ഏക ഏഷ്യക്കാരനാണ്.

ഇന്ത്യൻ നേവിയുടെ പി -81 വിമാനം ദക്ഷിണ ഇന്ത്യൻ മഹാസമുദ്രത്തിൽ പായ്‌വഞ്ചി കണ്ടെത്തിയിട്ടുണ്ട്. കന്യാകുമാരിയിൽ നിന്ന് 5020 കിലോമീറ്റർ തെക്കും ആസ്ട്രേലിയയിലെ പെർത്തിൽ നിന്ന് 3500 കിലോമീറ്റർ തെക്കുപടിഞ്ഞാറും വച്ചാണ് അപകടമുണ്ടായത്.

മൂന്ന് പാമരങ്ങൾ ഉള്ള വഞ്ചിയുടെ ഏറ്റവും പിന്നിലെ പാമരം കൊടുങ്കാറ്റിൽ ഒടിഞ്ഞതോടെ വഞ്ചിയുടെ നിയന്ത്രണം നഷ്ടമായി കടലിൽ ഒഴുകുകയാണ്. അഭിലാഷ് എഴുന്നേൽക്കാൻ പോലും വയ്യാതെ വഞ്ചിയുടെ ഉള്ളിൽ കിടക്കുകയാണ്. 120 കിലോമീറ്റർ വേഗതയിൽ വീശുന്ന കാറ്റും 46 അടി വരെ ഉയരുന്ന തിരമാലകളും കാരണം രക്ഷാപ്രവർത്തനം ദുഷ്കരമാണ്.

ആസ്ട്രേലിയൻ പ്രതിരോധ വകുപ്പിന്റെയും ഇന്ത്യൻ നേവിയുടെയും ഫ്രാൻസിന്റെയും കപ്പലുകൾ രക്ഷാദൗത്യത്തിലുണ്ട്. കൊടുങ്കാറ്റും കൂറ്റൻ തിരമാലകളും കാരണം അടുക്കാനായിട്ടില്ല.

താൻ സുരക്ഷിതനാണെന്നും വഞ്ചിയുടെ ഉള്ളിൽ കിടക്കുയാണെന്നും എഴുന്നേൽക്കാനും നിൽക്കാനും നടക്കാനും കഴിയില്ലെന്നും സ്ട്രെച്ചർ വേണമെന്നുമാണ് അഭിലാഷിൽ നിന്ന് ഗോൾഡൻ ഗ്ലോബിന് ലഭിച്ച സന്ദേശം. പ്രധാന സാറ്റലൈറ്റ് ഫോൺ പ്രവർത്തിക്കുന്നില്ല. വൈബി-3 പോർട്ടബിൾ യൂണിറ്റ് വഴിയാണ് സന്ദേശങ്ങൾ അയയ്ക്കുന്നത്. അടിയന്തര ഉപയോഗത്തിനുള്ള സാറ്റലൈറ്റ് ഫോണും വി.എച്ച്.എഫ് റേഡിയോയും എമർജൻസി ബാഗിലുണ്ട്. അതിനടുത്തേക്ക് അഭിലാഷിന് നീങ്ങാനാകുന്നില്ല. എങ്ങനെയെങ്കിലും ഈ ബാഗ് എടുക്കണമെന്ന് ഗോൾഡൻ ഗ്ലോബ് അഭിലാഷിനെ അറിയിച്ചിട്ടുണ്ട്. ഈ ഉപകരണങ്ങൾ പ്രവർത്തിപ്പിച്ചാലേ രക്ഷാ വിമാനങ്ങൾക്ക് വാർത്താ വിനിമയം സാദ്ധ്യമാകൂ.




## കാശ്മീരിൽ ഭീകരൻ കൊല്ലപ്പെട്ടു

ശ്രീനഗർ: ജമ്മു കാശ്മീരിലെ പുൽവാമ ജില്ലയിൽ സൈന്യവുമായുണ്ടായ ഏറ്റുമുട്ടലിൽ ഒരു ജെയ്ഷെ മുഹമ്മദ് ഭീകരൻ കൊല്ലപ്പെട്ടു. ഭീകരരുടെ പ്രാദേശിക കമാൻഡറായ അദ്നാനെയാണ് സുരക്ഷാസൈന്യം വധിച്ചതെന്ന് പൊലീസ് പറഞ്ഞു. ത്രാൽ മേഖലയിലെ ഒളിത്താവളങ്ങളിൽ ഭീകരർ കഴിയുന്നുണ്ടെന്ന രഹസ്യവിവരത്തിന്റെ അടിസ്ഥാനത്തിൽ സുരക്ഷാസൈന്യം പ്രദേശം വളയുകയായിരുന്നു. ഇതിനിടെ ഇവിടുത്തെ ഒരു വീട്ടിൽ വെടിവയ്പ്പ് ഉണ്ടായിരുന്നു.

## റെവാരി കൂട്ടമാനഭംഗം: 2 പേർ അറസ്റ്റിൽ

ചണ്ഡീഗഢ്: ഹരിയാനയിലെ റെവാരിയിൽ 19 കാരിയെ കൂട്ടമാനഭംഗത്തിനിരയാക്കിയ കേസിൽ സൈനികനൾപ്പടെ രണ്ടുപേരെക്കൂടി അറസ്റ്റ് ചെയ്തു. ആർമിയിലെ കോൺസ്റ്റബിളായ പങ്കജ്, സുഹൃത്ത് മനീഷ് എന്നിവരെയാണ് ഇന്നലെ മഹേന്ദ്രഗഢ് ജില്ലയിലെ സതാളിയിൽ നിന്ന് പ്രത്യേക അന്വേഷണസംഘം അറസ്റ്റ് ചെയ്തത്. പ്രധാനപ്രതികളിലൊരാളായ നിഷു ഈ മാസം 16ന് അറസ്റ്റിലായിരുന്നു. ഇതോടെ കേസിലെ എല്ലാ പ്രതികളും പിടിയിലായതായാണ് വിവരം.

ഈ മാസം 12നായിരുന്നു പെൺകുട്ടി കൂട്ടമാനഭംഗത്തിനിരയായത്. പ്രതികൾ പെൺകുട്ടിയെ തട്ടിക്കൊണ്ടുപോവുകയും ലഹരി പാനീയം നൽകിയതിനു ശേഷം കൂട്ടമാനഭംഗത്തിന് ഇരയാക്കുകയുമായിരുന്നു. നർനോൾ മേഖലയിൽ നിന്നായിരുന്നു ഇവർ പെൺകുട്ടിയെ തട്ടിക്കൊണ്ടു പോയത്.



## രൂപയുടെ മൂല്യം ഇടിയുന്നതിന് കാരണം കള്ളപ്പണം: സ്വാമി

പനാജി: രൂപയുടെ മൂല്യം ഇടിയുന്നതിന്റെ പ്രധാന കാരണം രാജ്യത്ത് ഇപ്പോഴും കള്ളപ്പണം ഉള്ളതുകൊണ്ടാണെന്ന് ബി.ജെ.പി നേതാവും എം.പിയുമായ സുബ്രഹ്മണ്യ സ്വാമി പറഞ്ഞു. അമേരിക്കയുടെ സമ്പദ് വ്യവസ്ഥയുമായി ബന്ധപ്പെട്ടല്ല രൂപയുടെ മൂല്യം കുറയുന്നതെന്നും ഇന്ത്യയിൽ വലിയ അളവിൽ കള്ളപ്പണം ഉള്ളതുകൊണ്ടാണ് വാണ്ടും മൂല്യം ഇടിയുന്നതെന്നും അദ്ദേഹം പറഞ്ഞു. രൂപയുടെ മൂല്യം ഇടിയുന്നത് ബി.ജെ.പി സർക്കാരിന് കനത്ത വെല്ലുവിളിയാണ് ഉയർത്തുന്നത്.

# ഗോവയിൽ പരീക്കർ തുടരും: അമിത് ഷാ

## ■ മന്ത്രിസഭ അഴിച്ചുപണി ഉടനെന്ന് സൂചന



പനജി: ഗോവ മുഖ്യമന്ത്രിയായി മനോഹർ പരീക്കർ തുടരുമെന്നും എന്നാൽ, അധികം വൈകാതെ മന്ത്രിസഭയിൽ അഴിച്ചുപണികളുണ്ടാകുമെന്നും ബി.ജെ.പി ദേശീയ അദ്ധ്യക്ഷൻ അമിത് ഷാ അറിയിച്ചു. ഗോവയിൽ നടന്ന ബി.ജെ.പി കോർ കമ്മിറ്റി സമ്മേളനത്തിന് ശേഷം ട്വിറ്ററിലൂടെയാണ് ഷാ ഇക്കാര്യം വ്യക്തമാക്കിയത്.

പാൻക്രിയാസിൽ അസുഖബാധിതനായി മുഖ്യമന്ത്രി പരീക്കറിനെ ഡൽഹി എയിംസിൽ ചികിത്സയ്ക്ക് പ്രവേശിപ്പിച്ച അന്നുമുതൽത്തന്നെ ഗോവയിൽ രാഷ്ട്രീയ അനിശ്ചിതാവസ്ഥയും ചരടുവലികളും നടന്നിരുന്നു.

മുഖ്യമന്ത്രിയുടെ അഭാവത്തിൽ ഗോവയിലെ ഭരണം താറുമാറിലാണെന്നും ഏറ്റവും വലിയ ഒറ്റക്കക്ഷിയായ തങ്ങളെ സർക്കാരുണ്ടാക്കാൻ വിളിക്കണമെന്നും ആവശ്യപ്പെട്ട് കോൺഗ്രസ് ഗവർണർക്ക് കത്തുനൽകുകയും ചെയ്തിരുന്നു.

2017ലെ നിയമസഭാ തിരഞ്ഞെടുപ്പിൽ ഏറ്റവും വലിയ ഒറ്റക്കക്ഷിയായിരുന്നിട്ടും കോൺഗ്രസിന് ഗോവയിൽ സർക്കാർ രൂപീകരിക്കാൻ കഴിഞ്ഞിരുന്നില്ല. അതേസമയം, ഗോവ ഫോർവേഡ് പാർട്ടി, മഹാരാഷ്ട്രവാദി ഗോമന്തക്, മൂന്ന് സ്വതന്ത്രർ എന്നിവരെ ഒപ്പം ചേർത്ത് ബി.ജെ.പി സർക്കാർ രൂപവത്കരിക്കുകയും കേന്ദ്ര പ്രതിരോധമന്ത്രിയായിരുന്ന മനോഹർ പരീക്കറിനെ മുഖ്യമന്ത്രി സ്ഥാനത്തേക്ക് കൊണ്ടുവരികയുമായിരുന്നു.

# ടി.ഡി.പി എം.എൽ.എയെ നക്സലുകൾ വധിച്ചു

## ടി.ഡി.പി മുൻ എം.എൽ.എയും കൊല്ലപ്പെട്ടു



കെ. സർവേശ്വര റാവു സിവേരി സോമ

വിശാഖപട്ടണം: തെലുങ്കുദേശം പാർട്ടി(ടി.ഡി.പി) എം.എൽ.എയേയും മുൻ എം.എൽ.എയേയും മാവോയിസ്റ്റുകൾ വെടിവച്ചുകൊന്നു. അരക്കു മണ്ഡലത്തിൽ നിന്നുള്ള എം.എൽ.എയായ കെ. സർവേശ്വര റാവു, മുൻ എം.എൽ.എ സിവേരി സോമ എന്നിവരാണ് കൊല്ലപ്പെട്ടത്.

വിശാഖപട്ടണത്ത് ഡംബ്രിഗുഡയിലെ തോതംഗിയിൽ വച്ച് ഇന്നലെ രാവിലെയായിരുന്നു സംഭവം. ഗ്രാമസന്ദർശനത്തിന്റെ ഭാഗമായുള്ള പൊതുചടങ്ങിൽ പങ്കെടുക്കാൻ പോയ ഇവരുടെ വാഹനം 60ഓളം വരുന്ന മാവോയിസ്റ്റുകൾ തടഞ്ഞുനിറുത്തി.

തുടർന്ന് എം.എൽ.എയുടെ വാഹനത്തിലുണ്ടായിരുന്ന സുരക്ഷാ ഉദ്യോഗസ്ഥരുടെ എ.കെ 47 തോക്കുകൾ മാവോയിസ്റ്റുകൾ പിടിച്ചുവാങ്ങി. ഈ തോക്കുകൾ ഉപയോഗിച്ചാണ് ഇരുവരെയും വെടിവച്ചതെന്ന് പൊലീസ് പറഞ്ഞു.

2014 ൽ എസ്.ടി സംവരണ മണ്ഡലമായ അരാക്കുവിൽ നിന്ന് വൈ. എസ്. ആർ കോൺഗ്രസ് സ്ഥാനാർത്ഥിയായി മത്സരിച്ച് ജയിച്ച റാവു പിന്നീട് 2016ൽ ടി.ഡി.പിയിൽ ചേരുകയായിരുന്നു. അന്ന് സിവേരി സോമയെ ആണ് അദ്ദേഹം പരാജയപ്പെടുത്തിയത്.

സർവേശ്വര റാവുവിനും സിവേരി സോമയ്ക്കും നേരത്തെ മാവോയിസ്റ്റുകളുടെ ഭീഷണി ഉണ്ടായിരുന്നു. ആന്ധ്രാ-ഒഡീഷ മേഖലയിലെ മാവോയിസ്റ്റ് ഗ്രൂപ്പിന്റെ സെക്രട്ടറി രാമകൃഷ്ണയും ആക്രമണത്തിൽ പങ്കുചേർന്നിട്ടുണ്ടെന്നാണ് ഇന്റലിജൻസ് വൃത്തങ്ങൾ നൽകുന്ന സൂചന.

ആഭ്യന്തരമന്ത്രി എൻ.ചിന്നരാജപ്പ, ഡിജിപി ഹരീഷ് കുമാർ ഗുപ്ത എന്നിവർ സ്ഥലത്തെത്തി.

# റാഫേൽ ഇടപാട് റദ്ദാക്കില്ല: ജയ്റ്റ്‌ലി

## ■ കള്ളത്തരം അവസാനിപ്പിക്കാൻ സമയമായെന്ന് രാഹുൽ




### തിരിച്ചടിച്ച് രാഹുൽ



വസ്തുതകൾ വളച്ചൊടിക്കുന്നതിൽ പ്രത്യേക കഴിവുള്ളയാളാണ് ജയ്റ്റ്‌ലിയെന്നും പ്രധാനമന്ത്രിയും പ്രതിരോധ മന്ത്രിയും കള്ളം പറയുന്നത് അവസാനിപ്പിക്കാനുള്ള സമയം അതിക്രമിച്ചുവെന്നും രാഹുൽഗാന്ധി ട്വിറ്ററിൽ കുറിച്ചു. ഇടപാട് സംബന്ധിച്ച സത്യാവസ്ഥ ജെപിസി അന്വേഷണത്തിലൂടെ പുറത്തുകൊണ്ടുവരണമെന്നും രാഹുൽ പറഞ്ഞു.

ന്യൂഡൽഹി: റാഫേൽ വിവാദത്തിൽ രാഹുൽ ഗാന്ധിയും മുൻ ഫ്രഞ്ച് പ്രസിഡന്റ് ഫ്രാൻസ്വ ഒലാൻദും ഒത്തുകളിക്കുകയാണെന്ന ആരോപണവുമായി കേന്ദ്ര ധനമന്ത്രി അരുൺ ജെയ്റ്റ്‌ലി. രണ്ടാഴ്ച്ചയ്ക്കുള്ളിൽ വൻവാർത്തയുണ്ടാകുമെന്ന സൂചന നൽകുന്ന മാനസസരോവർ യാത്രയ്ക്ക് മുൻപുള്ള രാഹുൽ ഗാന്ധിയുടെ ട്വീറ്റും റിലയൻസിനെ നിർദ്ദേശിച്ചത് ഇന്ത്യൻ സർക്കാരാണെന്ന ഒലാൻദിന്റെ പ്രസ്താവനയും ചൂണ്ടിക്കാട്ടിയാണ് ജെയ്റ്റ്‌ലി ആരോപണമുന്നയിച്ചത്. ഫേസ്ബുക്കിലൂടെയും വാർത്താ ഏജൻസിക്ക് നൽകിയ അഭിമുഖത്തിലൂടെയുമാണ് ശക്തമായ പ്രതികരണം ജെയ്റ്റ്‌ലി നടത്തിയത്.

രണ്ടു രാജ്യത്തെയും പ്രതിപക്ഷ നേതാക്കളുടെ സ്വരം ഒരുപോലെയായത് വെറും യാദൃശ്ചികമല്ല. എൻ.ഡി.എ സർക്കാരിനെതിരായ രാഹുൽ ഗാന്ധിയുടെ ആരോപണവും ഒലാൻദിന്റെ പ്രസ്താവനയും തമ്മിൽ ബന്ധമുണ്ട്.

രാഹുൽ ഗാന്ധി പ്രതികാര മോഡിലാണെന്ന് തോന്നുന്നു. എല്ലാ കാര്യങ്ങളും ഒരേ താളത്തിലായതിൽ എനിക്ക് അത്ഭുതമില്ല. ചില ബോംബുകൾ പാരീസിൽ പൊട്ടുമെന്ന് ആഗസ്റ്റ് 30ന് രാഹുൽ എന്തിനാണ് ട്വീറ്റ് ചെയ്തത്. അതിന് ശേഷം നടന്ന കാര്യങ്ങളും ഒരേ താളത്തിലായിരുന്നു. സത്യത്തിനൊരിക്കലും രണ്ടുമുഖമുണ്ടാവില്ല.

റാഫേൽ യുദ്ധവിമാനം കൂടുതൽ തുകയ്ക്കാണോ വാങ്ങിയതെന്ന കാര്യം സി.എ.ജിയാണ് പരിശോധിക്കേണ്ടത്. ആരോപണങ്ങളുടെ പേരിൽ റാഫേൽ കരാർ റദ്ദാക്കില്ല. ജയ്റ്റ്‌ലി വ്യക്തമാക്കി.

റാഫേൽ കരാറിൽ ഫ്രഞ്ച് കമ്പനിയായ ഡസാൾട്ടിന്റെ ഓഫ്സെറ്റ് പങ്കാളിയായി റിലയൻസിനെ നിർദ്ദേശിച്ചത് ഇന്ത്യൻ സർക്കാരാണെന്നും ഇതിൽ ഫ്രഞ്ച് സർക്കാരിന് ഒരു പങ്കുമില്ലെന്നും മുൻ പ്രസിഡന്റായിരുന്ന ഒലാൻദ് പറഞ്ഞിരുന്നു. പിന്നീട് ഈ നിലപാട് തിരുത്തിയ ഒലാൻദ് തനിക്ക് ഇക്കാര്യത്തിൽ വ്യക്തതയില്ലെന്നും ഡസാൾട്ടിനെ അത് അറിയുള്ളൂവെന്നും പറയുകയായിരുന്നു.

## ഇന്ത്യയുടെ പിന്മാറ്റം: ഇമ്രാനെതിരെ പാക് പ്രതിപക്ഷം

ന്യൂഡൽഹി: ഇന്ത്യാ-പാക് സമാധാന ചർച്ചയ്ക്കൊരുങ്ങുന്നതിനു മുമ്പ് വ്യക്തമായ ധാരണ ഉണ്ടാകേണ്ടിയിരുന്നെന്നും തിടുക്കത്തിലുള്ള നീക്കം പ്രധാനമന്ത്രി ഇമ്രാൻ ഖാന്റെ പിടിപ്പുകേടു മൂലമാണെന്നും പ്രതിപക്ഷ പാർട്ടികളായ പാകിസ്ഥാൻ മുസ്ലിംലീഗും പാകിസ്ഥാൻ പീപ്പിൾസ് പാർട്ടിയും ആരോപിച്ചു.

പ്രശ്നങ്ങൾക്ക് ചർച്ചയിലൂടെ പരിഹാരം കാണുന്നതിന്റെ ഭാഗമായി പാക് പ്രധാനമന്ത്രി ഇമ്രാൻ ഖാൻ പ്രധാനമന്ത്രി നരേന്ദ്രമോദിയ്ക്ക് കത്തയച്ചിരുന്നു. തുടർന്ന് ഇരുരാജ്യങ്ങളുടേയും വിദേശകാര്യമന്ത്രിമാരായ സുഷമാ സ്വരാജും ഷാ മഹ്മൂദ് ഖുറേഷിയും തമ്മിൽ ഈ മാസം ന്യൂയോർക്കിൽ നടക്കുന്ന യു എൻ ജനറൽ അസംബ്ലിയോടനുബന്ധിച്ച് കൂടിക്കാഴ്ച നടത്താൻ തീരുമാനിക്കുകയും ചെയ്തിരുന്നു.

എന്നാൽ, കാശ്മീരിൽ മൂന്നു പോലീസ് ഉദ്യോഗസ്ഥരെ വധിച്ചതില് പാകിസ്ഥാന് പങ്കുണ്ടെന്ന വിവരത്തെത്തുടർന്ന് ഇന്ത്യ പിന്മാറുകയായിരുന്നു.

## സിക്കിമിലെ ആദ്യ വിമാനത്താവളം മോദി ഉദ്ഘാടനം ചെയ്യും

ഗ്യാങ്ടോക്ക്: പക്യോങ്ങിൽ തുടങ്ങാൻപോകുന്ന സിക്കിമിലെ ആദ്യ വിമാനത്താവളം പ്രധാനമന്ത്രി നരേന്ദ്രമോദി ഉദ്ഘാടനം ചെയ്യും.

സിക്കിമിലെ ജനങ്ങളുടെ ഒൻപത് വർഷത്തെ കാത്തിരിപ്പാണ് ഇതോടെ സഫലമാകുന്നത്. സിക്കിമിന്റെ തലസ്ഥാനമായ ഗാങ്ടോക്കിൽ നിന്ന് 30 കി.മീ അകലെയാണ് വിമാനത്താവളം.

പദ്ധതിക്ക് തുടക്കം കുറിച്ചത് 2009ൽ ആണ്. 201 ഏക്കർ വിസ്തീർണത്തിലാണ് പുതിയ വിമാനത്താവളമെന്ന് സിക്കിം ചീഫ് സെക്രട്ടറി എ.കെ. ശ്രീവാസ്തവ പറഞ്ഞു.

# ബോളിവുഡ് സംവിധായിക കല്പന ലജ്മി അന്തരിച്ചു

## ■ വിടവാങ്ങിയത് ബോളിവുഡിന്റെ സ്ത്രീ പക്ഷ ശബ്ദം



മുംബയ്: ബോളിവുഡ് സംവിധായിക കല്പന ലജ്മി അന്തരിച്ചു. 64 വയസായിരുന്നു. വൃക്കസംബന്ധമായ അസുഖത്തെത്തുടർന്ന് മുംബയിലെ കോകിലാബെൻ ധീരുഭായി അംബാനി ആശുപത്രിയിൽ ചികിത്സയിലായിരുന്നു. ആസാമീസ് പാട്ടുകാരൻ ഭൂപൻ ഹസാരികയുടെ പങ്കാളിയായിരുന്നു കല്പന.

ബോളിവുഡിലെ സ്ത്രീപക്ഷസിനിമകളുടെ അമരക്കാരിയെന്ന് അറിയപ്പെടുന്ന സംവിധായികയാണ് ലജ്മി. റുദാലി, ചിങ്ങാരി, ഏക് പാൽ, ദാമൻ തുടങ്ങിയവയാണ് പ്രശസ്ത സിനിമകൾ. 1986ൽ പുറത്തിറങ്ങിയ ഏക് പാൽ ആണ് സംവിധാനം ചെയ്ത ആദ്യ ഫീച്ചർ ഫിലിം. ചിംഗാരിയാണ് ഏറ്റവും അവസാനമായി സംവിധാനം ചെയ്ത ചിത്രം. ഇതിൽ സുസ്മിത സെൻ ഒരു അഭിസാരികയുടെ വേഷമാണ് ചെയ്തത്.

വിഖ്യാത ചിത്രകാരി ലളിത ലജ്മിയുടെ മകളും ചലച്ചിത്രകാരൻ ഗുരുദത്തിന്റെ മരുമകളുമായ കൽപന ശ്യാം ബെനഗലിന്റെ സഹായിആയിട്ടായിരുന്നു സിനിമയിലെ തുടക്കം. 1978ൽ ചെയ്ത ഒരു ഡോക്യുമെന്ററിയിലൂടെയായിരുന്നു സംവിധാന രംഗത്തെ അരങ്ങേറ്റം.

## വ്യാജവാർത്ത: ഉദ്യോഗസ്ഥയെ നിയമിച്ച് വാട്സ്ആപ്പ്

ന്യൂഡൽഹി: സമൂഹമാദ്ധ്യമങ്ങളിൽ വ്യാജവാർത്തകൾ വർദ്ധിച്ചു വരുന്ന സാഹചര്യത്തിൽ ഇന്ത്യയ്ക്കുവേണ്ടി പരാതിപരിഹാരത്തിനായി വാട്സ്ആപ്പ് ഉദ്യോഗസ്ഥയെ നിയമിച്ചു.

വ്യാജവാർത്തകളുടെയും ആൾക്കൂട്ട ആക്രമണത്തിന്റെയും പശ്ചാത്തലത്തിൽ ഇന്ത്യയുടെ ആവശ്യം പരിഗണിച്ച് വിവിധ കേന്ദ്രങ്ങളിൽ നിന്നുള്ള റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ ഓഗസ്റ്റ് അവസാനമായിരുന്നു പുതിയ നിയമനം. അമേരിക്കയിൽ സ്ഥിരതാമസമാക്കിയ കോമൾ ലാഹിരിയാണ് ഇന്ത്യയ്ക്കുവേണ്ടിയുള്ള പുതിയ ഉദ്യോഗസ്ഥ. വാട്സ്ആപ്പ് തന്നെയാണ് ഇക്കാര്യം പുറത്തുവിട്ടത്.

പുതിയ നിയമനത്തെക്കുറിച്ച് പ്രതികരിക്കാൻ വാട്സ്ആപ്പ് ഔദ്യോഗിക വക്താവ് തയാറായില്ല. എന്നാൽ കമ്പനി വെബ്സൈറ്റിലെ FAQ സെക്ഷനിൽ ഇക്കാര്യങ്ങൾ നൽകിയിട്ടുണ്ട്.

## ആകാശവാണി ഇനി പാക് ഗ്രാമങ്ങളിലും കേൾക്കാം



അമൃത്സർ: പഞ്ചാബിലെ അട്ടാരിയിൽ അതിർത്തിക്ക് സമീപം ഇന്ത്യ സ്ഥാപിച്ച എഫ്.എം റേഡിയോ നിലയം ഇന്ന് പ്രവർത്തനം തുടങ്ങുമ്പോൾ ഇന്ത്യൻ പരിപാടികൾ പാക് ഗ്രാമങ്ങളിലും കേൾക്കാം.

ഗരിൻഡ ഗ്രാമത്തിലാണ് 20 കിലോവാട്ട് ഫ്രീക്വൻസിയുള്ള ട്രാൻസ്മിറ്റർ സ്ഥാപിച്ചത്. അമൃത്സറിൽ നിന്നുള്ള ആദ്യ എഫ്.എം റേഡിയോ പ്രക്ഷേപണമാണിത്. തൊണ്ണൂറ് കി. മീ ചുറ്റളവിൽ എത്തുന്ന പുതിയ എഫ്.എമ്മിലെ പരിപാടികൾ പാകിസ്ഥാനിലെ പഞ്ചാബ് പ്രവിശ്യയിൽ ഷേക്ക്പുര, മുർദിക്, കസൂർ, നൻകാന സാഹിബ്, ഗുജ്രൻവാല തുടങ്ങിയ ഗ്രാമങ്ങളിലാണ് കേൾക്കാനാകുന്നത്.

പാകിസ്ഥാനിൽ നിന്നുള്ള എഫ്.എം പ്രക്ഷേപണം ഇന്ത്യയിലും ലഭ്യമായിരുന്നു. പാക് സർക്കാരിന്റെ റേഡിയോ പരിപാടിയായ പഞ്ചാബി ദർബാറിലെ ഇന്ത്യാ വിരുദ്ധ പ്രചാരണത്തിന് ബദലായാണ് ഇന്ത്യയുടെ പുതിയ എഫ്.എം പ്രക്ഷേപണമെന്നാണ് കരുതുന്നത്. മുപ്പത് വർഷമായി ഇന്ത്യയ്ക്കെതിരെ ഖാലിസ്ഥാൻ പോലുള്ള പ്രശ്നങ്ങളാണ് പഞ്ചാബി ദർബാറിന് പ്രമേയമാക്കിയിരുന്നത്. രാവിലെ 7 മുതൽ രാത്രി 7.30 വരെയുള്ള ഈ പരിപാടികൾ ആരംഭിച്ചിരുന്നത് സിക്ക് മതത്തിന്റെ പ്രാർത്ഥനകളോടെയായിരുന്നു. 1984 ലെ ബ്ലൂസ്റ്റാർ ഓപ്പറേഷനിൽ കൊല്ലപ്പെട്ട ഭീകരൻ ജർണയിൽ സിംഗ് ഭിന്ദ്രൻവാലയുടേതുൾപ്പെടെയുള്ള പ്രസംഗങ്ങൾ പഞ്ചാബി ദർബാറിൽ പ്രക്ഷേപണം ചെയ്തിരുന്നുവെന്ന് ആകാശവാണി അധികൃതർ വ്യക്തമാക്കി. ഇന്ന് മുതൽ ദിവസവും രണ്ടരമണിക്കൂർ 103.6 റേഡിയോ സ്റ്റേഷനിൽ ഇന്ത്യയുടെ ദേശ് പഞ്ചാബ് പരിപാടി പാക് ഗ്രാമങ്ങളിലും കേൾക്കാം.

## നവോമിയെ വീഴ്ത്തി പ്ലിസ്കോവയ്ക്ക് കിരീടം

ടോക്കിയോ : യു.എസ് ഓപ്പൺ ചാമ്പ്യൻ നവോമി ഒസാക്കയെ സ്വന്തം നാട്ടിൽ കീഴടക്കി കരോളിന പ്ലിസ്ക്കോവ പാൻ പസഫിക് ഓപ്പൺ ടെന്നിസ് കിരീടം സ്വന്തമാക്കി. ഫൈനലിൽ 6-4, 6-4 എന്ന സ്കോറിനായിരുന്നു പ്ലിസ്കോവയുടെ ജയം. ഇത് രണ്ടാം വട്ടമാണ് നവോമി ഈ ടൂർണമെന്റിന്റെ ഫൈനലിൽ തോൽക്കുന്നത്.





# പാകിസ്ഥാൻ പിന്നെയും പടമായി

- സൂപ്പർ ഫോറിലും പാകിസ്ഥാനെ തരിപ്പണമാക്കി ഇന്ത്യ ഫൈനലിൽ
- ഇന്നലെ ഇന്ത്യൻ വിജയം ഒൻപത് വിക്കറ്റിന്
- ശിഖർ ധവാനും (114)രോഹിത് ശർമ്മയ്ക്കും (111*)സെഞ്ച്വറി

ദുബായ്: ഒരാഴ്ചയ്ക്കിടെ രണ്ടാം മത്സരത്തിലും പാകിസ്ഥാനെ തകർത്ത് തരിപ്പണമാക്കി ഇന്ത്യ. ഇന്നലെ ഏഷ്യാകപ്പ് സൂപ്പർ ഫോർ മത്സരത്തിൽ ഒൻപത് വിക്കറ്റിനായിരുന്നു ഇന്ത്യൻ ജയം. ആദ്യം ബാറ്റ് ചെയ്ത പാകിസ്ഥാൻ നിശ്ചിത 50 ഓവറിൽ 237/7 എന്ന സ്കോർ ഉയർത്തിയപ്പോൾ ഇന്ത്യ 63പന്തുകൾ ബാക്കിനിൽക്കേ ഒരു വിക്കറ്റ് മാത്രം നഷ്ടപ്പെടുത്തി വിജയം കണ്ടു. സെഞ്ച്വറികൾ നേടിയ ശിഖർ ധവാനും (114) രോഹിത് ശർമ്മയുമാണ് ഇന്ത്യയ്ക്ക് തകർപ്പൻ വിജയം നൽകിയത്. ഇതോടെ ഇന്ത്യ ഏഷ്യാകപ്പിൽ ഫൈനൽ ഉറപ്പാക്കി.

ശിഖർധവാനാണ്മാൻ ഒഫ് ദ മാച്ചായത്. ഹോംഗ്കോംഗിനെതിരായ ആദ്യ മത്സരത്തിലും ധവാനായിരുന്നു മാൻ ഒഫ് ദ മാച്ച്.

പാകിസ്ഥാൻ ബൗളിംഗ് നിരയെ തകർത്ത് തരിപ്പണമാക്കുന്ന ബാറ്റിംഗാണ് രോഹിതും ധവാനും കാഴ്ചവച്ചത്. ധവാൻ തുടക്കം മുതൽ കത്തിക്കയറിയപ്പോൾ രോഹിത് ക്ഷമയോടെ ലൂസ് ബാളുകൾ തിരഞ്ഞെടുത്ത് ശിക്ഷിച്ചു. റൺ ഔട്ടിന്റെ രൂപത്തിൽ ഇന്ത്യയുടെ ആദ്യ വിക്കറ്റ് നഷ്ടമാകുന്നത് കാണാൻ പാകിസ്ഥാന് 34-ാം ഓവർ വരെ കാത്തിരിക്കേണ്ടിവന്നു. നിരവധി ക്യാച്ചുകൾ കൈവിട്ട് പാകിസ്ഥാൻ ഇന്ത്യൻ വിജയം അനായാസമാക്കി. ഒരു പാകിസ്ഥാൻ ബൗളർക്കുപോലും വിക്കറ്റ് നേട്ടം സ്വന്തം പേരിലെഴുതാനായില്ല. പ്രാഥമിക റൗണ്ടിലെ മത്സരത്തിൽ ഇന്ത്യ പാകിസ്ഥാനെ എട്ട് വിക്കറ്റിന് തോൽപ്പിച്ചിരുന്നു. ആദ്യ കളിയിലും ആദ്യം ബാറ്റ് ചെയ്ത പാകിസ്ഥാൻ 162 റൺസിന് ആൾ ഔട്ടാവുകയായിരുന്നു.

ആദ്യമത്സരത്തിലേതുപോലെ വലിയ തകർച്ച മുന്നിൽക്കണ്ട പാകിസ്ഥാൻപൊരുതാനുള്ള സ്കോറിലേക്ക്കടന്നത്ക്യാപ്ടൻസർഫ്രാസ്ഖാന്റെയും(44) മുൻക്യാപ്ടൻഷൊയ്ബ് മാലിക്കിന്റെയും (78) മികച്ച ബാറ്റിംഗിന്റെ പിൻബലത്താലാണ്. 58/3 എന്ന സ്കോറിൽ ക്രീസിൽ ഒരുമിച്ച ഇരുവരും നാലാംവിക്കറ്റിൽ കൂട്ടിച്ചേർത്തത് 107 റൺസാണ്.

ഒരിക്കൽകൂടി ടോസ് നേടി ബാറ്റിംഗ് തിരഞ്ഞെടുത്ത പാകിസ്ഥാൻ ഇത്തവണ കഴിഞ്ഞ കളിയിലേതുപോലെ ഒരു തകർച്ച ഉണ്ടാകാതിരിക്കാൻ സൂക്ഷ്മതയോടെയാണ് തുടങ്ങിയത്. ഭുവനേശ്വറിന്റെയും ബുംറയുടെയും ആദ്യ ഓവറുകളിൽ വിക്കറ്റ് നഷ്ടപ്പെടാതിരിക്കാനുള്ള ഇമാം ഉൾഹഖിന്റെയും ഭഖർ സമാന്റെയും ശ്രമം വിജയം കണ്ടു. എന്നാൽ സ്പിന്നർമാരെ ഇറക്കിയതോടെ ഓപ്പണർമാർക്ക് ചുവടുപിഴയ്ക്കാൻ തുടങ്ങി. എട്ടാം ഓവറിൽ ഇമാമിനെ (10) എൽ.ബിയിൽ കുരുക്കി യുസ്‌വേന്ദ്ര ചഹലാണ് ഇന്ത്യയ്ക്ക് ആദ്യ ബ്രേക്ക് നൽകിയത്. തുടർന്ന് ബാബർ അസമും (9) ഭഖർ സമാനും (31) ചേർന്ന് പൊരുതാൻ തുടങ്ങി. 14-ാം ഓവറിലാണ് പാകിസ്ഥാന് 50 കടക്കാൻ കഴിഞ്ഞത്.

ടീം സ്കോർ 55 ലെത്തിയപ്പോൾ ഭഖർ സമാനെയും വിക്കറ്റ് മുന്നിൽ കുരുക്കി കുൽദീപ് ഇന്ത്യയ്ക്ക് അടുത്ത ബ്രേക്ക് നൽകി. 16-ാം ഓവറിൽ ബാബർ അസം റൺഔട്ടാവുക കൂടി ചെയ്തതോടെ പാകിസ്ഥാൻ 58/3 എന്ന നിലയിലായി.

എന്നാൽ ഇന്ത്യൻ പ്രതീക്ഷകൾക്ക് മേൽ കരിനിഴൽ വീഴ്ത്തി മുന്നേറുകയായിരുന്ന ഷൊയ്ബ് മാലിക്ക്-സർഫ്രാൻസ്ഖാൻ സഖ്യം. പരിചയ സമ്പന്നരായ ഇരുവരും ചേർന്ന് മദ്ധ്യ ഓവറുകളിൽ സിംഗിളുകളിലൂടെ റൺറേറ്റ് നിലനിറുത്തി മുന്നേറി. 16-ാം ഓവർ മുതൽ 39-ാം ഓവർവരെ ക്രീസിലുണ്ടായിരുന്ന ഷൊയ്ബ്-സർഫ്രാസ് സഖ്യത്തെ ഒടുവിൽ തകർത്തത് കുൽദീപാണ്. 66 പന്തുകളിൽ രണ്ട് ബൗണ്ടറികളടക്കം 44 റൺസടിച്ച സർഫ്രാസിനെ രോഹിത് ശർമ്മയുടെ കൈയിലെത്തിച്ചത് കുൽദീപാണ്. അധികം വൈകാതെ ഷൊയ്ബ് മാലിക്കും കൂടാരം കയറി. 90 പന്തുകളിൽ നാല് ഫോറും രണ്ട് സിക്സുമടക്കം 78 റൺസടിച്ച മാലിക്ക് വമ്പൻ ഷോട്ടുകളിലൂടെ റൺറേറ്റുയർത്താനുള്ള ശ്രമത്തിനിടെ ബുംറയുടെ പന്തിൽ ധോണിക്ക് ക്യാച്ച് നൽകി മടങ്ങിയത് ഇന്ത്യയ്ക്ക് വലിയ ആശ്വാസമായി. സാനിയ മിർസയുടെ ഭർത്താവായ ഷൊയ്ബ് മടങ്ങിയതോടെ പാകിസ്ഥാൻ 43.4 ഓവറിൽ 203/5 എന്ന നിലയിലായി.

21 പന്തുകളിൽ 30 റൺസ് കണ്ടെത്തിയ ആസിഫ് അലിയെ 45-ാം ഓവറിൽ ചഹൽ ബൗൾഡാക്കി. അവസാന ഓവറുകളിൽ മുഹമ്മദ് നവാസിനൊപ്പം (15 നോട്ടൗട്ട്) പൊരുതിയ ഷദാബ് ഖാനെ (10) 50-ാം ഓവറിൽ ബുംറ ബൗൾഡാക്കി. ഹസൻ അലി രണ്ട് റൺസുമായി പുറത്താകാതെ നിന്നു. ഇന്ത്യയ്ക്കുവേണ്ടി പേസർ ജസ്പ്രീത് ബുംറ, സ്പിന്നർമാരായ യുസ്‌വേന്ദ്ര ചഹൽ, കുൽദീപ് യാദവ് എന്നിവർ രണ്ട് വിക്കറ്റ് വീതം ലഭിച്ചു. ഭുവനേശ്വർ, ജഡേജ, കേദാർ യാദവ് എന്നിവർക്ക് വിക്കറ്റ് ലഭിച്ചില്ല.



മത്സരത്തിനിടെ പാക് ബാറ്റ്സ്മാൻ ഷൊയ്ബ് മാലിക്കുമായി തമാശ പങ്കിടുന്ന ഇന്ത്യൻ താരം ശിഖർ ധവാൻ. ഇന്ത്യൻ ടെന്നിസ് താരം സാനിയ മിർസയുടെ ഭർത്താവാണ് ഷൊയ്ബ്.

### സ്കോർ കാർഡ്

പാകിസ്ഥാൻ ബാറ്റിംഗ് : ഇമാം ഉൾഹഖ് എൽ. ബി ബി ചഹൽ 10, ഭഖർ സമാൻ എൽ. ബി ബി കുൽദീപ് 31, ബാബർ അസം റൺഔട്ട് 9, സർഫ്രാസ് അഹമ്മദ് സി രോഹിത് ബി കുൽദീപ് 44, ഷൊയ്ബ് മാലിക്ക് സി ധോണി ബി ബുംറ 78, ആസിഫ് അലി ബി ചഹൽ 30, ഷദാബ് ഖാൻ ബി ബുംറ 10, മുഹമ്മദ് നവാസ് നോട്ടൗട്ട് 15, ഹസൻ അലി നോട്ടൗട്ട് 2, എക്സ്ട്രാസ് 8, ആകെ 50 ഓവറിൽ 237/7.
ബൗളിംഗ് : ഭുവനേശ്വർ 9-0-46-0, ബുംറ 10-1-29-2, ചഹൽ 9-0-46-2, കുൽദീപ് 10-0-41-2, ജഡേജ 9-0-50-0, കേദാർ 3-0-20-0.

## പൊരുതുക ലീ, ഒപ്പമുണ്ട് ലോകം!



ബാഡ്മിന്റൺ ഇതിഹാസ താരം ലീ ചോംഗ് വേയ്ക്ക് അർബുദത്തിനുള്ള ചികിത്സയിലാണെന്ന് മലേഷ്യൻ ബാഡ്മിന്റൺ ഫെഡറേഷൻ സ്ഥിരീകരിച്ചു. മൂക്കിലെ അർബുദബാധയുടെ ആദ്യഘട്ടമാണ് ലീയ്ക്ക്. തായ്‌വാനിലാണ് താരം ചികിത്സ തേടുന്നത്. ചികിത്സയോട് ലീ പോസിറ്റീവായി പ്രതികരിക്കുന്നുണ്ടെന്നും ഉടൻ രോഗ മോചിതനാകുമെന്നാണ് പ്രതീക്ഷയെന്നും മലേഷ്യൻ ബാഡ്മിന്റൺ ഫെഡറേഷൻ അധികൃതർ അറിയിച്ചിട്ടുണ്ട്. ലീയുടെ രോഗവാർത്ത അറിഞ്ഞതു മുതൽ കായികലോകം താരത്തിന് വേണ്ടിയുള്ള പ്രാത്ഥനയിലാണ്.

- മലേഷ്യയിലെ പ്രശസ്തരായ കായിക താരങ്ങളിൽ ഒന്നാമനാണ് ലീ ചോംഗിവേയ്
- മൂന്ന് ഒളിമ്പിക്സുകളിൽ വെള്ളി മെഡൽ നേടിയിട്ടുള്ള താരമാണ്.
- 199 ആഴ്ചകൾ ലോക റാങ്കിംഗിലെ ഒന്നാം സ്ഥാനത്തിന് അർഹനായിരുന്നു.
- അസുഖംമൂലം കഴിഞ്ഞ ലോക ചാമ്പ്യൻഷിപ്പ്, ഏഷ്യൻ ഗെയിംസ് എന്നിവയിൽ നിന്ന് ലീ ചോംഗ് വേയ് വിട്ടുനിന്നിരുന്നു.
- 2015 ൽ ഉത്തേജക വിലക്കിന് ശേഷം ബാഡ്മിന്റൺ കോർട്ടിലേക്ക് ശക്തമായി തിരിച്ചെത്താനുള്ള ശ്രമത്തിലായിരുന്നു ലീ.



## വെൽക്കം ബാക്ക് ഫെർഗൂസൺ

27 വർഷക്കാലം മാഞ്ചസ്റ്റർ യുണൈറ്റഡിന്റെ പരിശീലകനായിരുന്ന സർ അലക്സ് ഫെർഗ്ഗുസൺ കഴിഞ്ഞ മേയിൽ നടന്ന മസ്തിഷ്ക ശസ്ത്രക്രിയയ്ക്ക് ശേഷം ആദ്യമായി മാഞ്ചസ്റ്റർ യുണൈറ്റഡിന്റെ ഹോംഗ്രൗണ്ടായ ഓൾഡ് ട്രഫോൾഡിലെത്തി. കഴിഞ്ഞദിവസം വോൾവർഹാപ്ടണിനെതിരായ യുണൈറ്റഡിന്റെ മത്സരം കാണാനാണ് 76 കാരനായ ഫെർഗ്ഗുസൺ സ്റ്റേഡിയത്തിലെത്തിയത്. ഓൾഡ് ട്രഫോൾഡിലേക്ക് തിരിച്ചെത്താൻ കഴിഞ്ഞത് മഹാഭാഗ്യമായി കരുതുന്നുവെന്ന് ഫെർഗ്ഗുസൺ പറഞ്ഞു.

## ഓൾട്ട്മാൻസ് രാജിവച്ചു

കറാച്ചി : പാകിസ്ഥാൻ ഹോക്കി ടീം പരിശീലക സ്ഥാനത്തുനിന്ന് ഹോളണ്ടുകാരനായ റോളന്റ് ഓൾഡ് മാൻസ് രാജിവച്ചു. ഏഷ്യൻ ഗെയിംസിൽ നാലാം സ്ഥാനത്തായതിന്റെ പേരിലാണ് രാജി. 2017 ലാണ് ഇന്ത്യൻ കോച്ച് പദവി ഉപേക്ഷിച്ച് ഓൾട്ട്മാൻസ് പാകിസ്ഥാനിലേക്ക് കൂടുമാറിയിരുന്നത്.



### സെഞ്ച്വറിപ്പൂരമൊരുക്കി ധവാനും രോഹിതും

- ധവാന്റെ 15-ാം ഏകദിന സെഞ്ച്വറിയാണ് ഇന്നലെ പിറന്നത്.
- ഈ ഏഷ്യാകപ്പിലെ ധവാന്റെ രണ്ടാം സെഞ്ച്വറിയാണിത്.
- ഹോംഗ്കോംഗിനെതിരായ ആദ്യ മത്സരത്തിൽ ധവാൻ 127 റൺസ് നേടിയിരുന്നു
- പാകിസ്ഥാനെതിരായ ആദ്യ മത്സരത്തിൽ 46റൺസ് നേടി
- ബംഗ്ലാദേശിനെതിരായ സൂപ്പർ ഫോർ മത്സരത്തിൽ 40റൺസടിച്ചു
- ഇന്നലെ 100 പന്തുകൾ നേരിട്ട ധവാൻ 16 ഫോറും രണ്ട് സിക്സുമടിച്ചു
- രോഹിത് ശർമ്മയുടെ ഏകദിന കരിയറിലെ 19-ാം സെഞ്ച്വറിയാണിത്.
- പാകിസ്ഥാനെതിരയും (52) ബംഗ്ലാദേശിനെതിരെയും (83*) അർദ്ധസെഞ്ച്വറികൾ നേടിയിരുന്നു.
- ഇന്നലെ 119പന്തുകൾ നേരിട്ട രോഹിത് ഏഴ് ബൗണ്ടറികളും നാല് സിക്സുകളും പറത്തി.
- രോഹിത് ഏകദിനത്തിൽ 7000 റൺസും തികച്ചു.
- രോഹിതും ധവാനും ചേർന്ന് ഇന്നലെ ആദ്യ വിക്കറ്റിൽ 210 റൺസാണ് കൂട്ടിച്ചേർത്തത്.
- പാകിസ്ഥാനെതിരായ ഇന്ത്യയുടെ ഏറ്റവും മികച്ച ഓപ്പണിംഗ് കൂട്ടുകെട്ടാണിത്.
- ഓപ്പണിംഗിൽ ധവാൻ- രോഹിത് സഖ്യം കുറിക്കുന്ന 13-ാം സെഞ്ച്വറി കൂട്ടുകെട്ടാണിത്. ഇന്ത്യൻ ഓപ്പണിംഗ് സെഞ്ച്വറി കൂട്ടുകെട്ടുകളിൽ സച്ചിൻ - സെവാഗ് സഖ്യത്തെ മറികടന്ന് രണ്ടാമതെത്തി.

## അഫ്ഗാനെ വീഴ്ത്തി ബംഗ്ലാദേശ്

അബുദാബി : അഫ്ഗാനിസ്ഥാനെതിരായ ഏഷ്യാകപ്പ് സൂപ്പർ ഫോർ മത്സരത്തിൽ ബംഗ്ലാദേശിന് മൂന്ന് റൺസ് ജയം. ടോസ് നേടി ആദ്യം ബാറ്റ് ചെയ്ത ബംഗ്ലാദേശ് ഏഴ് വിക്കറ്റ് നഷ്ടത്തിൽ 249 റൺസെടുത്തു. മറുപടിക്കിറങ്ങിയ അഫ്ഗാന് 246/7ലേ എത്താനായുള്ളൂ.

18 റൺസെടുക്കുന്നതിനെ ഓപ്പണർ നസ്മുൽ ഹൊസൈനെയും (6), ഫസ്റ്റ് ഡൗൺ മുഹമ്മദ് മിഥുനെയും (1) നഷ്ടമായ ബംഗ്ലാദേശിനെ കരകയറ്റിയത് ഓപ്പണർ ലിട്ടൺ ദാസ് (41), മുഷ്ഫിഖുർ റഹിം (33), ഇംറുൽ കൈസ് (67), മഹ്മൂദുള്ള (74) എന്നിവരുടെ ബാറ്റിംഗാണ്. 87/5 എന്ന നിലയിലാണ് ഇംറുൽ കൈസും മഹ്മൂദുള്ളയും ക്രീസിൽ ഒരുമിക്കുന്നത്. ആറാം വിക്കറ്റിൽ ഇരുവരും കൂട്ടിച്ചേർത്തത് 128 റൺസാണ്. 81 പന്തുകൾ നേരിട്ട മഹ്മൂദുള്ള മൂന്ന് ഫോറും രണ്ട് സിക്സും പായിച്ചു. 87 പന്തുകൾ നേരിട്ട കൈസ് അഞ്ച് ബൗണ്ടറികൾ പറത്തി. അഫ്ഗാനിസ്ഥാന് വേണ്ടി പേസർ അഫ്താബ് ആലം മൂന്ന് വിക്കറ്റുകൾ വീഴ്ത്തി.

■ സ്പാനിഷ് ലാലിഗ

## റയലിന് വിജയം, ഒന്നാമത്



റയലിനായി വിജയഗോൾ നേടിയ മാർക്കോ അസൻഷ്യോയുടെ ആഹ്ലാദ പ്രകടനം

മാഡ്രിഡ് : കഴിഞ്ഞദിവസം നടന്ന സ്പാനിഷ് ലാലിഗ ഫുട്ബാൾ മത്സരത്തിൽ എസ്. പാന്യോളിനെ ഏകപക്ഷീയമായ ഒരു ഗോളിന് കീഴടക്കി റയൽമാഡ്രിഡ് പോയിന്റ് പട്ടികയിൽ ഒന്നാംസ്ഥാനത്തേക്ക് എത്തി. സ്വന്തം തട്ടകത്തിൽ നടന്ന മത്സരത്തിന്റെ 41-ാം മിനിട്ടിൽ മാർക്കോ അസൻഷ്യോയുടെ ഗോളിലൂടെയാണ് റയൽ വിജയം കണ്ടത്.

വിരസമായ മത്സരത്തിൽ ലഭിച്ച അവസരങ്ങൾ പലതും തുലച്ചശേഷമാണ് റയൽ ഏകഗോളിന്റെ വിജയാശ്വാസം കണ്ടെത്തിയത്. ലൂക്കാ മൊഡ്രിച്ചിന്റെ പാസ് സ്വീകരിച്ച് ഓടിക്കയറിയണ് അസൻഷ്യോ സ്കോർചെയ്തത്. എന്നാൽ റഫറി ആദ്യം ഗോൾ അനുവദിച്ചില്ല. ഓഫ് സൈഡനെസാണ് റഫറി വിധിച്ചത്. പക്ഷേ വീഡിയോ റഫറലിലൂടെ പിന്നീട് ഗോൾ അനുവദിക്കുകയായിരുന്നു.

അഞ്ച് മത്സരങ്ങളിൽ നിന്ന് 13 പോയിന്റുമായാണ് റയൽ ഒന്നാമതേക്ക് എത്തിയത്. നാല് കളികളിൽനിന്ന് 12 പോയിന്റുള്ളബാഴ്സലോണയാണ്‌രണ്ടാംസ്ഥാനത്ത്.

■ ഇംഗ്ലീഷ് പ്രിമിയർ ലീഗ്

### ചെൽസിക്ക് ഗോളില്ലാസമനില

ലണ്ടൻ : ഇംഗ്ലീഷ് പ്രിമിയർ ലീഗ് ഫുട്ബാളിൽ ഇന്നലെ നടന്ന മത്സരത്തിൽ മുൻ ചാമ്പ്യൻമാരായ ചെൽസിയെ വെസ്റ്റ് ഹാം ഗോൾരഹിത സമനിലയിൽ കുരുക്കി. സ്വന്തം തട്ടകത്തിൽ നടന്ന മത്സരത്തിലാണ് വെസ്റ്റ് ഹാം വമ്പൻമാരെ പിടിച്ചുകെട്ടിയത്. ഈ സീസണിൽ ആദ്യമായാണ് ചെൽസിക്ക് ഒരുകളി ജയിക്കാൻ കഴിയാതെ വരുന്നത്. ആറ് മത്സരങ്ങളിൽ നിന്ന് 16 പോയിന്റുമായി ചെൽസി മൂന്നാംസ്ഥാനത്താണ്. ആറ് കളികളിൽ നിന്ന് 18 പോയിന്റുള്ള ലിവർപൂളാണ് ഒന്നാംസ്ഥാനത്ത്.



### പൃഥ്വിക്ക് സെഞ്ച്വറി

ചെന്നൈ : ലോകകപ്പ് നേടിയ ഇന്ത്യൻ അണ്ടർ-19 ടീമിന്റെ ക്യാപ്ടൻ പൃഥ്വി ഷാ ഇന്നലെ വിജയ് ഹസാരേ ട്രോഫി ക്രിക്കറ്റ് ടൂർണമെന്റിൽ മുംബയ്ക്ക് വേണ്ടി സെഞ്ച്വറി നേടി. റെയിൽവേയ്സിനെതിരായ മത്സരത്തിൽ 81 പന്തുകളിൽനിന്ന് 129 റൺസാണ് പൃഥ്വി നേടിയത്. മുംബയ്ക്ക് വേണ്ടി പൃഥ്വി നേടുന്ന ആദ്യ ലിസ്റ്റ് എ സെഞ്ച്വറിയാണിത്.



*കേരള സ്റ്റേറ്റ് പവർ ലിഫ്ടിംഗ് ചാമ്പ്യൻഷിപ്പിൽ 63 കി. ഗ്രാം വനിതാവിഭാഗത്തിൽ ഒരു സ്വർണമെഡലും മൂന്ന് വെങ്കല മെഡലുകളും കരസ്ഥമാക്കിയ അർച്ചന എം. ബാലചന്ദ്രൻ, ആർ. സി. സി ജിംഖാന അംഗവും ചെമ്പഴന്തി എസ്. എൻ കോളേജിലെ ഒന്നാംവർഷ ബിരുദ വിദ്യാർത്ഥിനിയുമാണ്.*



*മികച്ച താരങ്ങളായി തിരഞ്ഞെടുക്കപ്പെട്ട സജൻ പ്രകാശും സലോനി ദലാലും ട്രോഫികളുമായി*

## ദേശീയ നീന്തൽ : കർണാടക ചാമ്പ്യന്മാർ

- സജൻ പ്രകാശിന് അഞ്ചാം ദേശീയ റെക്കാഡ്, സജൻ മികച്ച താരം
- കേരളം ഏഴാമത്, വാട്ടർപോളോയിൽ കേരള വനിത ടീമിന് സ്വർണം

തിരുവനന്തപുരം: ദേശീയ സീനിയർ നീന്തൽ ചാമ്പ്യൻഷിപ്പിൽ കർണാടകം കിരീടം നിലനിറുത്തി. 227 പോയിന്റോടെയാണ് കർണാടകം ചാമ്പ്യൻഷിപ്പ് നേടിയത്. 202 പോയിന്റോടെ ദേശീയ നീന്തൽ ഫെഡറേഷൻ രണ്ടാമതെത്തി. കഴിഞ്ഞവർഷത്തെ രണ്ടാം സ്ഥാനക്കാരായ റെയിൽവേസ് ഇത്തവണ മൂന്നാം സ്ഥാനത്തായി. 140പോയിന്റാണ്‌റെയിൽവേ നേടിയത്. 55 പോയിന്റോടെ കേരളം ഏഴാമതെത്തി.

പങ്കെടുത്ത അഞ്ചിനത്തിലും ദേശീയ റെക്കാഡോടെ അജയ്യനായ കേരളത്തിന്റെ സജൻ പ്രകാശും രണ്ട് ദേശീയ റെക്കാഡുകളോടെ മൂന്ന് സ്വർണം നേടിയ കർണാടകയുടെ സലോനി ദലാലും മികച്ച താരങ്ങളായി.

ചാമ്പ്യൻഷിപ്പിന്റെ അവസാന ദിവസം പുരുഷന്മാരുടെ 200 മീറ്റർ ബട്ടർഫ്ലൈയിൽ സജൻ പ്രകാശ് സ്വന്തം റെക്കാഡ് തിരുത്തി. 1:59:12 എന്ന കഴിഞ്ഞ വർഷത്തെ സമയം 1:57:73 ആക്കിയാണ് തിരുത്തിയത്. പങ്കെടുത്ത അഞ്ച് ഇനത്തിലും ദേശീയ റെക്കാഡ് സൃഷ്ടിച്ചുകൊണ്ടാണ് സജൻ കേരളത്തിന് അഞ്ച് സ്വർണം സമ്മാനിച്ചത്.

ഇന്നലെ വനിതകളുടെ വാട്ടർപോളോയിലും കേരള ടീം സ്വർണം നേടി. പശ്ചിമ ബംഗാളിനെ 6-4 ന് ആണ് കേരളം തോൽപ്പിച്ചത്. കഴിഞ്ഞ ദിവസം 50 മീറ്റർ ബട്ടർഫ്ലൈസിൽ ലിയാന ഫാത്തിമ ഉമറിന്റെ വെങ്കല നേട്ടവും കേരളത്തിന് മുതൽക്കൂട്ടായി.

വനിതകളുടെ 200 മീറ്റർ ഫ്രീസ്റ്റൈലിൽ ഹരിയാനയുടെ ശിവാനി ഖട്ടാരിയ ദേശീയ റെക്കാഡ് കുറിച്ചു. പുരുഷൻമാരുടെ 800 മീറ്റർ ഫ്രീസ്റ്റൈലിൽ മധ്യപ്രദേശിന്റെ അദ്വൈത് പാഗേ ദേശീയ റെക്കാഡോടെ സ്വർണം നേടി.

### ഉഷകുമാരി
കാര്യവട്ടം: തുണ്ടത്തിൽ കാട്ടച്ചിറ തിരുവോണം വീട്ടിൽ കെ. ഓമനക്കുട്ട (റിട്ട. എസ്. ഐ) ന്റെ ഭാര്യ ഉഷ കുമാരി ആർ. (54, അസി. രജിസ്ട്രാർ, കേരളയൂണിവേഴ്സിറ്റി, കാര്യവട്ടം നിര്യാതയായി. മക്കൾ: അഭിജിത് കൃഷ്ണ, ആരതി കൃഷ്ണ. സഞ്ചയനം വ്യാഴാഴ്ച 8.30ന്.

### സുലോചനാ ബായി
പ്രാവച്ചമ്പലം: ലാലി ഭവനിൽ വട്ടപ്പാറ ചെല്ലപ്പന്റെ ഭാര്യ സുലോചനാ ബായി (82) നിര്യാതയായി. മക്കൾ: മോഹൻലാൽ, സുമം, ജയലക്ഷ്മി, രാധികാറാണി, ദേവികാറാണി, വിനോദ്‌ലാൽ. മരുമക്കൾ: സ്റ്റെല്ലാ ഫ്ലോറൻസ്, രവീന്ദ്രൻ, ചന്ദ്രൻ, ജോസ്ബാബു, പ്രദീപ്, സ്നേഹലത. സംസ്കാരം ഇന്ന് രാവിലെ 9ന് വീട്ടുവളപ്പിൽ.

### സുകുമാരി അമ്മ
മണക്കാട്: കുര്യാത്തി കെ. എൻ. മണി റോഡ് അനഭവനിൽ പി. ലംബോധരൻ പിള്ളയുടെ ഭാര്യ സുകുമാരി അമ്മ (61) നിര്യാതയായി. മക്കൾ: അനീഷ്, അനൂപ് ലാൽ. സഞ്ചയനം വെള്ളിയാഴ്ച രാവിലെ 8 മണിക്ക്.

### കെ.എൻ. സുഭദ്ര
തൃക്കണ്ണാപുരം: സൊസൈറ്റി റോഡ് ശ്രീഹരിയിൽ കെ.എൻ. സുഭദ്ര (76) നിര്യാതയായി. ഭർത്താവ് ആർ. ഗോപിനായർ. മക്കൾ: ജി. ഹരികുമാർ, ജി. ശ്രീകുമാർ. മരുമക്കൾ: ഗീതകുമാരി, ഷീജ. സഞ്ചയനം ഞായറാഴ്ച രാവിലെ 8.30ന്.

### ലക്ഷ്മിക്കുട്ടി
വാമനപുരം: കുറിച്ചി വിദ്യാഭവനിൽ ലക്ഷ്മിക്കുട്ടി (83) നിര്യാതയായി. മക്കൾ: പരേതനായ സുന്ദരേശൻ, ഉണ്ണി, പരേതനായ സതീശൻ, വിജയൻ, ശോഭന, അമ്പിളി, ബേബി, ഗീത, ലത. മരുമക്കൾ: ശ്യാമളാദേവി, ഗിരിജ, രമണി, ചന്ദ്രിക, ശങ്കരൻകുട്ടി, പരേതനായ രാധാകൃഷ്ണൻ, രാജേന്ദ്രൻ, ശിവാനന്ദൻ, ശശികുമാർ.

### കെ. കുഞ്ഞിക്കുട്ടി
പടിഞ്ഞാറെ കല്ലട: നടുവിലക്കര തെക്കേ ഇടയാറ്റ് വീട്ടിൽ പന്മന ഗോപാലന്റെ ഭാര്യ കെ. കുഞ്ഞിക്കുട്ടി (86) നിര്യാതയായി. മക്കൾ: സുകുമാരി, ലീല, സുശീല, വസന്തത, സുന്ദരേശൻ (സീനിയർ സൂപ്രണ്ട്). മരുമക്കൾ: രാമകൃഷ്ണൻ, ശിവദാസൻ, പരേതനായ ഓമനകുട്ടൻ, പരേതനായ രവീന്ദ്രൻ, സുജാത. സഞ്ചയനം 26ന് രാവിലെ 7ന്.

### നന്ദിനി
വവ്വാക്കാവ്: നീലികുളം കോമിച്ചിനേത്ത് (ക്ലാപ്പനകോട്ടയ്ക്കപുറം, ഇടത്തറയിൽ) നന്ദിനി (60) നിര്യാതയായി. മകൾ: ശ്രുതി. മരുമകൻ: രജീഷ്. സഞ്ചയനം 27ന് രാവിലെ 7ന്.

### ശ്രീമതിയമ്മ
അയിര: അയിര കേശവവിലാസത്തിൽ പരേതനായ കേശവപിള്ളയുടെ ഭാര്യ ശ്രീമതിയമ്മ (76) നിര്യാതയായി. സഞ്ചയനം ഞായറാഴ്ച രാവിലെ 9ന്.

### ഇന്ദിര അമ്മാൾ
തിരുവനന്തപുരം: ആറ്റുകാൽ ലെയ്നിൽ എ.ആർ.എ 31/2 വീട്ടിൽ പരേതനായ സുബ്രഹ്മണ്യപിള്ളയുടെ ഭാര്യ ഇന്ദിര അമ്മാൾ (73) നിര്യാതയായി. മക്കൾ: ഷീല, നാഗലക്ഷ്മി, നാഗരാജൻ, ജയ. മരുമക്കൾ: പരേതനായ മോഹനൻ, പരേതനായ ശിവതാണപിള്ള, മണിക്കുട്ടി, മുരുകൻ. ഫോൺ: 9074524851.

### ഉഷ
നെടുമങ്ങാട്: നെട്ട പി.എസ് നഗർ പ്ലോട്ട് നമ്പർ 82ൽ മനോജിന്റെ (ബിസിനസ്) ഭാര്യ ഉഷ വി.കെ (47, ക്ലെറിക്കൽ അസി. ഗവ. സെക്രട്ടേറിയറ്റ്) നിര്യാതയായി. മകൾ നന്ദന. സഞ്ചയനം വ്യാഴാഴ്ച രാവിലെ 8.30ന് ഫോൺ: 9544421551.

### വസന്ത
പള്ളിപ്പുറം: കിഴക്കതിൽ വീട് ആർ. വസന്ത (68) നിര്യാതയായി. ഭർത്താവ്: പരേതനായ ബാലകൃഷ്ണൻ നായർ. മക്കൾ: ഉഷാകുമാരി, ബിന്ദു, രമാദേവി, ഗീതാകുമാരി. മരുമക്കൾ: മനോഹരൻ നായർ (ഗൾഫ്), സുരേന്ദ്രൻനായർ, രാജ്മോൻ (ഗൾഫ്), ശിവകുമാർ (ഇംഗ്ലീഷ് ഇന്ത്യൻ ക്ലേ). സഞ്ചയനം 28ന് 8.30ന്.

### ദേവകി അമ്മ
കിളിമാനൂർ: വെള്ളല്ലൂർ കുന്നിൽവിള വീട്ടിൽ ദേവകി അമ്മ (92) നിര്യാതയായി. സഞ്ചയനം ചൊവ്വാഴ്ച 8ന്.

### ശാന്ത
പടിഞ്ഞാറെകല്ലട: വലിയപാടം നെടിയതോട്ടത്തിൽ (രേവതി വിഹാർ) പരേതനായ ശശിധരൻ നായരുടെ ഭാര്യ ശാന്ത (73) നിര്യാതയായി. മക്കൾ: മഞ്ജു, മനോജ്. മരുമക്കൾ: സന്തോഷ് കുറുപ്പ്, ധന്യാ മനോജ്. സംസ്കാരം ഇന്ന് വൈകിട്ട് 3ന് വീട്ടുവളപ്പിൽ. സഞ്ചയനം 30ന് രാവിലെ 8ന്.

### റുക്കിയ
കൊരട്ടി: അറയ്ക്കൽ പരേതനായ വീരാന്റെ ഭാര്യ റുക്കിയ (73) നിര്യാതയായി. മക്കൾ: എ. വി. ഷാഹുൽ ഹമീദ് (ഓഡിറ്റർ സഹകരണ ഡിപ്പാർട്ട്മെന്റ്), എ. വി. സബിയ (പഞ്ചായത്ത് സെക്രട്ടറി), എ. വി. അബ്ദുൾ സലീം (യു.എസ്.എ), എ. വി. ഷാജഹാൻ (സോയിൽ സർവേ, തൃശ്ശൂർ). മരുമക്കൾ: എം. വി. ഷക്കീല (സെയിൽസ്ടാക്സ്), പരേതനായ ഒ. ച്ച്. മജീദ്, നബീസ സലീം (യു.എസ്.എ), എം. എം. റിയാമോൾ (പ്രിൻസിപ്പൽ, ഹയർസെക്കൻഡറി സ്കൂൾ കുമളി).

### ദമയന്തി
കണ്ടശ്ശാംകടവ്: മാങ്ങാട്ടുകര കോക്കന്ത്ര പരേതനായ ഗോപി ഭാര്യ ദമയന്തി (85) നിര്യാതയായി. മക്കൾ: പരേതനായ രാധാകൃഷ്ണൻ, സുരഭില, ഗിരിജ, വനജ, സുനിൽകുമാർ. മരുമക്കൾ: ബേബി, വേണു, പ്രദീപ്, കുട്ടൻ, ബേബി (ബിന്ദു). സംസ്കാരം ഇന്ന് രാവിലെ 10ന് വടൂക്കര ശ്മശാനത്തിൽ.

### ജാനകിയമ്മ
കണിയാപുരം: വെട്ടിക്കവല നടുവണ്ണൂർ പുത്തൻ വീട്ടിൽ പരേതനായ മാധവൻ പിള്ളയുടെ ഭാര്യ എസ്. ജാനകിയമ്മ (92) വെട്ടുറോഡ് തിരുവോണം വീട്ടിൽ നിര്യാതയായി.

### കൗസല്യ
വർക്കല: ഇലകമൺ ചിറക്കോണത്ത് വീട്ടിൽ പരേതനായ വാസുവിന്റെ ഭാര്യ കൗസല്യ (97) നിര്യാതയായി. മക്കൾ: സുഗന്ധി, പ്രഹ്ലാദൻ, മധുസൂദനൻ, അജിതകുമാരി. മരുമക്കൾ: സുശീലൻ, ലതിക, സുജാത. സുദർശനൻ

### ജഗദമ്മ
ആറ്റിങ്ങൽ: കവലയൂർ കാവിളാകംവീട്ടിൽ സി.പി.എം മണമ്പൂർ മുൻ ലോക്കൽ കമ്മിറ്റി അംഗം വേണുഗോപാലൻ നായരുടെ ഭാര്യ ജഗദമ്മ (76) നിര്യാതയായി. മക്കൾ: വി. സുനിൽ, ജെ. സുഷമ (ബഹറിൻ), വി. സുതൻ (ബഹറിൻ), വി. സുരേഷ് (ബഹറിൻ), വി. സുധീൻ (സി.പി.എം വർക്കല ഏരിയാ കമ്മിറ്റി അംഗം), സുനിത. മരുമക്കൾ: ജയശ്രീ, ബീന, ആശ, ചിത്ര, പ്രേംകുമാർ, പരേതനായ ഭുവനചന്ദ്രൻ. സംസ്കാരം ഇന്ന് രാവിലെ 10ന് നടക്കും.

### സീത
കിളിമാനൂർ: കിളിമാനൂർ ജംഗ്ഷൻ കൃഷ്ണയിൽ അംബികാ ഫാർമസി ഉടമ പരേതനായ ശിവദാസൻ വൈദ്യരുടെ ഭാര്യ സീത. എസ് (72) നിര്യാതയായി. മക്കൾ: പ്രിൻസ്, അഡ്വ. ബിജു, മെഴ്സി. മരുമക്കൾ: ലൈന, ആശ, സണ്ണി.

### ലക്ഷ്മി
കരുനാഗപ്പള്ളി: കോട്ടയ്ക്കപുറം മാവിലശ്ശേരിൽ പരേതനായ രാഘവന്റെ ഭാര്യ ലക്ഷ്മി (83) നിര്യാതയായി. മക്കൾ: ഓമന, സോമൻ, പരേതയായ ശോഭന, മോഹനൻ. മരുമക്കൾ: പരേതനായ രാമചന്ദ്രൻ, ഷൈലജ, സഹദേവൻ, രാധ. സഞ്ചയനം 27ന് രാവിലെ 8ന്.

### ഭവാനിഅമ്മ
പട്ടാഴി: കന്നിമേൽ തുളസീഭവനത്തിൽ പരേതനായ രാഘവൻപിള്ളയുടെ ഭാര്യ ഭവാനി അമ്മ (88) നിര്യാതയായി. മക്കൾ: തുളസീധരൻ നായർ (എക്സ് സർവീസ്), മോഹനൻ പിള്ള. മരുമക്കൾ: സുശീല, തങ്കമ്മ. സഞ്ചയനം 30ന് രാവിലെ 8ന്. ഫോൺ: 9562054709

### അരുവിക്കര രാജു
കാട്ടാക്കട: സ്വാതന്ത്ര്യ സമര സേനാനിയും കലാ, സാംസ്കാരിക, സാമൂഹിക പ്രവർത്തകനുമായ അരുവിക്കര രാജു (97) നിര്യാതനായി. ഭാര്യ: രാധ. മക്കൾ: പത്മജ, വസുന്ധര, കുമാരി, രാജേന്ദ്രൻ, ഉഷ, രമ, ലത. മരുമക്കൾ: പരേതനായ മണിയൻ, നാണക്കുട്ടൻ, ഗീത, ശ്രീകുമാർ, പരേതനായ മണിയൻ, അമ്പിളി, സജികുമാർ. സഞ്ചയനം 30ന് രാവിലെ 9ന്.

### തങ്കപ്പനാശാരി
കാട്ടാക്കട: ഋങ്ങാംപാറ തമ്പുരാൻ റോഡ് ഗോമതി ഭവനിൽ തങ്കപ്പനാശാരി (89) നിര്യാതനായി. ഭാര്യ: പരേതയായ ഗോമതി. മക്കൾ: വിജയൻ, സുധാകരൻ, ശാന്ത, ഭുവനേന്ദ്രൻ, ബിജു. മരുമക്കൾ: പരേതയായ സരസ്വതി, ഗീത, അശോകൻ, രജനി. ശരണ്യ. സഞ്ചയനം വ്യാഴാഴ്ച രാവിലെ 8ന്.

### ഐ.ശീലാസ്
കാട്ടാക്കട: പന്നിയോട് തണ്ണിച്ചാംകുഴി തടത്തരികത്ത് വീട്ടിൽ ഐ. ശീലാസ് (70) നിര്യാതനായി. ഭാര്യ എസ്. ശിവകല. മക്കൾ: എസ്.എസ്. അജിതകുമാരി (വെള്ളനാട് ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ്), എസ്.എസ്. അജയകുമാർ. മരുമക്കൾ: എം. പ്രദീഷ്, ജെ.എസ്. ഷീബ.

### സരോജിനി
തിരുവനന്തപുരം: വള്ളക്കടവ് മുട്ടത്തറ ആശാനഗറിൽ റ്റി.സി. 42/1360 (എ.എൻ.ആർ.എ 68എ) കല്ലാക്കണ്ടം വീട്ടിൽ വി. സരോജിനി (81) നിര്യാതയായി. സഹോദരി: ലളിത. സഞ്ചയനം വ്യാഴാഴ്ച രാവിലെ 8.30ന്.

### കെ. പത്മാക്ഷി
തഴവ: വടക്കുംമുറി കിഴക്ക് പത്മാസദനത്തിൽ പരേതനായ എസ്. ശങ്കുവിന്റെ ഭാര്യ കെ. പത്മാക്ഷി (80) നിര്യാതയായി. മക്കൾ: രാജേന്ദ്രൻ (റിട്ട. കെ.എസ്.ഇ.ബി), രാജീവൻ, സലിം, ഐഷ, ഉഷ. മരുമക്കൾ: വി. ഐഷ, എസ്. വിജി, ജെമനിബോസ്, കെ. രാജേന്ദ്രബാബു, കെ. സുധാകരൻ (റിട്ട. ഡെപ്യൂട്ടി ജനറൽ മാനേജർ ജില്ലാ സഹകരണ ബാങ്ക്, ആലപ്പുഴ). സഞ്ചയനം 27ന് രാവിലെ 8ന്. ഫോൺ: 9567811414

### സുശീല
പുത്തൻപീടിക: തണ്ടാശ്ശേരി വിജയൻ ഭാര്യ സുശീല (79) നിര്യാതയായി. മക്കൾ: മനോജ്, റെനിൻ. മരുമകൾ: ബിന്ദു.

### ഗോപാലകൃഷ്ണൻ നായർ
നെയ്യാറ്റിൻകര: ഓലത്താന്നി പിജി സദനത്തിൽ ഗോപാലകൃഷ്ണൻ നായർ (86, റിട്ടയേർഡ് അസിസ്റ്റന്റ് ഡയറക്ടർ ഒഫ് അഗ്രികൾച്ചർ) നിര്യാതനായി. ഭാര്യ രാജമ്മ (റിട്ട. അദ്ധ്യാപിക). മക്കൾ: രാജഗോപാൽ (സൂപ്രണ്ട്, മ്യൂസിയം തിരുവനന്തപുരം), രാജലക്ഷ്മി (ലക്ചറർ ടെക്നിക്കൽ എഡ്യൂക്കേഷൻ), രാജേഷ് (കൊച്ചിൻ റിഫൈനറി). മരുമക്കൾ: സതികുമാരി, പി.ജി. പ്രദീപ്കുമാർ (അസിസ്റ്റന്റ് ടൗൺ പ്ലാനർ നഗരാസൂത്രണ വകുപ്പ്), കല കെ. നായർ (സീനിയർ ക്ലർക്ക് ഹെൽത്ത് ഡിപ്പാർട്ട്മെന്റ്). സഞ്ചയനം ഞായറാഴ്ച രാവിലെ 8.30ന്.

### വേലപ്പൻ നായർ
വെഞ്ഞാറമൂട്: കിഴക്കേ പുളിയിലയിൽ വേലപ്പൻ നായർ (75) നിര്യാതനായി: ഭാര്യ സരസ്വതിയമ്മ: മക്കൾ: സനൽകുമാർ, ശാരി, സജി. മരുമക്കൾ: രാജലക്ഷ്മി, ബൈജു, ഗീത പ്രിയ. സംസ്കാരം ഇന്ന് രാവിലെ 9 മണിക്ക്.

### രംഗനാഥനാശാരി
കുറ്റിച്ചൽ: കോട്ടൂർകൊച്ചുകോണത്ത് ആതിര ഭവനിൽ രംഗനാഥനാശാരി (100) നിര്യാതനായി. ഭാര്യ പരേതയായ കൃഷ്ണമ്മ. മക്കൾ: അയ്യപ്പൻ, സരസ്വതി, വസന്ത, അറുമുഖനാശാരി, ഓമന, ശ്രീകല, പരേതയായ അംബിക. മരുമക്കൾ: കുമാരി, വേണു, രാജൻ, ചന്ദ്രിക, ഗോപി, അശോകൻ, പരേതനായ ശിവതാണ ആശാരി. സഞ്ചയനം: ഞായറാഴ്ച രാവിലെ 8.30ന്.

### രാമകൃഷ്ണൻനായർ
തിരുവനന്തപുരം: ശ്രീവരാഹം മാമ്പഴ സ്കൂൾ റോഡിൽ ചന്ദ്രികാനിലയം എസ്.പി.ടി. ആർ.എ 19 ൽ കെ. രാമകൃഷ്ണൻനായർ (72, റിട്ട. ഐ.എസ്.ആർ.ഒ, ചൂരപ്പെട്ടേൽ വീട്, കുറിഞ്ഞി, പാല) നിര്യാതനായി. ഭാര്യ പി. പ്രസന്നകുമാരി. സംസ്കാരം ഇന്ന് ഉച്ചയ്ക്ക് 12ന് പുത്തൻകോട്ട ശ്മശാനത്തിൽ. സഞ്ചയനം 30ന് രാവിലെ 8ന്.

### എ. എ. തോമസ്
മാഞ്ഞൂർ സൗത്ത്: ആട്ടുക്കുന്നേൽ എ. എ. തോമസ് (77) നിര്യാതനായി. ഭാര്യ: പെണ്ണമ്മ. കുമരകം ഒറവണ്ണക്കളത്തിലായ കോണത്താറ്റ് കുടുംബാംഗമാണ്. മക്കൾ: പരേതനായ ജിജി, സുജ (മുൻ മാഞ്ഞൂർ പഞ്ചായത്ത് അംഗം), അജി (ലിബിയ). മരുമക്കൾ: മേഴ്സി (ആനിമല), ലൂക്കോസ് (മാഞ്ഞൂർ സൗത്ത്), ലൗലി (പയ്യാവൂർ). സംസ്കാരം നാളെ 10 മണിക്ക് സെന്റ് തെരേസാസ് മകുടാലയം പള്ളിയിൽ.

### ബാലകൃഷ്ണൻ
കായംകുളം: എരുവ പടിഞ്ഞാറ് നെട്ടവക്കാട്ട് ബാലകൃഷ്ണൻ (82) നിര്യാതനായി.

### സെയ്ദുദ്ദീൻ
ചിറയിൻകീഴ്: പെരുങ്ങുഴി കുന്നവിളാകത്ത് സെയിൻ വില്ലയിൽ സെയ്നുദ്ദീൻ (59) സൗദി അറേബ്യയിൽ നിര്യാതനായി. ഭാര്യ ജാസിമ. മക്കൾ: സജാസെയിൻ, റാമിസെയിൻ. മരുമകൻ: അജ്ജു.എസ്.എസ്. കബറടക്കം നാളെ ഉച്ചയ്ക്ക് 2ന് പെരുങ്ങുഴി ജുമാമസ്ജിദിൽ.

### മണിയൻ
ബാലരാമപുരം: റസ്സൽപുരം തീയ്യന്നൂർ ക്കോണം കിഴക്കേക്കര വീട്ടിൽ മണിയൻ (84) നിര്യാതനായി. ഭാര്യ ലത. സഞ്ചയനം: വെള്ളിയാഴ്ച രാവിലെ 8ന്. ഫോൺ: 995312329.

### ഷംസുദീൻ
നെടുമങ്ങാട്: അരുവിക്കര കുമരക്കോട് എസ്.പി.കെ ഭവനിൽ ഷംസുദീൻ (68) നിര്യാതനായി. ഭാര്യ. നസീമ ബീവി. മക്കൾ: ഷിനോജ്, ഷബ്ന. മരുമക്കൾ; ഷൈനി, റിജീഷ്. ഖബറടക്കം തിങ്കളാഴ്ച രാവിലെ 10ന് അഴിക്കോട് മുസ്ലിം ജമാഅത്ത് ഖബർസ്ഥാനിൽ.

### ആരിഫാബീവി
നെടുമങ്ങാട്: പോത്തൻകോട് കാവുവിള തടത്തരികത്ത് വീട്ടിൽ പരേതനായ അബ്ദുൾ റഷീഷിന്റെ ഭാര്യ ആരിഫാബീവി (69) നിര്യാതയായി. മക്കൾ: ഷഫീന, ഷാനിഫ, ഷൈല, ഷക്കീല. മരുമക്കൾ: ഷറഫുദീൻ, ഇബ്രാഹിം, ഇഷ, സലീം.

### ഷെജി
പാലോട്: മടത്തറ ടി.ബി ജംഗ്ഷൻ ദേവ് ഭവനിൽ ആർ. സാംബശിവന്റെ ഭാര്യ ഷെജി (43) നിര്യാതയായി. മക്കൾ: അമൽദേവ്, അഖിൽദേവ്, പരേതനായ അരുൾദേവ്. സഞ്ചയനം: വ്യാഴാഴ്ച രാവിലെ ഒൻപതിന്.

### വാസവൻ
കുന്നത്തൂർ: കരിന്തോട്ടുവ പ്രസാദ് ബിൽഡിംഗിൽ വാസവൻ (88) നിര്യാതനായി. ഭാര്യ: പൊന്നമ്മ. മക്കൾ: പ്രസാദ്, ഷീല, രംഗൻ, ഷീന, ഷീജ. മരുമക്കൾ: പ്രീത, സുഗണൻ, ഷീല, ദിനൻ, മോഹനൻ. സഞ്ചയനം 27ന് രാവിലെ 8ന്.

### വാസുദേവൻപിള്ള
കുടവൂർ: ഐക്കുട്ടിക്കോണം ചിറ്റല്ലൂർ വിള വീട്ടിൽ വാസുദേവൻപിള്ള (67) നിര്യാതനായി. ഭാര്യ ചന്ദ്രിക കുമാരി, മക്കൾ: ബിനുരാജ്, മനുരാജ്. മരുമക്കൾ: ഗോപികാകൃഷ്ണൻ, അശ്വതി.

### എം. സുബ്ബയ്യൻ
തിരുവനന്തപുരം: നന്തൻകോട് വാട്സ് ലെയിൻ ടി.സി 11/1066 കൃഷ്ണ നിവാസിൽ എം. സുബ്ബയ്യൻ (86, റിട്ട. പഞ്ചായത്ത് ഡയറക്ടർ) നിര്യാതനായി. ഭാര്യ: പരേതയായ എ. ലീലാമ്മാൾ. മക്കൾ: പരേതനായ പ്രദീപ്കുമാർ, ഡോ. എസ്. ഹരികൃഷ്ണൻ (ഗവ. മെഡിക്കൽ കോളേജ്, തിരുവനന്തപുരം), മനോമോഹൻ (എൻജിനിയർ, പി. ഡബ്ല്യു. ഡി). മരുമക്കൾ: ഷീബ (നാഷണൽ ഇൻഷ്വറൻസ് കമ്പനി), ഡോ. ബിന്ദു (ഹെൽത്ത് സർവീസ്), സിന്ധു മോഹൻ (എൻജിനിയറിംഗ് കോളേജ്, തിരുവനന്തപുരം). സഞ്ചയനം: വ്യാഴാഴ്ച രാവിലെ 9ന് ഫോൺ: 9847160680.

### കെ.നളിനൻ
മുടപുരം: ശാസ്തവട്ടം ഗാന്ധി സ്മാരകം എൻ. എസ്. ഭവനിൽ കെ. നളിനൻ (68) നിര്യാതനായി. ഭാര്യ ശോഭ. മക്കൾ: മനോജ്കുമാർ, അജിത്ത്, സിമി. മരുമക്കൾ: രശ്മി, അക്ഷയ, ജോഷി. സഞ്ചയനം 25ന് രാവിലെ 9ന്.

### ജോൺസൺ നാടാർ
കാട്ടാക്കട: ഉറിയക്കോട്, അണയ്ക്കരക്കോണത്ത് പ്ലാവിള പുത്തൻവീട്ടിൽ സി. ജോൺസൺ നാടാർ (83) നിര്യാതനായി. ഭാര്യ: പരേതയായ കെ. സരസമ്മ. മക്കൾ: ജെ. സൈമൺ, ജെ. എം. സോണി, എസ്. വിജയകുമാരി, എസ്. വസന്തകുമാരി. മരുമക്കൾ: ജെ. ജ്യോതി, എസ്. മേരിക്കുട്ടി, ആർ. സൈമൺ, എസ്. ആൽഫ്രഡ്ജോയി. സംസ്കാരം ഇന്ന് ഉച്ചയ്ക്ക് 3 മണിക്ക് ഉറിയാക്കോട് കുടുംബവീട്ടിൽ.

### അപ്പുക്കുട്ടൻനായർ
മണികണ്ഠേശ്വരം: ചീനിക്കോണത്ത് സുരേഷ് ഭവനിൽ പരേതയായ തങ്കമണി അമ്മയുടെ ഭർത്താവ് അപ്പുക്കുട്ടൻനായർ (82) നിര്യാതനായി. മക്കൾ: സുരേഷ് കുമാർ, ജയലക്ഷ്മി, സുഗന്ധി. മരുമക്കൾ: ജയശ്രീ, മുരളീധരൻ നായർ, ചന്തു നായർ.

### അപ്പുക്കുട്ടൻ
പാലോട്: നന്ദിയോട് പച്ചനല്ലാങ്കോട്ടുകോണം പ്രതാപ്ഭവനിൽ അപ്പുക്കുട്ടൻ (62) നിര്യാതനായി. ഭാര്യ: വൽസല. മക്കൾ: പ്രതാപ്, പ്രദീപ്. സഞ്ചയനം: ഞായറാഴ്ച രാവിലെ ഒൻപതിന്.

### ജീവനാഥൻ
തിരുവനന്തപുരം: മെഡിക്കൽ കോളേജ് ക്വോർട്ടേഴ്സ് ഇ-10 ൽ ജീവനാഥൻ. എ (55, കോബ്ളർ, മെഡിക്കൽ കോളേജ് ഫിസിക്കൽ മെഡിസിൻ) നിര്യാതനായി. ഭാര്യ അനിതകുമാരി. ജെ (രക്തബാങ്ക്, മെഡിക്കൽ കോളേജ്.) മക്കൾ: ആനന്ദ്, അജയ്. മരണാനന്തര ചടങ്ങ് ഞായറാഴ്ച.

### തുളസീധരക്കുറുപ്പ്
പാരിപ്പള്ളി: എഴിപ്പുറം എ.ടി. ലാൻഡിൽ തുളസീധരക്കുറുപ്പ് (53) നിര്യാതനായി. സംസ്കാരം 24ന് രാവിലെ 10ന് വീട്ട് വളപ്പിൽ നടക്കും. മാതാവ് സുമതി അമ്മ. ഭാര്യ ശ്രീലത. മക്കൾ: അശ്വിൻ, അർജ്ജുൻ.

### കെ.അബ്ദുൽ റസാഖ്
നെടുമങ്ങാട്: മഞ്ച മാഹീൻ മൻസിലിൽ കെ. അബ്ദുൽ റസാഖ് (72) നിര്യാതനായി. ഭാര്യ പരേതയായ സൗദാബീവി. മക്കൾ: ഷാഹിത ബീവി, റഷീദ ബീവി, മാജിത ബീവി, മാഹീൻ. മരുമക്കൾ: അബ്ദുൽ ജബ്ബാർ, ഉസ്മാൻ, സുലൈമാൻ, ബുഷ്റ ബീവി.

### സദാശിവൻനായർ
പാപ്പനംകോട്: പാപ്പനംകോട് മഹാവിഷ്ണുനഗർ വടക്കേതുമരിമുട്ടത്ത് മേലേ പുത്തൻവീട്ടിൽ കെ. സദാശിവൻനായർ (78) നിര്യാതനായി. ഭാര്യ: സരസ്വതിഅമ്മ. മക്കൾ: ബിന്ദു, സിന്ധു, സുനിൽകുമാർ, ലേഖ. മരുമക്കൾ: സുരേഷ് കുമാർ, വിജയകുമാർ, അശോക് കുമാർ, സന്ധ്യ. സഞ്ചയനം: വ്യാഴാഴ്ച രാവിലെ 8ന്.

### എ.കെ. ജോസ്
അന്തിക്കാട്: റിട്ട. സൗത്ത് ഇന്ത്യൻ ബാങ്ക് ഉദ്യോഗസ്ഥൻ അരിമ്പൂര് പല്ലൻ എ. കെ. ജോസ് (65) നിര്യാതനായി. ഭാര്യ: ടീസ. മക്കൾ: ജിസ, സ്മിത, ജെസ്റ്റിൻ. മരുമക്കൾ: സോണി, വിൽസൻ, ഡോണമരിയ. സംസ്കാരം ഇന്ന് രാവിലെ 9ന് അന്തിക്കാട് സെന്റ് ആന്റണീസ് പള്ളി സെമിത്തേരിയിൽ.

■ രാത്രിയിൽ നായ കുറുകെ ചാടി

## വെഞ്ഞാറമൂട് സ്വദേശി പൂനെയിൽ ബൈക്കപകടത്തിൽ മരിച്ചു

വെഞ്ഞാറമൂട്: പൂനെയിലെ കേരളടയേഴ്സ് ഉടമയും വെഞ്ഞാറമൂട് മേലാറ്റുമൂഴി കുഴിവിള ബാബുവിന്റെയും ലതിയുടെയും മകനുമായ ബിനീഷ് (29) പൂനെയിൽ മോട്ടോർ ബൈക്ക് അപകടത്തിൽ മരിച്ചു.

പൂനെയിലെ വ്യാപാരസ്ഥാപനത്തിൽ നിന്ന് രാത്രി താമസസ്ഥലത്തേക്ക് പോകുമ്പോൾ നായ കുറുകെ ചാടിയതാണ് അപകടത്തിനിടയാക്കിയത്. സ്വകാര്യ ആശുപത്രിയിൽ പ്രവേശിപ്പിച്ചെങ്കിലും ഇന്നലെ രാവിലെ മരണം സംഭവിക്കുകയായിരുന്നു.


ബിനീഷ്

മൃതദേഹം നാളെ നാട്ടിലെത്തിച്ച് കാരേറ്റ് പൂനെ ഹൗസ് വളപ്പിൽ സംസ്കരിക്കും. ഭാര്യ: ഹരിത. മകൻ: ഒരുവയസ്സുള്ള നിയ.

## ടൂറിസ്റ്റ് ബസും ബൈക്കും കൂട്ടിയിടിച്ച് വിദ്യാർത്ഥി മരിച്ചു

ആറ്റിങ്ങൽ: ടൂറിസ്റ്റ് ബസും ബൈക്കും കൂട്ടിയിടിച്ച് ബൈക്ക് യാത്രക്കാരനായ വിദ്യാർത്ഥി മരിച്ചു. ചാത്തൻപറ ചപ്പാത്തിമുക്ക് ലക്ഷംവീട് ശാന്ത മൻസിലിൽ സതീഷ് - നബൈസ ദമ്പതികളുടെ മകൻ അനീഷ് (17) ആണ് അപകടസ്ഥലത്തുവച്ച് മരിച്ചത്.

ആലംകോട് - വഞ്ചിയൂർ റോഡിൽ ഇന്നലെ രാവിലെ 10 മണിയോടെയായിരുന്നു അപകടം. ആറ്റിങ്ങൽ നിന്ന് കിളിമാനൂരിലേക്ക് പോകുകയായിരുന്ന ബസും എതിരെവന്ന ബൈക്കുമാണ് കൂട്ടിയിടിച്ചത്. ഇടിയുടെ ആഘാതത്തിൽ തെറിച്ചു വീണ അനീഷിന്റെ ശരീരത്തിലൂടെ ബസ് കയറിയിറങ്ങി. ആറ്റിങ്ങലിലെ പാരലൽ കോളേജ് വിദ്യാർത്ഥിയായിരുന്നു. സഹോദരൻ: അരുൺ.



അനീഷ്

## കാവൽക്കാരൻ മുറിയിൽ മരിച്ച നിലയിൽ

വെള്ളനാട്: വെള്ളനാട് മിത്രനികേതൻ കുന്നുംപുറത്ത് വീട്ടിൽ കൃഷ്ണൻകുട്ടി നായരെ (68) മരിച്ച നിലയിൽ കണ്ടെത്തി.

വാളിയറ പഞ്ചവടി ചാരിറ്റബിൾ ട്രസ്റ്റിലെ കാവൽക്കാരനായിരുന്നു. സ്ഥാപനത്തിലെ മുറിയിൽ ഇന്നലെ വെളുപ്പിന് മരിച്ച നിലയിൽ കണ്ടെത്തുകയായിരുന്നു.

ഭാര്യ ഇന്ദിര. മക്കൾ: ബിനുകുമാർ, വൃന്ദ. മരുമക്കൾ: വീണ, അനിൽകുമാർ. സഞ്ചയനം വെള്ളിയാഴ്ച രാവിലെ 9ന്.


കൃഷ്ണൻകുട്ടി നായർ

## സെക്യൂരിറ്റി ജീവനക്കാരൻ ഷാർജയിൽ മരിച്ചു

പറവൂർ: പറവൂർ സ്വദേശിയെ ഷാർജയിലെ കിടപ്പുമുറിയിൽ മരിച്ച നിലയിൽ കണ്ടെത്തി. മുറവൻതുരുത്ത് കുറുപ്പനങ്ങാട്ട് പരേതനായ അബ്ദുവിന്റെ മകൻ റഹിം (50) ആണ് മരിച്ചത്.

ഷാർജയിൽ ഫ്ലാറ്റ് സമുച്ചയത്തിലെ സെക്യൂരിറ്റി ജീവനക്കാരനായിരുന്നു. ഏറ്റവും മുകളിലെ നിലയിലെ മുറിയിൽ ഒറ്റയ്ക്കായിരുന്നു താമസം. കഴിഞ്ഞ വ്യാഴാഴ്ച രാവിലെ ഏഴു മണിക്ക് താഴെയുള്ള ഓഫീസിൽ ഹാജരാകാതിരുന്നതിനെ തുടർന്ന് അന്വേഷിച്ചപ്പോഴാണ് മരിച്ചു കിടക്കുന്നതായി കണ്ടത്. മൃതദേഹം ഇന്ന് രാവിലെ വടക്കേക്കര ജുമാ മസ്ജിദിൽ കബറടക്കും. ഭാര്യ സഫിയ. മക്കൾ: ഷെഫീഖ്, സഫ്ന. മരുമകൻ അസ്കർ.


റഹിം

## യുവതി പൊള്ളലേറ്റ് മരിച്ച നിലയിൽ

പുത്തൂർ: കുളിമുറിയിൽ പൊള്ളലേറ്റ നിലയിൽ കണ്ടെത്തിയ യുവതി മരിച്ചു. കാരിക്കൽ രോഹിത് വില്ലയിൽ രോഹിതിന്റെ ഭാര്യ പ്രവീണയാണ് (26) മരിച്ചത്.

ഇന്നലെ രാവിലെ 11.30ന് പ്രവീണയുടെ കൈതക്കോട്ടെ കുടുംബവീടിനോട് ചേർന്ന കുളിമുറിയിൽ നിന്ന് പുക ഉയരുന്നതുകണ്ട് അയൽവാസികൾ ഓടിയെത്തിയപ്പോഴാണ് സംഭവം അറിയുന്നത്. ഉടൻ തന്നെ അടുത്തുള്ള ആശുപത്രിയിൽ എത്തിച്ചെങ്കിലും ജീവൻ രക്ഷിക്കാനായില്ല. എഴുകോൺ പൊലീസ് കേസെടുത്തു. ജയപ്രകാശൻ പിള്ളയാണ് പ്രവീണയുടെ അച്ഛൻ.

മാതാവ് തങ്കമണി. ആറ് മാസം പ്രായമുള്ള കുട്ടിയുണ്ട് പ്രവീണയ്ക്ക്.


പ്രവീണ

**ചരമ വാർത്തകൾ 9946108673 എന്ന നമ്പരിൽ വിളിച്ച് അറിയിക്കാം. കൂടാതെ obit@kaumudi.com എന്ന ഇമെയിലിലും അയക്കാം ബന്ധപ്പെടേണ്ട ഫോൺ നമ്പർ ഇമെയിലിൽ ചേർത്തിരിക്കണം.**

**ഒന്നാം ചരമവാർഷികം (24.09.2018)**



**ബി. പങ്കജാക്ഷൻ**
മണിയൻ മുടുമ്പ് വീട്,
പാച്ചല്ലൂർ.
ദുഃഖിതരായ ബന്ധുമിത്രാദികൾ.

**തീരാദുഃഖത്തിന്റെ ഒന്നാംവർഷം (24.09.2018)**



**അഭിജിത്ത്. M.P**
S/o മുരളീധരൻ (Late)
ചിറയിൽ വീട്, വേട്ടമ്പള്ളി,
ഇരിഞ്ചയം പി.ഒ.
ദുഃഖിതരായ,
അമ്മ: പുഷ്പലത. M.A,
സഹോദരൻ: അമർജിത്ത് (അപ്പു),
ബന്ധുക്കളും സുഹൃത്തുക്കളും.

**മൂന്നാം ചരമവാർഷികം (24.09.2018)**



**ഉഷ ശശികുമാർ**
ശ്യാം ഡെൽ, വിളബ്ഭാഗം.
ഈ പരേതാത്മാവിന് നിത്യശാന്തി നേരുന്നു!
ഭർത്താവ്: വി.എസ്. ശശികുമാർ (ഉണ്ണി),
മകൻ: ശ്യാം. എസ്, മരുമകൾ: നിമിഷ ശ്യാം,
ചെറുമക്കൾ: മിഥുന ശ്യാം, പ്രണവ് ശ്യാം,
മറ്റ് ബന്ധുമിത്രാദികൾ.

**21-ാം ചരമവാർഷികം (24-09-2018)**



**കെ. രവീന്ദ്രൻ**
അജന്ത, നന്ദാവനം
തിരുവനന്തപുരം
സ്മരണകളോടെ,
ഭാര്യ: ജി. ശൈലജ
മക്കൾ: സഹാനി, സോഫിയ
മറ്റ് കുടുംബാംഗങ്ങൾ

***In Loving Memories of***



Sri. K.N. Narayanan — Died on : 10.12.1986
Smt. S. Kuttyamma — Died on 24.9.2005.
Subha Bhavan, Kalercode, Alleppey - 3.
*– Sorrowing Family.*

കേരളകൗമുദി

Established by **C.V. Kunjuraman** as a periodical in 1911

# മുഖ്യമന്ത്രി തിരക്കുകളിലേക്ക് തിരിച്ചെത്തി; ഇന്ന് ഡൽഹിക്ക്

തിരുവനന്തപുരം: മുഖ്യമന്ത്രി പിണറായി വിജയൻ അമേരിക്കയിലെ ചികിത്സ കഴിഞ്ഞ് ഇന്നലെ പുലർച്ചെ തിരിച്ചെത്തി മണിക്കൂറുകൾക്കുള്ളിൽ ഔദ്യോഗിക ജോലികളിൽ മുഴുകി.

അമേരിക്കയിൽ നിന്ന് ചെന്നൈയിൽ എത്തി അവിടെ നിന്ന് എമിറേറ്റ്സ് വിമാനത്തിലാണ് പുലർച്ചെ 3.30 ന് അദ്ദേഹം തിരുവനന്തപുരം വിമാനത്താവളത്തിൽ എത്തിയത്. സെപ്തംബർ 2 നാണ് അദ്ദേഹം അമേരിക്കയിലേക്ക് പോയത്.

രാവിലെ 10 മണിയോടെ സെക്രട്ടേറിയേറ്റിലെ ഓഫീസിലെത്തിയ മുഖ്യമന്ത്രി ദുരിതാശ്വാസ നിധിയിലേക്കുള്ള വിവിധ സ്ഥാപനങ്ങളുടെ സംഭാവനകൾ സ്വീകരിച്ചു. നവതിയിലെത്തിയ പ്രശസ്ത സാഹിത്യകാരൻ ഡോ. പുതുശ്ശേരി രാമചന്ദ്രനെയും 85-ാം പിറന്നാൾ ആഘോഷിക്കുന്ന ചലച്ചിത്രതാരം മധുവിനെയും ഫോണിൽ വിളിച്ച് പിറന്നാൾ ആശംസകൾ അറിയിച്ചു.

ഇന്ന് മുതൽ മുഖ്യമന്ത്രി വീണ്ടും പഴയ തിരക്കുകളിലേക്ക് കടക്കും. രാവിലെ പ്രളയാനന്തര പ്രവർത്തനങ്ങളെക്കുറിച്ച് ചീഫ് സെക്രട്ടറി, ഡി.ജി.പി, വകുപ്പ് സെക്രട്ടറിമാർ തുടങ്ങിയവരുമായുള്ള അവലോകന യോഗം നടക്കും. ഉച്ചകഴിഞ്ഞ് മൂന്നിന് കേന്ദ്ര പ്രതിനിധി സംഘവുമായി ചർച്ച നടത്തും. മറ്റ് ചില മീറ്റിംഗുകളും നിശ്ചയിച്ചിട്ടുണ്ട്.

നാളെ നടക്കുന്ന പാർട്ടി പോളിറ്റ് ബ്യൂറോ യോഗത്തിൽ പങ്കെടുക്കാൻ ഇന്ന് രാത്രി അദ്ദേഹം ഡൽഹിക്ക് പോകും. നാളെ വൈകിട്ട് 5.30ന് പ്രധാനമന്ത്രി നരേന്ദ്രമോദിയുമായും കേന്ദ്ര ആഭ്യന്തര മന്ത്രി രാജ്നാഥ് സിംഗുമായും മുഖ്യമന്ത്രി ചർച്ച നടത്തും. 26 ന് തിരിച്ചെത്തും.



അമേരിക്കയിൽ ചികിത്സ കഴിഞ്ഞെത്തിയ മുഖ്യമന്ത്രി പിണറായി വിജയൻ സെക്രട്ടേറിയറ്റ് ഓഫീസിൽ എത്തി ഫയലുകൾ പരിശോധിച്ച ശേഷം മടങ്ങുന്ന ഫോട്ടോ: ബി.സുമേഷ്

## പൊന്തക്കാട്ടിൽ ഒന്നരവയസുകാരിയുടെ മൃതദേഹം

മാള: മാള കൊടകര സംസ്ഥാന പാതയിൽ ആളൂർ മേൽപ്പാലത്തിന് സമീപം റെയിൽവേ ട്രാക്കിനോട് ചേർന്നുള്ള പൊന്തക്കാട്ടിൽ പിഞ്ചുകുഞ്ഞിന്റെ മൃതദേഹം കണ്ടെത്തി. ഒന്നര വയസ് തോന്നിക്കുന്ന പെൺകുഞ്ഞിന്റെ മൃതദേഹമാണ് ഇന്നലെ രാവിലെ കണ്ടെത്തിയത്. കുട്ടിയെ തിരിച്ചറിഞ്ഞിട്ടില്ല. രണ്ടുദിവസത്തെ പഴക്കമുള്ളതായി കണക്കാക്കുന്നു. സമീപത്തെ പറമ്പിലെത്തിയ പണിക്കാരൻ ദുർഗന്ധം തോന്നി തെരച്ചിൽ നടത്തിയപ്പോഴാണ് പൊന്തക്കാട്ടിൽ മൃതദേഹം കണ്ടത്. മുഖത്ത് പരിക്കുപറ്റിയിട്ടുണ്ട്. ട്രെയിനിൽ നിന്ന് വീണതാണോ മൃതദേഹം വലിച്ചെറിഞ്ഞതാണോ എന്ന് വ്യക്തമായിട്ടില്ല. പൊലീസ് നായയെത്തി പരിശോധിച്ചു. മൃതദേഹം തൃശ്ശൂർ മെഡിക്കൽ കോളേജ് ആശുപത്രി മോർച്ചറിയിലേക്ക് മാറ്റി. കൊടകര സി.ഐ കെ. സുമേഷ്, ആളൂർ എസ്.ഐ വി.വി വിമൽ എന്നിവരുടെ നേതൃത്വത്തിൽ പൊലീസ് അന്വേഷണം തുടങ്ങി.

## ഷൂട്ട് @ സൈറ്റ് — അനീഷ് ശിവൻ



**പ്രളയത്തിലും മഴയിലും തണുത്തുവിറച്ച്...** നാലുമാസമായി ആലപ്പുഴയിലെ വിവിധ കടത്തിണ്ണകളിൽ രാത്രി കഴിച്ചുകൂട്ടുന്ന അട്ടപ്പാടി ഗ്രാമവാസികളായ മുരുകനും ഭാര്യ ലക്ഷ്മിയും കുഞ്ഞും

## കന്യാസ്ത്രീകൾക്ക് പിന്തുണ: വൈദികന് യാക്കോബായ സഭയുടെ മുന്നറിയിപ്പ്

കോട്ടയം: കന്യാസ്ത്രീ സമരത്തെ പിന്തുണച്ച യാക്കോബായ സഭ വൈദികന് സഭയുടെ മുന്നറിയിപ്പ് കത്ത്. മൂവാറ്റുപുഴ ലത്തിമോൻ ദയറായിലെ ബർയൂഹാനോൻ റമ്പാനെതിരെയാണ് യാക്കോബായ സഭയുടെ ആസ്ഥാനമായ സിറിയയിൽ നിന്ന് കത്ത് ലഭിച്ചത്. കേരളത്തിലെ ചില ബിഷപ്പുമാരുടെ പരാതിയിലാണ് നടപടി.

കന്യാസ്ത്രീകളെ പിന്തുണച്ച് സംസ്ഥാനത്തിന്റെ വിവിധ സ്ഥലങ്ങളിൽ നടന്ന സമരങ്ങളിൽ ബർയൂഹാനോൻ പങ്കെടുത്തിരുന്നു. ഇദ്ദേഹത്തിന്റെ പ്രസംഗം സോഷ്യൽ മീഡിയയിൽ വൈറലായതോടെയാണ് ഒരു വിഭാഗം ബിഷപ്പുമാർ സഭാ ആസ്ഥാനത്തേക്ക് കത്തയച്ചത്.

തുടർന്ന് കേരളത്തിന്റെ ചുമതലയുള്ള മലങ്കര അഫയേഴ്സിൽ നിന്ന് സെക്രട്ടറി ബിഷപ്പ് തീമോത്തിയോസ് മെത്രാപ്പോലീത്തയാണ് വൈദികന് കത്തയച്ചത്. സഭാ വിരുദ്ധ പ്രവർത്തനങ്ങളിൽ പങ്കെടുക്കരുതെന്നും സന്യാസി വിരുദ്ധ പ്രവർത്തനങ്ങൾ നടത്തരുതെന്നും കത്തിൽ നിർദ്ദേശിക്കുന്നു. എന്നാൽ സഭാ അദ്ധ്യക്ഷനായ പാർത്തിയാർക്കീസ് ബാവയെ തന്റെ വിശദീകരണം അറിയിക്കുമെന്ന് ബർയൂഹാനോൻ പറഞ്ഞു.

# ഡോ. പല്പുവിന്റെ പ്രവർത്തനങ്ങൾ വേണ്ടപോലെ വിലയിരുത്തപ്പെട്ടില്ല

### മഹാസമാധി നവതി ആചരണത്തോടനുബന്ധിച്ച് ശിവഗിരിയിൽ ആചാര്യസ്മൃതി സമ്മേളനം നടന്നു

ശിവഗിരി: ഡോ. പല്പുവിനെയും അദ്ദേഹത്തിന്റെ പ്രവർത്തനങ്ങളെയും വേണ്ടപോലെ വിലയിരുത്തപ്പെട്ടിട്ടില്ലെന്ന് എസ്.എൻ.ഡി.പി യോഗം മാവേലിക്കര യൂണിയൻ സെക്രട്ടറി ബി. സുരേഷ്ബാബു പറഞ്ഞു.

ശ്രീനാരായണ ഗുരുദേവന്റെ മഹാസമാധി നവതി ആചരണത്തോടനുബന്ധിച്ച് ശിവഗിരിയിൽ നടന്ന ആചാര്യസ്മൃതി സമ്മേളനത്തിൽ ഡോ. പല്പുദിന പ്രഭാഷണം നടത്തുകയായിരുന്നു അദ്ദേഹം. കേരളത്തിലെ ആദ്യത്തെ ദേശീയ പ്രക്ഷോഭമായിട്ടാണ് 1896ലെ ഈഴവ മെമ്മോറിയലിനെ വിശേഷിപ്പിക്കേണ്ടതെന്നും അദ്ദേഹം പറഞ്ഞു.

ഡോ. പല്പുവിന് സ്വാമി വിവേകാനന്ദൻ നൽകിയ ഉപദേശപ്രകാരമാണ് എസ്.എൻ.ഡി.പി യോഗം സ്ഥാപിച്ചതെന്ന അറിവ് തിരുത്തപ്പെടേണ്ടതാണെന്ന് ആചാര്യസ്മൃതി കമ്മിറ്റിയുടെ ചെയർമാൻ സ്വാമി സച്ചിദാനന്ദ പറഞ്ഞു.

ഇങ്ങനെ ഒരു ഉപദേശം തനിക്കു ലഭിച്ചതായി ഡോ.പല്പു ഒരിക്കലും പറഞ്ഞിട്ടില്ല. ഗുരുദേവനോ കുമാരനാശാനോ ഇങ്ങനെ സൂചിപ്പിച്ചിട്ടുമില്ല. 1950ന് ശേഷം ആരുടെയോ ഭാവനാസൃഷ്ടിയാണ് ഈ വാദം. ഗവേഷകരും ഗുരുദേവനെക്കുറിച്ച് പഠിക്കുന്നവരും ഈ വിഷയത്തിൽ ഗൗരവമായ പഠനം നടത്തണമെന്ന് സ്വാമി സച്ചിദാനന്ദ പറഞ്ഞു. എസ്.എൻ.ഡി.പി യോഗം വനിതാസംഘം മുൻ പ്രസിഡന്റ് ഡോ. ഷെർളി പി. ആനന്ദ് ഡോ. പല്പുവിനെക്കുറിച്ചെഴുതിയ കവിത ആലപിച്ചു. ധർമ്മസംഘം ട്രസ്റ്റ് പ്രസിഡന്റ് സ്വാമി വിശുദ്ധാനന്ദ, ജനറൽ സെക്രട്ടറി സ്വാമി സാന്ദ്രാനന്ദ, ട്രഷറർ സ്വാമി ശാരദാനന്ദ, നവതി ആചരണ കമ്മിറ്റി സെക്രട്ടറി സ്വാമി ശിവസ്വരൂപാനന്ദ, സ്വാമി വിശാലാനന്ദ തുടങ്ങിയവരും പങ്കെടുത്തു.




ശിവഗിരിയിൽ നടന്ന ആചാര്യസ്മൃതി സമ്മേളനത്തിൽ ബി. സുരേഷ്ബാബു സംസാരിക്കുന്നു. സ്വാമി സച്ചിദാനന്ദ സമീപം

### ശിവഗിരിയിൽ ഇന്ന്

രാവിലെ 4.30ന് പർണശാലയിൽ ശാന്തിഹവനം, 5ന് ശാരദാമഠത്തിൽ വിശേഷാൽപൂജ, 5.30ന് മഹാസമാധിയിൽ വിശേഷാൽഗുരുപൂജ, 5.45ന് ബ്രഹ്മവിദ്യാലയത്തിൽ ഗുരുദേവകൃതികളുടെ പാരായണം, വൈദികമഠത്തിൽ അഖണ്ഡനാമജപയജ്ഞം, 9 മുതൽ വിശ്വശാന്തിഹവനം, വൈകിട്ട് 3ന് ആചാര്യസ്മൃതിപ്രഭാഷണ പരമ്പര (ബോധാനന്ദസ്വാമിദിനം). പ്രഭാഷണം: സ്വാമി അസ്പർശാനന്ദ, സ്വാമി ഗുരുപ്രകാശം.

മണ്ഡലമഹായജ്ഞം നടക്കുന്ന യാഗശാലയിലും അഖണ്ഡനാമജപം നടക്കുന്ന വൈദികമഠത്തിലും രാവിലെ മുതൽ ഭക്തജനങ്ങളുടെ അസാധാരണ തിരക്കായിരുന്നു.

## ഡോ. എൻ. ബാബു നിര്യാതനായി

തിരുവനന്തപുരം: സംസ്ഥാന സർവ വിജ്ഞാനകോശം ഇൻസ്റ്റിറ്റ്യൂട്ട് എഡിറ്റോറിയൽ അംഗവും നിരവധി ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ വകുപ്പ് മേധാവിയുമായിരുന്ന പേട്ട കവറടി ലെയിൻ പൂമേടയിൽ ഡോ. എൻ. ബാബു (70) നിര്യാതനായി. ഭാര്യ: ടി.എസ്. മിനി. മക്കൾ: കൃഷ്ണകാന്ത്, കൃഷ്ണപ്രിയ. മരുമക്കൾ: പാർവതി കൃഷ്ണകാന്ത്, വിനോദ്.

നെടുങ്ങോലത്ത് പി. നാരായണൻ വൈദ്യരുടെയും പി. നാരായണിയുടെയും മകനാണ്. ഊർജതന്ത്രത്തിൽ ബിരുദവും തത്വശാസ്ത്രം, രാഷ്ട്രമീമാംസ, വിദ്യാഭ്യാസം തുടങ്ങിയവയിൽ ബിരുദാനന്തര ബിരുദവും മനഃശാസ്ത്രത്തിൽ ഡോക്ടറേറ്റും നേടിയിട്ടുണ്ട്.

സർവവിജ്ഞാന കോശം ഇൻസ്റ്റിറ്റ്യൂട്ടിൽ കാൽനൂറ്റാണ്ടോളം എഡിറ്റോറിയൽ അംഗവും പിന്നീട് ഉപദേശകസമിതി അംഗവുമായിരുന്നു. ഇൻസ്റ്റിറ്റ്യൂട്ടിലെ മനശാസ്ത്രം, തത്വചിന്ത തുടങ്ങിയ വകുപ്പുകളുടെ തലവനുമായിരുന്നു.

പത്തനാപുരം മൗണ്ട് താബോർ ട്രെയിനിംഗ് കോളേജിൽ എം.എഡ് കോഴ്സിന്റെ ഡയറക്ടർ, കോട്ടയം മഹാത്മാഗാന്ധി സർവകലാശാല പരീക്ഷാബോർഡ് അംഗം, വിസിറ്റിംഗ് പ്രൊഫസർ എന്നീ നിലകളിൽ പ്രവർത്തിച്ചിട്ടുണ്ട്. അഞ്ച് ഗവേഷണ പ്രബന്ധങ്ങളും ഡോ. എൻ. ബാബുവിന്റേതായിട്ടുണ്ട്. കേരളകൗമുദിയിലും വിവിധ ആനുകാലികങ്ങളിലും റിസർച്ച് പ്രസിദ്ധീകരണങ്ങളിലും ലേഖനമെഴുതിയിരുന്നു. വിവിധ വിഷയങ്ങളിൽ 13 പുസ്തകങ്ങൾ രചിച്ചിട്ടുണ്ട്.

സംസ്കാരം: ഇന്ന് രാവിലെ 11ന് പരവൂർ നെടുങ്ങോലത്തുള്ള കുടുംബ വീടായ നാരായണ വിലാസത്തിൽ നടക്കും. സഞ്ചയനം: 30ന് രാവിലെ 9ന്. ഫോൺ: 9446850049.



ഡോ. എൻ. ബാബു

## നരേന്ദ്ര മോദി ഹിന്ദുക്കളെ വഞ്ചിച്ചു: തൊഗാഡിയ

കൊച്ചി: രാമക്ഷേത്ര നിർമ്മാണ കാര്യത്തിൽ നരേന്ദ്ര മോദി ഹിന്ദുക്കളെ വഞ്ചിച്ചുവെന്ന് പ്രവീൺ തൊഗാഡിയ. രാമക്ഷേത്ര നിർമ്മാണത്തിന് അനുകൂലമായ നിലപാട് സ്വീകരിച്ചില്ലെങ്കിൽ 2019 തിരഞ്ഞെടുപ്പിൽ ബി.ജെ.പിയെ പിന്തുണയ്ക്കില്ല. അയോദ്ധ്യയിലെ രാമക്ഷേത്ര നിർമ്മാണവുമായി മുന്നോട്ടുപോകുമെന്നും അദ്ദേഹം കൊച്ചിയിൽ നടത്തിയ പത്രസമ്മേളനത്തിൽ പറഞ്ഞു. ഉത്തർപ്രദേശിലടക്കം ഭൂരിപക്ഷം സംസ്ഥാനത്തും ബി.ജെ.പി ഭരണത്തിലുണ്ടായിട്ടും അയോദ്ധ്യയിൽ ക്ഷേത്രം നിർമ്മിക്കുന്നില്ല. അധികാരമേറി നാല് വർഷമായിട്ടും അയോദ്ധ്യയിലെ രാമക്ഷേത്രം സന്ദർശിക്കാൻ പോലും നരേന്ദ്ര മോദി തയ്യാറായിട്ടില്ല. ഇത് ഹൈന്ദവരോടുള്ള വഞ്ചനയാണ് എന്ന് പ്രവീൺ തൊഗാഡിയ പറഞ്ഞു.

റഫേൽ ഇടപാടിൽ നരേന്ദ്ര മോദിയുടെ പങ്ക് അന്വേഷിക്കണമെന്നും അദ്ദേഹം ആവശ്യപ്പെട്ടു. മുമ്പ് വ്യാജ ആരോപണം ഉയർന്നപ്പോൾ തന്നെ അദ്വാനി രാജിവച്ചിരുന്നു. ആ മാതൃക മോദിയും പിന്തുടരണം. അടുത്ത മാസം 21 ന് രാമക്ഷേത്ര നിർമ്മാണം ആവശ്യപ്പെട്ട് ലക്നൗവിൽ നിന്ന് അയോദ്ധ്യയിലേക്ക് മാർച്ച് നടത്തുമെന്നും അദ്ദേഹം പറഞ്ഞു.

# ഹിന്ദുത്വം തിരിച്ച് പിടിക്കും: പ്രവീൺ തൊഗാഡിയ

കാലടി: നഷ്ടപ്പെട്ട ഭാരത തേജസ് തിരിച്ച് പിടിക്കുവാനുള്ള ഹിന്ദു മുന്നേറ്റമാണ് അന്താരാഷ്ട്ര ഹിന്ദു പരിഷത്തിന്റെ ആത്യന്തിക ലക്ഷ്യമെന്ന് അന്തർദ്ദേശീയ പ്രസിഡന്റ് ഡോ. പ്രവീൺ തൊഗാഡിയ പറഞ്ഞു. സംഘടനയുടെ സംസ്ഥാന പ്രതിനിധി സമ്മേളനം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. ഹിന്ദുത്വത്തിന്റെയും, രാമക്ഷേത്രത്തിന്റെയും പേരു പറഞ്ഞ് അധികാരത്തിലേറിയ നരേന്ദ്ര മോദി ലക്ഷ്യത്തിൽ നിന്ന് മാറി ഹിന്ദു സമാജ ഐക്യത്തെ തകർക്കാൻ ശ്രമിക്കുകയാണ്.

ഭാരതത്തിലെ ആത്മീയാചാര്യന്മാരുടെ ഈറ്റില്ലമായ കശ്മീരിൽ നിന്നും കുടിയൊഴിപ്പിക്കപ്പെട്ട ആചാര്യ സമൂഹത്തിലെ എത്ര പേരെ മോദി സർക്കാർ തിരികെയെത്തിച്ചുവെന്നും തൊഗാഡിയ ചോദിച്ചു.

ഭാരവാഹികളായി എം.കെ.ഗോപിനാഥ് (സംസ്ഥാന പ്രസിഡന്റ്), ഡോ.ജി.സതീഷ് കുമാർ (വർക്കിംഗ് പ്രസിഡന്റ്), ബിജിത്ത് എം.(ജനറൽ സെക്രട്ടറി), ശിവൻ (സെക്രട്ടറി), പ്രദീപ് ആർ.എസ്. (സെക്രട്ടറി), അഡ്വ. സ്വാതികുമാർ (വൈസ് പ്രസിഡന്റ്), രജിഷ് കുഞ്ഞപ്പൻ (വൈസ് പ്രസിഡന്റ്), ശ്രീകുമാർ (ട്രഷറർ), രജീഷ് രാമചന്ദ്രൻ (ഓർഗനൈസിംഗ് സെക്രട്ടറി) എന്നിവരെ തിരഞ്ഞെടുത്തു.



എ.എച്ച്.പി അന്തർദ്ദേശിയ പ്രസിഡന്റ് ഡോ. പ്രവീൺ തൊഗാഡിയയ്ക്ക് പ്രവർത്തകൻ ചുരിക സമ്മാനിച്ചപ്പോൾ

### നഗരമദ്ധ്യത്തിൽ പീഡനശ്രമം

## നീതിക്കായി സമൂഹ മാദ്ധ്യമങ്ങളിലൂടെ യാചിച്ച് യുവതി, പിന്നാലെ അറസ്റ്റ്

തിരുവനന്തപുരം: പീഡനപരാതി നൽകി ഒരാഴ്ച പിന്നിട്ടിട്ടും പൊലീസ് നടപടിയെടുക്കാത്തതിനാൽ നീതിക്കായി യാചിച്ച് സമൂഹമാദ്ധ്യമങ്ങളിലൂടെ യുവതി രംഗത്തിയതിന് പിന്നാലെ പ്രതികളെ പൊലീസ് അറസ്റ്റ് ചെയ്തു. തിരുവനന്തപുരം പദ്മനാഭസ്വാമിക്ഷേത്രത്തിനു മുന്നിൽ കച്ചവടം നടത്തുന്ന സിന്ധുവാണ് പൊലീസിന്റെ നീതിഷേധത്തിനെതിരെ രംഗത്തെത്തിയത്. വീഡിയോ പുറത്ത് വന്നതിന് പിന്നാലെ യുവതിയ്ക്ക് പിന്തുണയുമായി നിരവധി പേർ രംഗത്തെത്തി. പിന്നാലെ ഞായറാഴ്ച രാത്രിയോടെ സിന്ധു പരാതി നൽകിയ രണ്ടുപേരെയും കസ്റ്റഡിയിലെടുത്തു. കഴിഞ്ഞ 15ന് വൈകിട്ടോടെയായിരുന്നു സംഭവം. കോട്ടയ്ക്ക് സമീപത്തെ ടോയിലറ്റിൽ പോയി മടങ്ങിവരുമ്പോൾ രണ്ടു പേർ ചേർന്ന് റോഡരികിൽ വച്ച് ക്രൂരമായി മർദിക്കുകയും പീഡിപ്പിക്കാൻ ശ്രമിക്കുകയും ചെയ്തു. നിലവിളിച്ചെങ്കിലും സമീപത്ത് ഗാനമേള നടന്നതിനാൽ പൊതുജനങ്ങൾ ഇത് കേട്ടില്ലെന്ന് യുവതി പറയുന്നു, ഒരാൾ കഴുത്തിൽ കൈമുറുക്കി വയ്ക്കുകയും മറ്റൊരാൾ മർദിക്കുകയുമായിരുന്നു. പീഡനശ്രമത്തിനിടെ യുവതി കഴുത്തിൽ മുറുക്കിയ കൈയ്യിൽ കടിച്ചശേഷം ഓടിരക്ഷപ്പെട്ട് ഫോർട്ട് പൊലീസ് സ്റ്റേഷനിൽ കയറി. എന്നാൽ വനിതാ പൊലീസ് ഇല്ലെന്നും കേസെടുക്കണമെങ്കിൽ ഡോക്ടറുടെ പരിശോധനാ റിപ്പോർട്ട് വേണമെന്നും പറഞ്ഞു. പൊലീസ് നിർദേശത്തെ തുടർന്ന് മെഡിക്കൽ കോളേജ് ആശുപത്രിയിലെത്തി ചികിത്സ തേടിയശേഷം രാത്രിയോടെ കച്ചവടസ്ഥലത്തെത്തിയപ്പോൾ 25000 രൂപയുടെ സാധനങ്ങൾ മോഷണം പോയതായി മനസിലാക്കി. പിറ്റേന്ന് പൊലീസിനെ സമീപിച്ചെങ്കിലും ഒരു പകൽ മുഴുവൻ സ്റ്റേഷനിൽ കാത്തു നിർത്തുകയും വൈകിട്ടോടെ എഫ്.ഐ.ആർ രജിസ്റ്റർ ചെയ്യുകയും ചെയതു. എന്നാൽ പൊലീസ് നടപടികൾ അതോടെ അവസാനിച്ചു. ഒരാഴ്ച പിന്നിട്ടിട്ടും പൊലീസ് നീതി നിഷേധിക്കുന്നുവെന്ന് ആരോപിച്ചാണ് യുവതി സമൂഹമാദ്ധ്യമങ്ങളിലൂടെ രംഗത്തെത്തിയത്.

## പ്രളയം: പ്രത്യേക സംവിധാനം വേണം

തിരുവനന്തപുരം: കേരളത്തിന്റെ പുനർനിർമ്മാണത്തിനായി ശേഖരിക്കുന്ന ധനം നീതിപൂർവവും സുതാര്യവുമായി വിനിയോഗിക്കപ്പെടുന്നുണ്ടെന്ന് ഉറപ്പുവരുത്താൻ പ്രത്യേക സാമ്പത്തിക സംവിധാനം രൂപീകരിക്കണമെന്ന് ഭാരതീയ വിചാരകേന്ദ്രം ആവശ്യപ്പെട്ടു.

യോഗത്തിൽ ഡോ. എം. മോഹൻദാസ് അദ്ധ്യക്ഷത വഹിച്ചു.

### സഞ്ചയനം നാളെ (25.09.2018)



**പി. സുദേവൻ**
ദീപ, കോവിൽമുക്ക്,
പുനുക്കന്നൂർ

മാന്യരെ,

എന്റെ അഭിവന്ദ്യ ഭർത്താവും പൂവൻപറമ്പിൽ പരേതനായ പത്മനാഭൻ മുതലാളിയുടെ മകനുമായ പി. സുദേവൻ (81) വാർദ്ധക്യസഹജമായ അസുഖം മൂലം 20.09.2018 വ്യാഴാഴ്ച രാത്രി 10.25 ന് നിര്യാതനായ വിവരം വ്യസനസമേതം അറിയിച്ചുകൊള്ളുന്നു.

പരേതന്റെ മരണാനന്തര കർമ്മങ്ങൾ 25.09.2018 ചൊവ്വാഴ്ച രാവിലെ 7.00 മണിക്ക് സ്വവസതിയിൽ വച്ച് നടത്തുവാൻ തീരുമാനിച്ചിരിക്കുന്നു. പ്രസ്തുത ചടങ്ങിൽ താങ്കൾ സകുടുംബം പങ്കെടുക്കണമെന്ന് താൽപര്യപ്പെടുന്നു.

എന്ന്, ദുഃഖിതയായ
ഭാര്യ: **ലതിക. എ.സി**
മക്കൾ: **ദിലീപ്. എസ്, ദീപ. എസ്.**
മരുമക്കൾ: **മീര. ജി. ചന്ദ്രൻ, രമേശ്. സി**
ചെറുമക്കൾ: **മഞ്ജു. ആർ, മിഥുൻ. ഡി**

NB: ചരമവാർത്ത യഥാസമയം അറിയിക്കുവാൻ വിട്ടുപോയിട്ടുണ്ടെങ്കിൽ സദയം ക്ഷമിക്കുക




Vol. No. 108 Issue No. 257 R.No.3052/57 (R.No. KL/TV(N) 72/2018-20 ) Printed and Published by **Darshan Ravi** from Kaumudi Buildings, Thiruvananthapuram-695 024 on behalf of Kerala Kaumudi (Pvt.) Ltd. and printed at Ravi Printers & Publishers (P) Ltd., Thiruvananthapuram. Phone: **2461010, 2461050, 3941050, Fax: 3078979** e-mail: **news @ keralakaumudi.com, desk@kaumudi.com** Chief Editor : **Deepu Ravi** (Responsible for selection of news under the PRB Act) .